# പത്മോസ് ദ്വീപിലെ ദർശനം

...സഹോദരൻ നെവിൽ ആ പ്രഖ്യാപനങ്ങൾ നടത്തുകയായിരുന്നു അതായത്...കഴിഞ്ഞ ദിവസം സഹോദരൻ മൂർ പറയുകയായിരുന്നു, കർത്താവിൻറെ ആത്മാവിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു, അകത്തേക്ക് വന്നു...കെട്ടിടത്തിലേക്ക് കടന്നു വന്നു. അദ്ദേഹം പറഞ്ഞു, "അത് അത്രയും മഹത്വമേറിയതായിട്ട് ഞാൻ ചുറ്റുമായി നോക്കുന്നത് വരെ എടുക്കപ്പെടൽ ഉണ്ടായി എന്ന് ഞാൻ വിചാരിച്ചു പോയി, മറ്റുള്ളവർ ഇവിടെ ഇരിക്കുന്നത് ഞാൻ കണ്ടു," പറഞ്ഞു, "ഇല്ല, ഇതുവരെ അത് നടന്നിട്ടില്ല, കാരണം അവർ—അവർ ഇപ്പോഴും ഇവിടെയുണ്ടെങ്കിൽ, ഞാനും ഇപ്പോഴും ഇവിടെയുണ്ടെന്ന് എനിക്കറിയാം." അതുകൊണ്ട് പലപ്പോഴും കർത്താവിൻറെ ആത്മാവ് നമ്മോടു അത്രയും നന്നായി അടുത്ത് വരുന്നു.

2 ധാരാളം സുഹൃത്തുക്കളെ കെട്ടിടത്തിൽ നാം കാണുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. എടുത്തു പറയാൻ ശ്രമിച്ചാൽ നിരവധി ആകുന്നു. ഞാൻ വാതിലിൽ കൂടെ, അകത്തേക്ക് കടന്നു വരുമ്പോൾ ആകസ്മികമായി, സഹോദരൻ കാർപെൻററിനെ ശ്രദ്ധിക്കുന്നതിനു ഇടയായി, അദ്ദേഹമായിരുന്നു ഭാര്യയെയും എന്നെയും ഒരുമിച്ചു വിവാഹം നടത്തിയത്. സഹോദരൻ കാർപെൻറർ, അദ്ദേഹം ഇവിടെ പള്ളിയിൽ ഞങ്ങൾക്ക് ഒരു വലിയ അനുഗ്രഹമാകുന്നു, കൂടാതെ ശുശ്രൂഷയുടെ വഴിയിൽ ഞങ്ങൾക്ക് ഒരു അനുഗ്രഹവും, കൂടാതെ എല്ലായിടത്തും, എവിടെയും പ്രസംഗിക്കുന്നു. അദ്ദേഹം നമ്മോടൊപ്പം ഇവിടെ ഉണ്ടായിരിക്കുന്നതിൽ നമുക്ക് സന്തോഷമുണ്ട്. ഓ, മറ്റുള്ളവരും വളരെ അധികമാകുന്നു.

3 ഇപ്പോൾ ഇന്നലെ വൈകുന്നേരം എനിക്ക് നൽകിയ മറ്റൊരു ചോദ്യം കൂടി ഇവിടെ എൻറെ പക്കലുണ്ട്:

**സഹോദരൻ ബ്രൺഹാം, മത്തായി 25 ലെ അഞ്ച് ബുദ്ധിയില്ലാത്ത കന്യകമാരെ ജാതികളുടെ ശേഷിപ്പുള്ളവരായി കണക്കിടാമോ? ബുദ്ധിയില്ലാത്ത അഞ്ച് കന്യകമാർ രക്ഷിക്കപ്പെട്ടിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു എന്നാൽ ആ മഹാകഷ്ടത്തിൻറെ കാലഘട്ടത്തിലൂടെ അവർക്ക് കടന്നുപോകേണ്ടി വരും. ഇത് ശരിയാണോ? അങ്ങനെയാണെങ്കിൽ, അവരുടെ അവസാന ലക്ഷ്യസ്ഥാനം എന്തായിരിക്കും? അവർ കോലാടുകളിൽ നിന്ന്**

**വേർതിരിക്കുന്ന ചെമ്മരിയാടുകൾ ആകുമോ മത്തായി 25:33 തൊട്ട് 34?**

4 ഞാൻ വിചാരിക്കുന്നതനുസരിച്ച് ഒരു നല്ല വൈദീക പണ്ഡിതൻ എന്ന്...[ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]... അങ്ങനെയും വിചാരിക്കുന്നു, അതായത് അവരാണ് ശേഷിപ്പുള്ളവർ, നിദ്രയിലായിരിക്കുന്ന കന്യകമാർ അവരാണ് ശേഷിപ്പുള്ളവർ എന്ന് വെളിപാടിൽ പറഞ്ഞിരിക്കുന്നു; അത് സ്ത്രീയുടെ സന്തതി ആയിട്ട് ദൈവത്തിൻറെ കൽപ്പനകൾ പാലിക്കുകയും യേശുക്രിസ്തുവിൻറെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. ഒരു സ്ത്രീ ഒരു—ഒരു തുണിക്കഷണം എടുക്കുന്നു എന്നിട്ട് അത് മുറിക്കുന്നതിനായി ഇടുന്നു; ശരി, ഇപ്പോൾ, അതാണ് അവൾ മുറിക്കുന്നത്...അല്ലെങ്കിൽ അവളുടെ മാതൃക എടുത്ത് അവൾ ആഗ്രഹിക്കുന്നത് എവിടെയാണോ അവിടെ ഇടുന്നു, ആ രീതിയിലാണ് പിന്നെ അവൾ അത് മുറിക്കാൻ പോകുന്നത്. എന്നിട്ട് അവളുടെ പക്കൽ മിച്ചം വരുന്നതിനെയാണ് ശേഷിപ്പുള്ളതെന്നു വിളിക്കുന്നത്, എന്നാൽ അവളുടെ സ്വന്തമായ സ്വതന്ത്ര ചിന്തയിൽ ഒരു പ്രത്യേക സ്ഥലത്ത് നിന്ന് അത് വെട്ടിഎടുക്കാൻ അവൾ തിരഞ്ഞെടുക്കുന്നു. എന്നാൽ അവളുടെ പക്കൽ മിച്ചം വരുന്നതിനെ ശേഷിപ്പുള്ളതെന്നു വിളിക്കുന്നു,

5 ഇപ്പോൾ, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, അവിടെ അഞ്ച് ബുദ്ധിയുള്ള കന്യകമാരും അഞ്ച് ബുദ്ധിയില്ലാത്ത കന്യകമാരും ഉണ്ടായിരുന്നു; അവരെല്ലാവരും കന്യകമാരായിരുന്നു, ഒരേ വസ്തുവിൽ നിന്നും നിർമ്മിക്കപ്പെട്ടവരായിരുന്നു. എന്നാൽ, തെരഞ്ഞെടുപ്പിലൂടെ, ദൈവം തൻറെ മണവാട്ടിയെ ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുത്തിരിക്കുകയും, അവരുടെ പേരുകൾ ലോകസ്ഥാപനത്തിനു മുമ്പേ അറുക്കപ്പെട്ട കുഞ്ഞാടിൻറെ ജീവൻറെ പുസ്തകത്തിൽ ഇട്ടിരിക്കുന്നു; ലോകം ആരംഭിക്കുന്നതിന് മുമ്പ് തന്നെ, ദൈവം തൻറെ മനസ്സിൽ, അവൻ നിത്യനായിരിക്കെ അത് ചെയ്തിരുന്നു.

6 നാം ചിലപ്പോൾ ഉപയോഗിക്കുന്ന വാക്ക്, ആകുന്നു "മുന്നിയമിക്കൽ," എന്നാൽ നാം ജീവിക്കുന്ന ഈ സഭായുഗത്തിൽ അത് ഉറപ്പായും ഒരു തൂക്കിയിടൽ ആകുന്നു. ഇത് തീർച്ചയായും രക്തസാക്ഷികളുടെ കാലത്ത് ഉപയോഗിച്ചിരുന്ന ഒരു മഹത്തായ കാര്യമായിരുന്നു, കാരണം അവർ തീർച്ചയായും അത് വിശ്വസിച്ചിരുന്നു. എന്നാൽ അത് ഇപ്പോൾ അതിൽ നിന്ന് മാറിക്കഴിഞ്ഞിരിക്കുന്നു, നിയമപരമായ ആശയങ്ങളിലേക്ക് മാറിയിരിക്കുന്നു, സഭയിലെ നിയമോപദേശം എന്ന കാര്യം വരുന്നത്...

അതൊരു നല്ല കാര്യം തന്നെ ആകുന്നു, കാരണം അവയെല്ലാം ഇംഗ്ലണ്ടിൽ കാൽവിനിസ്റ്റിക് ചിന്താഗതിയിലേക്ക് പോയിട്ട്, അവർക്ക് ഒരു ഉണർവ്വ് പോലും ഇനിയും ഉണ്ടായിരിക്കുന്നില്ല, അതിനുശേഷം ജോൺ വെസ്ലി അർമീനിയൻ സിദ്ധാന്തം പ്രസംഗിച്ചു കൊണ്ട് കടന്നു വന്ന് അതിനെ സന്തുലിതമാക്കി. ദൈവം എപ്പോഴും അത് സന്തുലിതമാക്കുന്നു.

7 അതുകൊണ്ട് ബുദ്ധിയില്ലാത്ത കന്യക ആയിരുന്നു അവരുടെ വിളക്കിൽ എണ്ണയില്ലാതിരുന്നത്, അതിനെക്കുറിച്ച് അതായതു ഞാൻ വിശ്വസിക്കുന്നത് അവരെയാണ് ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുകയും അവിടെ കരച്ചലും, നിലവിളിയും, പല്ലുകടിയും ഉണ്ടാകും എന്ന് പറഞ്ഞിരിക്കുന്നത്. നിങ്ങൾ അതിനെ താരതമ്യം ചെയ്താൽ, അല്ലെങ്കിൽ നിങ്ങളുടെ അടിക്കുറിപ്പുകളോ, അത് നേരെ മഹാകഷ്ടത്തിലേക്ക് തന്നെ വീണ്ടും തിരികെ കൊണ്ടുപോകും. ഞാൻ കരുതുന്നത് അവരാണ് പിൻ തിരിഞ്ഞ് നിൽക്കുകയും പിന്നെ മഹാകഷ്ടത്തിലൂടെ കടന്നുപോകുകയും ചെയ്യുന്നത്. നമുക്ക് അതിലേക്ക് പോകാൻ സമയമുണ്ടെങ്കിൽ, അവിടെ ഒരു പാഠം തന്നെയാണുള്ളത്. നിങ്ങൾ കഴിയുമെങ്കിൽ...

8 ഇപ്പോൾ, ഓർക്കുക, ഞാൻ ആദ്യം തന്നെ പറഞ്ഞിരുന്നു, അവിടെ നിങ്ങൾ ടേപ്പുകൾ കേൾക്കുമ്പോൾ, "ഈ കാര്യങ്ങൾ അതിൻറെ രീതിക്ക് അനുസരിച്ചായിട്ട് അത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു." നോക്കൂ? ഇപ്പോൾ, അവർ തെറ്റാണെങ്കിൽ, എനിക്ക്—എനിക്ക് അവരാണെന്ന് എനിക്കറിയില്ല. ഞാൻ...കൂടാതെ ഞാൻ വിശ്വസിക്കുന്നത് മാത്രമേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. കൂടാതെ ഞാൻ ആരുടെയും വികാരങ്ങൾ വ്രണപ്പെടുത്താൻ അർത്ഥമാക്കുന്നില്ല. നാം അകത്തേക്ക് പ്രവേശിക്കുമ്പോൾ നാം അത് ഒരു വശത്തേക്കായി മാറ്റി വയ്ക്കണം, എന്നിട്ട് അവിടെ പറയപ്പെടുന്ന കാര്യം എടുക്കുകയും, അതിനെ തിരയുകയും ചെയ്തു നോക്കണം, അത് യഥാർത്ഥത്തിൽ തിരുവെഴുത്തുകളാണോ അല്ലയോ എന്ന് നോക്കുക. അത് ചെയ്യാനുള്ള ഏറ്റവും നല്ല രീതിയാണ് അത്. അതിനുശേഷം... നാമിപ്പോൾ ജീവിക്കുന്നത് ഇതുപോലെയുള്ള ഒരു ദിവസമായതിൻറെ കാരണത്താൽ, ഒരു രാജ്യത്ത് അത് എല്ലാ തരത്തിൽപ്പെട്ട കാര്യങ്ങളും മറ്റെല്ലാമായിട്ടു അത് വീണ്ടും പിന്നെ വീണ്ടും പിന്നെ വീണ്ടും പിന്നെ വീണ്ടും പെറുക്കി എടുക്കപ്പെടുന്നു, ശരിയാണ്, അത് വാസ്തവമായും ജനങ്ങളെ ശരിക്കും മനസ്സിലാക്കാൻ പ്രയാസമാണ്, അതിപ്രകാരം ഒരു ഒറ്റപ്പെട്ട പ്രദേശത്തുള്ളതുപോലെയാണ്. നിങ്ങൾ അവരോട് പറയുക, അവർ അത് വിശ്വസിക്കുന്നു, അങ്ങനെയാണ്

അത് മുന്നോട്ട് പോകുന്നത്.

9 പക്ഷേ, ഇപ്പോൾ, ഒരാൾ *ഈ* ആശയത്തോടൊപ്പം വരും, മറ്റൊരാൾ *ഈ* ആശയത്തോടൊപ്പം കടന്നു വരും, നമുക്ക് ഏകദേശം തൊള്ളായിരത്തോളം വ്യത്യസ്തമായ സഭാ സംഘടനകൾ ഉണ്ടായിരിക്കുന്നു, ഓരോരുത്തരും (അവരുടെ ഉപദേശം) മറ്റൊന്നിന് വിരുദ്ധമായിരിക്കുന്നു; അവിടെ ആരെങ്കിലും തെറ്റായോ അല്ലെങ്കിൽ ആരെങ്കിലും ശരിയായോ ഉണ്ടായിരിക്കണം. അതുകൊണ്ട് ഇപ്പോൾ അതിൻറെ ഏക തെളിവായിട്ട് ഉള്ളത്, അതിനെ നേരെ തിരികെ വേദപുസ്തകത്തിലേക്ക് കൊണ്ടുവരിക എന്നതാണ്; നോക്കൂ, അത് വേദപുസ്തകം ആയിരിക്കട്ടെ. ഇപ്പോൾ, പലപ്പോഴും, ജനങ്ങൾ അവരുടെ സ്വന്തം വ്യാഖ്യാനം നൽകുന്നു. എന്നാൽ നമുക്ക് കഴിയാവുന്നതിൻറെ പരമാവധി, അതിന് യാതൊരു മാനുഷികമായ വ്യാഖ്യാനവും നൽകാതിരിക്കാൻ നാം ശ്രമിക്കുന്നു. അത് ആയിരിക്കുന്നതുപോലെ തന്നെ അത് വായിക്കുക, എന്നിട്ട് പറയുക, "അതാണ് അതിൻറെ വഴി."

10 പിന്നീട് ഞാൻ എപ്പോഴും ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യമെന്നത്, അവൻ പറഞ്ഞത് മാത്രം നിങ്ങൾ എടുക്കുകയാണെങ്കിൽ, അത് എല്ലാ കാര്യങ്ങളെയും തിരുവെഴുത്തുകളിൽ കൃത്യമായും തമ്മിൽ കൂട്ടിച്ചേർത്തു ശരിയാക്കും. ഇത് മിക്കവാറും ഏതോ ഒരു വിഷമ പ്രശ്നം ഒരുമിച്ച് ചേർക്കുന്നത് പോലെയാണ്, ഒരു വിഷമ പ്രശ്നം ഒരുമിച്ച് ചേർക്കുന്നതിനു മുമ്പ് നിങ്ങൾക്ക് അതിൻറെ മാതൃക കാണേണ്ടത് ആവശ്യമാണ്. ഇല്ലെങ്കിൽ, ഞാൻ എപ്പോഴും പറഞ്ഞിട്ടുള്ളത് പോലെ, "നിങ്ങൾക്ക് ഒരു...നിങ്ങളുടെ ദൃശ്യത്തിൽ, നിങ്ങൾക്ക് ഒരു പശു ഒരു മരത്തിൻറെ മുകളിൽ നിന്ന് പുല്ല് തിന്നുന്നുണ്ടാകും." അതുകൊണ്ട് അത്—അത് ശരിയായി കാണില്ല.

11 നാം പരിശുദ്ധാത്മാവിനെ അനുവദിക്കുക മാത്രം ചെയ്യുകയാണെങ്കിൽ...ആരാണ് വേദപുസ്തകം എഴുതിയത്? മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് വേദപുസ്തകം എഴുതുകയാണുണ്ടായത്. അപ്പോൾ പിന്നെ പരിശുദ്ധാത്മാവില്ലെങ്കിൽ, നിങ്ങൾ എത്ര നല്ല വിദ്യാഭ്യാസം നേടിയാലും അതൊരു കാര്യമല്ല, നിങ്ങൾക്കത് ഒരിക്കലും മനസ്സിലാകുകയില്ല. കാരണം യേശു തന്നെ ഇത് ജ്ഞാനികളുടെയും വിവേകികളുടെയും കണ്ണുകളിൽ നിന്ന് മറച്ചു വെച്ചതിന് ദൈവത്തിന് നന്ദി പറഞ്ഞു, ഇത് ഗ്രഹിക്കാൻ ആഗ്രഹിക്കുന്ന ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. ശിഷ്യന്മാരിൽ എല്ലാവരും തന്നെ കൂടിയാലും കുറഞ്ഞാലും

പഠിപ്പില്ലാത്തവരും അല്ലെങ്കിൽ നിരക്ഷരരും ആയിരുന്നു പക്ഷേ ഒരാൾ, അത് പൌലോസ് ആയിരുന്നു. പൌലോസ് പറഞ്ഞു, ക്രിസ്തുവിനെ കണ്ടെത്താൻ വേണ്ടി തനിക്ക് അറിയാവുന്നതെല്ലാം മറക്കേണ്ടി വന്നു എന്ന് പറഞ്ഞു. അതുകൊണ്ട് അവൻ കൊരിന്ത്യരുടെ സഭയോട് പറഞ്ഞു, അവൻ "മനുഷ്യരുടെ ജ്ഞാനവും മികച്ച സംസാരവും കൊണ്ട് അവരുടെ ഇടയിലേക്ക് വന്നില്ല," കാരണം അപ്പോൾ അവരുടെ—അവരുടെ വിശ്വാസം മനുഷ്യരുടെ ജ്ഞാനത്തിലായിരിക്കും, എന്നാൽ അവൻ പരിശുദ്ധാത്മാവിൻറെ ശക്തിയിലും പ്രകടനത്തിലും കൂടെ അവരുടെ അടുക്കൽ വന്നു, അതിനാൽ അവരുടെ വിശ്വാസം ദൈവവചനപ്രകാരം പരിശുദ്ധാത്മാവിൻറെ പ്രവൃത്തികളിൽ അധിവസിക്കും. അവിടെയാണ് നാമിപ്പോൾ വളരെ അടുത്ത് നിൽക്കാൻ ശ്രമിക്കുന്നത്, ഇപ്പോൾ തന്നെ, കാരണം ആഴ്ച അവസാനിക്കുന്നതിന് മുമ്പ്, അല്ലെങ്കിൽ ആഴ്ച അവസാനിക്കുന്ന സമയം, നിങ്ങൾ അത് കാണും, അതാണ് കൃത്യമായും സംഭവിച്ചത്, ആ ചെറിയ നൂൽ കാലാകാലങ്ങളിൽ കൂടെ അതോടൊപ്പം കടന്നു വരുന്നു.

12 ആ ബോർഡ് കുറച്ചുകൂടി ഉയർത്തിയതിന് നന്ദിയുണ്ട്. അത് നന്നായി കാണപ്പെടുന്നു.

13 ഇപ്പോൾ, ഓ, നമ്മൾ...ശീതകാലം മുഴുവൻ നമുക്കത് ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുകയായിരുന്നു, അതിനാൽ നമുക്ക് വെളിപാടിൻറെ മുഴുവൻ പുസ്തകവും എടുത്ത് അതിൽക്കൂടെ കടന്നു പോകാമായിരുന്നു. അവിടെ വളരെ മനോഹരമായ ഒരു പഠിപ്പിക്കൽ ഉണ്ട്. കൂടാതെ ഞാൻ ഓർക്കുന്നു, ഇരുപത് വർഷങ്ങൾക്ക് മുമ്പോ അല്ലെങ്കിൽ ഇരുപ-ത്തഞ്ചോ ആയിട്ടുണ്ടാകാം, ഈ പള്ളി അതുവരെ പുതിക്കിയിട്ടില്ല, ഞങ്ങൾ ഒന്ന് തുടങ്ങി...ഒരു ശരത്കാലത്തിൻറെ തുടക്കത്തിൽ, അത് മിക്കവാറും അടുത്ത ശരത്കാലത്തിൻറെ തുടക്കത്തിലേക്കുള്ള വഴിയായിരുന്നു, അത് വെളിപാട് പുസ്തകത്തിലൂടെ കടക്കുകയായിരുന്നു.

14 ഇപ്പോൾ, ഇയ്യോബിൻറെ പുസ്തകം എടുക്കുന്നത് ഞാൻ ഓർക്കുന്നു. ഓ, സഹോദരൻ റൈറ്റ്! ഞാൻ അതിൽ അത്രയും നീണ്ട സമയം വരെ തങ്ങിയിട്ട് അവസാനം ഒരു മഹിള എന്നോട് എഴുതി ചോദിക്കുകയുണ്ടായി, അവർ ചോദിച്ചു, "സഹോദരൻ ബ്രൺഹാം, നിങ്ങൾ ഒരിക്കലും ഇയ്യോബിനെ ആ ചാരക്കുമ്പാരത്തിൽ നിന്ന് പുറത്താക്കാൻ പോകുന്നില്ലേ?" ശരി, ഞാൻ ഒരു കാര്യം പറയാൻ ശ്രമിക്കുകയായിരുന്നു, കാരണം അവിടെ എത്തുമ്പോഴാണ്

എല്ലാവരും ഞെരുക്കപ്പെടുന്നത്, അത് ആ സ്ഥലത്താകുന്നു; ആ സ്ഥാനത്ത് എത്തുന്നതുവരെ അവിടെയാണ് കർത്താവിൻറെ ആത്മാവ് അവൻറെ മേൽ കടന്നു വന്നത്, അപ്പോഴാണ് മിന്നൽ മിന്നാൻ തുടങ്ങുകയും ഇടിമുഴക്കം ഉണ്ടാകുകയും ചെയ്തത്, ദൈവത്തിൻറെ ആത്മാവ് പ്രവാചകൻറെ മേൽ വരുകയും അവൻ കർത്താവിൻറെ വരവ് കാണുകയും ചെയ്തു. ഞാൻ ആ കാര്യത്തെ ഉറപ്പിക്കാൻ ആഗ്രഹിച്ചു, അതുകൊണ്ടാണ് ഞാൻ അവനെ ചാരക്കുമ്പാരത്തിൽ വളരെ സമയം പിടിച്ചു വെച്ചത്, അതുകൊണ്ട്—അതുകൊണ്ട് നമുക്ക് ഒരു കാര്യം സൂചിപ്പിക്കാൻ പറയാൻ കഴിയും. അത് അൽപ്പം മടുപ്പിക്കുമെന്ന് എനിക്കറിയാം, ചിലർക്ക്. ഞാനും കുറച്ചു ഒന്ന്, പരിഭ്രമിക്കാറുണ്ട്, ആരെങ്കിലും എന്തെങ്കിലും കാര്യത്തിൽ ചുറ്റിക്കളിക്കുന്നത് കേൾക്കുമ്പോൾ, അത് മുന്നോട്ട് പോയി അതിനെ തകർത്ത് കളയുന്നതുപോലെ കാണപ്പെടും. ഒരു പക്ഷേ ദൈവം ആ വ്യക്തിയെ നയിക്കുന്നത് അതിനുള്ള ഒരു ലക്ഷ്യത്തിന് വേണ്ടി ആയിരിക്കാം.

15 ഇപ്പോൾ ഈ ശേഷിപ്പുള്ളവരിലേക്ക് നമുക്ക് മടങ്ങാം, അത് ഈ ചോദ്യം വിടുന്നതിനു മുമ്പേ ആകാം. ഞാൻ ഇത് വ്യക്തമാക്കിയിട്ടുണ്ടെന്ന് ഞാൻ ആശിക്കുന്നു. ഇത്...ഈ ശേഷിപ്പുള്ളവർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണെന്ന് ഞാൻ സത്യമായും വിശ്വസിക്കുന്നു. ഞാൻ—ഞാൻ ഇത് വിശ്വസിക്കുന്നു, ദൈവം ലോകസ്ഥാപനത്തിന് മുമ്പ് ശേഷിപ്പുള്ളവരെ തിരഞ്ഞെടുത്തു; അത് ചെയ്തത് അവൻറെ "മുന്നറിവിനാലാകുന്നു." വാക്കിനാലല്ല...ഇപ്പോൾ ശ്രദ്ധിക്കുക *മുൻനിയമിക്കൽ,* നോക്കൂ, കാരണം ഇത് ജനങ്ങൾക്കിടയിൽ ഒരു ചെറിയ പിശുക്ക് കാണിക്കുന്ന വാക്കാകുന്നു. നോക്കൂ? എന്നാൽ ദൈവം, ലോകസ്ഥാപനത്തിനുമുമ്പ്, അവൻറെ മഹത്തായ അനന്തമായ മനസ്സിൽ, സഭയെ തിരഞ്ഞെടുക്കുകയും, യേശുവിനെ തിരഞ്ഞെടുക്കുകയും, സഭയെ തിരഞ്ഞെടുക്കുകയും, എന്നിട്ട് അവസാനം എന്തായിരിക്കുമെന്ന് തുടക്കത്തിൽ തന്നെ മുൻകൂട്ടി പ്രവചിക്കാനും കഴിഞ്ഞിരിക്കുന്നു. അവൻ...അവൻ അനന്തമാണെങ്കിൽ, അവൻ അറിയാത്തതായി ഒന്നുമില്ല. അവന് ഈ ഭൂമിയിലുണ്ടാകാൻ പോകുന്ന എല്ലാ ചെള്ളുകളെയും, അവ എത്ര തവണ കണ്ണടക്കുമെന്നും അവനറിയുന്നു. ഇപ്പോൾ, അങ്ങനെയാണ്...അത് എത്ര പുല്ല് ഉണ്ടാക്കുമെന്നും, അത് എല്ലാം കൂടി ഒരുമിച്ച് എത്ര ഉണ്ടാക്കുമെന്നും അവനറിയുന്നു. അത് അനന്തമാകുന്നു, ഇത് നിത്യതയാകുന്നു; നിങ്ങൾ—നിങ്ങൾക്ക്...അത് വിശദീകരിക്കാൻ യാതൊരു വഴിയുമില്ല. ദൈവം, അതാകുന്നു അവൻ,

ഒരു നിത്യനായ ദൈവമാകുന്നു.

16 അതിനാൽ, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, അന്ത്യ നാളുകളിൽ എതിർക്രിസ്തു ഭൂമിയിൽ എത്തുമെന്ന് വേദപുസ്തകം പറയുന്നു...

17 ഇപ്പോൾ ശ്രദ്ധിച്ച് കേൾക്കുക! അത് മാത്രമാണ് ഒരു പോരായ്മ...അവന് അത് ദശലക്ഷക്കണക്കിന് എൻറെ ജനങ്ങളിലും കണ്ടെത്താൻ കഴിയുമെന്ന് ഞാൻ ഊഹിക്കുന്നു. എന്നാൽ നമ്മുടെ വിലയേറിയ സഹോദരനായ ബില്ലിഗ്രഹാം, കഴിഞ്ഞ ദിവസം, ആ ശ്രദ്ധേയമായ സന്ദേശം കഴിഞ്ഞ ഞായറാഴ്ച പ്രസംഗിക്കുകയുണ്ടായി, അതൊരു സമയോചിതമായ സന്ദേശമായിരുന്നു എന്ന് ഞാൻ തീർച്ചയായും കരുതുന്നു. അതിൽ...എന്നാൽ അവൻ അത് പറഞ്ഞു അതായത് "സാത്താൻ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിക്കുന്നു."

18 അല്ല, വേദപുസ്തകം പറയുന്നു, "വൃതന്മാരെയും കഴിയും *എങ്കിൽ* തെറ്റിച്ച് കളയും." എന്നാൽ അത് സാധ്യമല്ല, കാരണം ലോകസ്ഥാപനത്തിന് മുമ്പേ ദൈവം അവരെ തിരഞ്ഞെടുത്തിരിക്കുന്നു. നോക്കൂ? ആ കുഞ്ഞാട്...ലോകസ്ഥാപനം മുമ്പേ അറുക്കപ്പെട്ട കുഞ്ഞാട് യേശുക്രിസ്തു ആയിരുന്നു. ദൈവം തൻറെ മനസ്സിൽ വയ്ക്കുമ്പോൾ പോലും, അവൻ ആ വചനം പറയുമ്പോഴും, അതിന് ഒരിക്കലും മാറാൻ കഴിയില്ല, അതിന് ഒരിക്കലും മാറ്റപ്പെടാനും കഴിയില്ല. നോക്കൂ, കാരണം അവൻ—അവൻ—അവൻ നിത്യനാകുന്നു, കൂടാതെ അവൻറെ വാക്കുകൾ സംഭവിക്കും.

19 ഒന്ന് ചിന്തിക്കൂ, ഇതേ...ഇന്ന് രാത്രിയിൽ നാം ജീവിക്കുന്ന ഭൂമി തന്നെ ദൈവത്തിൻറെ വചനം വെളിപ്പെട്ടതാകുന്നു. ദൃശ്യമാകാത്ത വസ്തുക്കളാൽ പോലും ഒന്നിച്ചുചേർന്നു ലോകം ആകൃതി പ്രാപിച്ചു. അവൻ പറയുക മാത്രം ചെയ്തു, "ഇത് ഉണ്ടാകട്ടെ," അത് ഉണ്ടായി. അവന് ഒരു സൃഷ്ടിയെ കെട്ടിപ്പടുക്കാൻ കേവലം അത് പറഞ്ഞുകൊണ്ട് മാത്രം കഴിയുമെങ്കിൽ, പിന്നെ സുഖമില്ലാത്ത ഒരു ശരീരത്തെ സൌഖ്യമാക്കാൻ ആ ദൈവത്തിന് അത് എത്ര എളുപ്പമായിരിക്കും. നോക്കൂ, അവൻറെ വചനം. അവൻറെ വചനം എന്താണെന്ന് കാണാൻ മാത്രമുള്ള വിശ്വാസം നമുക്ക് ലഭിച്ചിരുന്നെങ്കിൽ മതിയാകുമായിരുന്നു! നമ്മൾ അത്രമാത്രം ഭൂമിക്ക് അധിഷ്ഠിതരും അത്രമാത്രം നമ്മുടെ മനസ്സിൽ പലതും ഒത്തുചേർന്നവരുമാകുന്നു...ഓ, എനിക്കറിയില്ല. നമുക്ക് ധാരാളം ആന്തരികമായ കാര്യങ്ങൾ ഉണ്ടായിട്ട്, ഇതിൽ നിന്നുള്ള ഒരു പരിശ്രമവും, അതിൽ നിന്ന് ഒരു പരിശ്രമവും, അങ്ങനെ—അങ്ങനെ, എല്ലാം കൂടി ഒരു വളച്ചൊടിച്ച സ്ഥാനത്ത് നമ്മെ

എത്തിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് എപ്പോഴെങ്കിലും അതെല്ലാം കൂടി കുടഞ്ഞ് അഴിച്ചുമാറ്റാൻ കഴിഞ്ഞിട്ടു, തിരികെ വന്നു അവൻ ദൈവമാണെന്നും അവന് പരാജയപ്പെടാൻ കഴിയാത്തതുപോലെ അവൻറെ വാക്കുകൾക്ക് പരാജയപ്പെടാൻ കഴിയില്ലെന്നും അറിയാൻ കഴിഞ്ഞാൽ മതിയായിരുന്നു. ആ വചനം പരാജയപ്പെടുകയാണെങ്കിൽ, ദൈവം പരാജയപ്പെടുന്നു; അവിടെ ദൈവം പരാജയപ്പെട്ടാൽ...അവൻ ദൈവമല്ല. നോക്കൂ? അതുകൊണ്ട്...നിങ്ങൾ ഓർക്കുക, അവന് *ഇവിടെ* ഒരു കാര്യവും പിന്നെ മറ്റൊരു കാര്യം *അവിടെ* പറയാനും കഴിയില്ല; ദൈവമായിരിക്കുന്നതിനു വേണ്ടി അവന് തൻറെ ആദ്യ തീരുമാനത്തിൽ തന്നെ നിൽക്കേണ്ടത് ആവശ്യമാണ്. അതിനാൽ, നമ്മൾ അത്-...

20 അവൻ നമ്മോട് ഒരു കാര്യം മാത്രമേ ആവശ്യപ്പെടുന്നുള്ളൂ, അവൻ പറഞ്ഞത് സത്യമാണെന്ന് വിശ്വസിക്കാൻ മാത്രമാകുന്നു, അപ്പോൾ അവൻ അത് നടപ്പിലാക്കും. ഓ, എത്ര മനോഹരമാകുന്നു! നിങ്ങൾ പെട്ടെന്ന് ഒരു കാര്യം സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു; ചിലപ്പോൾ അതിന് ഒരു സ്വൽപ്പം വിശ്വാസം വേണ്ടിവരും. ഇതൊരു അത്ഭുതം ഉണ്ടാക്കുകയില്ല, എന്നാൽ നിങ്ങൾ അത് മുറുകെ പിടിക്കുകയാണെങ്കിൽ, അത് നിങ്ങളെ പുറത്തു കൊണ്ടുവരും; അതിനോടൊപ്പം നേരായി ഉറച്ചു നിൽക്കുക. അതിപ്രകാരം അവൻ പറഞ്ഞതുപോലെ, "കടുക് മണി, മറ്റെല്ലാ വിത്തുകളിലും വച്ചേറ്റവും ചെറുതാണ്." എന്നാൽ നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ, കടുക് മണി മറ്റൊരു വിത്തുകളോടും കൂടെ കലരുന്നില്ല. നിങ്ങൾക്ക് കടുക് മണിയെ മറ്റൊന്നും കൊണ്ട് സങ്കരം ചെയ്യാൻ കഴിയില്ല, അത് തമ്മിൽ സങ്കരമാകുകയില്ല. നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ, വെറുമൊരു ചെറിയ വിശ്വാസം മാത്രമുണ്ടെങ്കിൽ അത് മറ്റ് യാതൊരു അവിശ്വാസവും അല്ലെങ്കിൽ ഏതെങ്കിലും സഭാസിദ്ധാന്തമോ അല്ലെങ്കിൽ മതവിശ്വാസ പ്രമാണങ്ങളുമോ ആയിട്ട് സങ്കരമാകുകയില്ല, ദൈവവുമായി ഉറച്ചു നിൽക്കുക, അതിനോടൊപ്പം തന്നെ ഉറച്ചു നിൽക്കുക, അത് നിങ്ങളെ മൂടൽമഞ്ഞിലൂടെ നേരെ പുറത്തു കൊണ്ടുവരും, നിങ്ങളെ നേരെ പുറത്തു കൊണ്ടുവരും. അതെ! ആ വിശ്വാസത്തിൽ തന്നെ നിന്ന് കൊള്ളുക.

21 ഇപ്പോൾ, ആദിയിൽ, ദൈവം...തിരുവെഴുത്തു പറയുന്നു, വെളിപാടിൽ, അതായത് "എതിർക്രിസ്തു, അവസാന നാളുകളിൽ..." ഇപ്പോൾ ഈ സഭകൾ എല്ലാം കൂടി തമ്മിൽ കൂടിച്ചേരുന്നത് നോക്കൂ. "എതിർക്രിസ്തു, അവസാന നാളുകളിൽ, പുസ്തകത്തിൽ പേരുകൾ

എഴുതാത്ത സകല ഭൂവാസ്സികളെയും വഞ്ചിക്കും ലോകസ്ഥാപനത്തിന് മുമ്പേ കുഞ്ഞാടിൻറെ ജീവ പുസ്തകത്തിൽ പേരെഴിട്ടില്ലാത്തവർ ആകുന്നു." എപ്പോഴാണ് നിങ്ങളുടെ പേര് ജീവൻറെ പുസ്തകത്തിൽ ഉൾപ്പെടുത്തിയത്? നമുക്ക് ഒരു ലോകം ഉണ്ടാകുന്നതിന് മുമ്പേ, ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

22 ഞാൻ എഡ്ഡി പെറോനെറ്റിനൊപ്പം ചേരുന്നു:

ഞാൻ എൻറെ പ്രാണനെ വിശ്രമ തുറമുഖത്ത് നങ്കൂരമിട്ടു,
ഞാൻ ഇനിയും ക്ഷോഭിച്ച കടലിൽ സംശയ സമുദ്രത്തിൽ തുഴയില്ല;
ഉഗ്രമായി കൊടുങ്കാറ്റ് വീശിയേക്കാം, ആഴത്തിൽ ആഞ്ഞടിച്ചേക്കാം,
യേശുവിൽ നാം എന്നേക്കും സുരക്ഷിതനാകുന്നു.

23 ഒന്നിനും നമ്മെ വേർപെടുത്താൻ കഴിയില്ല (ദൈവത്തിന് കഴിയില്ല...അവൻറെ വചനത്തിന്മേൽ തിരിയരുത്. അവൻ നിത്യനാണെങ്കിൽ, അവൻ നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ *ഇവിടെ* നൽകുന്നു, അതായത് നിങ്ങളെ അവനു നഷ്ടപ്പെടാൻ പോകുന്നുവെന്ന് അറിഞ്ഞുകൊണ്ട് ആകുന്നു *ഇവിടെ*, എങ്കിൽ അവൻ ഏതുതരത്തിലുള്ള ജോലിയാണ് നടത്തുന്നത്?), നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ അനുഭവത്തിൽ നിങ്ങൾ വഞ്ചിക്കപ്പെട്ടിട്ടില്ലെങ്കിൽ ആകുന്നു. എന്നാൽ വേദപുസ്തകം പറയുന്നത് ശ്രദ്ധിക്കുക, എഫെസ്യർ 4:30, "ദൈവത്തിൻറെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു മുദ്രയിട്ടിരിക്കുന്നതു..." അടുത്ത ഉണർവ്വ് വരെ എന്നാണോ? അത് കേഴ്വിക്ക ശരിയാണോ? "നിങ്ങളുടെ വീണ്ടെടുപ്പിൻറെ നാൾ വരെ നിങ്ങൾ മുദ്രയിട്ടിരിക്കുന്നു!" എത്ര നാൾ വരെ? നിങ്ങളുടെ വീണ്ടെടുപ്പിൻറെ നാൾ വരെ.

24 നിങ്ങൾ ഒരു ചരക്കു വണ്ടി എടുക്കുക, നിങ്ങൾ അത് റോട്ടിലിട്ടു ചരക്കു നിറക്കുക, അത് പൂർണ്ണമായി ചരക്കു കൊണ്ട് നിറഞ്ഞു കഴിയുമ്പോൾ...ഇപ്പോൾ, അവർക്ക് അപ്പോഴും ആ വണ്ടി അടയ്ക്കാൻ കഴിയില്ല, കാരണം പരിശോധന ചെയ്യുന്നയാൾ കടന്നു വരണം. അവൻ പരിശോധിച്ചിട്ട്, അയഞ്ഞ എന്തെങ്കിലും ഇളകുന്നതായിട്ടുണ്ടോ എന്ന് നോക്കുന്നു. ചരക്കു ഒരു പക്ഷെ...ചരക്കു വണ്ടി ഒരുപക്ഷെ പൂർണ്ണമായും നിറച്ചിട്ടുണ്ടായിരിക്കാം, പക്ഷേ അതിൽ അയഞ്ഞ സ്ഥാനങ്ങളുണ്ടെങ്കിൽ, നിങ്ങൾക്ക് അത് വീണ്ടും അഴിച്ചു

കെട്ടേണ്ടിവരും. അതാണ് കാര്യം, നമ്മളിൽ വളരെയധികം പേർക്കും പരിശുദ്ധാത്മാവ് ലഭിക്കുന്നില്ല; പരിശോധകൻ വരുമ്പോൾ, അവൻ ധാരാളം അയഞ്ഞ സ്ഥാനങ്ങൾ കണ്ടെത്തുന്നു, നിങ്ങൾ നോക്കു, അതിനാൽ അവൻ അപ്പോഴും അതിനെ മുദ്ര ചെയ്യുന്നില്ല.

25 ഒരു മഹാനായ വേദ പണ്ഡിതൻ കഴിഞ്ഞ ദിവസം എൻറെ അടുക്കൽ വന്നു, അല്ലെങ്കിൽ കഴിഞ്ഞ ദിവസമല്ല, ഇത് മൂന്നോ നാലോ വർഷങ്ങൾക്ക് മുമ്പായിരുന്നു, അദ്ദേഹം പറഞ്ഞു, "എനിക്ക് നിങ്ങളോട് ഒരു കാര്യം ചോദിക്കാനുണ്ട്." പറഞ്ഞു, "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവനു നീതിയായി കണക്കാക്കപ്പെട്ടു."

ഞാൻ പറഞ്ഞു, "അത് സത്യമാണ്, ശരി."

പറഞ്ഞു, "വിശ്വസിക്കുകയല്ലാതെ മനുഷ്യന് അതിൽ കൂടുതലായി എന്തുചെയ്യാൻ കഴിയും?"

ഞാൻ പറഞ്ഞു, "മനുഷ്യന് ചെയ്യാൻ കഴിയുന്നത് ഇത്രമാത്രം ആകുന്നു."

26 അദ്ദേഹം പറഞ്ഞു, "അപ്പോൾ പിന്നെ ഈ പരിശുദ്ധാത്മാവിൻറെ കാര്യങ്ങളുമായി നിങ്ങൾ അതിനു പുറത്ത് എവിടേക്കാണ് പോകുന്നത്?" ഇപ്പോൾ, അദ്ദേഹം ഒരു ബാപ്റ്റിസ്റ്റുകാരൻ ആയിരുന്നുവെന്ന് നിങ്ങൾക്കറിയാം. അദ്ദേഹം ചോദിച്ചു—അദ്ദേഹം പറഞ്ഞു, "ഈ പരിശുദ്ധാത്മാവുമായി നിങ്ങൾ എവിടേക്കാണ് പോകുന്നത്?" പറഞ്ഞു, "മനുഷ്യൻ വിശ്വസിക്കുകയാണെങ്കിൽ! നിങ്ങൾ വിശ്വസിക്കുന്ന നാഴികയിൽ തന്നെ, നിങ്ങൾ പരിശുദ്ധാത്മാവ് പ്രാപിച്ചിരിക്കുന്നു."

ഞാൻ പറഞ്ഞു, "അല്ല, അല്ല. ഇപ്പോൾ നിങ്ങൾ—നിങ്ങൾ തിരുവെഴുത്തുകളിൽ ഒരു വൈരുദ്ധ്യം ഉണ്ടാക്കുന്നു, തിരുവെഴുത്തുകൾ ഒന്ന് മറ്റൊന്നുമായി വിരുദ്ധമാകുന്നില്ല. നോക്കൂ? പൗലോസ് അവരോട് ചോദിച്ചു. 'നിങ്ങൾ *വിശ്വസിച്ചിട്ട്* പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?'"

അദ്ദേഹം പറഞ്ഞു, "ശരി..."

27 ഞാൻ പറഞ്ഞു, "വിശ്വാസത്തിൻറെ പിതാവായ അബ്രഹാം നൽകിയത് സത്യമാണ്...അവൻറെ പക്കൽ ദൈവത്തിൻറെ വാഗ്ദത്തം ഉണ്ടായിരിക്കുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്നു, അത് അവനു നീതിയായി കണക്കാക്കപ്പെട്ടു, എന്നാൽ ദൈവം അവൻറെ വിശ്വാസം സ്വീകരിച്ചതിൻറെ അടയാളമായി അവന് പരിച്ഛേദനയുടെ മുദ്ര കൊടുത്തു."

28 ഇപ്പോൾ, അവൻ നിങ്ങളെ ഇതുവരെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിട്ടില്ലെങ്കിൽ, അവങ്കലുള്ള നിങ്ങളുടെ വിശ്വാസം അവൻ ഇതുവരെ ഒരിക്കലും സ്വീകരിച്ചിട്ടില്ല, നിങ്ങൾക്ക് ചില അയഞ്ഞ സ്ഥലങ്ങളുണ്ട്. നോക്കൂ? നിങ്ങൾ വിശ്വസിച്ചേക്കാൻ ഇടയുണ്ടാകാം, അതെ, എന്നാൽ ധാരാളം അയഞ്ഞ സ്ഥലങ്ങളുണ്ടായിരിക്കുന്നു. എന്നാൽ നിങ്ങൾ എല്ലാ അയഞ്ഞ സ്ഥലങ്ങളും ശരിയായി നിറച്ചു കഴിയുമ്പോൾ, അപ്പോൾ നിങ്ങളുടെ വീണ്ടെടുപ്പിൻറെ നാൾ വരെ അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നു. അതാണ് ദൈവത്തിൻറെ സ്ഥിരീകരണം അതായത് നിങ്ങൾ അവനിൽ പ്രകടമാക്കിയ വിശ്വാസം അവൻ സ്വീകരിച്ചിരിക്കുന്നു.

29 അബ്രഹാം വിശ്വാസം പ്രഖ്യാപിക്കുകയും, ദൈവം പറഞ്ഞു, "ഞാൻ ഇപ്പോൾ നിനക്ക് ഒരു അടയാളം തരും അതായത് നീ...അതായത് ഞാൻ നിന്നെ സ്വീകരിച്ചിരിക്കുന്നു." അവൻ അവന്നു പരിച്ഛേദനയുടെ അടയാളവും കൊടുത്തു.

30 ഇപ്പോൾ, നിങ്ങൾ ക്രിസ്തുവിനെ നിങ്ങളുടെ വ്യക്തിപരമായ രക്ഷിതാവായി സ്വീകരിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ജീവിതം വെടിപ്പാക്കാൻ നിങ്ങൾ അവനോട് ആവശ്യപ്പെടുന്നു, അപ്പോൾ അവൻ പരിശുദ്ധാത്മാവോടുകൂടി തിരികെ വരുകയും നിങ്ങൾക്ക് പരിശുദ്ധാത്മാവിൻറെ അടയാളം നൽകുകയും ചെയ്യുന്നു, അപ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് നാൾ വരെ നിങ്ങൾ മുദ്രയിട്ടിരിക്കുന്നു.

31 ഇവിടെ ഇത് ചരക്കു വണ്ടി ആകുന്നു, ഇത് അയഞ്ഞതാണെങ്കിൽ...അവർ അതെല്ലാം കൂടി വീണ്ടും അഴിച്ചു കെട്ടി ഒരുമിച്ചാക്കിയ ശേഷം അവർ അത് അടക്കുന്നു. ആ വാതിൽ അടച്ചിട്ടു അതിൽ ഒരു മുദ്രയിടുകയും, അങ്ങനെ അത് അതിൻറെ—അതിൻറെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ മുദ്രയിട്ടിരിക്കുന്നു, നിങ്ങൾ ആ മുദ്ര പൊട്ടിച്ചാൽ ഈ റെയിൽ മാർഗ്ഗ കമ്പനികൾക്ക് നിങ്ങളെ ആജീവനാന്തം ജയിൽ ശിക്ഷ നടപ്പിലാക്കാൻ കഴിയും. അത് പൊട്ടിക്കാൻ കഴിയില്ല. അത് അതിൻറെ ലക്ഷ്യസ്ഥാനത്തേക്ക് മുദ്രയിട്ടിരിക്കുന്നു; അതുമായി പോകുന്ന അതിൻറെ വഴിയിലുള്ളവർക്ക് പോലും അത് വലിച്ച് തുറന്ന് നോക്കാൻ കഴിയില്ല, അത് പരിശോധിച്ച് നോക്കുവാനോ, അതിൽ നിന്നും കുറച്ച് സാധനങ്ങൾ എടുത്ത് വലിച്ചെറിയാനോ, അതിൽ കുറച്ചു കൂടി സാധനങ്ങൾ ചേർക്കാനോ കഴിയില്ല. ഇല്ല, ഇല്ല!

32 *ഈ* സഭ പറയും, ശരി, ആ വിശ്വാസ പ്രമാണം, "*ഇത്* നല്ലതല്ല, *അതും* നല്ലതല്ല." ദൈവം നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ

നൽകുമ്പോൾ, അത് ഉറപ്പാക്കപ്പെട്ടിരിക്കും! നിങ്ങൾ എവിടെയാണ് നിൽക്കുന്നതെന്ന് നിങ്ങൾ അറിയും, എന്താണ് സംഭവിച്ചതെന്ന് നിങ്ങൾ അറിയും, നിങ്ങളുടെ വീണ്ടെടുപ്പിൻറെ നാൾ വരെ നിങ്ങൾ മുദ്രയിട്ടിരിക്കുന്നു. അത് നിങ്ങളുടെ ഈ ഭൗമിക യാത്രയിലെ നിങ്ങളുടെ ലക്ഷ്യസ്ഥാനമാകുന്നു. ഓ, എൻറെ! അത് ഏതൊരു വ്യക്തിയെയും ദൈവത്തിൽ വിശ്വസിക്കുന്നതിനും, വിശ്വസിക്കുക മാത്രം ചെയ്യുന്നതിനും ഇടയാക്കിയിട്ട്, പരിശുദ്ധാത്മാവിൻറെ ശക്തിയിൽ എഴുന്നേറ്റു നില്ക്കാൻ ഇടയാക്കണം.

33 ഇപ്പോൾ, ഈ കന്യകമാർക്ക് പരിശുദ്ധാത്മാവ് ലഭിച്ചിരുന്നില്ല, (നിങ്ങൾ ഓർക്കുന്നുണ്ടോ?) അവർക്ക് കുറവുണ്ടായിരുന്ന ഏക കാര്യം എന്നത് അവരുടെ വിളക്കുകളിൽ എണ്ണ ഇല്ലായിരുന്നു. അതു ശരിയാണോ? വേദപുസ്തകം പറയുന്ന *എണ്ണ* പ്രതീകപ്പെടുത്തുന്നത് "പരിശുദ്ധാത്മാവാകുന്നു," അതുകൊണ്ടാണ് നാം രോഗികളെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നതും, ഇത്യാദി കാര്യങ്ങൾ ചെയ്യുന്നതും, കാരണം അത് പരിശുദ്ധാത്മാവിൻ്റെ ഒരു പ്രതീകമാണ്. ഇപ്പോൾ, എങ്കിൽ പിന്നെ—പിന്നെ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നില്ലെങ്കിൽ, പിന്നെ അവർക്കത് ഇല്ലായിരുന്നു. അതിനുശേഷം അവൻ വന്നു കഴിയുമ്പോൾ, അവർ പറഞ്ഞു... ഇപ്പോൾ എണ്ണ കിട്ടിയ കന്യകമാരോട് പറഞ്ഞു...

34 നോക്കൂ, അവർ പിന്നിലായി സഭായുഗത്തിൽ ഉണ്ടായിരുന്നു; അവരിൽ ചിലർ അവിടെ നല്ല ആളുകളായിരുന്നു, എന്നാൽ അവർ നക്ഷത്ര വെളിച്ചത്തിൽ ഉണ്ടായിരുന്നില്ല, ഞാൻ എന്താണ് ഉദ്ദേശിക്കുന്നത് എന്നാൽ, തിരി എണ്ണയിൽ മുങ്ങിയിരുന്നില്ല എന്നുള്ളതാകുന്നു. നോക്കൂ, അങ്ങനെ അത് പുറത്തായി. അത് പൊയ്ക്കഴിഞ്ഞിരുന്നു, അവർ സ്വയം വേർപെടുത്തിക്കളഞ്ഞു. പൗലോസ് പറഞ്ഞു, അവൻറെ നാളുകളിൽ, "അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടു, പ്രത്യക്ഷത്തിൽ വിശ്വാസം ഇല്ലായിരുന്നു." നോക്കൂ, അവരുടെ ഇടയിൽനിന്നു പുറപ്പെട്ടു, "അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടു, എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല." ഇപ്പോൾ, ഇത് തുടക്കത്തിലെ എഫേസ്യരുടെ കാലഘട്ടം മുതൽ ആരംഭിച്ച് ഇന്ന് ഈ കാലഘട്ടം വരെ എത്തിച്ചേർന്നിരിക്കുന്നു. ഒരേ കാര്യം തന്നെ, അവിടെയുള്ള ഓരോ കാലഘട്ടവും, അവരിൽ സംഭവിച്ചത് എന്താണോ അത് താഴോട്ടുള്ള ഈ കാലഘട്ടങ്ങളിലേക്കും കടന്നുപോയി. കുറച്ച് സമയത്തിനുള്ളിൽ തന്നെ നാം അതിലേക്ക് ആഴത്തിൽ പ്രവേശിക്കാൻ പോകുകയാണ്.

35 ഇപ്പോൾ, ശ്രദ്ധിക്കുക ഈ കന്യകയും, കന്യക ആയിരുന്നിട്ടും,

കരച്ചിലും, നിലവിളിയും, പല്ലുകടിയും ഉള്ളിടത്തേക്ക് തന്നെ പോയി.

36 എൻ്റെ വിലയേറിയ സ്നേഹവാനായ സുഹൃത്തേ, ഞാനിത് പറയട്ടെ, ; കാരണം സാധാരണയായി ഇവിടെ സഭയിൽ, ഞാൻ ഇവിടെ വരുമ്പോൾ, ഞാൻ ഇവിടെ വന്ന് ഒരു രോഗശാന്തിയുടെ ശുശ്രൂഷ നടത്തുകയും രോഗികൾക്കായി പ്രാർത്ഥിക്കുകയും, പിന്നെ രാജ്യത്തിന് അപ്പുറത്തായി മറ്റെവിടെയെങ്കിലും പോകുക മാത്രം ചെയ്യുന്നു. എന്നാൽ ഇതാണ് സമയം, ഞാൻ വളരെക്കാലമായി നിങ്ങളോട് പറയുന്നു, നിങ്ങളുടെ മനസ്സാക്ഷിയെ നിങ്ങളുടെ കീശയിൽ ഇടുക. ഇപ്പോൾ നമ്മൾ ആഗ്രഹിക്കുന്നത്—നമ്മൾ കടന്നു വന്ന് പരസ്പരം ആത്മാർഥതയും സത്യസന്ധ്യതയും ഉള്ളവർ ആയിരിക്കാൻ ആഗ്രഹിക്കുന്നു, കാരണം നമ്മൾ അന്ത്യ കാലത്തായിരിക്കുന്നു. അതെ!

37 ഇപ്പോൾ, അവിടെയാണ് നിങ്ങൾ വിലയേറിയവരായ നസ്രായന്മാരും പിൽഗ്രിം ഹോളിനസുകാരും വിശുദ്ധീകരണത്തിന് അടിയിൽ പരാജയപ്പെട്ടുപോയത്. നോക്കു? ഇപ്പോൾ, യൂദാസ് ഇസ്കരിയോത്താവ് അതേ സ്ഥാനം വരെ എത്തിയിരുന്നു എന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? യൂദാസ് കർത്താവായ യേശുവിനെ രക്ഷകനായി വിശ്വസിക്കുകയും, അവനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തിരുന്നു. അവനും വിശുദ്ധീകരിക്കപ്പെട്ടിരുന്നു. യോഹന്നാൻ്റെ 17:17-ൽ, യേശു ഇത് പറഞ്ഞപ്പോൾ അവനും വിശുദ്ധീകരിക്കപ്പെട്ടിരുന്നു, "പിതാവേ, സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിൻ്റെ വചനം സത്യം ആകുന്നു." അവൻ വചനമായിരുന്നു. ശരിയാണ്!

38 മത്തായി 10, രോഗികളെ സുഖപ്പെടുത്താനും മരിച്ചവരെ ഉയിർപ്പിക്കാനും, ഭൂതങ്ങളെ പുറത്താക്കാനും അവർക്ക് അധികാരം ലഭിച്ചു. അവർ രാജ്യത്തിൻ്റെ—എല്ലാ ഭാഗങ്ങളിലും പോയി ഭൂതങ്ങളെ പുറത്താക്കുകയും, തിരികെ സന്തോഷിച്ചും ആർത്തുവിളിച്ചും ദൈവത്തെ സ്തുതിച്ചും മടങ്ങിവന്നു. യേശു അവരോട് പറഞ്ഞു, "എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല സന്തോഷിക്കേണ്ടത്, എന്നാൽ നിങ്ങളുടെ പേർ ജീവൻ്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ." അതു ശരിയാണോ? യൂദാസും അവരോടുകൂടെ ഉണ്ടായിരുന്നു, യൂദാസ് അവരോടുകൂടെ ഉണ്ടായിരുന്നു, എന്നാൽ അത് യേശു ക്രൂശിക്കപ്പെടുന്നതിന് ഒരു വർഷവും ആറ് മാസവും മുമ്പായിരുന്നു.

39 ഇപ്പോൾ, പെന്തക്കോസ്ത് നാൾ എത്തിയപ്പോൾ, യൂദാസ് പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന കാര്യവും മറ്റും വന്നപ്പോൾ,

അവൻ അവൻറെ നിറം കാണിച്ചു. അവൻ—അവൻ യേശുവിനെ തള്ളിപ്പറഞ്ഞു, അവൻ്റെ ദ്രോഹിയായി തീർന്നു. അവിടെയാണ് കൃത്യമായും ആ ആത്മാവ് കടന്നു വന്നത്; നേരെ അത് ലൂഥറും, വെസ്ലിയും വരെ എത്തുകയും, ആ സഭയെ വിശുദ്ധീകരണം വരെ കന്യകയുടെ ജീവിതത്തോട്ടുകൂടി കൊണ്ടുവന്നിട്ട് (അത് നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും ശുദ്ധവും, വെടിപ്പുള്ളതും, പരിശുദ്ധവും, നല്ലവരും, മികച്ചതുമായ ജനങ്ങൾ ആയിരുന്നു), എന്നാൽ അത് ഇവിടെ എത്തുമ്പോൾ...അവർ അന്യഭാഷകളിൽ സംസാരിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യാൻ പോകുമ്പോൾ, നസ്രായരും, പിൽഗ്രിം ഹോളിനസ്സുകാരും, ഫ്രീ മെഥഡിസ്റ്റുകാരും, അപ്പോൾ പറയുന്നു, “അത് പിശാചാകുന്നു.” അപ്പോൾ തന്നെ നിങ്ങൾ പരിശുദ്ധാത്മാവിനെ നിന്ദിക്കുകയും നിങ്ങളെത്തന്നെ എന്നെന്നേക്കുമായി അടച്ചുപൂട്ടുകയും ചെയ്യുന്നു; “മനുഷ്യപുത്രൻറെ നേരെ ഒരു വാക്കു പറയുന്ന ഏവനോടും ക്ഷമിക്കും, എന്നാൽ പരിശുദ്ധാത്മാവിൻറെ നേരെ ദൂഷണം പറയുന്നവനോടോ ക്ഷമിക്കയില്ല.”

40 ഓർക്കുക, ശിഷ്യന്മാരെല്ലാം അന്യഭാഷകളിൽ സംസാരിച്ചു. അന്യഭാഷകളിൽ സംസാരിച്ചു കൊണ്ട് യേശുക്രിസ്തു ക്രൂശിൽ മരിച്ചു. ഹ-ഹം. അതുകൊണ്ട് നിങ്ങൾക്ക് അവരുമായി ഇവിടെ ഇടപെടാൻ കഴിയുന്നില്ലെങ്കിൽ, അവരുമായി ഇവിടെ സൗഹൃദം പുലർത്തുക, അവിടെ എത്തുമ്പോൾ ഇതിനെക്കുറിച്ച് എന്തായിരിക്കും? അവരെ കുറിച്ചിടത്തോളം...ഇവരെല്ലാം പിശാചുക്കളാണെങ്കിൽ, പിന്നെ അവരും അങ്ങനെ തന്നെയായിരുന്നു. അതുകൊണ്ട് എവിടെയാണ് ഇത് അതിൻറെ നിറം കാണിച്ചത് എന്ന് നിങ്ങൾ കാണുന്നുണ്ടോ? അവിടെ അതാ ആ കന്യക വരുന്നു, ബാക്കിയുള്ളവരെപ്പോലെ വെടിപ്പും, വിശുദ്ധിയുമുള്ള ജീവിതത്തോട്ടുകൂടി വരുന്നു. ഞാൻ പഴയ-പരിഷ്കാരത്തോട്ടുകൂടിയ നാസറീൻകാരെയും, പിൽഗ്രിം ഹോളിനസുകാരെയും എടുക്കുന്നു, അവർ വാസ്തവമായും വിശുദ്ധീകരണത്തിൽ വിശ്വസിച്ചിരുന്നു, നിങ്ങൾക്ക് അവരുടെ ജീവിതത്തിലേക്ക് ഒരു വിരൽ പോലും ചൂണ്ടാൻ കഴിയില്ല; അവർക്ക് കഴിയാവുന്നത്രയും ശുദ്ധിയിലായിരുന്നു. നമ്മളെല്ലാവരും അങ്ങനെ ജീവിക്കുക എന്നത് ഒരു നല്ല കാര്യമാണ്. അത് ശരിയാണ്, നിങ്ങൾക്ക് അത് ചെയ്യേണ്ടതുണ്ട്.

41 ഇപ്പോൾ, നമുക്ക് ധാരാളം പേർ പെന്തക്കോസ്തുകാരിൽ വേഷം കെട്ടുകാർ ഉണ്ടെന്ന് നമുക്കറിയാം. അത് സത്യമാണ്. എന്നാൽ നിങ്ങൾ ഒരു വ്യാജ ഡോളർ കാണുന്നിടത്തോളം,

അത് ശരിയായ ഒന്നിൽ നിന്നോ, ഒരു യഥാർത്ഥമായ ഒന്നിൽ നിന്നോ നിർമ്മിച്ചതാണെന്ന് നിങ്ങൾക്കറിയാം. അത് ശരിയാണ്. അതുകൊണ്ട്—അതുകൊണ്ട് അവിടെ ഒരു യഥാർത്ഥ പരിശുദ്ധാത്മാവുണ്ട്, അന്യഭാഷകളിൽ സംസാരിക്കുകയും അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യുന്ന ഒരു യഥാർത്ഥ വ്യക്തിയുണ്ട്, അത് പെന്തക്കോസ്ത് മുതൽ ഉണ്ടായിരിക്കുന്നു. അതിനാൽ നമുക്ക് വേഷം കെട്ടുകാർ ഉണ്ടായിരിക്കേണ്ടത് ആവശ്യമാകുന്നു. ഒരു യഥാർത്ഥ സ്ത്രീ എന്താണെന്ന് തിളങ്ങി കാണിക്കാൻ, ഒരു ഗുണവുമില്ലാത്ത ഒരു ദുഷ്ട സ്ത്രീ ഉണ്ടായിരിക്കേണ്ടത് ആവശ്യമാകുന്നു. സൂര്യപ്രകാശം മഹത്വമുള്ളതാണെന്ന് കാണിക്കാൻ നമുക്ക് ഒരു രാത്രി, കറുത്ത ഇരുണ്ട രാത്രി ഉണ്ടായിരിക്കേണ്ടത് ആവശ്യമാകുന്നു. അത് ശരിയാണ്. നല്ല ആരോഗ്യം ആസ്വദിക്കാൻ നിങ്ങൾ രോഗിയായിരിക്കണം. ഇത് അനുകൂലവും പ്രതികൂലവുമായ ഒരു നിയമമാണ്; അതുകൊണ്ട് അത്—അത് എല്ലായ്പ്പോഴും അങ്ങനെയായിരിക്കുന്നു, അങ്ങനെ ആയിരിക്കും, അത് അങ്ങനെ ആയിരിക്കുന്നിടത്തോളം ആകുന്നു.

ഇപ്പോൾ, അതുകൊണ്ട്, അവിടെവരെ സഭ സ്വയം ഉയർന്ന് എത്തിയിരിക്കുന്നു.

42 ഇപ്പോൾ, യേശു പറഞ്ഞില്ലേ അതായത് "അവസാന നാളുകളിൽ," മത്തായി 24, "അതായത് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി ഈ രണ്ടു ആത്മാക്കളും അത്രയും അടുത്തായിരിക്കും"? ഊ-ഹും. എന്നാൽ ഭൂമിയുടെ അടിസ്ഥാത്തിന് മുമ്പേ തിരഞ്ഞെടുക്കപ്പെട്ട ഏവനും നിത്യജീവനുണ്ട്. നിത്യജീവൻ, നിങ്ങൾക്ക് അത് ഒഴിവാക്കി കളയാൻ പറ്റുകയില്ല. അത് ദൈവത്തെപ്പോലെ തന്നെ ശാശ്വതമാകുന്നു, ദൈവത്തിന് നിലനിൽക്കാതിരിക്കാൻ കഴിയാത്തതുപോലെ നിങ്ങൾക്കും നിലനിൽക്കാതിരിക്കാൻ കഴിയില്ല. അത് ശരിയാണ്. കാരണം നിങ്ങൾ ദൈവത്തിൻ്റെ ഒരു ഭാഗമാകുന്നു, നിങ്ങൾ ദൈവത്തിൻ്റെ ഒരു മകനും മകളുമാകുന്നു, നിങ്ങളുടെ ജീവിതം മാറ്റപ്പെടുകയും, നിങ്ങൾ ദൈവത്തിൻ്റെ ഭാഗമാകുകയും, നിങ്ങൾക്ക് നിത്യജീവൻ ലഭിച്ചുമിരിക്കുന്നു. ഓ, ഞാൻ അവനെ സ്നേഹിക്കുന്നു. നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ?

43 ഇപ്പോൾ, ആരോ എനിക്കിവിടെ ഒരു കുറിപ്പ് തന്നിരുന്നു, ഒരു ചെറിയ ചോദ്യം ആകുന്നു. അതിന് ഉത്തരം നൽകാൻ നാം ഇപ്പോൾ കൂടുതൽ സമയമെടുക്കില്ല. കൂടാതെ ഓർക്കുക, ഓരോ

തവണയും നിങ്ങൾ ഒരു ചെറിയ ചോദ്യം ഉന്നയിക്കുമ്പോൾ, എനിക്ക് കഴിയുന്നതിൻറെ പരമാവധി അതിൽ കടക്കാൻ ഞാൻ ശ്രമിക്കും. എന്നാൽ ഇത് ഒരു പ്രധാനപ്പെട്ട ചോദ്യമായിരുന്നു:

> **സ്ത്രീകൾ സാക്ഷ്യം പറയുന്നതോ, അല്ലെങ്കിൽ പാട്ട് പാടുന്നതോ, അല്ലെങ്കിൽ അന്യഭാഷയിൽ സന്ദേശങ്ങൾ നൽകുന്നത് തെറ്റാണോ എന്നറിയാൻ ഒരു വ്യക്തി ആഗ്രഹിക്കുന്നു, സന്ദേശങ്ങൾ വ്യാഖ്യാനിക്കുക, അല്ലെങ്കിൽ ഒരു പ്രവചനം, സഭയിൽ ചെയ്യാമോ.**

44 ഇല്ല, അത് തെറ്റല്ല, ഇതൊരു...അത് സഭാ ക്രമത്തിൽ അതിൻറെ സ്ഥാനത്ത് വരുന്നിടത്തോളം. നോക്കു? സഭ ക്രമത്തിലാകുന്നു, അപ്പോൾ മാത്രം...അതിനുള്ള യഥാർത്ഥവും, സത്യവുമായ മാർഗ്ഗം അന്യഭാഷകളിലും കാര്യങ്ങളിലും സംസാരിക്കുന്നവർക്കുള്ളതാകുന്നു, അവരുടെ സന്ദേശങ്ങൾ പ്രസംഗവേദിയിൽ നിന്നുള്ള സന്ദേശത്തിന് മുമ്പായി നൽകപ്പെടുന്നു, ഒരിക്കലും ആ സമയത്ത് ആയിരിക്കില്ല; കാരണം, പൗലോസ് അവിടെ പറഞ്ഞിട്ടുള്ളതുപോലെ, പരിശുദ്ധാത്മാവ് ഒരു സമയത്ത് ഒരിടത്ത് നിന്ന് മാത്രം പ്രവർത്തിക്കുന്നു. എന്നാൽ സ്ത്രീകൾ പ്രവചത്തിൻറെ കൃപാവരം ലഭിച്ചവരാണ്, അന്യ ഭാഷയുടെയും വ്യാഖ്യാനങ്ങളുടെയും കൃപാവരം ലഭിച്ചവരാണ്, എന്നാൽ പ്രാസംഗികർ എന്നതൊഴിച്ചാൽ എല്ലാമാകുന്നു. അവർ പ്രാസംഗികർ ആയിരിക്കുന്നില്ല. സഭകളിൽ അവർ പ്രസംഗിക്കുന്നത് വിലക്കപ്പെട്ടിരിക്കുന്നു, അത് ശരിയാണ്, ഒരു സ്ഥാനം എടുക്കുക, അല്ലെങ്കിൽ ഒരു അധ്യാപിക ആയിരിക്കുകയോ അല്ലെങ്കിൽ സഭയിൽ മറ്റെന്തെങ്കിലും ആകാം. എന്നാൽ കൃപാവരങ്ങളെ സംബന്ധിച്ചിടത്തോളം, സ്ത്രീക്ക് അതെല്ലാം ഉണ്ട്, അതിൽ ഏതെങ്കിലും ഒന്നിൽ ഉൾക്കൊള്ളാൻ കഴിയും അല്ലെങ്കിൽ ആ ഒമ്പത് ആത്മീയ വരങ്ങളിൽ ഏതെങ്കിലും ഒന്നിലാകാം ഒന്ന് കൊരിന്ത്യർ 12, അനുസരിച്ച് അവളുടെ സന്ദേശം അതിൻ്റെ സ്ഥാനത്ത് വരാൻ പാടില്ല എന്നുള്ള യാതൊരു പരധീനതയുമില്ല. നിങ്ങൾ നോക്കു, ഓരോ സന്ദേശവും അതിൻ്റെ സമയത്തിനായി കാത്തിരിക്കുന്നു.

45 "നിങ്ങളുടെ ഇടയിൽ അന്യഭാഷയിൽ സംസാരിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, അവിടെ വ്യാഖ്യാതാവ് ഇല്ലാഞ്ഞാൽ, അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ." നോക്കു? ഈ സന്ദേശങ്ങൾ, സാധാരണയായി, യോഗത്തിന് തൊട്ടുമുമ്പായി നൽകപ്പെടുന്നു, അതിനുശേഷം പ്രവാചകൻ, അല്ലെങ്കിൽ, പ്രാസംഗികൻ, അതൊരു പുതിയ

നിയമത്തിലെ പ്രവാചകൻ ആകുന്നു, ഒരു പ്രാസംഗികൻ, അവൻ കടന്നു വരുമ്പോൾ ദൈവം അവനിലൂടെ നീങ്ങാൻ തുടങ്ങുന്നു, നോക്കു, അവൻ തൻ്റെ സന്ദേശം പൂർത്തിയാക്കുമ്പോൾ, പിന്നെ സന്ദേശങ്ങൾ ആരംഭിക്കുന്നു, മറ്റൊന്ന് വരുന്നു, പിന്നെ അതിന് തൊട്ടുമുമ്പ്, അത് എല്ലായ്പ്പോഴും ക്രമത്തിലാണ്, എല്ലായ്പ്പോഴും; എന്നാൽ ഒരു സ്ത്രീക്ക് അവകാശമുണ്ട്.

46 അടുത്തത്, ഇതിന് ഉത്തരം നൽകാൻ, കുറച്ച് സമയമെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, ഞാൻ തലക്കെട്ട് വായിക്കാൻ പോകുകയാണ്:

> **ഒരു വേദപുസ്തകത്തിൽ നിന്നും വിവർത്തനം ചെയ്ത മൂന്ന് വിശ്വാസങ്ങൾ ആരംഭിക്കുന്നു.** വാഷിംഗ്ടൺ, ഒക്ടോബർ 15. കത്തോലിക്കരുടേയും, പ്രൊട്ടസ്റ്റൻ്റ്കാരുടെയും, യെഹൂദന്മാരുടെയും വേദ പണ്ഡിതന്മാർ ഒരു കൂട്ടമായി പ്രവർത്തിച്ചുകൊണ്ട് തിരുവെഴുത്തുകളുടെ ഒരു പുതിയ സംയുക്ത വിവർത്തനം ആരംഭിച്ചിരിക്കുന്നു അത് ദീർഘ-കാലമായി കാത്തിരിക്കുന്ന കാനോൻ ബൈബിൾ ആണെന്ന് തെളിഞ്ഞേക്കാം.

47 ഇതിനെക്കുറിച്ച് ഒരു പ്രഖ്യാപനം നടത്തുന്നതിന് മുമ്പ് ഇവിടെ ചില കാര്യങ്ങൾ കൂടി പഠിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മൾ എന്താണ് സംസാരിക്കുന്നതെന്ന്, നിങ്ങൾ കൃത്യമായി കാണുന്നു, ഈ ദിവസങ്ങളിൽ സംഭവിക്കുമെന്ന് തിരുവെഴുത്ത് പറയുന്ന കാര്യങ്ങൾ കൃത്യമായും അതേ പോലെയാകുന്നു, അതായത് ഈ കാര്യങ്ങൾ ഒന്നിച്ചുചേർന്ന് മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കും. കൃത്യമായും. അവർ അത് പരീക്ഷിക്കുകയും, അതിൽ പ്രവർത്തിക്കുകയും ചെയ്തു, അങ്ങനെ ഇപ്പോൾ അവർക്ക് അത് അവതരിപ്പിക്കാനുള്ള ഏറ്റവും മികച്ച അവസരം ലഭിച്ചിരിക്കുന്നു, കാരണം അത് നേരെ അവരുടെ കൈകളിൽ എത്തിയിരിക്കുന്നു. ആ ഒരൊറ്റ കാരണം കൊണ്ടാണ് ഞാൻ ഈ പ്രവാചക സന്ദേശങ്ങൾ കൊണ്ടുവരുന്നത്, കാരണം ഇത് സമയോചിതമായ കാര്യമാണെന്ന് ഞാൻ കരുതുന്നു.

48 ഓരോ രാത്രിയിലും തിരികെ വരാൻ കഴിയുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, ഞങ്ങൾ നേരത്തെ ആരംഭിക്കാനും നേരത്തെ തന്നെ പോകാൻ ഇടയാക്കുന്നതിനും ശ്രമിക്കും. ഞാൻ വിഷയം പൂർത്തിയാക്കിയില്ലെങ്കിൽ, പിന്നെ അടുത്ത ദിവസം രാവിലെ ഞാൻ പ്രഖ്യാപിക്കും. നമുക്ക് 19, വരെ കടന്നു പോകാൻ കഴിയുന്നില്ലെങ്കിൽ 9 ആം വാക്യം മുതൽ 20 വരെ ഇന്ന് രാത്രിയിൽ എടുക്കും, നമ്മൾ അത്

രാവിലെ പത്തു മണിക്ക് തുടങ്ങും. ശുശ്രൂഷയുടെ അവസാനത്തിൽ, നമ്മൾ എങ്ങനെ അതുമായി ഒത്തുചേർന്നു പോകുന്നു എന്നുള്ള കാര്യം അറിയിക്കും.

49 എന്നിട്ട് നാളെ രാത്രി എഫെസൊസിലെ സഭയിൽ നിന്ന്, തുടങ്ങി, ഏഴ് രാത്രികൾ അതിലൂടെ കടന്നു പോകാം: എഫെസൊസ്, എഫെസൊസിലെ സഭയുടെ കാലഘട്ടം; പിന്നെ സ്മുർന്നയും; പെർഗാമോസും; തുയഥൈരയും; കൂടാതെ സർദ്ദിസും; ഫിലദെൽഫ്യയും; പിന്നെ ലവോദിക്യ അടുത്ത ഞായറാഴ്ചയും ആകും.

50 ഈ മഹത്തായ അമൂല്യ വസ്തുക്കൾ നമ്മുടെ വഴിയിൽ കിടക്കുന്നു എന്നറിയുമ്പോൾ, ആ സമയം വരെ അതിൽ നിന്ന് എൻ്റെ കൈകൾ മാറ്റി വെക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. ആ കാര്യങ്ങൾ അവിടെ കിടക്കുന്നത്, കൂട്ടാതെ ആത്മാവ് ജനങ്ങൾക്കിടയിൽ അതിനെ പോഷിപ്പിക്കുകയും ചെയ്തു അനുഭവപ്പെടുന്നത്, അത് എന്നെ വാസ്തവമായും പെട്ടെന്ന് കുതിക്കാൻ ആഗ്രഹിപ്പിക്കുകയും—അവരെക്കുറിച്ച് എന്തെങ്കിലും പറയാൻ ഇടയാക്കുകയും ചെയ്യുന്നു; എന്നാൽ എനിക്ക് അത് മാറ്റി നിർത്തിക്കൊണ്ട് അവരുടെ കാലത്തിലും അവരുടെ സമയത്തും അതിനെ സ്ഥാനം ചെയ്താൽ മാത്രം മതി. അതിനാൽ രാത്രിയിൽ വരാൻ നിങ്ങൾ വിട്ടുപോയാൽ, ടേപ്പ് കിട്ടുന്നതിനോ അല്ലെങ്കിൽ നിങ്ങൾക്ക് അത് പ്രാപിക്കാൻ കഴിയുന്ന മറ്റേതെങ്കിലും വഴി കണ്ടു പിടിക്കുന്നത് ഉറപ്പാക്കുക, കാരണം ഇത് എല്ലായിടത്തും ചെന്ന് എത്തേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇത് ചെയ്തതിൻ്റെ കാരണം അങ്ങനെ ചെയ്യാൻ പരിശുദ്ധാത്മാവ് എന്നെ നയിക്കുന്നുവെന്ന് അനുഭവപ്പെട്ടത് കൊണ്ടാണ്; ഞാൻ അത് ചെയ്യുന്നതിൻ്റെ കാരണം അതുമാത്രമാണ്. കൂടാതെ ഞാൻ, അത് സഭയെ സഹായിക്കുമെന്ന് ഞാൻ കരുതുന്നില്ലെങ്കിൽ...കൂടാതെ ഈ നാളുകളിൽ, ഓർക്കുക, ഈ യോഗങ്ങൾ നടത്താൻ കഴിയാത്ത ആ സമയം ഉടനെ എത്തിച്ചേരും, അതുകൊണ്ട് അത് ചെയ്യാൻ സമയമുള്ളപ്പോൾ നിങ്ങൾ അത് ചെയ്യേണ്ടത് ആവശ്യമാകുന്നു. നോക്കു, അവർ ഏത് സമയത്താണ് ഇത് നിർത്തുന്നതെന്ന് നമുക്കറിയില്ല, ഇപ്പോൾ.

51 അതുകൊണ്ട് സഭകൾക്കിടയിൽ ഒരു ഐക്യം ഉണ്ടാവുകയും അവർ സ്വയം ഒന്നിക്കുകയും ചെയ്യും, സഭകളുടെ ഐക്യതയുടെ തലവനെ രൂപീകരിക്കുകയും ചെയ്യും, അതിനുവേണ്ടി നമുക്ക് ഇതിനകം ഒരു വലിയ യു.എൻ. കെട്ടിടം ഉണ്ടായിരിക്കുകയും എല്ലാ സഭാ

വിഭാഗങ്ങളും അതിലായിരിക്കുകയും ചെയ്യുന്നു. ഒന്നുകിൽ നിങ്ങൾ ആ സഭാ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടിരിക്കണം അല്ലെങ്കിൽ പുറത്താക്കപ്പെടും. ആ സമയത്താണ് നമുക്ക് നമ്മുടെ നിറങ്ങൾ കാണിക്കേണ്ടതും ഇതൊരു ഊഹപ്രവൃത്തി അല്ല, ഇത് നമുക്കറിയാമെന്ന് ഉറപ്പായിരിക്കേണ്ടതുമാകുന്നു, എന്നാൽ നിങ്ങൾ എവിടെയാണ് നിൽക്കുന്നതെന്ന് **കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു** എന്ന് അറിഞ്ഞുകൊള്ളുക. ഈ ചെറിയ സഭ എല്ലായ്പ്പോഴും ന്യൂനപക്ഷത്തായിരിക്കുകയും, ഇതൊരു തീരെ ചെറിയ കൂട്ടമായിരിക്കുകയും അതായത്...ഒരു ചെറിയ ചരടാകുന്നു, അതിപ്രകാരം ഒരു—വേദപുസ്തകത്തിൻറെ നടുവിൽ ഇട്ടിരിക്കുന്ന ഒരു ചുവന്ന ചരട് പോലെയാകുന്നു, എന്നാൽ അത് എല്ലായ്പ്പോഴും സഭയാകുന്നു. നമ്മൾ അത് ഓർത്തിരിക്കാൻ ആഗ്രഹിക്കുന്നു.

52 ഇപ്പോൾ വീണ്ടും വായിക്കുന്നതിന് മുമ്പ് ഒരു ചെറിയ അഭിപ്രായം. ഇന്ന് രാവിലെ നാം യേശുക്രിസ്തുവിൻ്റെ വെളിപാടിൻ്റെ പരമോന്നത ദിവ്യത്വത്തെ എടുത്തിരുന്നു, അവനെ ദൈവം ഇന്ന് രാവിലെ പരമോന്നത ദിവ്യത്വമായി നമുക്ക് വെളിപ്പെടുത്തിതന്നു: ആ മഹാനായ **ഞാൻ ആകുന്നവൻ** (അല്ല **ഞാൻ** *ആയിരുന്നില്ല* അല്ലെങ്കിൽ *ആയിരിക്കും എന്നല്ല*), **ഞാൻ ആകുന്നു**, എല്ലായ്പ്പോഴും. വെളിപാടിൻ്റെ ഈ ഒന്നാം അധ്യായത്തിൽ നാം ശ്രദ്ധിക്കുന്നു, വെളിപാടിൻറെ...എന്താകുന്നു വെളിപാട്? യേശുക്രിസ്തുവാകുന്നു. അവൻ ഇവിടെ സ്വയം അവനെത്തന്നെ ആദ്യം വെളിപ്പെടുത്തുന്നത് എന്താകുന്നു? സ്വർഗ്ഗത്തിലെ ദൈവം. ഒരു ത്രിയേക ദൈവമല്ല, ഏകദൈവമാകുന്നു. ഒരു ദൈവം, വെളിപാടിൻ്റെ ആദ്യഭാഗത്ത് തന്നെ അവൻ തന്നെത്തന്നെ ആ രീതിയിൽ വെളിപ്പെടുത്തുന്നു. അതിനെക്കുറിച്ച് ഒരു തെറ്റും സംഭവിക്കാതിരിക്കാൻ ഒന്നാം അധ്യായത്തിൽ തന്നെ നാല് തവണ അത് പറയുന്നു. ആദ്യമായി നിങ്ങൾ അറിയേണ്ട കാര്യം, അതായത്: അവൻ ഒരു പ്രവാചകനല്ല, അവൻ ഒരു—ഒരു ചെറിയ ദൈവമല്ല, അവൻ ഒരു രണ്ടാമത്തെ സ്ഥാനമുള്ള ദൈവമല്ല, അവൻ ദൈവമാകുന്നു! അവൻ ദൈവമാകുന്നു. ആ കാരണത്താൽ ഈ വെളിപാട് കടന്നു വരുന്നു, അതിനാൽ നാം ഇപ്പോഴും അതുമായി ഇന്ന് രാത്രിയിൽ തുടരുന്നു അങ്ങനെ അവൻ്റെ വ്യക്തിത്വത്തിൻറെ എഴുമടങ്ങായ ശ്രേഷ്ഠ വ്യക്തിത്വവുമായി നാം മുന്നോട്ടു തുടരുന്നു.

53 കൂടാതെ, ഓ, ഈ വചനങ്ങൾ നമ്മൾ പഠിപ്പിക്കുമ്പോൾ ദൈവം നമ്മെ സഹായിക്കാനിടയാകട്ടെ. ഞാൻ—ഞാൻ—ഞാനിത് അതിൻറെ ചരിത്രപരമായ കാഴ്ച്ചപ്പാടിൽ കൂടി പഠിച്ചിട്ടുണ്ട്, എന്നാൽ

അതിൻറെ പ്രചോദനത്തിനായി ഞാൻ ഇവിടെ പ്രസംഗപീഠത്തിൽ എത്തുന്നതുവരെ കാത്തിരിക്കുക. എന്തുകൊണ്ടാണെന്നാൽ നാമെല്ലാവരും ക്രിസ്തുയേശുവിൽ സ്വർഗ്ഗീയ സ്ഥാനങ്ങളിൽ ഒരുമിച്ചായിരിക്കുന്നു എന്ന് എനിക്ക് അനുഭവപ്പെടുന്നു, അതോടൊപ്പം നിങ്ങളുടെ ആത്മാവ്, നിങ്ങളുടെ ഭാഗം, നിങ്ങളുടെ മേലുള്ള അഗ്നിജ്വാലയുടെ നാവുകൾ (പരിശുദ്ധാത്മാവ്) മറ്റൊരാളുടെ മേൽ, മറ്റൊരാളുടെ മേൽ നിന്നും മറ്റൊരാളുടെ മേൽ വരുകയും, അത് ദൈവത്തിൻ്റെ മഹത്തായ ശരീരത്തെ ജ്വലിപ്പിക്കുകയും അതിനെ കത്തുന്ന ജ്വാലയായി മാറ്റുകയും ചെയ്യുന്നു, അവിടെയാണ് വെളിപാടുകൾ വരുന്നത്...

54 ഇപ്പോൾ, നമ്മൾ സംസാരിക്കുന്ന കാര്യം, ഈ ചോദ്യം എന്നോട് ചോദിക്കപ്പെടുകയുണ്ടായി, "സ്ത്രീകൾ സന്ദേശം നൽകാമോ...ഇത്യാദി കാരങ്ങൾ ആകുന്നു?" അതാണ് കൃത്യമായും തുടക്കത്തിൽ തന്നെ സഭയെ അതിൻറെ കുഴപ്പത്തിലാക്കാൻ തുടങ്ങിയത്, അവർ ശ്രോതാക്കളിൽ നിന്നും ഭക്ത്യാദരപൂർവ്വമായ എല്ലാ അധികാരങ്ങളും വാങ്ങി പ്രസംഗപീഠത്തിൽ സ്ഥാപിച്ചു. എന്നാൽ ദൈവം പ്രേക്ഷകരുടെ ദൈവമാകുന്നു. അവൻ എല്ലാ മനുഷ്യരിലും പ്രവർത്തിക്കുന്നു, അവന് പ്രവേശിക്കാൻ കഴിയുന്ന എല്ലാ ഹൃദയങ്ങളിലും അവൻ ജീവിക്കുന്നു. അവൻ ആ പ്രതിഭാധനരായ ആളുകളെ കണ്ടെത്തുകയും അവരിൽ കൂടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇപ്പോൾ, ഒരു കാര്യത്തിൽ പിശാചിന് അവരെ പിടിക്കാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ അവൻ വന്ന് ഒരർത്ഥവുമില്ലാത്ത ഒരു സമുച്ചയം ഉണ്ടാക്കി ജനങ്ങളെ അതിലേക്കു ഓടിച്ചു കളയുന്നു. പൗലോസ് പറഞ്ഞതുപോലെ, "സഭ ഒക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നു എങ്കിൽ, പഠിപ്പില്ലാത്തവർ ആരെങ്കിലും അകത്തു വന്നാൽ, അവർ പറയില്ലേ, 'നിങ്ങൾക്കു ഭ്രാന്തുണ്ടു! ബുദ്ധിയില്ലാത്തവർ!'? ആരെങ്കിലും അന്യഭാഷകളിൽ സംസാരിക്കുകയും, കൂടാതെ *ഇതും* പിന്നെ *ഇതും* എല്ലാംകൂടി, ക്രമക്കേടിലായിട്ട്, അത് പ്രവർത്തിക്കില്ല. എന്നാൽ," അവൻ പറഞ്ഞു, "ആരെങ്കിലും പ്രവചിക്കുകയും ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്താൽ, അപ്പോൾ അവർ പറയും, 'ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ടു എന്നു ഏറ്റുപറയും.'" എന്നാൽ ഒരുവൻ ഒരു വെളിപ്പാടു മുഖാന്തരം അന്യഭാഷകളിൽ സംസാരിക്കുകയും അതിന് വ്യാഖ്യാനം നൽകുകയും ചെയ്താൽ, അത് സഭക്ക് എന്തെങ്കിലും ആത്മീയ വർദ്ധനവിന് ഇടയാക്കിയിട്ട്, അതുമൂലം സഭ മുഴുവനും അതിലൂടെ ആത്മീയ വർദ്ധനവിന്

ഇടയാക്കപ്പെടുന്നു. അത് എന്തെങ്കിലും നമുക്കറിയാത്ത ഭാഷകളിൽ ദൈവം സംസാരിക്കുന്നതും അതിനെക്കുറിച്ചു നമുക്ക് യാതൊന്നും അറിയില്ല അത് ഒരാൾക്ക് നൽകുകയും മറ്റൊരാളെക്കൊണ്ട് അത് വ്യാഖ്യാനിപ്പിക്കുകയും ചെയ്തിട്ടു, അതിൽക്കൂടെ ഒരു പ്രത്യേക കാര്യം പറയുകയും, അത് പറഞ്ഞതുപോലെ തന്നെ കൃത്യമായും സംഭവിക്കുകയും, അപ്പോൾ നിങ്ങളുടെ ഇടയിൽ കർത്താവിൻ്റെ ആത്മാവ് ഉണ്ടായിരിക്കുകയും ചെയ്യുന്നു. എങ്കിൽ, ഓ, അതിനായി നമുക്ക് പരിശ്രമിക്കാം, സ്നേഹിതരെ; നമുക്ക്—നമുക്ക് ആ തീ കത്തിക്കൊണ്ടിരിക്കുന്നതിന് ഇടയാക്കാം.

55 ഇപ്പോൾ, നാം ഇത് തുറക്കുന്നതിന് തൊട്ടുമുമ്പായി...ഈ മഹത്തായ വിശുദ്ധ ഗ്രന്ഥം, ഞാൻ അത്ഭുതപ്പെടുകയാണ് ഇതൊരു അധികമായ കാര്യമല്ലെങ്കിൽ നാം പ്രാർത്ഥിക്കുമ്പോൾ കുറച്ചു നിമിഷങ്ങൾ എഴുന്നേറ്റു നിന്ന് നമ്മുടെ സ്ഥാനങ്ങൾ ഒന്ന് മാറ്റാൻ കഴിയുമോ.

56 കർത്താവായ യേശുവിനെ വീണ്ടും മരിച്ചവരിൽ നിന്ന് തിരികെ കൊണ്ടുവന്ന് നമുക്കായി സമ്മാനിച്ച സർവശക്തനായ ദൈവം (ആയിരത്തി തൊള്ളായിരം വർഷങ്ങൾക്ക് ശേഷം) അവൻ ഒരിക്കലും തെറ്റുപറ്റാത്ത സ്വർഗ്ഗത്തിലെ ദൈവമാകുന്നു, അതിനുവേണ്ടി ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു കാരണം അവൻ്റെ സാന്നിധ്യം ഞങ്ങളുടെ ദിവസേനയുള്ള യാത്രയിൽ ഞങ്ങളോടൊപ്പമുണ്ടായിരിക്കുന്നു. ലോകം എന്തുചെയ്യണമെന്ന് അറിയാതെ ആശയക്കുഴപ്പത്തിൽ നിൽക്കുന്ന ഈ നാഴികയിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്, അവർ നിലത്ത് കുഴികൾ കുഴിക്കുന്നു, അവർ കോൺക്രീറ്റു കൊണ്ട് തങ്ങളെത്തന്നെ കോട്ട കെട്ടി ഉറപ്പിക്കുന്നു, എന്നാൽ, ഓ ദൈവമേ, ദൈവക്രോധത്തിൽ നിന്ന് അവർക്ക് ഒളിക്കാൻ കഴിയില്ല. അവിടെ ഒന്ന് മാത്രം—ഒരു പ്രതിവിധി, കർത്താവേ, ഞങ്ങൾ അത് സ്വീകരിച്ചിരിക്കുന്നതിൽ ഞങ്ങൾക്ക് അത്രയധികം സന്തോഷമുണ്ട്: "ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നു പോകും." ഓ, ദൈവത്തിൻ്റെ കുഞ്ഞാടിൻ്റെ രക്തത്തിൻ്റെ മതിയായ സംരക്ഷണത്തിൽ ഇന്ന് രാത്രിയിൽ ഞങ്ങൾ എത്രയധികം സന്തോഷിക്കുന്നു, ആ മഹാപുരോഹിതൻ, ഇന്ന് രാത്രിയിൽ മഹത്വത്തിൽ നിന്നുകൊണ്ട് നമ്മുടെ അംഗീകരണത്തിന്മേൽ മദ്ധ്യസ്ഥം വഹിക്കുന്നു. മഹാനായ വക്ത്താവായിട്ട്, ഇന്ന് രാത്രി അവൻ നമ്മോടൊപ്പം ഉണ്ടായിരിക്കുന്നതിൽ നമ്മൾ അതിയായി സന്തോഷിക്കുന്നു, മഹാനായ പരിശുദ്ധാത്മാവ്, മഹത്തായ അഭിഷേകം-നൽകുന്നവൻ, മഹത്തായ ജീവൻ്റെ-ദാതാവാകുന്നു.

57 ഇപ്പോൾ, ദൈവമായ കർത്താവേ, ഈ രാത്രിയിൽ ഞാൻ ഈ ജനങ്ങളെ ഇവിടെ ഈ മേൽക്കൂരയുടെ കീഴിൽ വിളിച്ചുകൂട്ടിയിരിക്കുന്നു, ഞങ്ങൾ ഇവിടെ ഒരു സഭയായി അല്ലെങ്കിൽ അതിൻ്റെ ഒരു ഭാഗമായി ഒത്തുകൂടിയിരിക്കുന്നു, ഈ കൂടാരത്തിൻ്റെ പേരിൽ ഞങ്ങൾ ഒരുമിച്ച് കൂടിയിട്ടില്ല അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയുടെ പേരിലോ അല്ല, എന്നാൽ യേശുക്രിസ്തുവിൻ്റെ നാമത്തിലാകുന്നു. അവൻ്റെ ശരീരത്തിലും മനസ്സിലും ആധിപത്യം പുലർത്തിയ ആത്മാവ്, അവനെ നിയന്ത്രിക്കുകയും ചെയ്ത ആത്മാവ്, ഇന്ന് രാത്രി ഞങ്ങളുടെ ഉള്ളിലേക്ക് വരികയും വചനം വ്യാഖ്യാനിക്കുകയും വചനം പ്രസംഗിക്കുകയും ചെയ്തിട്ട്, ഞങ്ങൾ അവനുവേണ്ടി കാത്തിരിക്കുമ്പോൾ ഞങ്ങളുടെ വിശക്കുന്ന ഹൃദയങ്ങളിലേക്ക് നൽകപ്പെടാൻ ഇടയാക്കേണമേ. അവൻ്റെ നാമത്തിലും അവൻ്റെ മഹത്വത്തിനുവേണ്ടിയും അപേക്ഷിക്കുന്നു. ആമേൻ. (നിങ്ങൾക്കിരിക്കാം.)

58 ഇപ്പോൾ വേദപുസ്തകം കൈവശം ഉള്ളവരായ നിങ്ങൾ, വെളിപാടിൻ്റെ ഒന്നാം അധ്യായത്തിലേക്ക് തിരിച്ച് 9 ആം വാക്യത്തിൽ നിന്ന് ആരംഭിക്കുക; നിങ്ങളുടെ പെൻസിലുകളും പേപ്പറുകളും, ഞാൻ മുമ്പോട്ട് പോകുന്നതനുസരിച്ച് നിങ്ങൾക്ക് കുറച്ച് തീയതികളും മറ്റു കാര്യങ്ങളും നൽകാൻ ശ്രമിക്കുന്നതാണ്.

59 ഇപ്പോൾ, ഇത് യഥാർത്ഥത്തിൽ...ഇന്ന് രാവിലെ സമയം ഇത് കൂടുതലായും ഒരു പ്രസംഗം മാതിരിയുള്ള കാര്യമാകുന്നു, അത് ദിവ്യത്വത്തിനുമേൽ അടിസ്ഥാനം സ്ഥാപിക്കുന്നതാകുന്നു, ദിവ്യത്വത്തിൻറെ വെളിപാടിന്മേലാകുന്നു; ദൈവം ക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നു. എത്ര പേർ അത് വിശ്വസിക്കുന്നു? ദൈവം ക്രിസ്തുവിൽ വെളിപ്പെട്ടിരുന്നു, യഹോവ ക്രിസ്തുവിൽ വെളിപ്പെടുന്നു. ഇപ്പോൾ എവിടെയാണ് ദൈവം വെളിപ്പെടേണ്ടത്? അവൻ്റെ സഭയിൽ, അവൻ്റെ ജനത്തോടൊപ്പം, നമ്മുടെ ഉള്ളിൽ. ഒരേ ആത്മാവ്, അതേ പ്രവൃത്തികൾ, അതേ വെളിപ്പെടുത്തൽ, അതേ സ്നേഹം, അതേ ക്ഷമ, അതേ ദീർഘക്ഷമ, സൗമ്യത, സ്ഥിരത, സമാധാനം, കരുണ, അങ്ങനെ ക്രിസ്തുവിൽ ഉണ്ടായിരുന്ന എല്ലാം സഭയിലായിരിക്കുന്നു. ഓർക്കുക, ഇത് മനസ്സിൽ വെച്ചു കൊള്ളുക: ദൈവം എന്തായിരുന്നോ അതെല്ലാം അവൻ ക്രിസ്തുവിലേക്ക് പകർന്നു (അവൻ ദൈവത്തിൻറെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതാകുന്നു), ക്രിസ്തുവിൽ ആയിരുന്നതെല്ലാം അവൻ സഭയിലേക്കും പകർന്നു. ദൈവം നമുക്കു മേലെ, ദൈവം നമ്മോടുകൂടെ, ദൈവം നമ്മിൽ. ദൈവത്തിൻ്റെ ത്രിത്വം, ദൈവം മൂന്ന് വ്യത്യസ്ത

രീതികളിൽ വെളിപ്പെട്ടിരിക്കുന്നു: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്.

60 ആ വെളിപാട് അവൻ മൂന്ന് ദൈവങ്ങളല്ല എന്ന് കാണിക്കുന്നു, അതുമല്ല മൂന്ന് കഷണങ്ങളായി മുറിച്ചിട്ടുമില്ലെന്ന് കാണിക്കുന്നു. എന്നാൽ ഒരേയൊരു ദൈവമായിട്ട് അതെ ദൈവം പിതൃത്വത്തിൻ്റെ കാലത്തും, പുത്രത്വത്തിൻ്റെ കാലത്തും അവൻ ദൈവമായിരുന്നു, പരിശുദ്ധാത്മാവിൻ്റെ നീണ്ട കാലയളവിലും, അവൻ ദൈവമാകുന്നു, അതേ ദൈവം. മൂന്ന് വ്യത്യസ്ത വ്യക്തികളല്ല, മൂന്ന് വ്യക്തികളല്ല, മൂന്ന് വ്യക്തിത്വങ്ങളല്ല. അവൻ ഒരു വ്യക്തിയാണ്, ഒരു വ്യക്തിത്വമാണ്. ഒരു വ്യക്തിയാകാതെ നിങ്ങൾക്ക് ഒരു വ്യക്തിത്വമാകാൻ കഴിയില്ല. ആരോ ചിലർ പറഞ്ഞു, "അവൻ മൂന്ന് വ്യക്തികളല്ല, എന്നാൽ അവൻ മൂന്ന് വ്യക്തിത്വങ്ങളാണ്." നിങ്ങൾക്ക് അത് വിഭജിക്കാൻ കഴിയില്ല; കാരണം, അവൻ ഒരു വ്യക്തിത്വമാണെങ്കിൽ, അവൻ ഒരു വ്യക്തിയാണ്; ഒരു വ്യക്തിത്വം ഉണ്ടാക്കാൻ ഒരു വ്യക്തി ആയിരിക്കണം. അതുകൊണ്ട് അവൻ ഒരു വ്യക്തിയാണ്, ഒരു വ്യക്തിത്വമാണ്; ഇന്നലെയും ഇന്നും എന്നും അനന്യൻ ആകുന്നു; ആൽഫയും, ഒമേഗയും ആകുന്നു; ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവൻ ആകുന്നു. ഓ, അവൻ മാത്രം **എല്ലാമാകുന്നു.** ഞാൻ അവനെ സ്നേഹിക്കുന്നു.

61 അവൻ്റെ സ്വഭാവം, അവൻ്റെ ജീവൻ, അവൻ്റെ പ്രവൃത്തികൾ ശ്രദ്ധിക്കുക. ഇത് അവൻറെ നാളുകളിൽ ആയിരുന്നതുപോലെ തന്നെ ഈ കൂടാരത്തിൽ ഇവിടെ തന്നെ വെളിപ്പെട്ടിരിക്കണം. (ഒരു മുൻവിധി പറയുന്നില്ല; അത് ദൈവത്തിനറിയാം.) ഇവിടെ മാത്രമല്ല, ലോകമെമ്പാടും. അത് ആയതിൽ എനിക്ക് സന്തോഷമുണ്ട്. അപ്പോൾ നമ്മൾ എവിടെയാണ് നിൽക്കുന്നതെന്ന് നമുക്കറിയാം, കാരണം നമ്മിൽ അതേ ആത്മാവ് ഉള്ളതിനാൽ, നമ്മോടൊപ്പം നീങ്ങുകയും അവൻ ഇവിടെയുണ്ടെന്ന് കാണിക്കുകയും ചെയ്യുന്നു. അത് നമ്മളല്ല, അവനാകുന്നു; നമുക്ക് ആ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല, അത് ദൈവമാകുന്നു. അതുകൂടാതെ, ശാസ്ത്രലോകത്ത്, തൻ്റെ ചിത്രം എടുക്കാൻ അവൻ അനുവദിച്ചു. നമ്മോടൊപ്പം, നമ്മിൽ, നമുക്ക് ചുറ്റും, നമ്മുടെ മേൽ, നമ്മിലൂടെ, അവൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഓ, എത്ര അത്ഭുതകരമാകുന്നു!

62 അവർ ഒരു ചെറിയ പാട്ട് പാടുമായിരുന്നു:

> **ഞാൻ ആകുന്നു** കത്തുന്ന മുൾപടർപ്പിൽ മോശയോട്
> സംസാരിച്ചത്,
> **ഞാൻ ആകുന്നു** അബ്രഹാമിൻ്റെ ദൈവം, ശുഭ്രമായ
> ഉദയനക്ഷത്രം.

**ഞാൻ ആകുന്നു** ശാരോനിലെ പനിനീർപുഷ്പം, ഓ, ഞാൻ എവിടെ നിന്ന് വരുന്നു എന്ന് നിങ്ങൾ പറയുന്നുവോ?
നിങ്ങൾക്ക് എൻ്റെ പിതാവിനെ അറിയാമോ, അതോ അവൻ്റെ പേര് പറയാമോ?

ഓ, ഞാൻ ആരാണെന്ന് നിങ്ങൾ പറയുന്നു, അല്ലെങ്കിൽ ഞാൻ എവിടെ നിന്നാണ് വന്നതെന്ന് നിങ്ങൾ പറഞ്ഞു,
നിങ്ങൾക്ക് എൻ്റെ പിതാവിനെ അറിയാമോ, അതോ അവൻ്റെ പേര് പറയാമോ?
**ഞാൻ ആകുന്നു** ആൽഫയും, ഒമേഗയും, തുടക്കവും അവസാനവുമാകുന്നു,
**ഞാൻ ആകുന്നു** സൃഷ്ടി മുഴുവനും, യേശു എൻറെ പേരാകുന്നു.

63 ഓ, എത്ര അത്ഭുതകരമാകുന്നു, ഈ വെളിപാട്! ഇപ്പോൾ, ഓർക്കുക, നിങ്ങൾക്കിത് വേദ പണ്ഡിതന്മാരിൽ നിന്നും പ്രാപിക്കാൻ കഴിയില്ല, ഇത് ഒരിക്കലും ആ രീതിയിൽ വരുന്നില്ല. ഇത് ഒരു വെളിപാടായി മാത്രം വരുന്നു. വെള്ളത്താലുള്ള സ്നാനം, യേശുക്രിസ്തുവിൻ്റെ നാമം ഉപയോഗിച്ച് നൽകുന്നത്, ഒരു വെളിപാടായി മാത്രമേ നൽകാൻ കഴിയുള്ളൂ. യേശുവും ദൈവവും ഒരേ വ്യക്തിയായിരിക്കെ അതൊരു വെളിപാടായി മാത്രമേ വരാൻ കഴിയുകയുള്ളൂ. വേദപുസ്തകം മുഴുവനും വെളിപാടിൻ്റെ അടിസ്ഥാനത്തിലാണ് ഉണ്ടാക്കിയിരിക്കുന്നത്. മുഴുവൻ സഭയും വെളിപാടിൻ്റെ അടിസ്ഥാനത്തിലാണ് പണിതിരിക്കുന്നത്. മത്തായി 17 പറയുന്നു. "കാരണം ഞാൻ പറയുന്നു, ഈ പാറമേൽ (ആത്മീയ വെളിപാട് ആകുന്നു) ഞാൻ എൻ്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല.'" ചരിത്രമോ അല്ലെങ്കിൽ തിരുവെഴുത്തുകളോ എവിടെയെങ്കിലും, ഞങ്ങളെ കാണിക്കാൻ, ഏതൊരു വ്യക്തിയെയും ഞങ്ങൾ വെല്ലുവിളിച്ചു, എവിടെയെങ്കിലും ഏതെങ്കിലും വ്യക്തികൾ എപ്പോഴെങ്കിലും സ്നാനപ്പെട്ടിട്ടുണ്ടോ "പിതാവിൻറെയും, പുത്രൻറെയും, പരിശുദ്ധാത്മാവിൻറെയും" മാർട്ടിൻ ലൂഥറിൻറെ കാലം വരെ കത്തോലിക്കാ സഭയ്ക്ക് പുറത്തായി ചെയ്തിട്ടുണ്ടോ. അതിനുശേഷം പ്രൊട്ടസ്റ്റൻ്റ് സഭ, അത് ആയിരുന്നു...

64 എല്ലാ ദുഷ്ടതകളും, ശ്രദ്ധിക്കുക, നാം ഇപ്പോൾ സഭാ കാലഘട്ടങ്ങളിലേക്ക് കടക്കുമ്പോൾ, ആദ്യത്തെ സഭയിൽ

ഉണ്ടായിരുന്ന എല്ലാ ദുഷ്ടതകളും, അടുത്ത സഭയിലേക്ക് കടന്നു വന്നു. അവസാനം അത് അന്ത്യനാളുകളിൽ സമ്പൂർണ്ണ വിശ്വാസത്യാഗത്തിൽ അവസാനിക്കുന്നതുവരെ മുമ്പോട്ട് പോയിക്കൊണ്ടിരുന്നു. എല്ലാ ദുഷ്ടതകളും ഓരോ സഭയിലും അതിക്രമിച്ച് വ്യപരിക്കാൻ തുടങ്ങുകയും, ഓരോ ചെറിയ ചെറിയ സിദ്ധാന്തം തുടക്കം ആരംഭിക്കുകയും ചെയ്തു. അതിപ്രകാരം ഉല്പത്തിയിലെ പോലെ, ആ മുന്തിരിവള്ളി വളരാൻ തുടങ്ങുകയും, അത് സഭയിലൂടെ അതിൻറെ വഴി സ്വയം നെയ്തെടുക്കുകയും അന്ത്യനാളുകളിൽ പുറത്തുവരുകയും ചെയ്യുന്നു. തിരുവെഴുത്തിൽ ഇപ്രകാരം പഞ്ഞിട്ടുള്ളതിൽ അതിശയപ്പെടാൻ ഒന്നുമില്ല, "അന്നാളിൽ രക്ഷപ്പെടുന്നവർ ഭാഗ്യവാന്മാർ." അതെ, ശ്രീമാൻ, ഇതിൽ നിന്നെല്ലാം രക്ഷപ്പെടുക.

65 ഇപ്പോൾ ദൈവത്തോട് ചോദിക്കുക...നമ്മൾ വെളിപാടിനെക്കുറിച്ച് സംസാരിക്കുമ്പോൾ, നിങ്ങൾക്ക് ഇതിൻ്റെ ഒരു വെളിപാട് നൽകാൻ അവനോട് ആവശ്യപ്പെടുക. കാരണം, അത് വെളിപ്പാടിലൂടെ മാത്രമേ അറിയാൻ കഴിയൂ, കൂടാതെ വെളിപാടിലൂടെ മാത്രമേ നിങ്ങൾക്ക് രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂ. നിങ്ങൾക്ക് ബുദ്ധിപരമായി അതിനെ കുറിച്ച് അറിവുണ്ട്, എന്നാൽ അത് നിങ്ങൾക്ക് വെളിപ്പെടുത്തുന്നത് വരെ നിങ്ങൾക്ക് രക്ഷിക്കാനാവില്ല. "പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ, ആർക്കും കഴികയുമില്ല." അതാണ് തിരുവെഴുത്ത് പറയുന്നത്. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതുവരെ യേശുവിനെ ക്രിസ്തുവാണെന്ന് ആർക്കും പറയാനാവില്ല. ഒരുവൻ പറഞ്ഞേക്കാം, "പാസ്റ്റർ അങ്ങനെ പറയുന്നു, വേദപുസ്തകം അങ്ങനെ പറയുന്നു." അതെല്ലാം സത്യമാണ്. "സഭ അങ്ങനെ പറയുന്നു." അത് സത്യമാണ്. എന്നാൽ പരിശുദ്ധാത്മാവ് അത് നിങ്ങൾക്ക് വെളിപ്പെടുത്തുകയും അവൻ നിങ്ങളിൽ ആകുകയും ചെയ്യുന്നത് *വരെ,* സ്വയം അത് അറിയുകയില്ല *നിങ്ങൾ.* "പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല." അറിവ് കൊണ്ടല്ല, ബുദ്ധികൊണ്ടുമല്ല.

66 അവർ എങ്ങനെ ഒരു വേദപുസ്തകം ഉണ്ടാക്കും അതായത്... അതിനെ ഞെക്കിപ്പിഴിയുകയും, യഹൂദന്മാർക്കും, കത്തോലിക്കർക്കും അനുയോജ്യമാക്കുകയും, കൂടാതെ പ്രൊട്ടസ്റ്റൻ്റുകാർക്കും, അതുതന്നെയും അവർ തമ്മിൽ പകലും രാത്രിയും പോലെ വ്യത്യാസമുള്ളപ്പോഴാകുന്നു. യഹൂദന്മാർക്ക് അതിനെക്കാൾ നന്നായി അറിയാമെന്ന് കരുതി; ഞാൻ വിചാരിക്കുന്നു അത് വരാൻ ഒരുപക്ഷെ

അതിൻറെ നാഴിക വരാൻ വേണ്ടി കാത്തിരിക്കുക ആകാം, അവിടെ അതെല്ലാം കൂടി ഈ വലിയ വിശ്വാസത്യാഗത്തിലേക്ക് പോകേണ്ടതായിട്ടുണ്ട്. അതിനാൽ, ഈ കാര്യങ്ങൾ എല്ലാം ഓർക്കുക, നമുക്ക് അത് തടയാൻ കഴിയില്ല, പക്ഷേ നമുക്ക് ചെയ്യാൻ കഴിയുന്ന ഒരേയൊരു കാര്യം വെളിച്ചം അവിടേക്ക് പരത്തുക എന്നതാണ്, ഒരുപക്ഷെ ഒരു രക്തസാക്ഷിയായി സ്വയം സമർപ്പിച്ച് മാരിപോകാൻ കഴിയും, അതുകൊണ്ട് ആ ഒരു വഴി മാത്രമേ നമുക്ക് ചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽ പലർക്കും അത് ചെയ്യേണ്ടിവരും. അതുകൊണ്ട് വേദപുസ്തകം സജ്ജീകരിച്ചിരിക്കുന്നതും അങ്ങനെയാണ് അതോടൊപ്പം നമ്മൾ കടന്നുപോകുന്ന കാര്യങ്ങളും ആകുന്നു. ഞാൻ ശ്രദ്ധിച്ചില്ലെങ്കിൽ, ഞാൻ അതിൽ ചെന്ന് പെട്ടും.

67 ഇപ്പോൾ, വെളിപാടിൻ്റെ പുസ്തകത്തിലെ ഒന്നാമത്തെ കാര്യം, അതായത് ഇത് യേശുക്രിസ്തുവിൻ്റെ വെളിപാട് ആയിട്ട്, അവൻ ആരാകുന്നു എന്ന് ആരംഭിക്കുന്നു. ഇപ്പോൾ, യേശുക്രിസ്തു സർവ്വശക്തനായ ദൈവമാകുന്നു. അത് നമുക്കറിയാം. എത്ര പേർ അത് വിശ്വസിക്കുന്നു? പറയൂ, “ആമേൻ.” [സഭ പറയുന്നു, “ആമേൻ.”—Ed.] അവൻ സർവ്വശക്തനായ ദൈവമാകുന്നു, അവന് ഒരു പേരുണ്ട്. ആ നാമം സ്വർഗ്ഗത്തിൻ കീഴിൽ നൽകിയിരിക്കുന്ന ഒരേയൊരു നാമമാണ്, അതിലൂടെ മാത്രം നാം രക്ഷിക്കപ്പെടണം, അത് യേശുക്രിസ്തുവാകുന്നു. “എന്തുകൊണ്ടാണ് അവർ സ്നാന കുളത്തിൽ അതിനെ ഭയപ്പെടുന്നത്?” അത് എനിക്ക് ആശ്ചര്യപ്പെടാൻ കഴിയാത്തതാണ്. ഹ-ഹം. നോക്കൂ? അത് എന്തുകൊണ്ടാണെന്നാൽ അതായത് അതേ ആത്മാവ് സ്മൂർണ്ണയുടെ കാലഘട്ടത്തിലേക്ക് ഇഴഞ്ഞു കയറിയത് കൊണ്ടാണ്; എന്നിട്ട് സ്വയം ആ വലിയ ഇരുണ്ട യുഗത്തിലേക്ക് നേരിട്ട് വലനെയ്തു കയറുകയും, അതിനെ ഒരു ഉപദേശമാക്കി മാറ്റുകയും, ഈ അവസാന നാളിൽ നേരെ അതുമായി പുറത്തുവരുകയും ചെയ്തു. ഇപ്പോൾ, ഈ ആഴ്ച നാം അതിൽകൂടെ കടന്നുപോകുമ്പോൾ ചരിത്രവും തിരുവെഴുത്തും രണ്ടും നോക്കുക, അത് എപ്രകാരമാണ്—അത് ഈ കാര്യങ്ങളെ പുറത്തു കൊണ്ടുവരുന്നത്.

68 ഇപ്പോൾ അടുത്ത കാര്യം. ഒരു ദൂതൻ മുഖേന, ക്രിസ്തുവാണ് അത് യോഹന്നാന് നൽകിയത്, അവൻ്റെ ആർക്കാണ് നൽകിയത് (എന്താകുന്നു?) സഭകൾക്ക്, അത് അവൻ്റെ സഭകൾക്ക് വെളിപ്പെടുത്താൻ വേണ്ടിയായിരുന്നു. അവൻ്റെ കയ്യിലെ ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ഏഴു ദൂതന്മാരായിരുന്നു. എപ്പോഴെങ്കിലും ഒരു സന്ദേശം ലഭിക്കുന്ന ഓരോ മനുഷ്യനും അത്

ഉണ്ടായിരിക്കും, ആരംഭത്തിൽ തുടങ്ങുന്ന അതേ യഥാർത്ഥ സന്ദേശം.

69 അതിലുപരിയായി, നാം അതിലുള്ള ആഴമേറിയ കാര്യങ്ങളിലേക്ക് ചെല്ലുമ്പോൾ, ദൈവം ഈ കാര്യങ്ങളെ എങ്ങനെയാണ് നീക്കിയതെന്നു കാണുന്നത്, അത് അതിശയകരമാണ്. അത് നിങ്ങളെ ഒച്ചയുണ്ടാക്കുന്നതിന് ഇടയാക്കും. ഞാൻ, അത് വായിക്കും, പിന്നെ കുറച്ച് നേരം ചുറ്റിനടന്ന് കരയും, പിന്നോട്ട് നടന്ന് വീണ്ടും ചെന്നിരിക്കും, പിന്നെ കുറച്ച് നേരം ചുറ്റമായി നടക്കും. അത് അറിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്: നാം ജീവിക്കുന്ന ഈ നാഴികയിൽ അത് കാണാൻ അനുവദിക്കാൻ ദൈവം എങ്ങനെയാണ് നമ്മോട് ഇത്രയുമധികം കരുണ കാണിച്ചത്? എന്തിന്, അത് യേശു പറഞ്ഞതുപോലെയാണ്, "ഒരു മനുഷ്യൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി." ഇത് ലഭിക്കാൻ, നിങ്ങൾ ലോകത്തിനും, ലോകത്തിലുള്ള എല്ലാകാര്യങ്ങൾക്കും, അതിനെ സംബന്ധിക്കുന്ന എല്ലാത്തിനും വേണ്ടി, നിങ്ങൾ വിൽക്കുന്നു. അത് ശരിയാണ്, നിങ്ങളുടെ മുഴുവൻ നങ്കൂരവും നേരെ അതിൽ തന്നെ വയ്ക്കുക. ഇത് അവൻ്റെ വചനത്തിൻ്റെ വെളിപാട് കാണുന്നതിനുള്ള ആത്മാവിൻ്റെ നങ്കൂരമാണ്.

70 ഇപ്പോൾ, ഇത് വായിക്കുന്ന ഏവനും അനുഗ്രഹിക്കപ്പെട്ടവനാണ്. അതു ശരിയാണോ? കൂടാതെ ഇന്ന് രാവിലെ നമ്മൾ പറഞ്ഞു, നിങ്ങൾക്ക് വായിക്കാൻ കഴിയുന്നില്ലെങ്കിൽ, അത് വായിച്ചു കേൾക്കുന്ന ഏവനും അനുഗ്രഹിക്കപ്പെട്ടവനാകുന്നു. ഇപ്പോൾ, ഇത് തുടങ്ങുന്നത് തന്നെ ഒരു അനുഗ്രഹത്തോടെ ആകുന്നു, ഇത് വായിക്കുമ്പോൾ അത് കേൾക്കുക പോലും ചെയ്യുന്നവർക്ക് വേണ്ടി ആകുന്നു, അതോടൊപ്പം ഇതിലേക്ക് എന്തെങ്കിലും ചേർക്കാനോ അതിൽ നിന്ന് എന്തെങ്കിലും എടുത്തുകളയാനോ ശ്രമിക്കുന്ന ഏതൊരാൾക്കും ഇതൊരു ശാപവുമാകുന്നു. അങ്ങനെയെങ്കിൽ വേദപുസ്തകം വ്യക്തമായി വെളിപ്പെടുത്തുന്നു അതായത് യേശു സർവ്വശക്തനായ ദൈവമാകുന്നു, അതുകൊണ്ട് അത് അവിടെ നിന്ന് എടുത്തുകളയുന്നവന് അയ്യോ കഷ്ടം. അതെ. ഇതൊരു വെളിപാടാകുന്നു. ആരെങ്കിലും ഇതിനോട് എന്തെങ്കിലും ചേർത്താൽ...ഇത് വെളിപാടിൻ്റെ—ൻറെ സമ്പൂർണ്ണമായ സഭാധർമ്മ ശാസ്ത്രമാകുന്നു; ഇത് ദൈവത്തിൻ്റെ അവസാനത്തെ പുസ്തകമാകുന്നു, അവൻ്റെ അവസാന വാക്കുകൾ, അവൻ്റെ അവസാന-...ഇതിന് വിരുദ്ധമായി വരുന്ന ഏതൊരു വെളിപാടും, അതൊരു കള്ളപ്രവചനമാകുന്നു; അത് ദൈവത്തിൽ നിന്നുമല്ല,

കാരണം ഇതാകുന്നു സത്യം.

71 കൂടാതെ, ഓർക്കുക, ക്രിസ്തു സ്വയം അംഗീകരിച്ച വേദപുസ്തകത്തിലെ, ഒരേയൊരു, പുസ്തകമാണിത്. അതിനെക്കുറിച്ചു ഒന്ന് ചിന്തിക്കു! ഒരേയൊരു പുസ്തകം, ഇത് അവൻ്റെ സ്വയം വെളിപാടാകുന്നു. അതായത് അവൻ തൻ്റെ മുദ്ര പതിപ്പിക്കുകയും, തൻറെ അനുഗ്രഹങ്ങളും ശാപങ്ങളും നൽകുകയും ചെയ്ത ഒരേയൊരു പുസ്തകം ആകുന്നു. അത് സ്വീകരിക്കുന്നവർക്ക് അനുഗ്രഹങ്ങളും, അത് സ്വീകരിക്കാത്തവർക്ക് ശാപവുമാകുന്നു.

72 ഇപ്പോൾ—ഇപ്പോൾ നമുക്ക് പത്മോസ് ദ്വീപിലേക്ക് ഇത് ആരംഭിക്കുന്നതിന് വേണ്ടി നമുക്ക് കടക്കാം, അതിൻറെ 9 ആം വാക്യം. ഒന്നാമതായി, ഞങ്ങൾ ഇത് പറയാൻ ആഗ്രഹിക്കുന്നു... ഇതിൻ്റെ തലക്കെട്ട്: *പത്മോസ് ദ്വീപിലെ ദർശനം.* ഇത് സംഭവിച്ചത് **എ.ഡി** യിലാകുന്നു., **എ.ഡി.** 95, 96 ലാകുന്നു. ഇത് സംഭവിച്ച സ്ഥലം പത്മോസ് ദ്വീപായിരുന്നു. അതിൻ്റെ സ്ഥാനം ഏഷ്യാമൈനറിൻ്റെ തീരത്ത് നിന്ന് മുപ്പത് മൈൽ അകലെയാണ്, പടിഞ്ഞാറ്, എഫേസിയരുടെ സഭക്ക് എതിർ വശത്താകുന്നു, മെഡിറ്ററേനിയൻ അതിർത്തിയിലുള്ള ഈജിയൻ കടലിൽ ആകുന്നു. അത് എവിടെയാണോ അതിൻറെ സ്ഥാനം അതാകുന്നു.

73 ചിന്തിക്കുക! ഇപ്പോൾ, ഏഷ്യാമൈനറിൻ്റെ തീരത്ത് നിന്ന് മുപ്പത് മൈൽ അകലെ ഈജിയൻ കടലിൽ, ഒരു ചെറിയ ദ്വീപ് സ്ഥിതിചെയ്യുന്നു. ഫിലാഡൽഫിയ സഭയുടെ എതിർവശം-...അല്ലെങ്കിൽ എഫേസൂസിലെ സഭ, അവിടെയാണ് ആദ്യത്തെ സന്ദേശം നൽകിയത്, അവിടെ യോഹന്നാൻ ആ സമയത്ത് ഇടയനായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നേരെ കിഴക്കോട്ട് തിരിഞ്ഞ് നോക്കിയാൽ, അവൻ നേരെ മുന്നിലായി, അവൻ വന്നിരുന്ന അവൻറെ സഭയിലേക്ക് നോക്കുകയായിരുന്നു. അവൻറെ ആദ്യത്തെ സന്ദേശം അവൻ്റെ തന്നെ സഭയിലേക്കായിരുന്നു, അത് ഒരു സഭാ കാലഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ശരി, ദർശനം നൽകപ്പെട്ടത് ദിവ്യനായ യോഹന്നാന് ആയിരുന്നു, ആ സമയത്ത് അവൻ എഫെസോസിലെ സഭയുടെ ഇടയനായിരുന്നു.

74 അപ്പോൾ ഈ ദ്വീപിൻറെ അവസ്ഥ എന്തായിരുന്നു? അത് എവിടെയായിരുന്നു, എന്ത് അവസ്ഥയിലായിരുന്നു? ശരി, ചരിത്രത്തിൽ ഇത് പാറക്കെട്ടുകളുള്ള നിറയെ സർപ്പങ്ങളും തേളുകളും പല്ലികളും മറ്റും നിറഞ്ഞ ഒരു ദ്വീപായിട്ടാണ് അറിയപ്പെടുന്നത്. ഇത് മുപ്പതു മൈൽ അതിന് ചുറ്റുമായി കിടന്നിരുന്നു, കൂടാതെ

നിറയെ പാറകെട്ടുകളായിരുന്നു. ഇത് യോഹന്നാൻറെ കാലത്ത്, അൽകാട്രാസ് പോലെ, ഉപയോഗിച്ചിരുന്നു. റോമൻ ചക്രവർത്തിയുടെ സാമ്രാജ്യത്തിലെ കുറ്റവാളികളെ നാടുകടത്തിയിരുന്ന ഒരു സ്ഥലമായിരുന്നു, വാസ്തവമായും അത്രയ്ക്ക് മോശപ്പെട്ട കുറ്റവാളികൾ, അതായത് അവർക്ക് അവരെ ജയിലിൽ പാർപ്പിക്കാനും മറ്റും കഴിഞ്ഞിരുന്നില്ല, അവരെ ആ ദ്വീപിൽ ആക്കി മരിക്കാൻ വിട്ടിരുന്നു; അവർ മരിക്കുവോളം അവിടെ നിൽക്കാൻ ഇടയാക്കിയിരുന്നു.

75 ചോദ്യം: യോഹന്നാൻ അവിടെ ഉണ്ടായിരുന്നതിൻ്റെ കാരണം എന്തായിരുന്നു? ഒരു ദൈവഭക്തനായ മനുഷ്യൻ, ഒരു നീതിമാനായ മനുഷ്യൻ, നല്ല പ്രശസ്തിയുള്ള ഒരു മനുഷ്യൻ, നല്ല സ്വഭാവം, ഒരിക്കലും കുഴപ്പമില്ലാത്തവൻ, ഈ മനുഷ്യൻ എന്ത് കൊണ്ടാണ് അവിടെ ഉണ്ടായിരുന്നത്? തിരുവെഴുത്ത് പറയുന്നു, "ദൈവവചനവും യേശുവിൻറെ സാക്ഷ്യവും നിമിത്തം ആയിരുന്നു."

76 ഇപ്പോൾ നമുക്ക് അത് ക്രമീകരിക്കപ്പെട്ടു ലഭിച്ചിരിക്കുന്നു. പത്മോസ് ദ്വീപ്, ഏജിയൻ കടലിൻറെ, തീരത്ത് നിന്ന് മുപ്പത് മൈൽ അകലെയായി സ്ഥിതി ചെയ്യുന്നു, അതിന് ചുറ്റും ഏകദേശം മുപ്പത് മൈൽ ആകുന്നു, പാറകെട്ടുകൾ നിറഞ്ഞതും, പല്ലികളും തേളുകളും മറ്റും നിറഞ്ഞതും, ഒരു തടവ് പാർപ്പിടമായി ഉപയോഗിച്ചിരുന്നു (അതിപ്രകാരം അൽകാട്രാസ് പോലെയാകുന്നു). അവർക്ക് ഇവിടെ തടവിൽ സൂക്ഷിക്കാൻ കഴിയാത്ത ഒരു തടവുകാരനെ കിട്ടുന്നു...അത്രയും ഭീകരനായ കുറ്റവാളിയായിട്ട്, അവർ അവനെ അൽകാട്രാസിൽ പുറത്താക്കിക്കളയുന്നു.

77 ഇപ്പോൾ അവർ ഈ വിശുദ്ധനായ യോഹന്നാൻ എന്ന ദിവ്യനെ പിടിച്ചു കൊണ്ടുപോയി...അവൻ ശിഷ്യന്മാരിൽ അവസാനത്തെ വ്യക്തിയായിരുന്നു, കൂടാതെ സ്വാഭാവിക മരണവും പ്രാപിച്ച ഏക വ്യക്തി ആയിരുന്നു. യോഹന്നാൻ, ഈ ദ്വീപിലേക്ക് പോകുന്നതിനു മുമ്പ്, അവൻ കുറ്റം ചുമത്തപ്പെട്ടത് ഒരു "മന്ത്രവാദിഎന്നായിരുന്നു," അവർ അവനെ ഇരുപത്തിനാലു മണിക്കൂറുകൾ എണ്ണയിലിട്ടു തിളപ്പിച്ചു, അവൻ വെന്തു പോകാതെ വന്നു. നിങ്ങൾക്ക് ഒരു വ്യക്തിയിൽ നിന്ന് പരിശുദ്ധാത്മാവിനെ തിളപ്പിച്ച് പുറത്താക്കാൻ പറ്റില്ല...?...ഇരുപത്തിനാലു മണിക്കൂറുകൾ അവനെ ഒരു എണ്ണയുടെ പാത്രത്തിൽ തിളപ്പിച്ചു, ഒരു ദോഷവും തട്ടാതെ അവൻ വന്നു. എന്നിട്ട് പറഞ്ഞു, അതിൻറെ കാരണം ഈ—ഈ റോമാക്കാർ നൽകിയത്, അതായത്, "അവൻ ഒരു മന്ത്രവാദിയായിട്ടു, എണ്ണയെ മയക്കിക്കളഞ്ഞു എന്നായിരുന്നു." ജഡിക മനസ്സിന് എന്ത്

ചിന്തിക്കാൻ കഴിയും! ഇപ്പോൾ, നിങ്ങൾ നോക്കൂ, അവർ നമ്മളെ വിളിക്കുന്നത് "മനസ്സ് വായനക്കാരെന്നും, ഭാവി പറച്ചിലുകാരെന്നും, പിന്നെ ബീയെൽസെബൂബെന്നും ആകുന്നു," നിങ്ങൾക്ക് കാണാൻ കഴിയുമോ ആ പഴയ ആത്മാവ് എവിടെ നിന്നാണ് വരുന്നതെന്ന്? എന്നാൽ യഥാർത്ഥ ആത്മാവ് എവിടെ നിന്നാണ് വരുന്നതെന്ന് നിങ്ങൾ കാണുന്നുണ്ടോ? ഇത് സഭയുടെ കാലമാണ്. നോക്കൂ? ഇരുപത്തിനാല് മണിക്കൂറുകൾ, ചൂടുള്ള എണ്ണയിൽ, തിളയ്ക്കുന്ന കൊഴുപ്പിൽ, എന്നാൽ അത് ഒരിക്കലും അവനെ തൊട്ടിട്ടില്ല. ഓ, ദൈവം തൻ്റെ പരിശുദ്ധാത്മാവിനാൽ അവനെ എങ്ങനെ അവനിൽ കാവൽ നിർത്തി. അവൻ്റെ ജോലി തീർന്നില്ലായിരുന്നു.

78 അവർ അവനെ രണ്ട് വർഷത്തോളം ഈ ദ്വീപിൽ ഇട്ടിരുന്നു. ദൈവം അവനെ അവിടെ തനിക്കായി തനിച്ചാക്കിയപ്പോൾ, അവൻ വെളിപാടിൻ്റെ പുസ്തകം കർത്താവിൻ്റെ ദൂതൻ അവനു വെളിപ്പെടുത്തിയതുപോലെ എഴുതി. അത് കഴിഞ്ഞയുടനെ, അവൻ തിരികെ സ്വന്ത ദേശത്തേക്ക് മടങ്ങുകയും, എഫെസൊസിലെ സഭയിൽ ഇടയനായി സേവനം ചെയ്തു. എഫെസൊസിൽ വച്ച് മരിക്കുകയും അടക്കം ചെയ്യുകയും ചെയ്തു, ദിവ്യനായ യോഹന്നാൻ.

79 ഓ, ഇപ്പോൾ എന്തൊരു ക്രമീകരണമാകുന്നു! ശരി, ആ സമയത്ത് യോഹന്നാൻ്റെ കീഴിലുള്ള സഭ, അല്ലെങ്കിൽ വലിയ പീഡനത്തിൻ കീഴിലായിട്ടു, യോഹന്നാൻ 9 ആം വാക്യത്തിൽ എഴുതുന്നു:

> *യോഹന്നാൻ എന്ന ഞാൻ, നിങ്ങളുടെ സഹോദരനും...* കഷ്ടതയിലും...*സഹിഷ്ണതയിലും* കൂട്ടാളിയുമായി, *യേശുവിൻറെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും, കൂട്ടാളിയുമായ ഞാൻ പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു, ദൈവവചനവും, യേശുവിൻറെ സാക്ഷ്യവും നിമിത്തം ആയിരുന്നു.*

80 മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ ദൈവവചനം എടുത്ത്, അത് ദൈവവചനമാണെന്ന് തെളിയിക്കുകയായിരുന്നു, ക്രിസ്തു അവനിലൂടെ മടങ്ങിവന്നു താൻ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി. അവിടെയാണ് നിങ്ങൾ. ദൈവത്തിൻറെ വചനം അവനിൽ കൂടെ വെളിപ്പെടുകയും, അവൻ ദൈവത്തിൻ്റെ ദാസനായിരുന്നു എന്ന് തെളിയിക്കുകയുമായിരുന്നു. അപ്പോൾ അവർക്ക് അത് നിഷേധിക്കാൻ കഴിഞ്ഞില്ല, അതിനാൽ അവർക്ക് അവനോട് പറയേണ്ടിവന്നു അവൻ ഒരു "മന്ത്രവാദിയാകുന്നു." "അവൻ എണ്ണയെ മയക്കിക്കളഞ്ഞിട്ടു അത് അവനെ ഉപദ്രവിച്ചില്ല, അവൻ ജനങ്ങളെ മയക്കിക്കളഞ്ഞിട്ടു അവർ സുഖപ്പെട്ടില്ല, അവൻ ഒരു

ഭാവി പറച്ചിലുകാരൻ ആയിട്ട്...ഒരുതരം മോശപ്പെട്ട മനുഷ്യൻ ആയിരുന്നു, ഒരു കൊള്ളരുതാത്ത-...ദുഷിച്ച ആത്മാവായിരുന്നു." അതുകൊണ്ടാണ് അവർ അവനെ അവിടെ നിന്ന് പുറത്താക്കിയത്, അവൻ സമൂഹത്തിൽ ആയിരിക്കുന്നത് അപകടകരമാണെന്ന് കരുതി. എന്നാൽ അവൻ ദൈവഹിതം നിറവേറ്റുക മാത്രമായിരുന്നു, ആ അവസ്ഥയിലെല്ലാം ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു.

81 ദൈവത്തിന് അവനെ ഉപയോഗിക്കാൻ കഴിഞ്ഞില്ല, കൂടാതെ എല്ലാ വിധ പീഡനങ്ങളും കാര്യങ്ങളും ആയിട്ട്, കാരണം വിശുദ്ധന്മാർ വരുകയായിരുന്നു, "ഓ, സഹോദരനായ യോഹന്നാനെ, നാം ഇതിനെക്കുറിച്ച് എന്തു *ചെയ്യും*? പിന്നെ നമ്മൾ എന്ത് ചെയ്യും?"

82 യോഹന്നാൻ ഒരു പ്രവാചകനായിരുന്നു, അത് നമുക്കറിയാം. അങ്ങനെ അവർ ഈ ചോദ്യങ്ങൾ ചോദിക്കുകയായിരുന്നു, അതിനാൽ ദൈവത്തിന് റോമൻ സാമ്രാജ്യം ഉണ്ടായിരുന്നു അത് അവനെ എടുത്തു കൊണ്ട് അവിടെയുള്ള ദ്വീപിൽ ആക്കുന്നതിനായിരുന്നു. കൂടാതെ അവൻ പറഞ്ഞു, "ഇപ്പോൾ, വരൂ, യോഹന്നാൻ, സംഭവിക്കാൻ പോകുന്ന ചില കാര്യങ്ങൾ ഞാൻ നിങ്ങളെ കാണിക്കാൻ ആഗ്രഹിക്കുന്നു." അപ്പോസ്തലന്മാരിൽ അവസാനത്തെ അപ്പോസ്തലനായിരുന്നു, യോഹന്നാനല്ലാതെ അത് എഴുതാൻ മറ്റാരുമുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ അവനെ പത്മോസ് ദ്വീപിൽ ആക്കി **എ.ഡി.** 95 മുതൽ **എ.ഡി.** 96. അങ്ങനെ അവൻ അത് എഴുതുകയും, അവൻ പറഞ്ഞു:

> *ഞാൻ...നിങ്ങളുടെ സഹോദരനും, കഷ്ടതയിലും സഹിഷ്ണുതയിലും കൂട്ടാളിയുമാകുന്നു,...*

83 ഇപ്പോൾ, അവൻ മഹാക്ലേശത്തെക്കുറിച്ച് സംസാരിച്ചില്ല. അത് മഹാക്ലേശമായിരുന്നില്ല, കൂടാതെ അത് സഭയിലേക്ക് വരുന്നില്ല. മഹാക്ലേശം വരുന്നത് യഹൂദന്മാർക്കാണ്, അത് സഭയ്ക്കല്ല. അതുകൊണ്ട് അത് കഷ്ടകാലം ആയിരുന്നില്ല, മഹാക്ലേശമായിരുന്നില്ല.

84 ഇപ്പോൾ പത്താം വാക്യം:

> *കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി, കാഹളത്തിനൊത്ത* ഒരു...*മഹാനാദം,...എൻറെ പുറകിൽ കേട്ടു,*
>
> *കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി,...*

85 ഇപ്പോൾ, നിങ്ങൾ ആദ്യം ആത്മാവിൽ എത്തുന്നതുവരെ നിങ്ങൾക്ക് ഒരു നന്മയും ചെയ്യാൻ കഴിയില്ല; ദൈവത്തിന് നിങ്ങളെ

ഉപയോഗിക്കാൻ കഴിയില്ല. നിങ്ങൾ—നിങ്ങൾ—നിങ്ങൾ—നിങ്ങൾ... നിങ്ങളുടെ എല്ലാ ശ്രമങ്ങളും—ആദ്യം നിങ്ങൾ അത് ആത്മാവിൽ ചെയ്യുന്നത് വരെ വ്യർത്ഥമാകുന്നു. “ഞാൻ പാടുകയാണെങ്കിൽ, ഞാൻ ആത്മാവിൽ പാടും. ഞാൻ പ്രാർത്ഥിക്കുമ്പോൾ,” പൌലോസ് പറയുന്നു, “ഞാൻ ആത്മാവിൽ പ്രാർത്ഥിക്കും.” അതിനുശേഷം എന്തെങ്കിലും ഗുണമുള്ള കാര്യം എൻറെ അടുക്കൽ വരുകയാണെങ്കിൽ, അത് എനിക്ക് വെളിപ്പെട്ടിരിക്കണം അത് ആത്മാവിനാലും, വചനത്താലും സ്ഥിരീകരിച്ച (അത് വഹിക്കുന്ന ഫലങ്ങളാൽ പ്രകടമാക്കപ്പെട്ടിരിക്കും).

86 ഇപ്പോൾ മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഞാൻ പറയുകയാണ്, യേശു ക്രിസ്തു തൻ്റെ വചനത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ട് അതായത് ഞാൻ മാനസാന്തരപ്പെട്ടുമെങ്കിൽ, യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം ഏൽക്കുകയാണെങ്കിൽ, എനിക്ക് പരിശുദ്ധാത്മാവിൻ്റെ ദാനം ലഭിക്കും. ഞാൻ ആദ്യം ചെയ്യേണ്ട കാര്യമെന്നത് മാനസാന്തരമാകുന്നു. അതായത് അത് സത്യമാണെന്ന് എനിക്ക് വെളിപ്പെട്ടിരിക്കുന്നു. അതിനുശേഷം യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനം സ്വീകരിക്കുക, അതിനുശേഷം ഫലം എന്ന് പറയുന്നത്: ഞാൻ പരിശുദ്ധാത്മാവിനെ പ്രാപിക്കും.

87 ഞാൻ രോഗിയാണെങ്കിൽ, അവൻ എനിക്ക് വാഗ്ദത്തം നൽകിയിട്ടുണ്ട് ഞാൻ വിശ്വസിക്കുകയും സഭയിലെ മൂപ്പന്മാർ എന്നെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്താൽ, എൻ്റെ മേൽ പ്രാർത്ഥിക്കുകയും, അപ്പോൾ വിശ്വാസത്താലുള്ള പ്രാർത്ഥന രോഗികളെ രക്ഷിക്കും. “കർത്താവേ, ഞാൻ വിശ്വസിക്കുന്നു. ഞാൻ നിൻറെ നിർദ്ദേശങ്ങൾ പാലിക്കുന്നു, ഒരു മൂപ്പൻ എന്നെ എണ്ണകൊണ്ട് അഭിഷേകം ചെയ്തു, എൻ്റെ മേൽ പ്രാർത്ഥിക്കട്ടെ.” അത് അതിനെ ഉറപ്പിക്കുന്നു, മുമ്പോട്ട് തുടരുക, അത് എല്ലാം—അത് മുഴുവനായി തീർന്നിരിക്കുന്നു.

88 “ഓ,” നിങ്ങൾ പറയും, നിങ്ങൾക്ക് “ഒരു വ്യത്യാസവും അനുഭവപ്പെടുന്നില്ല, എന്നിരിക്കിലും.” ദൈവം ലോകസ്ഥാപനത്തിന് മുമ്പേ അവനെ കൊന്നപ്പോൾ യേശു ജനിച്ച പോലുമിരുന്നില്ല, അവൻ അപ്പോൾ—അവൻ ദൈവത്തിൻ്റെ കുഞ്ഞാടായിരുന്നു, ലോകസ്ഥാപനത്തിനു മുമ്പേ അറുക്കപ്പെട്ടിരുന്നു. എന്നാൽ അത് ദൈവത്തിൻ്റെ സ്വന്തം മനസ്സിൽ ആയിരുന്നു, അവൻ ഇതിനകം അത് ചെയ്തുകഴിഞ്ഞിരുന്നു. അന്ന് ഞാനും ഇവിടെ ഇല്ലായിരുന്നു, നിങ്ങളും ഇല്ലായിരുന്നു; എന്നാൽ ദൈവത്തിൻ്റെ പുസ്തകത്തിൽ, നമ്മുടെ പേരുകൾ എപ്പോഴെങ്കിലും ഉണ്ടായിരുന്നെങ്കിൽ, അത്

ലോകസ്ഥാപനത്തിനു മുമ്പേ അതിൽ അത് ഇട്ടിരുന്നു.

89 ദൈവം എന്തെങ്കിലും പറഞ്ഞാൽ, അത് സംഭവിക്കേണ്ടത് ആവശ്യമാകുന്നു. അതിനാൽ നിങ്ങൾ ദൈവത്തിൻ്റെ യോഗ്യതകൾ നിറവേറ്റുമ്പോൾ, ഓർക്കുക, ദൈവം സ്വയം വെളിപ്പെടുകയും ബാക്കിയുള്ള കാര്യങ്ങൾ പരിപാലിക്കുകയും ചെയ്യുന്നു, നിങ്ങൾ മുന്നോട്ട് പോകുക മാത്രം ചെയ്യുക, ഇതൊരു പൂർത്തിയായ ജോലിയാണ്. ഓ, ഇത് അത്ഭുതകരമായിരിക്കുന്നില്ലേ? ഓ, എൻ്റെ, ചിന്തിക്കുക! ദൈവത്തോട് പറഞ്ഞാൽ മാത്രം മതി... ദൈവം പറഞ്ഞു, "നിങ്ങൾ ചെയ്യുക *ഇത്*, ഞാൻ ചെയ്യും *ഇത്*." ശരി, ഞാൻ ഇത് ചെയ്യാൻ പോകുകയാണെങ്കിൽ *ഇത്*, അവൻ ചെയ്യണം *അത്*.

90 ഇപ്പോൾ, പിശാച് പറയുന്നു, "നോക്കൂ, അവൻ താമസിപ്പിക്കുന്നു."

അത് യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. ദാനിയേൽ ഒരിക്കൽ പ്രാർത്ഥിച്ചു അത് ദൂതൻ അവൻ്റെ അടുക്കൽ എത്തിയതിന് ഇരുപത്തി-ഒന്ന് ദിവസങ്ങൾക്ക് മുമ്പായിരുന്നു, പക്ഷേ അവൻ നിരുത്സാഹപ്പെട്ടില്ല, എങ്ങനെയൊക്കെയായാലും അവൻ വരുമെന്ന് അവനറിയാമായിരുന്നു, അതിനാൽ അവൻ അവിടെ എത്തുന്നതുവരെ അവൻ കാത്തിരുന്നു. അതാണ് ആശയം. ഓ, അപ്പോഴാണ് നിങ്ങൾക്ക് വിശ്വാസം ലഭിക്കുന്നത്. ഇപ്പോൾ നമുക്ക് അതിൽ നിന്ന് പുറത്തുകടക്കണം, ഉടനെതന്നെ നമുക്കൊരു രോഗശാന്തിയുടെ ശുശ്രൂഷയുണ്ട്, നമുക്കതില്ലേ? അത് ശരിയാണ്. അതെ, അത് വിശ്വാസത്തിൻ്റെയാകുന്നു. എന്നാൽ നമുക്ക് പ്രാണനെ-സുഖപ്പെടുത്തുന്ന ശുശ്രൂഷ ആവശ്യമായിരിക്കുന്നു, അത് ഉള്ളിനെ സുഖപ്പെടുത്താനാകുന്നു, കാരണം അതാണ് നിലനിൽക്കാൻ പോകുന്നത്, നിങ്ങൾക്ക് നിത്യജീവൻ ലഭിക്കുന്നു. നിത്യജീവൻ അപ്രത്യക്ഷമാകുകയോ അല്ലെങ്കിൽ വാർദ്ധക്യം പ്രാപിക്കുകയോ ചെയ്യുന്നില്ല, അതേപടി തന്നെ നിലനിൽക്കുന്നു.

91 ഇപ്പോൾ, എന്തെങ്കിലും സംഭവിക്കുന്നതിന് മുമ്പ് അവൻ ആത്മാവിൽ വന്നു. അവൻ ആദ്യം ചെയ്ത കാര്യം എന്നത്, അവൻ പത്മൊസ് എന്ന് വിളിക്കപ്പെടുന്ന ദ്വീപിലായിരുന്നു (അവൻ ചെയ്ത ഈ കാര്യങ്ങളെല്ലാം), അവൻ പറഞ്ഞു, "ഞാൻ ഒരു മഹാനാദം കേട്ടു," കൂടാതെ ഈ മറ്റെല്ലാ കാര്യങ്ങളും. എന്നാൽ എന്തെങ്കിലും സംഭവിക്കുന്നതിന് മുമ്പ്, അവൻ ആത്മവിവശനായി. നിങ്ങളുടെ വേദപുസ്തകങ്ങളിൽ നിങ്ങൾ നോക്കുകയാണെങ്കിൽ, വലിയ അക്ഷരത്തിൽ ആത്മാവ്, പരിശുദ്ധാത്മാവ് എന്ന്

എഴുതിയിരിക്കുന്നു. ആമേൻ! അവൻ ആത്മവിവശനായി. ഓ, അത് അത്ഭുതകരമാകുന്നുവെന്നു ഞാൻ ചിന്തിച്ചു പോകുന്നു:

*കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി,...*

92 ഏത് ദിവസമാകുന്നു? കർത്തൃദിവസം. ഇപ്പോൾ, ഇവിടെ ഒരു വലിയ ചർച്ചയുണ്ട്. നമുക്ക് അത് ശാന്തമാക്കാം, ഒരു നിമിഷം.

93 ഇപ്പോൾ, ഇന്ന് രാവിലെ നമ്മൾ പറഞ്ഞതുപോലെ, ചില ആളുകൾ പറയുന്നു, അതായത് വിശുദ്ധ മത്തായി 17, ആയിരുന്നു, "പത്രോസ്." കത്തോലിക്കാ സഭ പറയുന്നു. "അവൻ പത്രോസിൻ്റെ മേൽ തൻ്റെ സഭ പണിതു; പത്രോസ് ആയിരുന്നു ആദ്യത്തെ മാർപാപ്പ." അവൻ വിവാഹിതനായിരുന്നിട്ട് എങ്ങനെ ഒരു മാർപ്പാപ്പ ആയിരിക്കാൻ കഴിയും? നോക്കു? എന്നിട്ട് പറഞ്ഞു, "പത്രോസ് റോമിലേക്ക് പോയി, അവിടെ അടക്കം ചെയ്യപ്പെട്ടു." എങ്കിൽ, ചരിത്രത്തിലോ, അല്ലെങ്കിൽ മറ്റെവിടെയെങ്കിലും ഒരിടത്ത്, പത്രോസ് എപ്പോഴെങ്കിലും റോമിൽ പോയിരുന്നതായി ഒരിടം എന്നോട് പറയൂ. നോക്കു? പൗലോസ് പോയിരുന്നു, എന്നാൽ പത്രോസ് പോയിരുന്നില്ല. ശരി.

94 അതിനാൽ ഈ സിദ്ധാന്തങ്ങളും അതുപോലുള്ള കാര്യങ്ങളെല്ലാം, ഉടലെടുത്തതായി നാം കണ്ടെത്തുന്നു. നോക്കു? എന്നാൽ, ഇന്നത്തെ ജനങ്ങൾ എല്ലാം തന്നെ...നിങ്ങൾ എവിടെ പോയാലും, അവർക്ക്... ചില വലിയ പള്ളികളിൽ അവൻ്റെ കയ്യിൽ അടിച്ച ഒരു പ്രത്യേക ആണി കിട്ടിയിട്ടുണ്ട്. അവർക്ക് എത്ര ആണികൾ ലഭിച്ചുവെന്ന് നിങ്ങൾക്കറിയാമോ, ആധികാരികമായ ആണികൾ, ഇന്ന് അത് ആയിരിക്കുന്നത്...? പത്തൊമ്പത് ആകുന്നു. അവർക്ക് അസ്ഥികൾ ലഭിച്ചിരിക്കുന്നു, അവർക്ക്—അവർക്ക് അങ്കിയുടെ തുണ്ടുകളും കിട്ടിയിരിക്കുന്നു, തൊടലും പിടിയും ആയിരിക്കുന്നു. നമുക്ക് അതില്ല—നമുക്ക് അത്തരം കാര്യങ്ങളില്ല, നമുക്കതിൻറെ ആവശ്യമില്ല. ക്രിസ്തു ജീവിച്ചിരിക്കുന്നു! അവൻ നമ്മിൽ ആകുന്നു, അത് എന്തെങ്കിലും ചില ആണിയോ, അല്ലെങ്കിൽ കുരിശിൻ്റെ കഷണമോ, അല്ലെങ്കിൽ എല്ലിൻ്റെ കഷണമോ, അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ അല്ല. അവൻ ജീവനുള്ള ദൈവമാണ്, ഇപ്പോൾ അവൻ നമ്മിൽ വസിക്കുന്നു, സ്വയം അവനെത്തന്നെ വെളിപ്പെടുത്തുന്നു. നമുക്ക് അവൻറെ ഓർമ്മക്കായി ഒരേ ഒരു വസ്തു മാത്രമേയുള്ളൂ, അതാണ് കർത്താവിൻ്റെ തിരുവത്താഴം, അത് അവൻ്റെ സ്മരണക്കായിട്ടാകുന്നു. എന്നാൽ സ്വയം ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം, അവൻ നമ്മോടൊപ്പവും നമ്മുടെ ഉള്ളിലുമാകുന്നു. അതാണ് നമ്മൾ ലോകത്തിന് വീശി

കാണിക്കാൻ (പരിശുദ്ധാത്മാവിന്റെ മഹത്വം) ആഗ്രഹിക്കുന്നത്. വെളിച്ചം അണയുന്നത് വരെ അത് വീശി കാണിക്കുക. ശരിയാണ്.

95 ഇപ്പോൾ, ഇത്...അതിനാൽ, നിങ്ങൾ നോക്കൂ, നമ്മൾ വഴിയുടെ മറുവശം എടുത്തു. നിങ്ങൾക്കറിയാമോ ഞാൻ എപ്പോഴും ഇതായിരിക്കാൻ ശ്രമിച്ചിട്ടുണ്ട്, നമ്മുടെ കർത്താവ് എല്ലായ്പ്പോഴും അത് എനിക്ക് വെളിപ്പെടുത്തിയിട്ടുണ്ട്; അവിടെ ഒന്ന് അങ്ങേയറ്റവും, മറ്റൊന്ന് ഇങ്ങേയറ്റവും ആയിരിക്കും, എന്നാൽ സത്യം വഴിയുടെ മദ്ധ്യേ കിടക്കുന്നു. നിങ്ങൾ യെശയ്യാവ് പറഞ്ഞത് ശ്രദ്ധിച്ചോ, അവിടെ അവൻ പറയുന്നു അതായത് അവിടെ ഒരു പെരുവഴി ഉണ്ടാകും? യെശയ്യാവ് 35. കൂടാതെ നിങ്ങൾ ഓർക്കുന്നുണ്ടാകും ഇപ്രകാരം നമ്മുടെ വിലയേറിയ നാസറീൻകാരായ സഹോദരന്മാർ ഈ പാട്ട് പാടിയിരുന്നതെന്ന്, നിങ്ങൾക്ക് അറിയാമായിരിക്കും, "*വിശുദ്ധിയുടെ പെരുവഴി. വിശുദ്ധിയുടെ പെരുവഴി.*" ഇപ്പോൾ, നിങ്ങൾ നിങ്ങളുടെ വേദപുസ്തകം ശരിയായി വായിക്കുകയാണെങ്കിൽ, അത് പറയുന്നില്ല "വിശുദ്ധിയുടെ പെരുവഴി." അത് പറയുന്നത്, "അവിടെ ഒരു പെരുവഴിയും *ഒരു പാതയും*, ഉണ്ടാകും അതിന്നു," വിശുദ്ധിയുടെ പെരുവഴി എന്ന് പറയുന്നില്ല, എന്നാൽ "വിശുദ്ധ *വഴി*." *കൂടാതെ* നിങ്ങളുടെ വാക്യം പൂർത്തിയാക്കുന്ന ഒരു സംയോജനമാണിത്. നോക്കൂ? "അവിടെ ഒരു പെരുവഴിയും *പിന്നെ* ഒരു പാതയും ഉണ്ടാകും, അതിന്നു വിശുദ്ധ *വഴി* എന്നു പേരാകും," അതിനെ വിശുദ്ധിയുടെ പെരുവഴി എന്ന് വിളിക്കയില്ല.

96 നോക്കൂ, ഒരു വഴി നിർമ്മിച്ചിരിക്കുന്നു, *ഒരു വഴി*...ഒരു നല്ല വഴി നിർമ്മിച്ചിരിക്കുന്നു, അതിൻറെ ഏറ്റവും ഉയർന്ന ഭാഗം മധ്യഭാഗത്താണ്, കാരണം ഇത് എല്ലാ ചപ്പുചവറുകളെയും ഇരുവശത്തേക്കും ഒലിച്ചു പോകാൻ അനുവദിക്കുന്നു. ഇത് അതാകുന്നു. ഒരു മനുഷ്യൻ യഥാർത്ഥത്തിൽ ക്രിസ്തുവിലേക്ക് വരുമ്പോൾ, അവന്റെ കണ്ണുകൾ ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അവൻ അൽപ്പം വികാരാവേശം ഉള്ളവനാണെങ്കിൽ, അവൻ ഒരു മതഭ്രാന്തനായിരിക്കും. അയാൾ അൽപ്പസ്വൽപ്പം തണുപ്പാണെങ്കിൽ, അവൻ ഈ മറുവശത്ത് കയറി വെറും ഒരു വെള്ളരിക്കയാകും, ആ വശത്ത്; നോക്കൂ, അവന്റെ ബുദ്ധിവൈഭവം. എന്നാൽ പ്രധാന കാര്യം നേരെ വഴിയുടെ മധ്യത്തിലാകുന്നു, വേണ്ടത്ര ആത്മാവ് നിങ്ങളിൽ ഉണ്ടായിട്ട്, നിങ്ങളെ ഊഷ്മളമാക്കുകയും ചലിപ്പിക്കുകയും ചെയ്യാതിരിക്കുന്നതാണ്. ആമേൻ! ആത്മാവിന്റെ അനുസരണത്തിൻ കീഴിൽ നിങ്ങളെത്തന്നെ നിലനിർത്താനും, ആത്മാവ് നീങ്ങുന്നതുപോലെ നീങ്ങാനും, ചലിക്കാനും മതിയായ

അറിവ്; ആത്മാവ് ചലിക്കുന്നതു വരെ അല്ലെങ്കിൽ പിന്നീട്, തിരുവെഴുത്ത് നീങ്ങുന്നതുപോലെ തന്നെ.

97 കത്തോലിക്കാ സഭ പറഞ്ഞു.“പത്രോസായിരുന്നു ആ വെളിപ്പെടുത്തൽ.”

പ്രൊട്ടസ്റ്റൻ്റ് സഭ പറയുന്നു, “അത് ക്രിസ്തുവായിരുന്നു.”

എന്നാൽ വേദപുസ്തകം പഠിപ്പിക്കുന്നത്, “ക്രിസ്തുവിനെപ്പറ്റി അവൻ നൽകിയ (ദൈവം അവനു നൽകിയ) വെളിപാടായിരുന്നു അത്.”

“നീ ജീവനുള്ള ദൈവത്തിൻ്റെ പുത്രനായ ക്രിസ്തുവാകുന്നു.”

“ബർയോനാശിമോനെ, നീ ഭാഗ്യവാൻ, ജഡരക്തങ്ങൾ അല്ല, നിനക്കു ഇതു വെളിപ്പെടുത്തിയത്, യാതൊരു മനുഷ്യനുമല്ല, സെമിനാരിയോ, അല്ലെങ്കിൽ ഒരു ആശ്രമമോ, അങ്ങനെ എന്തെങ്കിലും, ഇത് നിന്നെ പഠിപ്പിച്ചിട്ടില്ല. എന്നാൽ സ്വർഗ്ഗസ്ഥനായ എൻ്റെ പിതാവു ഇതു നിങ്ങൾക്കു വെളിപ്പെടുത്തിയിരിക്കുന്നു. നീ പത്രോസാകുന്നു, ഈ പാറമേൽ ഞാൻ എൻ്റെ പള്ളി പണിയും, പാതാള ഗോപുരങ്ങൾക്ക് അതിനെ മറികടക്കാൻ കഴിയില്ല.”

98 ഇപ്പോൾ നാം ഇവിടെ മറ്റൊരു സ്ഥലത്തേക്ക് വരുന്നു, അവിടെ അവർക്ക് രണ്ട് വ്യത്യസ്തമായ ആശയങ്ങൾ ഉണ്ടായിരിക്കുന്നു. ഇപ്പോൾ, ഞാൻ തെറ്റായിരിക്കാനിടയുണ്ട്; ആണെങ്കിൽ, ദൈവം എന്നോട് ക്ഷമിക്കട്ടെ. എന്നാൽ അതിനെക്കുറിച്ച ഇപ്രകാരം പറയുന്ന സെവൻത്-ഡേ അഡ്വെൻ്റിസ്റ്റുകാരോട് ഞാൻ വിയോജിക്കാൻ പോകുകയാണ്, “കർത്തൃദിവസത്തിൽ അവൻ വന്നത് അത് ഏഴാം ദിവസമായിരുന്നു.” സെവൻത്-ഡേ അഡ്വെൻ്റിസ്റ്റുകാരായ സഹോദരന്മാരും, അവരിൽ വളരെപ്പേരും, അവകാശപ്പെടുന്നത് അതായത് ശബ്ബത്ത് ദിവസമാണ് അവൻ കർത്തൃ ദിവസം എന്ന് വിളിച്ചത് എന്നാണ്. ക്രിസ്തീയ സഭ അതിനെ, കർത്താവിൻ്റെ ദിവസം എന്ന് വിളിക്കുന്നു, “അത്—ആദ്യ ദിവസമായ, ഞായറാഴ്ചയാകുന്നു.” കൂടാതെ നമ്മൾ പലപ്പോഴും ശ്രദ്ധിക്കാറുണ്ട് അതായത്—അതായത് ക്രിസ്തീയ സഭ ഇപ്പോഴും, ഇന്നും, പ്രൊട്ടസ്റ്റൻ്റ് കാരായ ജനങ്ങളും, അതിനെ സൂചിപ്പിക്കുന്നത് “കർത്തൃദിവസം, ഞായറാഴ്ചയാകുന്നു.” അത് തിരുവെഴുത്തല്ല. തിരുവെഴുത്തിൽ ആഴ്ചവട്ടത്തിൻറെ ഒന്നാം നാൾ ഞായറാഴ്ച ആകുന്നു, കർത്തൃദിവസമല്ല. അതോടൊപ്പം തന്നെ അത് ഏഴാം ദിവസവും, ശബ്ബത്തും ആയിരുന്നില്ല. ആ സമയത്ത് ഇതിൽ ഏതെങ്കിലും ഒരു ദിവസം എടുക്കുന്നത് തന്നെ അസാധ്യമായിരിക്കും, കാരണം വെളിപാട് പുസ്തകം എഴുതാൻ തന്നെ യോഹന്നാന്

രണ്ട് വർഷമെടുത്തു. ഏത് ദിവസമായിരുന്നു അത്? അവിടെ വളരെയധികം ഏഴാമത്തെ ദിവസങ്ങളും ഒന്നാം ദിവസങ്ങളും കടന്നു പോകും.

99 തിരുവെഴുത്തിൽ, വെളിപാട് എഴുതിയത് **എ.ഡി.** 95 മുതൽ 96 വരെ, രണ്ട് വർഷങ്ങൾ ആയിരുന്നു. അത് കർത്തൃദിവസമായിരുന്നു. കർത്തൃദിവസം എന്ന് പറഞ്ഞിരിക്കുന്നത് എന്താണോ അത് കൃത്യമായും ശരിയാണ്, അത് തന്നെയാണ് അത്. യോഹന്നാൻ കർത്തൃദിവസത്തിൽ ആത്മവിവശനായി. ഇത് മനുഷ്യൻ്റെ ദിവസമാണ്, എന്നാൽ കർത്താവിൻ്റെ ദിവസം വരും. തിരുവെഴുത്തുകളിൽ കൂടി നാം അവൻ കർത്തൃദിവസത്തിലായിരുന്നുഎന്ന് കണ്ടെത്തുന്നതാണ്, ആത്മവിവശനാകുകയും കർത്തൃദിവസത്തിലേക്ക് എടുക്കപ്പെട്ടുകയും ചെയ്തു. ആമേൻ! അത് ശരിയാണ്. നോക്കൂ, അവൻ കർത്തൃദിവസത്തിലായിരുന്നു. വേദപുസ്തകം കർത്തൃദിവസത്തെക്കുറിച്ച് പറയുന്നു. നാം കുറച്ചു നേരത്തിനുള്ളിൽ തന്നെ, വളരെയധികം തിരുവെഴുത്തുകൾ ഉപയോഗിച്ച് അതിൽ കടക്കുന്നതാണ്.

100 ആദ്യത്തെ കാര്യമെന്നത്, ശബ്ബത്ത് ദിവസം, നാം അതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, ശബ്ബത്ത് ദിവസം എന്നത് ഒരു നിശ്ചിത ദിവസം ആചരിക്കുന്നതല്ല. നമുക്ക് ശനിയാഴ്ച ഒരു ശബ്ബത്തായി ആചരിക്കണമെന്ന് യാതൊരു കൽപ്പനയുമില്ല. നമുക്ക് ഒന്നാം ദിവസ്സം ഒരു ശബ്ബത്തായി ആചരിക്കുവാൻ പുതിയ നിയമത്തിൽ, യാതൊരു കൽപ്പനയും ഇല്ല. തിരുവെഴുത്തു പറയുന്നു, എബ്രായർ 4 ആം അധ്യായത്തിൽ, "യോശുവ അവർക്കു സ്വസ്ഥത വരുത്തി എങ്കിൽ, മറ്റൊരു ദിവസത്തെക്കുറിച്ചു പിന്നത്തേതിൽ കല്പിക്കയില്ലായിരുന്നു." അത് ശരിയാണ്. ആകയാൽ ദൈവത്തിൻറെ ജനത്തിന്നു ഒരു ശബ്ബത്ത്, അല്ലെങ്കിൽ ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. ദൈവം തൻറെ പ്രവൃത്തികളിൽനിന്നു എന്നപോലെ അവൻറെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തൻറെ പ്രവൃത്തികളിൽനിന്നു നിവൃത്തനായിത്തീർന്നു.

101 ശ്രദ്ധിക്കുക! ഓ! ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എനിക്ക് വളരെ നന്നായി തോന്നുന്നു, ഞാൻ എന്നെക്കാൾ മുന്നിലായിരിക്കുന്നു.

102 ശ്രദ്ധിക്കുക, ശബ്ബത്ത് ദിവസം. ദൈവം ഭൂമിയെ ആറു ദിവസം കൊണ്ട് സൃഷ്ടിക്കുകയും, ഏഴാം ദിവസം അവൻ ഒരു വിശ്രമത്തിലേക്ക് പ്രവേശിക്കുകയും, ഒരിക്കലും മറ്റെന്തെങ്കിലും ലോകങ്ങൾ നിർമ്മിക്കാൻ തിരികെപ്പോയില്ല. എന്നിട്ട് അത് ജനങ്ങൾക്ക് ഒരു സ്മാരകമായി

നൽകി. കാരണം നിങ്ങൾക്കിത് ഇപ്പോൾ പാലിക്കാൻ കഴിയില്ല, എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇവിടെ ശബ്ബത്ത് ആചരിക്കുന്നു, ലോകത്തിൻ്റെ മറുവശത്ത് പിന്നെ അത് വീണ്ടും ഞായറാഴ്ചയാകുന്നു. നോക്കു? അതുകൊണ്ട് അതൊരു ജനതയ്ക്കുള്ളതാണെന്ന് അത് കാണിക്കുന്നു, ഇസ്രായേലിന് ഒരു കാലവും സമയവും ആകുന്നു. ആകയാൽ ദൈവത്തിൻറെ ജനത്തിന്നു ഒരു ശബ്ബത്ത-നുഭവം ശേഷിച്ചിരിക്കുന്നു.

> *വിശ്വസിച്ചവരായ...നാമല്ലോ* ഈ *സ്വസ്ഥതയിൽ* അവൻറെ *പ്രവേശിക്കുന്നത്,...പ്രവൃത്തികൾ*...(ഞാൻ എബ്രായർ ഉദ്ധരിക്കുന്നു, നാലാം അദ്ധ്യായം)... *ലോകസ്ഥാപനത്തിങ്കൽ പ്രവൃത്തികൾ* തീർന്നു *പോയശേഷവും.*
>
> *കാരണം അവൻ* ഏഴാം *നാളിനെക്കുറിച്ചു...ഒരേടത്തു... പറഞ്ഞിരിക്കുന്നു...*
>
> ഇത്ര *കാലത്തിൻറെ ശേഷം അവൻ* ഒരു *പ്രത്യേക ദിവസം നിശ്ചയിക്കുന്നു, ദാവീദ് മുഖാന്തരം,*...(ഇത് കുറിച്ചെടുക്കുന്നവർക്ക്, എബ്രായർ 4)
>
> *പിന്നെയും, അവൻ* നിശ്ചയിക്കുന്നു *ഇന്ന് എന്നൊരു പ്രത്യേക ദിവസം, ദാവീദ് പറയുന്നു, ഇന്ന്, ഇത്ര കാലത്തിൻറെ ശേഷം; ഇത്* കേട്ടിരിക്കുന്നു, നിങ്ങൾ *കേൾക്കുമ്പോൾ*...അല്ലെങ്കിൽ *പറഞ്ഞു,* നിങ്ങൾ അവൻറെ *ശബ്ദം കേൾക്കുന്നു എങ്കിൽ, നിങ്ങളുടെ ഹൃദയം* കഠിനമാക്കരുത്.
>
> *കാരണം യോശുവ* അവർക്കു *സ്വസ്ഥത വരുത്തി* ഒരു *സ്വസ്ഥത,* (ദിവസം)...*എങ്കിൽ മറ്റൊരു* ദിവസത്തെ *കുറിച്ചു പിന്നത്തേതിൽ കല്പിക്കയില്ലായിരുന്നു.*
>
> ആകയാൽ *അവിടെ ശേഷിച്ചിരിക്കുന്നു...ഒരു ശബ്ബത്ത്* (അല്ലെങ്കിൽ ഒരു ശബ്ബത്ത-നുഭവം)...

103 ഈ വാക്ക് “വിശ്രമം.” *ശബത്ത്* എന്നത് നമുക്ക് വിചിത്രമായ ഒരു പദമാണ്, അതിൻറെ അർത്ഥം ആകുന്നു “വിശ്രമം.” അതൊരു എബ്രായ വാക്കാണ് അതിൻറെ അർത്ഥം ഒരു “വിശ്രമം” ദിവസം, ഒരു ശബ്ബത്ത് ദിവസം; ജോലി ചെയ്യുന്നില്ല, വിശ്രമം.

> *കാരണം യോശുവ* അവർക്കു *സ്വസ്ഥത വരുത്തി എങ്കിൽ,*...മറ്റൊരു ദിവസത്തെക്കുറിച്ചു...*പിന്നത്തേതിൽ കല്പിക്കയില്ലായിരുന്നു.*

> ആകയാൽ *ദൈവത്തിൻറെ ജനത്തിന്നു...ഒരു ശബ്ബത്ത്* (അല്ലെങ്കിൽ ശബ്ബത്ത-നുഭവം) *ശേഷിച്ചിരിക്കുന്നു.*
>
> *കാരണം* ദൈവം തൻറെ *പ്രവൃത്തികളിൽനിന്നു എന്നപോലെ,...*അവൻറെ *സ്വസ്ഥതയിൽ* പ്രവേശിച്ചവൻ...*താനും* തൻറെ...*പ്രവൃത്തികളിൽനിന്നു നിവൃത്തനായിത്തീർന്നു.*

104 ആഴ്ചയുടെ അടുത്ത ദിവസം നമ്മൾ ഒരിക്കലും അതിലേക്ക് വീണ്ടും തിരിഞ്ഞിട്ട്, അത് വീണ്ടും ആരംഭിക്കുന്നില്ല, നാം ഒരു വിശ്രമത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞു. യേശു മലമുകളിലെ പ്രസംഗത്തിൽ വെച്ചു പറഞ്ഞു, അവൻ പറഞ്ഞു, "പൂർവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, 'നിങ്ങൾ കുല ചെയ്യരുതു.' ഞാനോ നിങ്ങളോടു പറയുന്നതു, സഹോദരനോടു കാരണമില്ലാതെ കോപിക്കുന്നവൻ എല്ലാം കുല ചെയ്തു കഴിഞ്ഞു. പൂർവ്വന്മാരോടു അരുളിച്ചെയ്തതു, നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, 'വ്യഭിചാരം ചെയ്യരുതു.' അത് കല്പനയാകുന്നു. ഞാനോ നിങ്ങളോടു പറയുന്നതു, സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി." അത് ശരിയല്ലേ?

105 അതിനാൽ ഈ കാര്യങ്ങളെല്ലാം അനുസ്മരണകളും, അടയാളങ്ങളും, അത്ഭുതങ്ങളും, യഥാർത്ഥ സമയത്തിനായി കാത്തിരിക്കുന്ന കാര്യങ്ങളുമാകുന്നു. ഇപ്പോൾ, യേശു അത് പൂർത്തിയാക്കിയപ്പോൾ, മത്തായി 11, (മലമുകളിലെ ഉപദേശങ്ങൾ), അവൻ പറഞ്ഞു:

> *അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും* ആയുള്ളോരേ, എല്ലാവരും, *എൻറെ അടുക്കൽ വരുവിൻ,* ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.
>
> *ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ* എൻറെ *നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ...*(അതു ശരിയാണോ?)
>
> *അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരേ... എല്ലാവരും എൻറെ അടുക്കൽ വരുവിൻ,* ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ("നിങ്ങൾ ഒരു ദിവസം, പത്ത് ദിവസം, അഞ്ച് വർഷം, മുപ്പത്തിയഞ്ച് വർഷം, അമ്പത് വർഷം, തൊണ്ണൂറ് വർഷം അദ്ധ്വാനിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ ക്ഷീണിതനും തളർന്നവനും ആകുന്നു, എൻ്റെ അടുക്കൽ വരൂ, ഞാൻ നിങ്ങൾക്ക് വിശ്രമം തരാം. ഞാൻ നിങ്ങളിൽ

നിന്ന് ആ പാപഭാരം മുഴുവൻ എടുത്തു നീക്കി, നിങ്ങളിലേക്ക് പ്രവേശിച്ച്, നിങ്ങൾക്ക് പൂർണ വിശ്രമവും സംതൃപ്തിയും നൽകും.")

106 ഇപ്പോൾ, എന്താണ് ആ വിശ്രമം? നമുക്ക്—നമുക്ക് ഇത് എടുത്ത് ചെറുതായൊന്ന് പരിഹരിക്കാം, ഇത് എന്താണെന്ന് നോക്കുക. അവരിൽ ചിലർ പറയുന്നു, "എന്തിന്, നിങ്ങൾ സഭയിൽ ചേരുന്നു." അല്ല! "നിങ്ങൾ നിങ്ങളുടെ പേര് പുസ്തകത്തിൽ ഇടുക." അല്ല! "ശരി, ഒരു പ്രത്യേകതരം ജലസ്നാനം." അല്ല! നമുക്ക് അത് പരിഹരിച്ച് അത് എന്താണെന്ന് നോക്കാം. നമ്മൾ കാത്തിരിക്കുമ്പോൾ ഇവിടെ വെച്ചു തന്നെ അത് ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? യോഹന്നാൻ എവിടേക്കാണ് പോയതെന്ന് നമുക്ക് നോക്കാം. അവൻ പോയത് ഏതുതരത്തിൽപ്പെട്ട ഒരു ദിവസത്തിലേക്കാണ്?

107 യേശു ഭൂമിയിൽ മരിക്കുകയും, അവൻ്റെ ജോലി പൂർത്തിയാക്കുകയും ചെയ്തപ്പോൾ, അവൻ എവിടെയോ പ്രവേശിച്ചു.

108 ഇപ്പോൾ നമുക്ക് തിരികെ യെശയ്യാവ് 28 അധ്യായം, അതിൻറെ 8 ആം വാക്യത്തിലേക്കു മടങ്ങാം. ഞാൻ വിശ്വസിക്കുന്നു, ഇപ്പോൾ, അത് ആകുന്നു യെശയ്യാവ് 28:8. നമുക്ക് വായിക്കാം, യെശയ്യാവ് 28, ഇത് സംഭവിക്കുന്നതിന് എഴുന്നൂറ്റി പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് പ്രവാചകൻ ഇത് സംസാരിച്ചു. ഇപ്പോൾ, നിങ്ങളിൽ എത്ര പേർ യഥാർത്ഥ *ശബ്ബത്ത്* എന്താണെന്നും, യഥാർത്ഥ വിശ്രമം എന്താണെന്നും അറിയാൻ ആഗ്രഹിക്കുന്നു? അത് ഇവിടെ ആകുന്നു. ഇപ്പോൾ, ഇവിടെയാണ് പ്രവാചകൻ അത് സംസാരിച്ചത്, കൂടാതെ അത് എവിടെയാണ് സംഭവിച്ചതെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. ശ്രദ്ധിക്കുക, യെശയ്യാവു 28:8:

> *കാരണം എല്ലാ*...(പ്രവാചകൻ ഈ ദിവസങ്ങളെക്കുറിച്ച് പ്രവചിക്കുന്നു)
>
> *മേശകൾ ഒക്കെയും ഛർദ്ദിയും അഴുക്കുംകൊണ്ടു നിറഞ്ഞിരിക്കുന്നു,* (പുകവലിക്കുകയും മദ്യപാനം ചെയ്യുകയും കള്ളം പറയുകയും മോഷ്ടിക്കുകയും ചെയ്യുന്ന ജനങ്ങൾ തിരുവത്താഴം എടുക്കുന്നു)...*അതിനാൽ ഒരു സ്ഥലവും* ശേഷിപ്പില്ല.
>
> ആർക്കാകുന്നു *ഇവൻ പരിജ്ഞാനം ഉപദേശിപ്പാൻ പോകുന്നതു?...*

ഇന്ന് നിങ്ങൾക്ക് പരിജ്ഞാനം പഠിപ്പിക്കാൻ കഴിയുന്നത് ആരെയാണ്?

109 ഇന്ന് എത്രപേർ ബില്ലി ഗ്രഹാമിനെ കേട്ടിട്ടുണ്ട്? അദ്ദേഹം പ്രസംഗിച്ചത് അതിമനോഹരമായ ഒരു പ്രസംഗമായിരുന്നു, ഒരു ജനത്തിന് എങ്ങനെ ഒരു നുണ വിശ്വസിക്കാനും ആ നുണയിൽ തുടരാനും കഴിയും കൂടാതെ—കൂടാതെ സ്വയം ന്യായീകരിക്കുകയും അവർ ചെയ്യുന്നത് എന്താണോ അത് ശരിയാണെന്ന് കരുതുകയും ചെയ്യുന്നു. അമേരിക്കക്കാരായ പൊതുജനങ്ങൾ അത് എടുക്കുന്നു, അദ്ദേഹം പറഞ്ഞു, എന്നിട്ട് പറയുന്നു, "ഒരു ബുദ്ധിമാൻ്റെ അരിപ്പയും, പുകവലിക്കുന്നവൻ്റെ പുകയിലച്ചുരുട്ടും," പിശാചിൻ്റെ നുണകളിൽ ഒന്ന് എടുത്ത്, അവനെ ഒരു വിഡ്ഢിയാക്കുന്നതിന് പകരം, അവൻ എന്തുതന്നെയായാലും, അത്തരമൊരു കാര്യം എടുത്തു പുകവലിക്കുകയും അവനെ തന്നെ ഒരു ബുദ്ധിമാനാക്കാൻ ശ്രമിക്കുന്നു. അത് പുകവലിക്കാൻ പോലും അവൻ ഒരു വിഡ്ഢിയാണ്, അത് തന്നെ...അത് മരണവും അർബുദവും മറ്റെല്ലാം കൊണ്ട് നിറഞ്ഞിരിക്കുമ്പോൾ, എന്നിട്ടും അവൻ അത് ശ്വാസകോശത്തിലേക്ക് വലിച്ചെടുക്കുന്നു. അവൻ ഒരു വിഡ്ഢിയാണ്. അല്ല ഒരു—അല്ല ഒരു—ഒരു ബുദ്ധിമാൻ്റെ അരിപ്പ, അങ്ങനെ യാതൊരു കാര്യവുമില്ല. ബുദ്ധിമാനായ ഒരു മനുഷ്യൻ അത്തരം സാധനങ്ങൾ ഉപയോഗിക്കില്ല.

110 "ഒയെർറ്റെലിൻറെ 92-ൽ ഇല്ലെങ്കിൽ പിന്നെ യാതൊരു ജീവിതമില്ല," അല്ലെങ്കിൽ അങ്ങനെ എന്തെങ്കിലും. ക്രിസ്തുവിന് പുറത്തായി യാതൊരു ജീവിതവുമില്ല, അതാണ് യഥാർത്ഥവും സത്യവുമായ ജീവിതം. സ്ത്രീകളെയും പുരുഷന്മാരെയും ഈ സാധനങ്ങൾ കുടിക്കാൻ പ്രേരിപ്പിക്കുന്നത് എന്താണ്? കാരണം അവർക്കവിടെ ഉള്ളിലുള്ള അവരുടെ ദാഹം തൃപ്തിപ്പെടുത്താൻ അവർ ശ്രമിക്കുന്നു, അവിടെ അത് ദൈവത്തിനു പിന്നാലെ ദാഹിക്കാൻ ദൈവം അവിടെ ഇട്ടതാകുന്നു, അവർ അതിനെ ലോകകാര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് നമുക്ക് അത്തരം കാര്യങ്ങൾ ഉള്ളത്. ജനങ്ങൾ ഇപ്രകാരം പെരുമാറുന്നതിൻറെ കാരണം അതുകൊണ്ടാണ്, എന്തുകൊണ്ടെന്നാൽ അവരുടെ ഉള്ളിൽ അവർക്ക് ദൈവത്തിനുവേണ്ടിയുള്ള ആ ദാഹം അവർ ശമിപ്പിക്കാൻ ശ്രമിക്കുന്നതാണ്, അപ്പോൾ പിശാച് അവർക്ക് ജീവന് പകരം മരണം നൽകുന്നു.

*...മേശകൾ ഒക്കെയും ഛർദ്ദി കൊണ്ടു നിറഞ്ഞിരിക്കുന്നു...*

111 പുരോഹിതന്മാരും, മറ്റെല്ലാവരും, അതിനെക്കുറിച്ച് സംസാരിക്കുന്നു, "അൽപ്പം വൃത്തിയായ ഒരു ചെറിയ നേരമ്പോക്ക് ആസ്വദിക്കുന്നതിൽ യാതൊന്നുമില്ല." അങ്ങനെ യാതൊരു

കാര്യവുമില്ല!

*ആർക്കാകുന്നു ഇവൻ പരിജ്ഞാനം ഉപദേശിപ്പാൻ പോകുന്നതു? കൂടാതെ ആരെ ആകുന്നു അവൻ പ്രസംഗം ഗ്രഹിപ്പിപ്പാൻ പോകുന്നതു? പാലുകുടി മാറിയവരെയോ, മുലകുടി വിട്ടവരെയോ.* (ഇപ്പോൾ നമ്മൾ ശിശുക്കളല്ല.)

*ചട്ടത്തിന്മേൽ ചട്ടം, ചട്ടത്തിന്മേൽ ചട്ടം; സൂത്രത്തിന്മേൽ സൂത്രം, സൂത്രത്തിന്മേൽ സൂത്രം; ഇവിടെ അല്പം, അവിടെ അല്പം:*

*കാരണം വിക്കിവിക്കി പറയുന്ന അധരങ്ങളാലും* അന്യഭാഷയിലും *അവൻ ഈ ജനത്തോടു സംസാരിക്കും.*

*ഇതാകുന്നു സ്വസ്ഥത, ഇതാകുന്നു*...(എന്താകുന്നു? ശബ്ബത്താ-ചരണം!)...*ക്ഷീണിച്ചിരിക്കുന്നവനു* അവിടെ *സ്വസ്ഥത കൊടുപ്പിൻ*...("അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും, എൻറെ അടുക്കൽ വരുവിൻ.") ...*ക്ഷീണിച്ചിരിക്കുന്നവനു സ്വസ്ഥത കൊടുപ്പിൻ; ഇതാകുന്നു* വിശ്രാമം എന്നു അവർ അവരോടു അരുളിച്ചെയ്തു: *എങ്കിലും കേൾപ്പാൻ അവർക്കു മനസ്സില്ലായിരുന്നു.*

112 എപ്പോഴാണ് അത് സംഭവിച്ചത്? എഴുനൂറ്റി പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം പെന്തക്കോസ്ത് നാളിൽ ജനങ്ങളുടെ മേൽ വിക്കി വിക്കി പറയുന്ന അധരങ്ങൾ വന്നപ്പോൾ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങുകയും, പരിശുദ്ധാത്മാവ് അവരുടെ ജീവിതങ്ങളെ എടുക്കുകയും, ലൗകിക കാര്യങ്ങളിൽ നിന്ന് അവരെ അവസാനിപ്പിക്കുകയും ചെയ്തു. അപ്പോൾ തുടർന്ന് അവർ ക്രിസ്തുവിനോടൊപ്പം ഒരു വിശ്രമത്തിൽ പ്രവേശിച്ചു. പൗലോസ് പറയുന്നു, എബ്രായർ 4 അധ്യായത്തിൽ, "അവൻറെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും ദൈവം തൻറെ പ്രവൃത്തികളിൽനിന്നു എന്നപോലെ തൻറെ എല്ലാ ലൌകീക പ്രവൃത്തികളിൽനിന്നു നിവൃത്തനായിത്തീർന്നു, ദൈവം തൻറെ വിശ്രമത്തിലേക്ക് പ്രവേശിച്ചു, നമ്മുടെ ലൗകിക പ്രവൃത്തികൾ കഴിയുന്നതിൽക്കൂടെ നാമും അവനോടൊപ്പം പ്രവേശിക്കുന്നു." അവിടെയാണ് നിങ്ങളുടെ യഥാർത്ഥവും, സത്യവുമായ ശബ്ബത്ത്.

113 അങ്ങനെ പൗലോസ് അതിലേക്കു പിടിക്കപ്പെട്ടിട്ട് ആ ശബത്തിൻ്റെ ആത്മാവിൽ ആയി, അതിനുശേഷം

പരിശുദ്ധാത്മാവിനാൽ കർത്തൃദിവസത്തിലേക്ക് അവിടെ നിന്നും മാറ്റപ്പെട്ടു.

114 എന്തുകൊണ്ടാണ് നമുക്ക് യുദ്ധങ്ങൾ ഉണ്ടാകുന്നത്? എന്തുകൊണ്ടാണ് നമുക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്? എന്തുകൊണ്ടാണ് രാഷ്ട്രം രാഷ്ട്രത്തിന് എതിരാകുന്നത്? ജീവൻ്റെ രാജകുമാരനായ, യേശു വന്നു, അവർ അവനെ കൊന്നുകളഞ്ഞു.

115 ഏതാനും ആഴ്ചകൾക്കുള്ളിൽ, അല്ലെങ്കിൽ ഇപ്പോൾത്തന്നെ, അവിടെ റെയിൻഡിയറുകളും സാന്താക്ലോസുകളും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ—കൂടാതെ ജിംഗിൾ മണികളും എല്ലാ രീതിയിലുമുള്ള ഈ കാര്യങ്ങളെല്ലാം തൂക്കിയിടുകയും ചെയ്യും, അത് വിഗ്രഹാരാധനയുടെ ചടങ്ങാണ്. ഇത് കത്തോലിക്കാ സഭയുടെ ഒരു ലേഖനമാണ്. ജനങ്ങൾ വലിയ വില കൊടുത്ത് സമ്മാനങ്ങളും അതുപോലുള്ള കാര്യങ്ങളും കൈമാറ്റം ചെയ്യുന്നു, വിഗ്രഹാരാധന! ക്രിസ്തുമസ് ഒരു ആരാധനയുടെ ദിവസമാകുന്നു.

116 ഒരുകാര്യം പറഞ്ഞാൽ, ക്രിസ്തു ഡിസംബർ ഇരുപത്തിയഞ്ചാം തീയതിയിൽ ജനിച്ചില്ല. അതിനു അവന് കഴിയില്ല. നിങ്ങൾ എപ്പോഴെങ്കിലും യഹൂദ്യയിൽ ആയിരുന്നിട്ടുണ്ടെങ്കിൽ, കുന്നുകൾ മഞ്ഞ് നിറഞ്ഞതായിരിക്കും, അത് ഇവിടെ ഉള്ളതിനേക്കാൾ മോശമാണ്. പ്രകൃതി എല്ലാം പൂത്തുവരുമ്പോൾ ഏപ്രിലിൽ ജനിച്ചു.

117 ഇപ്പോൾ, എന്നാൽ അത് അവരുടെ പാരമ്പര്യമാണ്. എന്തുകൊണ്ട്—എന്തുകൊണ്ട് നാം ഈ കാര്യങ്ങൾ ചെയ്യുന്നു? എന്തുകൊണ്ടാണെന്നാൽ, ദൈവ കൽപ്പനകൾക്കു പകരം മനുഷ്യരുടെ പാരമ്പര്യങ്ങളെ നാം പിന്തുടരുന്നതു കൊണ്ടാകുന്നു. അവർ...അത്തരത്തിലുള്ള ചില കാര്യങ്ങൾ അവർക്ക് പ്രശ്നമല്ല, എന്നാൽ അവർ അതിൽ നിന്ന് ഒരു വ്യവസായ ദിവസം ഉണ്ടാക്കുന്നു. ഇതൊരു അവമാനമാണ്, അത്തരം കാര്യങ്ങൾ ചെയ്യുന്നത് ലജ്ജാകരമായ ഒന്നാണ്. ഒരു വിഗ്രഹാരാധനയുടെ ചടങ്ങാകുന്നു! എപ്പോഴാണ് സാന്താക്ലോസിന് യേശുവുമായി എന്തെങ്കിലും ബന്ധമുണ്ടായത്? എപ്പോഴാണ് ഈസ്റ്റർ മുയൽ അല്ലെങ്കിൽ ഒരു കോഴിക്കുഞ്ഞ് അല്ലെങ്കിൽ...ഏതെങ്കിലും തരത്തിലുള്ള മഷിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കൊണ്ട് നിറമോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ചെറിയ വെളുത്ത മുയലിന് യേശുക്രിസ്തുവിൻ്റെ പുനരുത്ഥാനവുമായി എന്തെങ്കിലും ബന്ധമുണ്ടോ? നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ ഇപ്രകാരം വാണിജ്യ ലോകം...?

118 അതുകൊണ്ടാണ് അവർ ഈ ഓൾ റോക്ക്-ആൻഡ്-റോൾ പുസ്തകങ്ങളും വൃത്തികെട്ട ചിത്രങ്ങളും അശ്ലീലവും വിൽക്കുന്നത്,

അതുപോലുള്ള കാര്യങ്ങൾ, കാരണം ജനങ്ങളുടെ സ്വഭാവം അത്തരം അസംബന്ധങ്ങൾക്കായി കൊതിക്കുന്നതുകൊണ്ടാണ്. അതെന്തുകൊണ്ടാണെന്നാൽ ഹൃദയത്തിൽ എന്തോ കുഴപ്പം ഉള്ളതുകൊണ്ടാണ്, അവർ ഒരിക്കലും ദൈവത്തോടൊപ്പമുള്ള ആ സ്വസ്ഥതയിൽ പ്രവേശിക്കുകയും ഈ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തിട്ടില്ല. അവർ അതിലേക്ക് വരുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യുമ്പോൾ, അപ്പോൾ അവർ ലോകവും ലോകത്തിൻ്റെ കാര്യങ്ങളിൽ നിന്നും അവസാനിച്ച് കഴിഞ്ഞിരിക്കുന്നു.

119 ദൈവം അവനെ മാറ്റിക്കഴിഞ്ഞിരിക്കുന്നു. ഓ, പൗലോസിനെപ്പോലെ, ഇപ്പോൾ, മൂന്നാം സ്വർഗത്തിലേക്ക് കയറുകയും കാര്യങ്ങൾ കാണുകയും ചെയ്തുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ശരി, വിലയേറിയ ആ പരിശുദ്ധാത്മാവ് കുറച്ച് ആഴ്ചകൾ മുമ്പ് അത് ചെയ്തു, ഇവിടെ, എന്നെ അത് കാണാൻ ഇടയാക്കി...മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഞാൻ മരണത്തെ ഭയപ്പെട്ടിരുന്നു, എന്നാൽ പരിശുദ്ധാത്മാവ് എന്നെ അവിടേക്ക് വഹിച്ച് കൊണ്ടുപോയി അത് എന്തായിരുന്നുവെന്ന് എനിക്ക് കാണിച്ചുതന്നു. നിങ്ങൾ എൻ്റെ ആ സാക്ഷ്യം കേട്ടിട്ടുണ്ടാകുമല്ലോ. അതിനുശേഷം ഞാൻ തിരിച്ച് വരുമ്പോൾ, "അപ്പോൾ, മരണമേ നിൻ്റെ മുള്ളെവിടെ?" തിരശ്ശീലയ്ക്കപ്പുറത്ത് എന്താണെന്ന് കാണാൻ എന്നെ വഹിച്ചുകൊണ്ടുപോയി. നിങ്ങളോട് ഇത് പറയാൻ അവൻ എന്നെ തിരികെ വരാൻ അനുവദിച്ചിട്ട് ആ തിരശ്ശീലക്കപ്പുറത്ത് നമ്മൾ ഭൂതങ്ങളോ ആത്മാക്കളോ അല്ല, എന്നാൽ നമ്മൾ പുരുഷന്മാരും സ്ത്രീകളുമാകുന്നു, യൌവ്വനം, ഒരിക്കലും മരിക്കില്ല, ഒരിക്കലും രോഗികളാവില്ല, ആ തിരശ്ശീലക്കപ്പുറത്ത്. മരണത്തിന് നിങ്ങളെ നേരെ ആ സ്ഥലത്തേക്ക് വലിച്ച് കൊണ്ടുപോകുന്നതിനേക്കാൾ കൂടുതലായി നിങ്ങളോട് യാതൊന്നും ചെയ്യാൻ കഴിയില്ല.

120 ഇപ്പോൾ, യോഹന്നാൻ പത്മോസ് ദ്വീപിൽ നിന്ന്, ആത്മാവിൽ, കർത്തൃദിവസത്തിലേക്ക് വഹിക്കപ്പെട്ടു. ഇത് മനുഷ്യരുടെ ദിവസമാണ്, മനുഷ്യർ തമ്മിൽ യുദ്ധം ചെയ്യുന്നു, എന്നാൽ കർത്താവിൻ്റെ ദിവസം വരും അപ്പോൾ ഈ രാജ്യങ്ങൾ നമ്മുടെ കർത്താവിൻ്റെയും അവൻ്റെ ക്രിസ്തുവിൻ്റെയും രാജ്യങ്ങളായിത്തീരും, അതിനുശേഷം മഹത്തായ ആയിരമാണ്ട് വാഴ്ചക്കാലം ആയിത്തീരും. കർത്തൃദിവസം, അവൻ്റെ വരവിൻ്റെ ദിവസം, അവൻ്റെ ന്യായവിധി, അത് കർത്താവിൻ്റെ നാൾ ആയിരിക്കും.

121 ഇത് മനുഷ്യരുടെ കാലമാകുന്നു, അതുകൊണ്ടാണ് അവർ നിങ്ങളെ അധിക്ഷേപിക്കുകയും അവർക്ക് തോന്നിയതെല്ലാം നിങ്ങളോട് ചെയ്യുകയും ചെയ്യുന്നത്, എന്നാൽ ഒരു സമയം ഉണ്ടാകും...നിങ്ങളെ വിളിക്കും...നിങ്ങളെ അവർ ഇപ്പോൾ വിളിക്കും, "വിശുദ്ധ-ഉരുളുകാരൻ മതഭ്രാന്തൻ," എന്നാൽ ഒരു സമയം വരും, നോക്കൂ, അതായത് അവർ അത് ചെയ്യില്ല. അവർ നിലവിളിക്കുകയും വിലപിക്കുകയും നിങ്ങളുടെ കാൽക്കൽ വീഴുകയും ചെയ്യും. തിരുവെഴുത്തു പറയുന്നു, മലാഖി 4, നിങ്ങളുടെ കാലിൻ കീഴിൽ വെണ്ണീർ ആയിരിക്കുകൊണ്ടു നിങ്ങൾ അവരെ ചവിട്ടിക്കളയും; അവരുടെ വേരോ ശാഖയോ വിട്ടുകളയരുത്. കൃത്യമായും അതു തന്നെയാണ് തിരുവെഴുത്ത് പറയുന്നത്, "നീതിമാൻ ദുഷ്ടന്മാരുടെ ചാരത്തിന്മേൽ നടക്കും." അത് കൃത്യമായും ശരിയാണ്. അവരുടെ വേരോ ശാഖയോ അവശേഷിക്കില്ല, അവർക്ക് തിരികെ വരാൻ ഒന്നുമില്ല. അവ അവസാനിച്ചിരിക്കും. ഇപ്പോൾ ഇത് ഒരു മനുഷ്യൻ്റെ ദിവസമാണ് (മനുഷ്യൻ്റെ കാര്യങ്ങൾ, മനുഷ്യൻ്റെ പ്രവൃത്തികൾ, മനുഷ്യൻ്റെ സഭ, മനുഷ്യൻ്റെ ആശയങ്ങൾ), എന്നാൽ കർത്താവിൻ്റെ നാൾ വരുന്നു.

122 ഇപ്പോൾ, കർത്തൃദിവസത്തിൽ അവൻ ആത്മവിവശനായി. ശരി, കർത്തൃദിവസത്തിൽ അവൻ ആത്മാവിൽ ആയിരിക്കുമ്പോൾ ആദ്യം അവൻ കേട്ടത്...ഇപ്പോൾ നമുക്ക് പത്താം വാക്യം കിട്ടിയിരിക്കുന്നു:

> *...കർത്തൃദിവസത്തിൽ ആത്മവിവശനായി, എന്നിട്ട്* അവൻ *കേട്ടു...ഒരു നാദം, അതിപ്രകാരം കാഹളത്തിന്നൊത്ത...ഒരു മഹാനാദം കേട്ടു,*

123 നമുക്ക് ഒരു ഉപമയും വിടാതിരിക്കുന്നത്, ഇപ്പോൾ. നാളെ നമുക്കിത് എടുക്കേണ്ടി വന്നാൽ. നമുക്കിത് എടുക്കാൻ പറ്റും, നോക്കൂ. ആരെങ്കിലും സമയം ശ്രദ്ധിച്ചു കൊള്ളുക, അതിനാൽ എനിക്കിത് വൈകാതിരിക്കാൻ കഴിയും.

124 ശരി, ഇപ്പോൾ, "...കർത്തൃദിവസം ആത്മവിവശനായി." ഇപ്പോൾ ഓർക്കുക, നിങ്ങൾ ആദ്യം ചെയ്യേണ്ടത് എന്താണ്? ആത്മാവിൽ പ്രവേശിക്കുക. ഈ വെളിപ്പെടുത്തലുകൾ നിങ്ങൾക്ക് വരാൻ പോകുന്നത് എങ്ങനെയാണ്? ആത്മാവിൽ പ്രവേശിക്കുക. നിങ്ങൾക്ക് എപ്പോഴെങ്കിലും പരിശുദ്ധാത്മാവിനെ ലഭിക്കാൻ പോകുന്നത് എങ്ങനെയാണ്? ആത്മാവിൽ പ്രവേശിക്കുക. ആത്മാവിൽ പ്രവേശിക്കുക!

125 നിങ്ങൾ ഒരു പാപിയായിരുന്നപ്പോൾ നിങ്ങൾ ഒരു നൃത്തത്തിന് പോയി, അപ്പോൾ നിങ്ങൾ *ആ* ആത്മാവിൽ പ്രവേശിച്ചു. ഓ,

എൻറെ, നിങ്ങൾ കൈകൊട്ടാനും കാല് തട്ടാനും, ശബ്ദമുണ്ടാക്കാനും, നിങ്ങളുടെ തൊപ്പി തറയിൽ എറിയാനും തുടങ്ങി, അതോടൊപ്പം ചുറ്റും ചുറ്റുമായി കറങ്ങാനും, വിഡ്ഢിയായി നടിക്കാനും തുടങ്ങി. അപ്പോൾ നിങ്ങൾ അതിൻ്റെ ആത്മാവിലായിരുന്നു. നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ, ഒരു വ്യക്തി, ഒരു നൃത്ത ഭ്രാന്തൻ, ഒരു നൃത്തത്തിന് പോകുന്നു, പറയാം, "ശരി, നിങ്ങൾക്കെല്ലാവർക്കും ഒരു നല്ല സമയമാണെന്ന്, ഞാൻ കരുതുന്നു."

"ഓ!" അവർ പറയും. "നീ മതിലിൽ വളരുന്ന പുഷ്പ ചെടിയാകുന്നു, ഇവിടെ നിന്ന് പുറത്തു പോയ്ക്കൊള്ളുക!" നോക്കൂ?

126 ഒരു പന്ത് കളിയിൽ പോകുക, ആരെങ്കിലും ഒരു പന്ത് അടിക്കുകയോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും ചെയ്യട്ടെ, അവിടെ ഇരുന്നു അത് നോക്കുക, എന്നിട്ട് പറയൂ, "ശരി, അത് വളരെ നന്നായിരിക്കുന്നു എന്ന് തോന്നുന്നു." അല്ല, നിങ്ങൾ ഒരു പന്തുകളിയുടെ ഭ്രാന്തനായിരിക്കുകയില്ല, നിങ്ങൾ ഒരു യഥാർത്ഥ... നിങ്ങൾ ഒരു പന്തുകളിയുടെ ആവേശത്തിലായിരിക്കില്ല. ആരെങ്കിലും ഒരു ഗോളടിക്കുമ്പോൾ, നിങ്ങൾ എഴുന്നേറ്റിട്ട് ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കുന്നു, "ഹൂ! എൻറെ! ജയിച്ചിരിക്കുന്നു!" ആരുടെയെങ്കിലും തൊപ്പി അവൻ്റെ തലയിൽ *നിന്ന്,* തട്ടിയെടുക്കുന്നു അതിനെക്കുറിച്ച് ആരും ഒന്നും പറയുന്നില്ല.

127 അപ്പോൾ സഭയിൽ നിങ്ങൾ ആത്മാവിൽ ആകുമ്പോൾ, നിങ്ങൾ എഴുന്നേറ്റു ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കുന്നു, "സ്തോത്രം! ഹല്ലേലൂയാ! ദൈവത്തിനു സ്തുതിയായിരിക്കട്ടെ!"

ആരോ തിരിഞ്ഞിട്ടു പറയുന്നു, "വിശുദ്ധ-ഉരുളുകാരൻ." (ഓ, സഹോദരൻ വുഡ്...)

128 ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ പോകുകയാണ്. നമ്മൾ അത് ചെയ്യുന്നത് കൊണ്ട് വിശുദ്ധ-ഉരുളുകാർ ആണെങ്കിൽ, പിന്നെ അവർ അവിടെ *അശുദ്ധ*-ഉരുളുകാർ ആകുന്നു. ഒരു അശുദ്ധ-ഉരുളുകാരൻ ആകുന്നതിനേക്കാൾ ഞാൻ ഒരു വിശുദ്ധ- ഉരുളുകാരൻ ആകാൻ ആഗ്രഹിക്കുന്നു (നിങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നില്ലേ?) എൻറെ! തീർച്ചയായും! അശുദ്ധ-ഉരുളുകാർ.

129 ഇപ്പോൾ, അവൻ ആത്മാവിൽ ആയിരുന്നു. അവൻ ആത്മാവിൽ പ്രവേശിച്ചു, അതിനുശേഷം കാര്യങ്ങൾ സംഭവിക്കാൻ തുടങ്ങുന്നു. അങ്ങനെ അതിനുശേഷം അവൻ അതിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ, ഒരു കാഹളത്തിന്നൊത്ത നാദം കേട്ടു. ഇപ്പോൾ, കാഹളനാദം എല്ലായ്പ്പോഴും എന്തെങ്കിലും സമീപിക്കുന്നതിനെക്കുറിച്ച്

അറിയിക്കുന്നു. അതിപ്രകാരം നിങ്ങൾ വരുമ്പോൾ...ഒരു—ഒരു രാജാവ് വരുന്നു, അപ്പോൾ അവർ ഒരു കാഹളം മുഴക്കുന്നു. യേശുവിൻറെ വരവ് അടുത്തു വരുമ്പോൾ, അവൻ ഒരു കാഹളം മുഴക്കുന്നു. അതു ശരിയല്ലേ? യോസേഫ് പുറപ്പെട്ടപ്പോൾ അവർ ഒരു കാഹളം മുഴക്കിയിരുന്നു. ഇപ്പോൾ എന്തോ ഒരുകാര്യം കടന്നു വരുന്നു, യോഹന്നാൻ ആത്മാവിൽ ആയിട്ട്, അവൻ ഒരു കാഹളം കേട്ടു. അവൻ ഒരു കാഹളം കേട്ടു, അപ്പോൾ തന്നോടു സംസാരിച്ച നാദം എന്തു എന്നു കാണ്മാൻ അവൻ തിരിഞ്ഞു; അവൻ ആത്മാവിൽ പ്രവേശിച്ച ശേഷമായിരുന്നു.

130 ഒരുപക്ഷേ അവൻ നൃത്തം ചെയ്യുകയും ചാടുകയും ദ്വീപിന് ചുറ്റും ഓടുകയും ചെയ്തിരിക്കാം. അവന് ഒരു നല്ല സമയം ആസ്വദിക്കുകയായിരുന്നു, അവൻ ആത്മാവിൽ ആയിരുന്നു. അതിനാൽ, അവൻ...അത് ദൈവനിന്ദയായി തോന്നിയേക്കാം, എന്നാൽ ഞാൻ അത് ആ രീതിയിൽ അർത്ഥമാക്കുന്നില്ല, നോക്കു. അവനു കഴിയുമായിരുന്നു! അത്...ശരി, അവൻ അത് ചെയ്യുന്നുണ്ടായിരിക്കാം. ഞാൻ വിശ്വസിക്കുന്നു അവന് ആത്മാവിൽ ആയിരുന്നുകൊണ്ട് ഒരു നല്ല സമയം ആയിരുന്നു, ദൈവത്തെ സ്തുതിച്ചുകൊണ്ട് മാത്രം പോയിരുന്നു, കാരണം, കൃത്യമായും അത് തന്നെയാണ് ആദ്യം അവരുടെമേൽ ആത്മാവ് വീണപ്പോൾ സംഭവിച്ചത്. പരിശുദ്ധാത്മാവ് അവരുടെമേൽ വീണപ്പോൾ അവർ മദ്യപിച്ച സ്ത്രീപുരുഷന്മാരെപ്പോലെ വേച്ചു വേച്ചു നടന്നു, അവർ മദ്യപിച്ചിരിക്കുന്നതുപോലെ പെരുമാറുകയും, പുലമ്പുകയും ചെയ്തിരുന്നു. വിളിക്കുക-...ജനങ്ങൾ ഈ രീതിയിൽ അവരെക്കുറിച്ച് പറയുന്നത് വരെ അവർ ഇപ്രകാരം തുടരുകയും ചെയ്തു, "ഇവർ പുതുവീഞ്ഞ് കുടിച്ചവരാകുന്നു." ഈ രീതിയിലാണ് അവർ ആദ്യമായി പെരുമാറിയത്, അതുകൊണ്ട് ആ ആത്മാവ് വീണ്ടും വരുമ്പോൾ, അവൻ ഒരുപക്ഷേ അതേ രീതിയിൽ തന്നെ പെരുമാറിയിരിക്കണം. നോക്കു? ഇതിൽ പുതിയതായി ഒന്നുമില്ല—ഈ കാര്യം, ഇതൊരു *പഴയ-കാല* മതമാണ്. അതെ.

131 "കർത്തൃദിവസത്തിൽ ആത്മവിവശനായി." ഇപ്പോൾ, നമ്മൾ അത് കേൾക്കുന്നു. ഇനിയെന്താകുന്നു? ഇപ്പോൾ, അവൻ എന്തു ചെയ്യുകയായിരുന്നു? അവൻ ഇപ്പോൾ ദ്വീപിൽ നിന്ന്, ആത്മാവിൽ, കർത്തൃദിവസത്തിലേക്ക് മാറ്റപ്പെട്ടു. അവൻ കർത്തൃദിവസത്തിൽ എത്തിയ ഉടനെ ഒരു കാഹളം കേട്ടു. എന്താകുന്നു ഇത്? ഇത് ആരോ സമീപിക്കുന്നതാകുന്നു. ഒരു മഹാനായ ഒരുവൻ അടുത്തുവരുന്നു. കാഹളം മുഴങ്ങുന്നു, ആരോ വരുന്നു! അവൻ നോക്കി! ഹല്ലേലൂയാ!

കാഹളം:

*ഞാൻ അല്ഫയും ഒമേഗയും, ആദ്യനും അന്ത്യനും ആകുന്നു:...* (ഇത് രണ്ടാം കക്ഷിയുടെയോ മൂന്നാം കക്ഷിയുടെയോ പ്രഖ്യാപനമല്ല, മറിച്ച് ഒരേയൊരു കക്ഷി തന്നെ)...*ഞാൻ ആൽഫയും ഒമേഗയും* രണ്ടും *ആകുന്നു*...("ഞാൻ നിനക്ക് എന്തെങ്കിലും കാണിക്കുന്നതിന് മുമ്പ്, ഞാൻ ആരാകുന്നു എന്ന് നീ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു!")

132 എല്ലാ വെളിപാടുകളിലും വച്ചേറ്റവും മഹത്തായത് ദിവ്യത്വമാകുന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻ്റെ പരമോന്നത ദിവ്യത്വമാകുന്നു. നിങ്ങൾ അത് വിശ്വസിക്കുന്നതുവരെ നിങ്ങൾക്ക് അതിൻറെ ആദ്യത്തെ അടിസ്ഥാനത്തിൽ തന്നെ എത്താൻ കഴിയില്ല, പുറത്തുകടക്കുക...അതാണ് പത്രോസ് പറഞ്ഞത്, "മാനസാന്തരപ്പെടുക, അതിനുശേഷം ദിവ്യത്വം കാണുക. നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിൻ്റെ നാമത്തിൽ സ്നാനപ്പെടുക, അപ്പോൾ നിങ്ങൾ ആത്മാവിൽ പോകാൻ തയ്യാറാകുന്നു." നിങ്ങൾ ആദ്യമായി അറിയേണ്ടത് ക്രിസ്തുവിൻ്റെ ദിവ്യത്വമാകുന്നു. "ഞാൻ ആൽഫയും ഒമേഗയും ആകുന്നു! ഞാൻ എ മുതൽ ഇസഡ് വരെ ആകുന്നു, ഞാനല്ലാതെ മറ്റാരുമില്ല. ഞാൻ തുടക്കത്തിൽ ആയിരുന്നു, ഞാൻ അവസാനം ആയിരിക്കും. ഞാൻ ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായ സർവ്വശക്തനാകുന്നു." അതിനെ ഒന്ന് ചിന്തിക്കുക! അതാണ് കാഹളം പറഞ്ഞത്.

133 സൂക്ഷിക്കുക യോഹന്നാനെ! നീ ആത്മാവിൽ പ്രവേശിച്ചിരിക്കുന്നു, എന്തെങ്കിലും നിനക്ക് വെളിപ്പെടാൻ പോകുകയാണ്. എന്താകുന്നു ഇത്? ഒരു കാഹള ശബ്ദം, ഒന്നാമത്തെ കാര്യം, "ഞാൻ ആൽഫയും ഒമേഗയും ആകുന്നു." ഇത് എല്ലാ വെളിപാടുകളിലും ആദ്യത്തേത് ആകുന്നു. (ഓ, പാപി, കുമ്പിടുക, സമയം വൈകുന്നതിന് മുമ്പ് ഇപ്പോൾ തന്നെ മാനസാന്തരപ്പെടുക.) "ഞാൻ ആൽഫയും ഒമേഗയും ആകുന്നു." അതാകുന്നു അവൻ ആദ്യം അവനെ അറിയാൻ ഇടയാക്കിയത്, അവൻ ആരാകുന്നു. (ആരാണ് ഈ അടുത്തുവരുന്നത്? ഇത് യേശു രാജാവാണോ? രാജാവായ ദൈവമാണോ? രാജാവായ പരിശുദ്ധാത്മാവാണോ?) അവൻ പറഞ്ഞു, "ഞാൻ എല്ലാം ആകുന്നു! ഞാൻ എ മുതൽ ഇസഡ് വരെയാകുന്നു. ഞാൻ തുടക്കവും അവസാനവും ആകുന്നു. ഞാൻ അക്ഷയനും, നിത്യരാജാവും ആകുന്നു!"

134 കുറച്ച് കഴിഞ്ഞ് നമുക്ക് അവനെ അവൻ്റെ ഏഴു മടങ്ങായ

ശ്രേഷ്ഠ വ്യക്തിത്വത്തിൽ വീക്ഷിക്കാൻ കഴിയും, അപ്പോൾ അവൻ എന്താണെന്ന് കാണുക. "ഞാൻ തുടക്കവും അവസാനവും ആകുന്നു. ഞാൻ ആൽഫയും ഒമേഗയും ആദ്യവും അവസാനവും ആകുന്നു. ഒരു ആദി ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ടായിരുന്നു; അതിനുശേഷം ഇനിയും ഒരു അവസാനമില്ലായെങ്കിലും, ഞാൻ അപ്പോഴും അവിടെ ഉണ്ടാകും," മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആകുന്നു. "ആദ്യനും അന്ത്യനും!"

> *...നീ കാണുന്നതു, ഒരു പുസ്തകത്തിൽ എഴുതി, അത് അയക്കുക*...എന്ന *ആസ്യയിലെ ഏഴു സഭകൾക്കും അയക്കുക; എഫെസൊസ്,...സ്മൂർന്നാ,...പെർഗ്ഗമൊസ്,... തുയഥൈര,...സർദ്ദീസ്,...ഫിലദെൽഫ്യ,* പിന്നെ *ലവൊദിക്ക്യാ.*

135 ശരി, എല്ലാ വെളിപാടുകളിലും ആദ്യത്തേത് യേശുക്രിസ്തുവിൻ്റെ പരമോന്ന ദിവ്യത്വമാണ്. അവൻ ആരാകുന്നു എന്ന് ആ ശബ്ദം കേൾക്കുമ്പോൾ നിങ്ങൾ അറിഞ്ഞിരിക്കണം. ശരി, സീനായ് പർവ്വതത്തിൽ മുഴങ്ങിയ അതേ ശബ്ദം, രൂപാന്തരണ പർവ്വതത്തിൽ മുഴങ്ങിയ അതേ ശബ്ദം, അതെ ഒരുവൻ തന്നെ, "മനുഷ്യപുത്രനോടു സദൃശനായവൻ."

136 ഇപ്പോൾ ഈ അടുത്ത വാക്യത്തിൽ ശ്രദ്ധിക്കുക. ശരി:

> *എന്നെ കാണ്മാൻ ഞാൻ തിരിഞ്ഞു*...(ഇപ്പോൾ 12 ആം വാക്യം ആകുന്നു.)

137 നാം ഈ സഭകളുടെ കാര്യത്തെ ഒരു മിനിറ്റ് ഒരു മിനിട്ട് നേരത്തേക്ക് ഒറ്റയ്ക്ക് വിടുകയാണ്, കാരണം ഈ ആഴ്ച മുഴുവൻ നാം ഈ സഭകളുടെ കാര്യങ്ങളിലേക്കാണ് വരുന്നത്. നോക്കൂ, അതിനാൽ നാമിപ്പോൾ അത് കടന്നുപോകാൻ പോകുകയാണ്.

138 എന്നാൽ അവൻ പറഞ്ഞു, "ഈ...ഞാൻ നിനക്ക് കാണിച്ചു തന്ന ഈ സന്ദേശം അയയ്ക്കാൻ ഞാൻ നിന്നോട് നിർദ്ദേശിക്കാൻ പോകുകയാണ്." ആരാകുന്നു? "ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാൻ പരമോന്നതനാകുന്നു. ഞാൻ സർവ്വശക്തൻ ആകുന്നു. ഏഴ് സഭകളുടെ ഒരു സന്ദേശത്തെ ഞാൻ നിനക്ക് തരുന്നു എന്ന് നിന്നോട് പറയാൻ ഞാൻ വന്നിരിക്കുന്നു. നീ ഇത് എഴുതി എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു, എന്നിട്ട് ഇത് തയ്യാറാക്കുക." നോക്കൂ? "ഇത് ആസ്യയിലെ ഏഴ് സഭകൾക്കാകുന്നു." ഇപ്പോൾ, ഇതെല്ലാം ആ സമയത്ത് അവിടെയുണ്ടായിരുന്ന സഭകളായിട്ട് വരുവാനിരിക്കുന്ന

ഈ സഭാ യുഗങ്ങളെ പ്രതിനിധീകരിക്കുന്ന സ്വഭാവത്തോട് കൂടിയ സഭകളായിരുന്നു.

139 ഇപ്പോൾ:

> *എന്നോടു സംസാരിച്ച നാദം എന്തു എന്നു കാണ്മാൻ ഞാൻ* തിരിഞ്ഞു. *തിരിഞ്ഞപ്പോൾ, ഞാൻ ഏഴു പൊൻനിലവിളക്കുകളെ കണ്ടു;*

140 "ഏഴു പൊൻനിലവിളക്കുകൾ." ഇപ്പോൾ, അത്...കിംഗ് ജെയിംസ് പതിപ്പ് ആകുന്നു, നിങ്ങൾക്ക് അത് ഒരുപക്ഷേ സ്കോഫീൽഡ് അല്ലെങ്കിൽ—അല്ലെങ്കിൽ ഒരു തോംസൺ ചെയിൻ ആകാനിടയുണ്ട്, അല്ലെങ്കിൽ അവയിൽ ചിലത്, അവിടെ ശരിയായിരിക്കാൻ ഇടയില്ല. അത് നിലവിളക്കുകൾ എന്ന് പറയുന്നില്ല, വിളക്കുകൾ എന്ന് പറയുന്നു; വിളക്കുതണ്ടുകൾ, എനിക്ക് തോന്നുന്നത്, യഥാർത്ഥ പരിഭാഷയിൽ, ഉപയോഗിച്ചിരിക്കുന്ന ശരിയായ പദം അത് തന്നെയാണ്. നോക്കൂ, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ഏഴ് ഏഴു പൊൻനിലവിളക്കുകൾ ഏഴ് സഭകളായിരുന്നു. കുറച്ച് സമയം കഴിഞ്ഞ് അവൻ പറയുന്നു, ഈ സെ-...ഇവിടെ അതിൻറെ 20 ആം വാക്യത്തിലാകുന്നു, "എൻറെ വലങ്കയ്യിൽ കണ്ട ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു." അതുകൊണ്ട്, അത് ഒരു മെഴുകുതിരിയായിരുന്നെങ്കിൽ, അത് കത്തി എരിഞ്ഞു തീരും, കുറച്ച് സമയത്തിനുള്ളിൽ തന്നെ. എന്നാൽ ഇത് മെഴുകുതിരികളല്ല, ഒരു—ഒരു വിളക്കുതണ്ടാകുന്നു. അത് ഒരു നിലവിളക്ക് പോലെ നൽകുന്നു. "തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ... മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു."

141 ഇപ്പോൾ—ഇപ്പോൾ നോക്കൂ. മെഴുകുതിരി ഉടൻ കത്തി എരിയും, അത് അണഞ്ഞു പോകും, അതിൽ കൂടുതലൊന്നും അവിടെ ഉണ്ടാകില്ല, ഏതാനും മണിക്കൂറുകൾക്കുള്ളിൽ അത് കത്തി എരിഞ്ഞു പോകും. എന്നാൽ ഒരു വിളക്കുതണ്ട്, ഒരു വിളക്കുതണ്ട് ഇതു പോലെയാകുന്നു,...

142 ഇവിടെ, നമുക്ക്—നമുക്ക് ഇവിടെ ഒരു തിരുവെഴുത്ത് എടുക്കാം, നമുക്ക്—നമുക്ക് സെഖർയ്യാവു എടുക്കാം 4:1, അതിനുശേഷം നമുക്ക് ആവശ്യമുള്ളത് സെഖർയ്യാവിൽ നിന്ന് ഒരുപക്ഷെ ലഭിച്ചേക്കാനിടയുണ്ട്. സെഖർയ്യാവു 4:1, ഒരുപക്ഷേ ഇതിൽ നിന്നും നമുക്ക് സാധിച്ചേക്കാം ഇതിൽ—ഇതിൽ നിന്നും നമ്മൾ ആഗ്രഹിക്കുന്നത് ഒരുമിച്ച് കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് സെഫന്യായിൽ സെഖർയ്യാവിനെ കണ്ടെത്താൻ കഴിയുന്നില്ല, എനിക്ക് കഴിയുമോ? ശരി. ശരി. എൻറെ പഴയ വേദപുസ്തകം മിക്കവാറും ഉപയോഗിച്ചു പഴകിയിരിക്കുന്നു.

സെഖർയ്യാവ് 4:1, ഇപ്പോൾ ശ്രദ്ധിച്ച് കേൾക്കുക, നിങ്ങൾക്ക് ഇവിടെ മനോഹരമായ ഒരു ചിത്രം ലഭിക്കും:

*ദൂതൻ പിന്നെയും...*

143 ആ പ്രവാചകൻ, ഇപ്പോൾ, ക്രിസ്തുവിന് അഞ്ഞൂറ്റി പത്തൊമ്പത് വർഷങ്ങൾക്ക് മുമ്പായിരുന്നു:

*എന്നോടു സംസാരിക്കുന്ന ദൂതൻ പിന്നെയും വന്നു, എന്നെ ഉണർത്തി, ഉറക്കത്തിൽനിന്നു ഉണർത്തുന്നതു പോലെ* ഒരു *ഉറക്കത്തിൽ നിന്ന്*, (ഇപ്പോൾ പ്രവാചകൻ ഒരു ദർശനത്തിലാണ്.)

*എന്നിട്ട്* അവൻ *നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചു? ഞാൻ പറഞ്ഞു, ഞാൻ നോക്കുമ്പോൾ, ഇതാ ഒരു വിളക്കുതണ്ട്* (ഇപ്പോൾ, അതേ വാക്ക് പരിഭാഷ ചെയ്തിരിക്കുന്നു "വിളക്കുതണ്ട്.") *മുഴുവനും പൊന്നുകൊണ്ടുള്ളോരു, വിളക്കുതണ്ടും...അതിന്റെ തലെക്കൽ ഒരു കുടവും,* (അതായിരുന്നു വിളക്ക്.) *അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും:* (നോക്കു, അതേ സഭാ കാലഘട്ടം കടന്നു വരുന്നു. നോക്കൂ?)

*അതിന്നരികെ ഇങ്ങനെ രണ്ടു ഒലിവുമരവും,...*(ഇപ്പോൾ, ഏതുതരം ഒരു...വേദപുസ്തക കാലഘട്ടത്തിൽ അവർ ആ വിളക്കുകളിൽ എന്താണ് കത്തിച്ചത്? ആർക്കെങ്കിലും അറിയാമോ? എണ്ണ. ഏതുതരത്തിലുള്ള എണ്ണ? ഒലിവ് എണ്ണ.) *...രണ്ട് ഒലിവ് മരങ്ങൾ...*(എന്താകുന്നു ഇത്? പുതിയ നിയമവും പഴയ നിയമാവും ആകുന്നു; ഈ രണ്ടു കാര്യങ്ങളാണ് അതിനോട് ചേർന്ന് നിൽക്കുന്നത്.) *...ഒന്ന്* ആ *കുടത്തിന്റെ വലത്തുഭാഗത്തു ഒന്നും, ഇടത്തുഭാഗത്തു ഒന്നും ആയിരുന്നു.*

അപ്പോൾ *എന്നോടു സംസാരിക്കുന്ന ദൂതനോടു ഞാൻ, യജമാനനേ, ഇതു എന്താകുന്നു, എന്നു ചോദിച്ചു?*

അപ്പോൾ *എന്നോടു സംസാരിക്കുന്ന ദൂതൻ എന്നോടു, ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ—ഇത് എന്താകുന്നു? ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു.*

*അപ്പോൾ അവൻ എന്നോടു ഉത്തരം, പറഞ്ഞതെന്തെന്നാൽ, സെരുബ്ബാബേലിനോടുള്ള, യഹോവ* യുടെ *അരുളപ്പാടാവിതു, സൈന്യത്താൽ*

അല്ല, ശക്തിയാലും *അല്ല, എൻറെ ആത്മാവിനാലത്രേ, എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.* (അവൻ യെരുശലേമിനെ പുനഃസ്ഥാപിക്കും.)

144 ഇപ്പോൾ, വിളക്ക് തണ്ട് എന്താകുന്നു? അതൊരു നിലവിളക്കാകുന്നു. കൂടാതെ ശ്രദ്ധിക്കുക എത്ര മനോഹരമാകുന്നു. ഇവിടെ, അവൻ തിരിഞ്ഞപ്പോൾ, ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു, അതിൻറെ അർത്ഥം വരുവാനിരിക്കുന്ന ഏഴു സഭായുഗങ്ങൾ ആകുന്നു. ഓരോ കുഴലും, അല്ലെങ്കിൽ—അല്ലെങ്കിൽ വിളക്കുതണ്ടും, അതിൻറെ തലെക്കലുള്ള വലിയ എണ്ണയുടെ കുടവുമായി കൊളുത്തിയിരുന്നു. ഇതിൽ നിന്നും ഈ എണ്ണയിൽ ഒരു ചെറിയ വിചിത്രമായ ആകൃതിയിലുള്ള വിളക്കിലേക്ക് വരുന്നു അതിൽ ഒരു തിരി വെച്ചിരിക്കുകയും ഈ തിരി എണ്ണയിൽ മുങ്ങിക്കിടക്കുകയും ചെയ്യുന്നു. കഴിയുന്നിടത്തോളം...അവർ തണ്ടിൻ്റെ മുകളിൽ എണ്ണ ഒഴിച്ചു കൊടുക്കുന്നിടത്തോളം, അതിൻറെ മുഖ്യമായ വലിയ തണ്ടിനെ നിറക്കുന്നു, അതിൻറെ വലിയ ശാഖയും ഇതുപോലെ തണ്ടിലേക്ക് പോയിട്ട്, അത് ഇപ്രകാരമാകുന്നു. അതുകൊണ്ട് വിളക്കിൽ മുങ്ങി കിടക്കുന്ന തിരി, ഇത്—ഈ കുഴലിലേക്ക്...അതിനെ രാവും പകലും, കത്തുന്നതിന് ഇടയാക്കുന്നു. നിങ്ങൾക്ക് ഒരിക്കലും അത് പ്രകാശിപ്പിക്കേണ്ടതില്ല, അത് ഒരിക്കലും അണഞ്ഞുപോകുന്നില്ല; അവർ അതിൻറെ പ്രധാന കുഴലിലേക്ക് എണ്ണ ഒഴിച്ചുകൊണ്ടിരുന്നു. ഇങ്ങനെ പുറപ്പെടുന്ന ഈ നിലവിളക്കുകളുടെ മുകളിൽ വിളക്കുകൾ സ്ഥാപിച്ചിരുന്നു. വിളക്കിൽ നിന്നുള്ള തിരി നേരെ താഴോട്ടു ഇറങ്ങുന്നു, അതിൻ്റെ ജീവൻ ഇവിടെ നിന്നും അത് എടുക്കുന്നു. ഓ, ഇത് ഒരു മെഴുകുതിരിയിൽ നിന്ന് എത്ര വ്യത്യസ്തമായതാകുന്നു. എത്ര വ്യത്യസ്തമാകുന്നു! ഇതൊരു നിലവിളക്കാകുന്നു, അത് എണ്ണ അതിൽ നിന്നും വലിച്ചെടുക്കുന്നു.

145 ഇപ്പോൾ, ഈ നിലവിളക്കുകൾ, പഴയനിയമത്തിൽ ഈ നിലവിളക്കുകളിൽ ഉണ്ടായിരുന്ന തീ. അവർ ഒരു വിളക്ക് കത്തിക്കുമ്പോൾ, അവരുടെ കയ്യിലുള്ള അതേ തീ കൊണ്ട് അടുത്ത വിളക്ക് കത്തിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ ഒരു വിളക്ക് കത്തിച്ചു, എന്നിട്ട് അത് എടുത്ത് മറ്റേ വിളക്ക് കത്തിച്ചു, എന്നിട്ട് അത് വെച്ചു. എന്നിട്ട് ഈ വിളക്ക് കത്തിച്ചു, എന്നിട്ട് അവർ ആദ്യം തുടങ്ങിയ അതേ തീ കൊണ്ട്, ഈ വിളക്ക് കത്തിച്ചു. ഓ, ഇത് നിങ്ങളുടെ തലയ്ക്കു മേലെകൂടി പോകില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യനാകുന്നു," അതേ അഗ്നി

(പരിശുദ്ധാത്മാവാകുന്നു) ആ സഭകളിൽ ഓരോ സഭകളെയും ഇതുവരെയുള്ള കാലഘട്ടങ്ങളിൽ കൂടി പ്രകാശിപ്പിച്ചു.

146 യേശു പറയുന്നില്ലേ വിശുദ്ധ യോഹന്നാൻ 15, "ഞാൻ മുന്തിരിവള്ളിയും, നിങ്ങൾ കൊമ്പുകളുമാകുന്നു"? ഇപ്പോൾ, അവൻ പ്രധാന മുന്തിരിവള്ളിയാകുന്നു, നാം കൊമ്പുകളാകുന്നു. ഇപ്പോൾ കൊമ്പുകൾ സ്വയം ഫലം വഹിക്കുന്നില്ല...

147 [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]...അതായത് നിങ്ങൾക്ക് ഒരു ഓറഞ്ച് മരത്തെപ്പോലെ, ഒരു നാരകത്തെയും എടുക്കാം, നിങ്ങൾക്ക് അതിൻറെ ഒരു—ഒരു കൊമ്പ് എടുക്കാൻ കഴിയും—മുറിച്ച് എടുക്കാം, ശരി, ഞാൻ പറയാം, ഒരു മുന്തിരിപ്പഴത്തിൻറെ മരം, ഓറഞ്ച് മരത്തിൽ ഒരു ചെറിയ സ്ഥലം പിളർന്ന് അതിൽ ആ മുന്തിരിപ്പഴം ഇട്ടാൽ അത് വളരും. നിങ്ങൾ അവിടേക്ക് ചെന്ന് ഒരു നാരങ്ങയുടെ ശിഖരം എടുത്ത് ഒരു ഓറഞ്ച് മരത്തിൽ ഇടുക, അത് വളരും, അല്ലെങ്കിൽ ഒരു മാതളനാരകം, എടുക്കുക, അല്ലെങ്കിൽ, ഏതെങ്കിലും ഒരു ചെറു നാരകം, മധുര നാരങ്ങാ അല്ലെങ്കിൽ നാരങ്ങാ, അവയിൽ ഏതെങ്കിലും നാരകപ്പഴം എടുത്തു, അവയെ ഈ മരത്തിൽ ഇടുക, അപ്പോൾ അത് ആ ഓറഞ്ച് മരത്തിൻ്റെ ജീവനിൽ തഴച്ചുവളരും; എന്നാൽ അതിൽ ഓറഞ്ച് കായ്ക്കില്ല. അത് മുന്തിരിപ്പഴം കായ്ക്കും, മധുര നാരങ്ങാ കായ്ക്കും, നാരങ്ങകൾ കായ്ക്കും, എന്നാൽ അത് യഥാർത്ഥ മുന്തിരിവള്ളിയുടെ ജീവനിൽ നിന്ന് തഴച്ചുവളരുകയാണ്, എന്നാൽ ആ മുന്തിരിവള്ളി എപ്പോഴെങ്കിലും മറ്റൊരു മുന്തിരിവള്ളി പുറപ്പെടുവിച്ചാൽ...മറ്റൊരു ശാഖ, അത് അതിലുള്ള അതേ ജീവനായിരിക്കും കൊണ്ടുവരുന്നത്, അത് ഓറഞ്ച് കായ്ക്കും. കാരണം, തുടക്കത്തിൽ, അതിൻ്റെ വേരിൽ അതൊരു ഓറഞ്ച് മരമാകുന്നു, എന്നാൽ മറ്റുള്ളവക്ക് അത് നാരകം തന്നെ ആയിരിക്കുന്നിടത്തോളം അതിൽ നിന്ന് മറ്റുള്ളതിനും ജീവിക്കാൻ കഴിയും. എന്നാൽ അതിന് യഥാർത്ഥ ഫലം വഹിക്കാൻ കഴിയില്ല, കാരണം അത് യഥാർത്ഥമായതിൽ നിന്ന് അല്ല.

148 സഭയുടെ രീതി അപ്രകാരമാകുന്നു. അവർ മുന്തിരിവള്ളിയെ മുറിച്ചിട്ട് പ്രെസ്ബിറ്റീരിയൻകാരിലും, മെഥഡിസ്റ്റുകാരിലും, ബാപ്റ്റിസ്റ്റുകാരിലും, അങ്ങനെ ഇത്യാദി എല്ലാത്തിലും ഒട്ടിച്ചിരിക്കുന്നു. അത് ബാപ്റ്റിസ്റ്റ് ഫലവും, പ്രെസ്ബിറ്റേറിയൻ ഫലവും, മെത്തഡിസ്റ്റ് ഫലവും, പുറപ്പെടുവിക്കുന്നു, എന്നാൽ എപ്പോഴെങ്കിലും...ആ വൃക്ഷം മറ്റൊരു മുന്തിരിവള്ളി പുറപ്പെടുവിക്കുന്നുവെങ്കിൽ, അത് പെന്തക്കോസ്ത് നാളിൽ വന്ന അതേ തരത്തിലുള്ള മുന്തിരിവള്ളി തന്നെ ആയിരിക്കും: യഥാർത്ഥ മുന്തിരിവള്ളി! അത് അന്യഭാഷകളിൽ സംസാരിക്കുകയും

അതിന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൻ്റെ ശക്തിയും അടയാളങ്ങളും അതിൽ ഉണ്ടായിരിക്കുകയും ചെയ്യും. എന്തുകൊണ്ടാണ്? കാരണം, അത് നട്ടുപിടിപ്പിച്ച അതിൻറെ തന്നെ പ്രകൃതിവിഭവത്തിൽ നിന്നും അത് അഭിവൃദ്ധി പ്രാപിക്കുന്നു. യഥാർത്ഥത്തിൽ, അത് അതിൽ നട്ടുപിടിപ്പിച്ചതല്ല, അതിൽ ജനിച്ചതാകുന്നു! ദൈവത്തിനു സ്തുതിയായിരിക്കട്ടെ! ഓ, എൻ്റെ! അതിനെക്കുറിച്ചു അപ്പോൾ തന്നെ അത് ആലോചിച്ചില്ല.

149 നോക്കു, മറ്റുള്ളവയെല്ലാം അതിൽ ഒട്ടിച്ചിരിക്കുന്നു; അവർ അവയെ ഈ മരത്തിൽ ഒട്ടിക്കുന്നു, അതിനാൽ അവയെല്ലാം അവരുടേതായ ഫലം പുറപ്പെട്ടുവിക്കുന്നു. അവർക്ക് *ഇത്* എടുക്കാൻ കഴിയില്ല. അവർ *അതിൽ* വിശ്വസിക്കുന്നില്ല, കാരണം അവർക്ക് അതിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. എന്നാൽ, ആ മരത്തിൽ നിന്ന് പുറപ്പെടുന്ന അതേ ജീവനിൽ നിന്ന് തന്നെ അവ ജനിക്കുകയാണെങ്കിൽ, ആ ഒരേയൊരു കാര്യത്തിന് മാത്രമേ അത് വഹിക്കാൻ കഴിയുകയുള്ളൂ, അത് ആ യഥാർത്ഥ തണ്ടിൻ്റെ മൂല ജീവനാകുന്നു.

150 ഈ വിളക്കു തണ്ടുകൾ എല്ലാംകൂടി ഒരു വലിയ വലിയ കുടത്തിൽ ഉൾക്കൊള്ളുന്നു, ഒരു നല്ല വലിയ കുടം, കൂടെ ഒമ്പത് വ്യത്യസ്തമായ...അല്ലെങ്കിൽ ഏഴ് വ്യത്യസ്ത വിളക്കു തണ്ടുകൾ അതിൽ നിന്ന് പുറപ്പെടുന്നു. അങ്ങനെ അത് ചെയ്തപ്പോൾ, ആ വിളക്കുകൾ ഓരോന്നും അതിൻ്റെ ജീവൻറെ മുഖ്യ ഉത്ഭവത്തിൽ നിന്ന് ജീവൻ വലിച്ചെടുക്കുകയായിരുന്നു. അതിൻ്റെ വെളിച്ചം അതിലുണ്ടായിരുന്നതിൻറെ കാരണം അതിൻ്റെ തിരി ഈ പ്രധാന കുടത്തിൽ മുങ്ങി കിടന്നിരുന്നതുകൊണ്ടാണ്. ഓ, ആ ഏഴ് നക്ഷത്രങ്ങളിൽ ഒന്നിൻ്റെ എത്ര മനോഹരമായ ചിത്രം ആകുന്നു (അത് അതിനെ പ്രതിനിധീകരിക്കുന്നു) ഇവിടെ പരിശുദ്ധാത്മാവിനോടൊപ്പം അവൻറെ ജീവിതം അഗ്നിയിലായിരിക്കുന്നു. കൂടാതെ ഇത്...വിശ്വാസത്താൽ അവൻ പരിശുദ്ധാത്മാവിനാൽ ജ്വലിക്കുന്നു, അവൻ്റെ ജീവിതം ഒരു വിളക്കാകുന്നു, അല്ലെങ്കിൽ ഒരു മെഴുകുതിരിയല്ല, എന്നാൽ പരിശുദ്ധാത്മാവിൽ മുങ്ങിക്കിടക്കുന്ന ഒരു തിരി (ക്രിസ്തുവിലേക്ക്), ആ തിരിയിലൂടെ അവൻ തൻ്റെ സഭയ്ക്ക് വെളിച്ചം നൽകുന്നതിനായി ദൈവത്തിൻ്റെ ജീവിതം വലിച്ചെടുക്കുന്നു. ഓ, ഒരു യഥാർത്ഥ വിശ്വാസിയുടെ എന്തൊരു ചിത്രമാകുന്നു! അവൻ ഏതുതരം പ്രകാശമാണ് നൽകുന്നത്? ആദ്യത്തെ തിരി കത്തിച്ചപ്പോൾ ഉണ്ടായിരുന്ന അതേ തരത്തിലുള്ള വെളിച്ചം തന്നെയാകുന്നു.

151 ആദ്യത്തെ സഭായുഗം ആരംഭിച്ചപ്പോൾ, അത്

എഫേസോസിലായിരുന്നു. പൗലോസ് ആ സഭയുടെ ദൂതനായിരുന്നു, ആ നക്ഷത്രങ്ങളിൽ ഒരാളായിരുന്നു. അവിടെ ഏഴ് നക്ഷത്രങ്ങൾ ഉണ്ടായിരുന്നു, അതിൻറെ അർഥം ഏഴ് ദൂതന്മാരായിരുന്നു, ഏഴ് "സന്ദേശവാഹകർ." ഈ ആഴ്ച എനിക്ക് തിരുവെഴുത്തുകളും ചരിത്രവും എടുത്ത് ഓരോ ദൂതനിലും അവ ഓരോന്നും സത്യമാണെന്ന് നിങ്ങൾക്ക് തെളിയിക്കാനാകും, എല്ലാ ദൂതൻമാരുടേയും പക്കൽ ഒരേ പ്രകാശം തന്നെ ഉണ്ടായിരുന്നു. അത് ശരിയാണ്. അങ്ങനെ അതിനുശേഷം ഈ കാലഘട്ടങ്ങൾക്കിടയിൽ, ആ മഹാനായ വ്യക്തി വരാൻ പോകുന്നു.

152 ശ്രദ്ധിക്കുക, ഇപ്പോൾ അവർ എണ്ണയുടെ ഈ പ്രധാന കുടത്തിൽ നിന്നും വലിച്ചെടുക്കുന്നു, ആ വെളിച്ചം എന്നത്...ജീവിതം ക്രിസ്തുവിൽ മുങ്ങി കിടക്കുന്നു എന്നാകുന്നു. നിങ്ങൾ മരിച്ചിരിക്കുകയും, നിങ്ങളുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു...അല്ലെങ്കിൽ ക്രിസ്തുവിലൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും, പരിശുദ്ധാത്മാവിനാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു. നിങ്ങളെ അവിടെ നിന്ന് അകറ്റാൻ യാതൊരു വഴിയുമില്ല. നിങ്ങൾക്കത് എങ്ങനെ ചെയ്യാൻ കഴിയും? ആർക്കും നിങ്ങളെ കൈകടത്താൻ കഴിയില്ല. നിങ്ങളുടെ ജീവിതത്തിൻറെ ഒരറ്റം പരിശുദ്ധാത്മാവിനാൽ ജ്വലിക്കുന്നു; ഓ, കത്തുകയും, പ്രകാശം നൽകുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതത്തിൻ്റെ മറ്റേ അറ്റം എവിടെയാണ് മുങ്ങിയിരിക്കുന്നത്? ക്രിസ്തുവിലാകുന്നു. നിങ്ങൾ മരിച്ച് ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു, പരിശുദ്ധാത്മാവ്, അവിടെ നിങ്ങൾക്ക് കഴിയുന്നത് തടയുന്നു...പിശാചിന് നിങ്ങളെ തൊടാൻ കഴിയില്ല. ആമേൻ! അവന് വിസ്സ് എന്ന് ശബ്ദമുണ്ടാക്കാൻ കഴിയും. മരണത്തിന് പോലും നിങ്ങളെ സ്പർശിക്കാൻ കഴിയില്ല, "ഓ മരണമേ, നിൻ്റെ മുള്ള് എവിടെ? നിൻ്റെ വിജയം എവിടെ? നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്ക് വിജയം നൽകുന്ന ദൈവത്തിന് നന്ദി."

153 ഈ വാക്യത്തിൻ്റെ അവസാനം, നമുക്ക് ഇത് വായിക്കാം:

*ഞാൻ തിരിഞ്ഞപ്പോൾ, ഏഴു പൊൻനിലവിളക്കുകളെ കണ്ടു;*

*നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു* പൊൻകച്ച *കെട്ടിയവനായി മനുഷ്യപുത്രനോടു... സദൃശനായവനെയും കണ്ടു,...*

154 എൻറെ! നിങ്ങൾ ശ്രദ്ധിച്ചോ? നക്ഷത്രങ്ങൾ, നിലവിളക്കുകൾ, വിളക്കുകൾ. എന്താണ് ഇത് അർത്ഥമാക്കുന്നത്? ഇത് എന്താണ് അർത്ഥമാക്കുന്നത്? അതായത് നമ്മൾ ജീവിക്കുന്ന

കാലഘട്ടം രാത്രി സമയമാണ്, വിളക്കുകളും വെളിച്ചവും നക്ഷത്രങ്ങളും അർത്ഥമാക്കുന്നത് രാത്രിയാണ്. ഒരു നക്ഷത്രം എന്താണ് ചെയ്യുന്നത്? അത് സൂര്യൻ തിരികെ വരുന്നതുവരെ സൂര്യൻ്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്നു. കർത്താവിൻ്റെ നാമം വാഴ്ത്തപ്പെടട്ടെ! ദൈവത്തിൻ്റെ ഒരു യഥാർത്ഥ ശുശ്രൂഷകൻ എന്തെങ്കിലും മിന്നുന്ന വെളിച്ചമോ, എന്തെങ്കിലും തീപ്പെട്ടിക്കൊള്ളിയുടെ വെളിച്ചമോ, എന്തെങ്കിലും ചൂട്ടു കത്തിച്ച വെളിച്ചമോ പ്രതിഫലിപ്പിക്കുന്നില്ല; അവൻ ക്രിസ്തുവിൻ്റെ സുവർണ്ണ രശ്മികളെ സഭയിലേക്ക് പ്രതിഫലിപ്പിക്കുന്നു, അതായത് "അവൻ അനന്യനാണ്, അവൻ ജീവിച്ചിരിക്കുന്നു, അവൻ എൻറെ മേൽ പ്രകാശിക്കുന്നു." ആമേൻ! അവൻ പ്രതിഫലിപ്പിക്കുന്ന പ്രകാശം അതാകുന്നു. നക്ഷത്രം സൂര്യൻ്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്നു, നോക്കു, അതിനാൽ നമ്മൾ ദൈവപുത്രൻ്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്നു. അവൻ ചെയ്ത അതേ കാര്യം തന്നെ ചെയ്യുന്നു, വെളിച്ചം നൽകുന്നു. ഏതുതരം വെളിച്ചം? അവർക്ക് സുവിശേഷ വെളിച്ചം നൽകുന്നു.

155 ഈ പതിമൂന്നാം വാക്യത്തിൻ്റെ ബാക്കി ഭാഗം എടുക്കുമ്പോൾ നമുക്ക് അവനെ കുറച്ചുകൂടി ശ്രദ്ധിക്കാം:

> *വിളക്കുകളുടെ നടുവിൽ* (അത് നടുഭാഗം ആകുന്നു) *ഏഴു* പൊൻ *നിലവിളക്കുകളുടെ നടുവിൽ മനുഷ്യപുത്രനോടു... സദൃശനായവനെ കണ്ടു, നിലയങ്കി ധരിച്ചു മാറത്തു,* പൊൻകച്ച *കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു.*

156 ഇപ്പോൾ ഇവിടെ ഇതാ കർത്താവിൻ്റെ ദിവസമായിരിക്കെ ഈ ഉപദേശം കൂടുതൽ തെളിവുകളോട് കൂടി നേരെ ഇവിടെയായിരിക്കുന്നു. നിങ്ങൾ അവനെ ശ്രദ്ധിച്ചോ? ഈ സമയത്ത് അവൻ ഒരു പുരോഹിതനായിരുന്നില്ല, എന്നാൽ രാജാവുമായിരുന്നില്ല, അവൻ ഒരു ന്യായാധിപനായിരുന്നു. ശ്രദ്ധിക്കുക, ഒരു പുരോഹിതൻ, ഒരു മഹാപുരോഹിതൻ, അവൻ വിശുദ്ധമന്ദിരത്തിൽ പോകുമ്പോൾ, അല്ലെങ്കിൽ ശുശ്രൂഷയ്ക്കോ, സേവനത്തിനോ പ്രവേശിക്കുമ്പോൾ, അവൻ അരക്ക് ചുറ്റുമായി സ്വയം കെട്ടുന്നു. തൻറെ അരക്ക് ചുറ്റുമായി അരക്കെട്ട് കെട്ടുന്നത് അവൻ ശുസ്രൂഷയിലാകുന്നു എന്ന് അർത്ഥമാക്കുന്നു; ഒരിക്കലും അത് അവൻ്റെ തോളിൽ കെട്ടുന്നില്ല. എന്നാൽ ഇവിടെ അവൻ പുറത്തേക്ക് വരുന്നത്, നിലയങ്കി ധരിച്ചു മാറത്തു ചുറ്റുമായി കച്ച കെട്ടി, അവൻറെ തോളിൽ ഒരു പട്ടയുമായി വരുന്നു; മാറത്തു പൊൻകച്ച കെട്ടിയവനായി, മാറത്തു, ഒരു പൊൻകച്ച

കെട്ടി, ഉയർന്ന അരക്കെട്ടായിരുന്നു. എന്താകുന്നു ഇത്? ഒരു അഭിഭാഷകൻ, ഒരു ന്യായാധിപൻ ആകുന്നു. ഒരു ന്യാധിപൻ തൻറെ തോളിൽ ഒരു പട്ടുകച്ചയോട് കൂടി ഇവിടെ വരെ കെട്ടിയിട്ടു, ഒരു പുരോഹിതനെ പോലെ താഴേക്കല്ല കെട്ടിയിരിക്കുന്നത്. നോക്കു, അത് ഇപ്പോൾ അവൻ തൻ്റെ പൗരോഹിത്യത്തിൽ ആയിരുന്നില്ല എന്ന് കാണിക്കുന്നു, യോഹന്നാൻ കർത്തൃദിവസത്തോളം വരെ പോയിട്ട് അവനെ ഒരു ന്യായാധിപനായി വരുന്നത് കണ്ടു.

157 അവൻ ഒരു ന്യായാധിപനായി നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നമുക്ക് വിശുദ്ധ യോഹന്നാൻ 5:22, എളുപ്പത്തിൽ വായിക്കാം, അവൻ ന്യായാധിപനാണോ അല്ലയോ എന്ന് നമുക്ക് നോക്കാം. വിശുദ്ധ യോഹന്നാൻ 5:22:

> *കാരണം പിതാവു ആരെയും* ന്യായം വിധിക്കാതെ, *ന്യായവിധി* എല്ലാം *പുത്രനു കൊടുത്തിരിക്കുന്നു:*

158 അതു ശരിയല്ലേ? അവൻ ന്യായാധിപനാകുന്നു, പരമോന്ന ന്യായാധിപൻ. കൂടാതെ യോഹന്നാൻ അതിനെ കാണിക്കുന്നതുപോലെ അതായത് അവൻ തൻ്റെ പ്രവചനത്തിൻ്റെ നാളിൽ, ഒരു പ്രവാചകനെ പോലെ ആയിരുന്നില്ല, അതുമല്ല അവൻ രാജാവായി വരുവാനിരിക്കുന്ന തൻറെ രാജത്വത്തിൻ്റെ നാളുകളിലുമായിരുന്നില്ല, എന്നാൽ അവൻ കർത്തൃദിവസത്തിൽ ഒരു ന്യായാധിപനായിരുന്നു. ഇപ്പോൾ, അതായത് പുരോഹിതൻ്റെ അരക്കെട്ടും, അവൻറെ അരയിൽ ചുറ്റുമായി കെട്ടിയിരിക്കുന്ന ചരടും അവൻ സേവനത്തിലാകുന്നു എന്ന് അർത്ഥമാക്കുന്നുവെന്ന് എത്രപേർക്ക് അറിയാം? നിയമങ്ങൾ വായിക്കുന്ന, പഴയ നിയമം അറിയുന്ന ഏതൊരു വ്യക്തിക്കും, അത് അറിയാം. ഒരു പുരോഹിതൻ ഇവിടെ അരക്കെട്ട് ധരിക്കുമ്പോൾ, അവൻ സേവനത്തിലാകുന്നു, അവൻ ഒരു ദാസനാകുന്നു. എന്നാൽ ഇവിടെ അവൻ കച്ചകെട്ടി, ഒരു ന്യായാധിപനായിരുന്നു.

159 നമുക്ക് കുറച്ചുകൂടി മുമ്പോട്ട് വായിക്കാം:

> *...ഒരു പൊൻകച്ച കെട്ടി...*യവനായി*...മാറത്തു...*

160 അത് ശരിയാണ്, ചുറ്റുമായി മേലെ *ഇവിടെ*, അവൻ ന്യായാധിപനായിരുന്നു.

ഇപ്പോൾ നാം അവൻ്റെ വ്യക്തിത്വത്തിൻറെ എഴുമടങ്ങായ മഹത്വത്തെക്കുറിച്ച് വായിക്കാൻ പോകുകയാണ്. ഓ, എൻ്റെ! ഞാൻ ഇതിലേക്ക് എത്തുന്നതിന് മുമ്പ് തന്നേ ഇതെന്നെ ഒച്ച വെക്കുന്നതിന് ഇടയാക്കുന്നു. [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.]

ശ്രദ്ധിക്കുക! ഓ, ഇത് വളരെ അത്ഭുതകരമായ കാര്യമാകുന്നു. ശ്രദ്ധിക്കുക:

> കൂടാതെ *അവൻറെ തലയും...*

161 ഇപ്പോൾ ശ്രദ്ധിക്കുക, അവൻറെ ഏഴ് കാര്യങ്ങളാണ്, ഇവിടെ അവൻ പരാമർശിക്കുന്നത്: അവൻ്റെ തല, അവൻ്റെ തലമുടി, അവൻ്റെ കണ്ണുകൾ, അവൻ്റെ കാൽ, അവൻ്റെ ശബ്ദം, അങ്ങനെ ഏഴു കാര്യങ്ങൾ അവൻ ഇവിടെ പരാമർശിച്ചിരിക്കുന്നു, യേശുക്രിസ്തുവിൻ്റെ ഏഴുമടങ്ങായ മഹത്വം. ഞാനത് വായിക്കട്ടെ:

> *അവൻറെ തലയും അവൻറെ* തലമുടിയും *വെളുത്ത* പഞ്ഞി *പോലെ, ഹിമത്തോളം വെള്ളയും;...അവൻറെ കണ്ണു...ഒരു* അഗ്നി *ജ്വാലെക്കു ഒത്തതും;*
>
> *...അവൻറെ കാൽ...ഉലയിൽ,* ചുട്ടു പഴുപ്പിച്ച *വെള്ളോട്ടി*ന്നു *സദൃശവും; അവൻറെ ശബ്ദം...പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും ആയിരുന്നു.*
>
> *കൂടാതെ* അവൻറെ...*വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ടു; അവൻറെ വായിൽ* നിന്നു *മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെട്ടുന്നു; അവൻറെ മുഖം സൂര്യൻ ശക്തി* യോടെ *പ്രകാശിക്കുന്നതു* പോലെ *ആയിരുന്നു.*

162 എന്തൊരു ദർശനം! അവൻ ഇവിടെ എന്താണ് കണ്ടത്? മഹത്ത്വീകരിക്കപ്പെട്ട ദൈവപുത്രൻ, ഒരു പ്രതീകം. ഇപ്പോൾ, നമുക്ക്—നമുക്ക് ഇപ്പോൾ തയ്യാറാകാം.

163 ഓ, എൻ്റെ, ഞാൻ കരുതി അത് ഒമ്പതായിരുന്നു, ഇത് എട്ട് മാത്രമാകുന്നു. ഞാൻ ഇതുവരെ തുടങ്ങിയിട്ടില്ല. ശരി. അത് കൊള്ളാമായിരിക്കുന്നു. ഇപ്പോൾ, ക്ഷമിക്കണം, ഈ സഹോദരന്മാർ എഴുന്നേറ്റു നിൽക്കുകയാണ്, അവർ നിൽക്കുന്നത് കാണുന്നത് എന്നെ മാനസികമായി ബാധിക്കുന്നു, നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ, കാരണം അവരുടെ കാലുകൾ വേദനിക്കുന്നുണ്ടെന്ന് എനിക്കറിയാം. എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്ന ഒരു വഴിയുണ്ടായിരുന്നെങ്കിൽ, സഹോദരന്മാരെ, ഞാൻ തീർച്ചയായും അത് ചെയ്യും. ഇപ്പോൾ, നിങ്ങൾ ഇത് മനസ്സിലാക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. അതുകൊണ്ട് കുറച്ചു നേരം നിൽക്കുക ദൈവം സമൃദ്ധമായി നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ, അതാണ് എൻ്റെ പ്രാർത്ഥന.

164 ഇപ്പോൾ—ഇപ്പോൾ ശ്രദ്ധിക്കുക, ആദ്യമായിട്ട്, ഇപ്പോൾ നമ്മൾ ശ്രദ്ധിക്കുന്നു, അവൻറെ തലയും തലമുടിയും വെളുത്ത

പഞ്ഞിപോലെ ആയിരുന്നു. അവൻറെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ആയിരുന്നു. ഇപ്പോൾ, അതിൻറെ അർത്ഥം അവന് പ്രായമായി എന്നല്ല, അതാണ് ഇത് ചെയ്തത്. അതിന്റെ കാരണം അതായിരുന്നില്ല. ഇത് ചെയ്യുന്നതിനു അവന് പ്രായമായിട്ടില്ല എന്നതല്ലായിരുന്നു. അവൻ...അത് എന്തുകൊണ്ടായിരുന്നു എന്ന് വച്ചാൽ അത് അവൻറെ അനുഭവവും യോഗ്യതയും അവന്റെ ജ്ഞാനവും ആയിരുന്നു. കാരണം അവൻ നിത്യനാകുന്നു, നിത്യതയ്ക്ക് പ്രായമാകുന്നില്ല. നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

165 ആദ്യം നമുക്ക് ഇതിലേക്ക് തിരിക്കാം, നമുക്ക്—നമുക്ക് അവനെ ഇവിടെ ഇതുപോലെ ചിത്രീകരിക്കാം, എന്നിട്ട് അവൻ എന്താകുന്നുവെന്ന് നമുക്ക് കണ്ടുപിടിക്കാം. ഇപ്പോൾ, നമുക്ക് ദാനിയേലിലേക്ക് തിരിക്കാം 7:9, ഒരു നിമിഷത്തേക്ക്, ദാനിയേലിൽ അവൻ വരുന്ന അതേ ചിത്രം നിങ്ങൾ കാണുന്നു...അവിടെ നിങ്ങൾ അവനെ പുരാതന കാലത്ത് കാണുന്നു. മിക്കവാറും എല്ലാവര്ക്കും, വേദപുസ്തക പണ്ഡിതന്മാർക്കും, നമ്മൾ ഇപ്പോൾ എവിടേക്കാണ് മുന്നേറിക്കൊണ്ടിരിക്കുന്നതെന്ന് കൃത്യമായി അറിയാം. ദാനിയേൽ 7, അതിൻറെ 9 ആം വാക്യം; ഞാൻ അതിൻറെ 8 തൊട്ട് തുടങ്ങുന്നു:

> ഞാൻ *ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ* അവയുടെ, *ഇടയിൽ, ഇതാ, മറ്റൊരു ചെറിയ കൊമ്പു മുളെച്ചുവന്നു, അതിനാൽ—അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി: കൂടാതെ, ഇതാ, ഈ കൊമ്പിൽ* അവിടെ *മനുഷ്യൻറെ കണ്ണു പോലെ...* ഒരു *കണ്ണും, വമ്പു പറയുന്ന വായും ഉണ്ടായിരുന്നു.*
>
> അങ്ങനെ *ഞാൻ നോക്കിക്കൊണ്ടിരിക്കെ* അപ്പോൾ *അവർ ന്യായാസനങ്ങളെ വെച്ചു...*

166 ഇപ്പോൾ ശ്രദ്ധിക്കുക. ശ്രദ്ധിച്ചു കേൾക്കുക, ഇപ്പോൾ. പിന്നിലായി ഞാൻ പറയുന്നത് കേൾക്കുന്നുണ്ടോ? പറയൂ "ആമേൻ," നിങ്ങൾക്ക് കഴിയുമെങ്കിൽ. പിന്നിലായിരിക്കുന്ന എൻറെ ഭാര്യയോട് ഞാൻ ചോദിച്ചിരുന്നു. ഞാൻ വിചാരിക്കുന്നു ഇവിടെയുള്ള ഈ മൈക്ക്... അത് കൂടുതൽ ഒച്ചയുള്ളതാകുന്നു, അത് ശരിയല്ലേ? ഇപ്പോൾ, ഞാൻ വളരെ ശക്തമായി ഒച്ചയെടുത്ത് പറയുന്നു, എന്ന് ഞാൻ ഊഹിക്കുന്നു, അത് ഇതിലാകുന്നു.

167 ശരി, ഇപ്പോൾ ദാനിയേൽ 7:9:

> ഞാൻ *നോക്കിക്കൊണ്ടിരിക്കെ* അവർ *ന്യായാസനങ്ങളെ വെച്ചു, വയോധികനായ ഒരുത്തൻ ഇരുന്നു, അവൻറെ,*

*വസ്ത്രം ഹിമം പോലെ വെളുത്തതും, അവൻറെ തലമുടി നിർമ്മലം ആയ ആട്ടു...രോമംപോലെയും ആയിരുന്നു:* (വയോധികനായവൻ) *അവൻറെ സിംഹാസനം* ഒരു *അഗ്നിജ്വാലയും, അവൻറെ രഥചക്രങ്ങൾ* കത്തുന്ന *തീയും ആയിരുന്നു.*

ഒരു *അഗ്നി—അഗ്നി* നദി *അവൻറെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി:* കൂടാതെ ആയിരമായിരം *ആയിരമായിരം പേർ അവന്നു ശുശ്രൂഷചെയ്തു,* പതി...*നായിരം പതിനായിരം പേർ അവൻറെ മുമ്പാകെ നിന്നു:* അപ്പോൾ *ന്യായവിസ്താരസഭ ഇരുന്നു, പുസ്തകങ്ങൾ തുറന്നു.*

168 "വെള്ള മുടി!" എല്ലാവർക്കും...അത് പുരാതന കാലത്തെ പഴയ ന്യായാധിപന്മാർ ആയിരുന്നുവെന്നു ഏതൊരു വ്യക്തിക്കും അറിയാം. അതിപ്രകാരം ഇംഗ്ലീഷുകാരായ ന്യായാധിപന്മാർ പഞ്ഞിപോലെ വെളുത്ത-കൃത്രിമ കേശം ധരിക്കുന്നതു പോലെയാകുന്നു. അത് എത്ര പേർ ഓർക്കുന്നുണ്ട്? പഴയ കാലത്തെ പുരാതന ന്യായാധിപന്മാർ വെളുത്ത കൃത്രിമ കേശം ധരിച്ചിരുന്നു കാരണം അവർ അങ്ങനെ... അവൻ ഇതാ ഇവിടെയാകുന്നു, കർത്തൃദിവസത്തിൽ യോഹന്നാൻ ആയിരിക്കുമ്പോൾ, അവൻ അവനെ ന്യായാധിപനായി കണ്ടിരുന്നു എന്ന് വീണ്ടും കാണിക്കുകയാകുന്നു. ആമേൻ! ഒരു പുരോഹിതനായിട്ടല്ല, രാജാവായിട്ടല്ല, ഒരു പ്രവാചകനായിട്ടല്ല, എന്നാൽ ന്യായാധിപനായിട്ട് ആയിരുന്നു. പിതാവു (ഇത് വിശുദ്ധ യോഹന്നാൻ 5:22) ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു. അങ്ങനെ അവൻ ഇപ്പോൾ രാജ്യങ്ങളെ വിധിക്കാൻ വരുന്ന ന്യായാധിപൻ ആകുന്നു. ഓ നിങ്ങൾ അവനെ അങ്ങനെ കാണുമ്പോഴുള്ള ആ ദിവസം! അവൻറെ തലമുടി മഞ്ഞുപോലെ വെളുത്തതായിരുന്നു, അവൻ പുരാതന കാലത്ത് വരുന്നത് ദാനിയേൽ കണ്ടിരുന്നു. ഇവ രണ്ടും കൂടി കലർന്ന് ചേരുന്നത് അവനെ ശ്രദ്ധിക്കുക. ശരി:

...അപ്പോൾ *ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു.*

ഞാൻ *അന്നേരം നോക്കി കാരണം*...ഞാൻ *കൊമ്പു സംസാരിച്ച വലിയ—വലിയ വാക്കുകളുടെ ശബ്ദംനിമിത്തം ഞാൻ അന്നേരം നോക്കി*...(ഇല്ല, എനിക്ക് തെറ്റായ സ്ഥലമാണ് ലഭിച്ചത്, എനിക്ക് അല്ലേ?)

169 ദാനിയേൽ 7:9, അതെ, ഇതാ ഞങ്ങൾ ഇവിടെയാകുന്നു:

*...അവൻറെ രഥചക്രങ്ങൾ...*

ഒരു *അഗ്നിനദി അവൻറെ മുമ്പിൽ* നിന്നു പുറപ്പെട്ടു*...നിന്നു... ഒഴുകി:* ആയിരമായിരം *പേർ അവന്നു* വരുകയും *ശുശ്രൂഷയും ചെയ്തു...*

അപ്പോൾ *കൊമ്പു സംസാരിച്ച വലിയ വാക്കുകളുടെ ശബ്ദംനിമിത്തം ഞാൻ അന്നേരം നോക്കി:* ഞാൻ *നോക്കിക്കൊണ്ടിരുന്നു* അവർ *മൃഗത്തെ കൊല്ലുകയും, അതിൻറെ ഉടലിനെ* നശിപ്പിച്ച *തീയിൽ ഇട്ടു ചുട്ടുകളകയും, ചെയ്യുവോളം ഞാൻ—ഞാൻ നോക്കി* കൊണ്ടിരുന്നു. (അതെ)

*ശേഷം മൃഗങ്ങളോ, അവയുടെ* എല്ലാം *ആധിപത്യത്തിന്നു നീക്കം ഭവിച്ചു:* (അതു എല്ലാവിധ വിജാതീയ ശക്തികളും രാജത്വങ്ങളും വീഴുന്നതാകുന്നു) *എന്നിട്ടും അവരുടെ ജീവിതം ഒരു ഋതുവും സമയവും നീണ്ടുനിന്നു.*

പിന്നെ *ഞാൻ രാത്രി ദർശനങ്ങളിൽ*, ദർശനങ്ങളിൽ, *അപ്പോൾ ഇതാ, മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ* വരുന്നത്*...ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു*,...(ഇന്ന് രാവിലെ നാം എങ്ങനെയാണ് അവൻ വരുന്നത് കണ്ടത്, 3-ആം വാക്യത്തിൽ? മനുഷ്യപുത്രൻ, ആകാശത്തിലെ മേഘങ്ങളിൽ വരുന്നു.) *...സദൃശനായ* പുത്രനോട് *മനുഷ്യപുത്രനോടു സദൃശനായ* ഒരുത്തൻ *ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു,* അവൻ *വയോധികൻറെ അടുക്കൽ ചെന്നു, അവർ അവനെ അവൻറെ* മുമ്പിൽ *അടുത്തുവരുമാറാക്കി.*

*സകലവംശങ്ങളും ജാതികളും* ഓരോ *ഭാഷക്കാരും, അവനെ സേവിക്കേണ്ടതിന്നു,* അവന്നു *ആധിപത്യവും,... കൂടാതെ മഹത്വവും, രാജത്വവും ലഭിച്ചു:* ഈ *അവൻറെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും, അവൻറെ രാജത്വം* അവൻറെ*...രാജത്വം നശിച്ചുപോകാത്തതും ആകുന്നു.*

170 ആട്ടുരോമംപോലെ തലമുടി നിർമ്മലമായ വയോധികൻറെ കാലത്തിലേക്ക് വരൂ. യോഹന്നാൻ തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ മനുഷ്യപുത്രനോടു സദൃശനായവനെ കണ്ടു, വെളുത്ത പഞ്ഞിപോലെ തലമുടിയോട് കൂടി, അത് ന്യായാധിപനാകുന്നു! അവൻ പൊൻകച്ച അരക്ക്

കേട്ടിയിരുന്നില്ല, എന്നാൽ മാറത്ത് പൊൻകച്ച കെട്ടിയവനായിരുന്നു, ഇവിടെ അവൻ, ഒരു ന്യായാധിപനാകുന്നു! തൻ്റെ തോളിൽ ന്യായാധിപൻറെ പൊൻകച്ച ഇട്ടുകൊണ്ട്, അവൻ ഒരു പൊൻകച്ചയുമായി നിന്നു, അത് ശുദ്ധമായ, പരിശുദ്ധിയോടു കൂടിയ, നേർമയായ, പൊൻകച്ച അവൻ്റെ നീതിയെ ഉയർത്തി കാണിക്കുന്നു. അവനെ മറച്ചിരുന്നു! ! അവൻറെ നിലയങ്കി കാലുവരെ അവൻ മൂടിയിരുന്നു. അവൻ്റെ വ്യക്തിത്വത്തിൻ്റെയും മഹത്വത്തിൻ്റെയും ഏഴ് മടങ്ങായ വെളിപ്പെടുത്തൽ ശ്രദ്ധിക്കുക.

171 ഇപ്പോൾ, ഞാൻ കരുതുന്നു, 14 ആം വാക്യം:

> *അവൻറെ തലയും...അവൻറെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയുമായിരുന്നു; അവൻറെ കണ്ണുകൾ...*അഗ്നിജ്വാലെക്കു *ഒത്തതും ആയിരുന്നു;*

172 അവൻറെ തലയും, തലമുടിയും; "അവൻറെ കണ്ണുകൾ അഗ്നിജ്വാലെക്കു ഒത്തതും ആയിരുന്നു." ഇത് ഒന്ന് ചിന്തിക്കുക! ഒരു കാലത്ത് മനുഷ്യൻ്റെ കണ്ണുനീർ കൊണ്ട് മങ്ങിയ ആ കണ്ണുകൾ, ഇപ്പോൾ അഗ്നിജ്വാലയായി മാറിയിരിക്കുന്നു. കോപത്തിൽ അവൻ ഒരു കോപാകുലനായ ന്യായാധിപനായി അവിടെ നിൽക്കുന്നു. എന്തുകൊണ്ടാണ് നിങ്ങൾ അവനെ നിരസിച്ചത്? ഓ, പാപിയായ മനുഷ്യാ, ഇത് ഒന്ന് ചിന്തിക്കുക! ശീതോഷ്ണവാനായ സഭയിലെ അംഗമേ, ഇതൊന്ന് ചിന്തിക്കുക! കത്തോലിക്കർ, ബാപ്റ്റിസ്റ്റ്കാർ, പ്രെസ്ബിറ്റേറിയൻകാർ, പെന്തക്കോസ്തുകാർ ഇതൊന്ന് ചിന്തിക്കുക! കത്തോലിക്കരെ, ഇതൊന്ന് ചിന്തിക്കുക! നിങ്ങളുടെ കന്യകയായ മറിയാമിനും പെന്തക്കോസ്തുവരെ ചെന്ന് പരിശുദ്ധാത്മാവിനെ സ്വീകരിക്കണമായിരുന്നു, എന്നിട്ട് ഒരു മദ്യപിച്ച സ്ത്രീയെപ്പോലെ വേച്ചു വേച്ചു നടക്കുകയും പെരുമാറുകയും ചെയ്തിരുന്നു. സ്വർഗത്തിൽ പ്രവേശനം കിട്ടുന്നതിനു മുമ്പേ ക്രിസ്തുവിൻ്റെ മാതാവിനുപോലും അത് ലഭിക്കേണ്ടതാവശ്യമായുരുന്നു. സ്ത്രീകളായ നിങ്ങൾ എങ്ങനെയാണ് അതിൽ കുറഞ്ഞ എന്തെങ്കിലുമായിട്ട് അവിടെ എത്താൻ പോകുന്നത്? പുരുഷന്മാരേ, നിങ്ങൾ ഓരോരുത്തരും, അതൊന്ന് ചിന്തിക്കുക!

173 അവൻ്റെ മുടിയും അവൻ്റെ കണ്ണുകളും ഒരിക്കൽ മനുഷ്യൻ്റെ കണ്ണുനീർ കൊണ്ട് മങ്ങിയിരുന്നു, എന്നിരിക്കിലും ആ കണ്ണുകളെ കുറിച്ച് നിങ്ങൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവൻ ഭൂമിയിലായിരുന്നപ്പോഴും, ഒരു മനുഷ്യനെപ്പോലെ ആ കണ്ണുകൾ കണ്ണുനീർ കൊണ്ട് മങ്ങിയിരുന്നു, കാരണം അവൻ ലാസറിൻ്റെ ശവക്കുഴിയിൽ നിന്ന് കരയുകയുണ്ടായി. ശരിയാണ്!

സഹതാപം കൊണ്ട് നിറഞ്ഞിരുന്നു; അവൻ്റെ മനുഷ്യത്വം. അവൻ അതുകൊണ്ട് വസ്ത്രം ധരിച്ചു, അവൻ ദൈവം മനുഷ്യത്വത്തിൽ, പാപം നീക്കാൻ വേണ്ടി വസ്ത്രധാരണം ചെയ്തതായിരുന്നു. എന്നിരിക്കിലും ആ മനുഷ്യത്വത്തിന് പിന്നിൽ, അവനു ഒരു മനുഷ്യൻ്റെ ഹൃദയത്തിലേക്ക് നോക്കാനും അവനെക്കുറിച്ച് എല്ലാം അറിയാനും കഴിയുന്ന എന്തോ ഒന്ന് അവൻ്റെ പിന്നിൽ ഉണ്ടായിരുന്നു. എന്തുകൊണ്ട്? അവൻ്റെ പിന്നിൽ എന്തോ ഉണ്ടായിരുന്നു, എന്നിരിക്കിലും അവൻ മർത്യ ശരീരത്തിൽ വസ്ത്രധാരണം ചെയ്തിരുന്നു.

174 എന്നാൽ അത് ആരായിരുന്നുവെന്ന് അവർ അറിഞ്ഞില്ലായിരുന്നു. "ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ," അവൻ പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും." അത് ശരിയാണ്. "ഞാൻ എൻ്റെ പിതാവിൻ്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ, പിന്നെ എന്നിൽ വിശ്വസിക്കരുത്; എന്നാൽ ഞാൻ എൻ്റെ പിതാവിൻ്റെ പ്രവൃത്തികൾ ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് എന്നെ വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ എൻ്റെ പ്രവൃത്തികളിൽ വിശ്വസിക്കുക." ഓ, അവൻ എപ്രകാരം അവർക്ക് സന്ദേശം എത്തിക്കാൻ ശ്രമിച്ചു, അത് ആ വെളിപ്പാട് ആയിരുന്നു! ഒരു മനുഷ്യൻ്റെ ഹൃദയത്തിലേക്ക് നേരെ നോക്കിയിട്ട്, അവനെക്കുറിച്ച് എല്ലാം അറിയാൻ അവനു കഴിഞ്ഞിരുന്നു. ഞാൻ എപ്രകാരം അതിനെക്കുറിച്ച് ചിന്തിക്കുന്നു! ഒരിക്കൽ മലകളെ തുളച്ചുകയറിയ ആ കണ്ണുകൾ, കഷ്ടപ്പാടിൻ്റെ മുഖത്തേക്ക് നോക്കി, എന്നിട്ട് ഒരു മനുഷ്യനെപ്പോലെ കരയാൻ കഴിഞ്ഞിരുന്നു, എന്നിരിക്കിലും ആ മനുഷ്യ ദർശനത്തിനു പിന്നിൽ ദൈവാത്മാവിനെ എടുത്ത് അവിടെ എല്ലാ കാര്യങ്ങളും കാണാൻ കഴിഞ്ഞിരുന്നു; ഇരിക്കുന്ന കാര്യങ്ങളും, ഉണ്ടായിരുന്ന കാര്യങ്ങളും—ഉണ്ടായിരുന്നതും, വരുവാനിരിക്കുന്ന കാര്യങ്ങളും ആയിരുന്നു. തുടക്കം മുതൽ അവസാനം മുൻകൂട്ടി പ്രവചിച്ചു, അതിൻ്റെ കാരണം ദൈവം ആ മനുഷ്യൻ്റെ കണ്ണുകൾക്ക് പിന്നിലായിരുന്നു. ദൈവം നിങ്ങളുടെ ജീവിതത്തിലേക്ക് വരികയും നിങ്ങളെ നിയന്ത്രിക്കുകയും ചെയ്യട്ടെ, വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരും. എന്തെന്നാൽ, അത് നിങ്ങളല്ല ഇനിയും, നിങ്ങളുടെ ജീവിതത്തിൻ്റെ പിന്നിലായി പരിശുദ്ധാത്മാവാകുന്ന ആ മർത്യമായ കണ്ണുകളിൽ കൂടി കാര്യങ്ങളെ എടുക്കുകയാകുന്നു.

175 ഓ, ദൈവത്തിന് സ്തുതിയായിരിക്കട്ടെ! "ഞാൻ' സകല ജഡത്തിന്മേലും എൻ്റെ ആത്മാവിനെ പകരും, നിങ്ങളുടെ

പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ യൌവ്വനക്കാർ ദർശനങ്ങൾ ദർശിക്കും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും." ഹല്ലേലൂയാ! ചിലപ്പോൾ അവന് നിങ്ങളെ ഉറങ്ങാൻ കിടത്തേണ്ടി വരും, അതിനാൽ നിങ്ങളിലൂടെ അവനു നോക്കാൻ കഴിയും, എന്നാൽ അവൻ തീർച്ചയായും പലവട്ടം നിങ്ങളെ കാണിക്കും. "നിങ്ങളുടെ യൌവ്വനക്കാർ ദർശനങ്ങൾ ദർശിക്കും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; എൻറെ ദാസന്മാരുടെമേലും ദാസിമാരുടെമേലും ഞാൻ എൻറെ ആത്മാവിനെ പകരും." അല്ല, "എൻ്റെ മൂപ്പന്മാരുടെമേലും പാസ്റ്റർമാരുടെമേലും, അവരുടെ മേൽ..." "ആഗ്രഹിക്കുന്ന ഏവരുടെ മേലും, സകല ജഡത്തിന്മേലും, ഞാൻ എൻ്റെ ആത്മാവിനെ പകരും." ഞാൻ എന്തുകൊണ്ടാണ് അത് നിലവിളിച്ചു അലറുന്നതെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം, എന്നാൽ ഈ സഭാ യുഗങ്ങളിൽ അത് കടന്നു വരുന്നു.

176 ഓ, അതാ അവിടെയാകുന്നു അവൻ, അത് ആ കണ്ണുകൾ ആകുന്നു. കൂടാതെ, ഓർക്കുക, ഒരു ദിവസം, കണ്ണുനീർ കൊണ്ട് മങ്ങിയ ആ കണ്ണുകൾ, ആ കണ്ണുകൾ ന്യായവിധിയിൽ നിൽക്കും. ഇപ്പോൾ അവ അഗ്നിജ്വാലകൾ പോലെ, ഭൂമി മുഴുവൻ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു, അവൻ അറിയുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല. ഓ, എൻറെ ഇത് രേഖപ്പെടുത്തിയിരിക്കുന്നു. ഭൂമിയിലുടനീളം അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ട് ഓരോ ചലനവും വീക്ഷിക്കുന്നു, ഓരോ ചിന്തയും മനസ്സിലാക്കുന്നു, നിങ്ങൾ ചെയ്യുന്നതെല്ലാം, ഹൃദയത്തിലെ ഉദ്ദേശ്യങ്ങൾ, നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നിവയെല്ലാം അറിയുന്നു. അവന് അതിനെക്കുറിച്ചു എല്ലാം അറിയാം. നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ എന്ന് അവനറിയാം. അവനെ സേവിക്കുന്നതിനുവേണ്ടി നിങ്ങളുടെ ഉദ്ദേശ്യം ശരിയാണോ എന്ന് അവനറിയാം. അവന് അതിനെക്കുറിച്ചു എല്ലാം അറിയാം. എല്ലാ പാപങ്ങളും അവൻ്റെ മുമ്പിൽ തുറന്നു കാണിക്കപ്പെട്ടു നിങ്ങൾ അന്ന് അവൻറെ മുമ്പിൽ നിൽക്കുമ്പോൾ എന്തായിരിക്കും, അപ്പോൾ അവൻ വെള്ള സിംഹാസന ന്യായവിധിയിൽ നിൽക്കുന്നുണ്ടാകും?

177 ദൈവമേ, എന്നെ ആ സ്ഥലത്തുനിന്നും വിടുവിക്കേണമേ! ഞാൻ അത് കാണാൻ ആഗ്രഹിക്കുന്നില്ല. ഒരു ക്രോധാകുലനായ ദൈവം അവൻ്റെ കണ്ണുകളിൽ കത്തുന്ന തീയോടുകൂടി, തൻറെ നീതിമാന്മാരോടൊപ്പം അവിടേക്ക് നടന്നു വരുമ്പോൾ, അവൻ്റെ തലയിൽ ഇതുപോലെ വെള്ള കൃത്രിമ മുടിയും, അവൻ്റെ കണ്ണുകൾ തീ കൊണ്ട് മിന്നിയിരുന്നു, അതിനു നിങ്ങളുടെ ഹൃദയത്തിൻ്റെ എല്ലാ ചിന്തകളെയും അറിയാൻ കഴിയുന്നു, കൂടാതെ നിങ്ങൾ

എപ്പോഴെങ്കിലും ചെയ്യാൻ ഉദ്ദേശിച്ച എല്ലാ കാര്യങ്ങളും ആകുന്നു. എനിക്കായി പിളർന്ന കാലഘട്ടങ്ങളുടെ പാറയിൽ എന്നെ മറക്കു! ആ പ്രായമേറിയ മനുഷ്യൻ പാടുമായിരുന്നു, "ഈ ലോകം മുഴുവൻ കത്തിയെരിയുമ്പോൾ, എന്നോടൊപ്പം നിൽക്കുക. എന്നോടു ചേർന്നു നിൽക്കു, നിന്റെ മാർവ്വിടം എന്റെ തലയിണ ആകട്ടെ. കാലഘട്ടങ്ങളുടെ പാറയിൽ എന്നെ മറക്കു." ദൈവമേ, നിന്റെ വിധി ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് അതിൻറെ ആവശ്യമില്ല... കർത്താവേ, എനിക്ക് ആവശ്യമായത് അങ്ങയുടെ കരുനയാകുന്നു. നിന്റെ ന്യായ വിധിയല്ല, നിന്റെ കരുണ എനിക്കു തരേണമേ. അങ്ങയുടെ കരുണ മാത്രം എനിക്കു തരേണമേ. നിൻറെ നിയമങ്ങളല്ല, മറ്റൊന്നുമല്ല...കർത്താവേ, എന്നോട് കരുണ കാണിക്കു, എനിക്ക് അപേക്ഷിക്കാൻ കഴിയുന്നത് അത് മാത്രമാണ്. എന്റെ കൈകളിൽ ഞാൻ ഒന്നും കൊണ്ടുവരുന്നില്ല (ഞാൻ നല്ലവനല്ല, എൻറെ കണക്ക് എടുക്കരുതേ), നിന്റെ കുരിശിലേക്ക് മാത്രം ഞാൻ പറ്റിച്ചേരുന്നു. കർത്താവേ, എനിക്കറിയാവുന്നത് അത് മാത്രമാകുന്നു: ഒരുവൻ എൻറെ സ്ഥാനം എടുക്കാൻ വേണ്ടി വന്നു.

178 അവന്റെ ഏഴ് മടങ്ങായ ശ്രേഷ്ഠവ്യക്തിത്വത്തെ ഇപ്പോൾ ശ്രദ്ധിക്കുക, അപ്പോൾ അവൻ എന്താണ് ചെയ്തതെന്ന് നിങ്ങൾ കാണും.

> *അവൻറെ തലയും*...തല *മുടിയും വെളുത്ത പഞ്ഞിപോലെയും;* ഹിമത്തോളം വെള്ളയും, മുടി വെളുത്തതുമായിരുന്നു; *അവൻറെ കണ്ണുകൾ*...(നമുക്ക് നോക്കാം)...*അവൻറെ തലയും*...തല *മുടിയും വെളുത്ത... പഞ്ഞിപോലെയും ആയിരുന്നു; അവൻറെ കണ്ണുകൾ...* അഗ്നി *ജ്വാലെക്കു ഒത്തതുമായിരുന്നു;*

> *അവൻറെ കാൽ ഉലയിൽ* ചുട്ടു *ഇപ്രകാരം...പഴുപ്പിച്ച* വെള്ളോട്ടിന്നു *സദൃശവും ആയിരുന്നു;*

179 ഇപ്പോൾ ശ്രദ്ധിക്കുക. അവൻ എവിടെയാണ് മറച്ചിരുന്നതെന്ന് നാം ഇപ്പോൾ ശ്രദ്ധിച്ചിരുന്നു, നിങ്ങൾക്കറിയാം. ഇപ്പോൾ ശ്രദ്ധിക്കുക. അവന്റെ തലയും, അവന്റെ കണ്ണുകളും, ഇപ്പോൾ അവൻ വെള്ളോട്ടിന്നു സദൃശ്യമായ അവൻറെ കാലുകളിലേക്ക് പോകുന്നു. യോഹന്നാൻ അവിടെ യേശുവിനെ കണ്ട ആ മാതൃകയുമായുള്ള വ്യത്യാസം കാണുക, കൂടാതെ ലോകസാമ്രാജ്യത്തെക്കുറിച്ച് ദാനിയേൽ എന്താണോ കണ്ടത്, അതും സ്വർണ്ണത്തിന്റെ തലയും ഇത്യാദി കാര്യങ്ങൾ ആകുന്നു.

180 ഇവിടെ ഇത് എന്തായിരുന്നു എന്ന് നോക്കുക, അവിടെ നിൽക്കുന്നു, വെള്ളോട്ടിന്നു സദൃശ്യമായിരുന്നു. പിത്തള എന്തിനെക്കുറിച്ചാണ് പറയുന്നത്? ന്യായവിധിയെക്കുറിച്ച്, പിത്തള ദിവ്യ ന്യായവിധിയെക്കുറിച്ച് സംസാരിക്കുന്നു. അത് കാണിക്കുന്നത് അതായത് ദൈവമെന്ന നിലയിൽ അവൻ്റെ പൂർണ്ണമായ ഉദ്ദേശം ഈ ഭൂമിയിൽ, ജഡമായി വരുകയെന്നതാണ്, അവൻ നമുക്കുവേണ്ടി മരിക്കുകയും, ദൈവത്തിൻ്റെ ന്യായവിധി, ആ ദിവ്യ ന്യായവിധി തൻറെ മേൽ എടുക്കുകയും, ഒരു രാജത്വം സ്വീകരിക്കുകയും അത് പിത്തളയും, കൂടാതെ ദൃഢവുമായിട്ട്, അത് നീക്കിക്കളയാൻ കഴിയില്ല. പിത്തളയേക്കാൾ കട്ടിയായ ഒന്നും തന്നെയില്ല, അതിനെ മയപ്പെടുത്തുന്ന ഒന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല.

181 ന്യായവിധി! പിത്തള കടന്നു പോയ ദിവ്യ ന്യായ വിധിയെക്കുറിച്ച് പറയുന്നു. മരുഭൂമിയിലെ പിത്തള സർപ്പത്തെ നോക്കു. ആ പിത്തള സർപ്പം എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത്? സർപ്പം പാപത്തെ പ്രതിനിധീകരിക്കുന്നു; എന്നാൽ, പിത്തള ആയതിനാൽ, പാപത്തിന്മേൽ ഇതിനകം ന്യായവിധി കടന്നുപോയിക്കഴിഞ്ഞിരിക്കുന്നു.

182 ഇപ്പോൾ, ഏലിയാവിൻ്റെ നാളുകളും ശ്രദ്ധിക്കുക, അവർ ഏലിയാവിനെ പ്രവാചകനായി തള്ളിക്കളഞ്ഞപ്പോൾ, ആ ചെറിയ നൂൽ, അത് ആ പുരാതന സഭായുഗമായിരുന്നു. ഈ വരുന്ന ദിവസങ്ങൾ ഒന്നിൽ ഞാൻ ഇസ്രായേലിന് ഏഴ് സഭാ യുഗങ്ങൾ ഉണ്ടായിരുന്നു, എന്നും, കൃത്യമായും ഇതുമായി താരതമ്യപ്പെട്ടിരുന്നുവെന്നും നിങ്ങൾക്ക് കൊണ്ട് വന്നു കാണിച്ചുതരാൻ പോകുന്നതാണ്. അവരുടെ സഭാ കാലഘട്ടത്തിൽ, ഏലിയാവിൻറെ ദിവസങ്ങളിൽ, അവർ അവനെ നിരസിച്ചു കളയുകയും, മൂന്നര വർഷക്കാലം അവിടെ മഴ പെയ്തിരുന്നില്ല. ആ പുരാതന പ്രവാചകൻ പറഞ്ഞു അതായത് "ആകാശം പിത്തള പോലെ കാണപ്പെട്ടു," ദൈവത്തെ നിരസിച്ചതിനും ഈസബേലിൻറെ വാക്കുകൾ കേട്ടതുകൊണ്ടും, ജനങ്ങളുടെ മേലുള്ള ദിവ്യ ന്യായവിധി ആയിരുന്നു.

183 പിത്തള വീണ്ടും ബലിപീഠത്തിൽ കൊല്ലപ്പെടുന്ന ബലിയുടെ ദിവ്യ ന്യായവിധിയെയും അത് പ്രതിനിധീകരിക്കുന്നു, താമ്രം, കൊല്ലപ്പെടുന്നു. അതിൻറെ അടിസ്ഥാനം വരെ പിത്തള ആയിരുന്നു, ന്യായവിധി. അവൻ ദൈവത്തിൻ്റെ ഉഗ്രതയുടെ മുന്തിരിച്ചക്ക് ചവിട്ടി നമ്മുടെ ന്യായവിധി അവൻറെ മേൽ ഏറ്റുവാങ്ങി. വെളിപാട് 19:15, ഒരു നിമിഷം, അവൻ എന്താണ് ചെയ്തതെന്ന് നമുക്ക് നോക്കാം. വെളിപാട്

19:15, എനിക്ക് അത് കണ്ടെത്താൻ കഴിയുമെങ്കിൽ നമുക്ക് ഒരു നിമിഷം വായിക്കാം. അതെ, നമുക്ക് ഇതിനെക്കുറിച്ച് തുടങ്ങാം...നമുക്ക് നോക്കാം, അതിൻറെ 12 ആം വാക്യം:

> *അവൻറെ കണ്ണുകൾ...ഒരു* അഗ്നി *ജ്വാല, അവൻറെ തലയിൽ* കിരീടം, *അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവനുണ്ട്, അതു അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ, എന്നാൽ...അവനുമാത്രം.*
>
> *അവൻ രക്തം* തളിച്ച *ഉടുപ്പ ധരിച്ചിരിക്കുന്നു: അവനു ദൈവവചനം* എന്നു *പേർ പറയുന്നു.* (ഇപ്പോൾ, ഓർക്കുക, അവൻ്റെ പേര് ദൈവവചനമായിരുന്നില്ല, അവൻ്റെ പേര് അങ്ങനെ വിളിക്കപ്പെട്ടു. നോക്കു?)...*അവനു ദൈവവചനം* എന്നു *പേർ പറയുന്നു.*
>
> *സ്വർഗ്ഗത്തിലെ സൈന്യം...*ആ *നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു, നിർമ്മലവും ശുഭ്രവുമായ, വിശേഷ വസ്ത്രം ധരിച്ചു.*
>
> *ജാതികളെ വെട്ടുവാൻ അവൻറെ വായിൽ നിന്നു, മൂർച്ചയുള്ള വാൾ* പുറപ്പെടുന്നു: *അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയ്ക്കും: അവൻ സർവ്വശക്തിയുള്ള* അവൻ മെതിക്കുന്നു...(എന്താകുന്നു അത്?) ദൈവത്തിൻറെ *കോപവും ക്രോധവുമായ മദ്യത്തിൻറെ ചക്ക* അവൻ *മെതിക്കുന്നു.*

184 അവൻ എന്താണ് ചെയ്തത്? നമ്മൾ പാപികൾ ആയതിനാൽ ദൈവത്തിൻ്റെ കോപം നമ്മുടെ മേൽ ആയിരുന്നു. അതു ശരിയാണോ? ആർക്കും സ്വയം രക്ഷിക്കാൻ കഴിഞ്ഞില്ല. നമുക്ക് ചെയ്യാൻ കഴിയുന്നതായി ഒന്നും ഉണ്ടായിരുന്നില്ല, നാമെല്ലാവരും "പാപത്തിൽ ജനിച്ച്, അകൃത്യത്തിൽ ഉരുവായി, കള്ളം പറഞ്ഞുകൊണ്ട് ഈ ലോകത്തിലേക്ക് വന്നു." അപ്പോൾ അവൻ എന്താണ് ചെയ്തത്? അവൻ ഭൂമിയിൽ വന്നു, ഹല്ലേലൂയാ, മുന്തിരിച്ചക്ക് ചവിട്ടി! സർവ്വശക്തനായ ദൈവത്തിൻ്റെ സകല ക്രോധവും അവൻ്റെ മേൽ ചൊരിയപ്പെട്ടു. "നീ യോഗ്യനാകുന്നു, ഓ ദൈവത്തിൻ്റെ കുഞ്ഞാടേ, കാരണം നീ അറുക്കപ്പെട്ടു." ലോകത്തിൻ്റെ പാപത്തെ അവൻ്റെ മേൽ ഏറ്റുവാങ്ങി, അവൻ നമ്മുടെ പാപം വഹിച്ചു, ദൈവം തൻ്റെ ക്രോധത്തിൻ്റെ ഉഗ്രത അവൻ്റെ മേൽ ചൊരിഞ്ഞു. "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു, നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ

അവൻറെ മേൽ ആയി, അവൻറെ അടിപ്പിണരുകളാൽ നമുക്ക സൌഖ്യം വന്നുമിരിക്കുന്നു.” ഒരിക്കലും ഒരു മനുഷ്യനും ആ മനുഷ്യനെപ്പോലെ മരിച്ചിട്ടില്ല! അവൻറെ ശരീരത്തിൽ നിന്നും രക്തവും വെള്ളവും വേർപിരിയുന്നതുവരെ അവൻ കഷ്ടത അനുഭവിച്ചു. അവൻ്റെ നെറ്റിയിൽ നിന്ന് രക്തത്തുള്ളികൾ അവൻ മരിക്കുന്നതിനുമുമ്പ് ഇറ്റു വീണു.

*...സർവ്വശക്തിയുള്ള ദൈവത്തിൻറെ...കോപവും... ക്രോധവുമായ മദ്യത്തിൻറെ...ചക്ക അവൻ മെതിക്കുന്നു.*

185 ഏതെങ്കിലും ഒരു ദിവസം ആ നീതിയുടെ പിത്തള പാദങ്ങൾ (സ്തോത്രം!), അവൻ ന്യായാധിപനായി വരുമ്പോൾ, അവൻ എതിർക്രിസ്തുവിനെയും, അവൻ്റെ എല്ലാ ശത്രുക്കളെയും ചവിട്ടിമെതിക്കും. ഹല്ലേലൂയാ! അവൻറെ കയ്യിൽ ഇരുമ്പ് കോലുമായി അവൻ ഭൂമിയിലൂടെ നടക്കും. ആമേൻ! ഓ, മാനസാന്തരപ്പെട്ടു, പാപിയായ സ്നേഹിതാ, നിനക്ക് പശ്ചാത്തപിക്കാൻ ഒരു അവസരം ലഭിക്കുമ്പോൾ ചെയ്യുക. ശ്രമിക്കു, അത് മാറ്റിവെച്ച് ഇത് സംഭവിക്കാത്ത ഒരു ചെറിയ കഥയാണെന്ന് കരുതുക. ഇത് സംഭവിക്കും! “ഇത് എനിക്ക് സംഭവിക്കാൻ കഴിയുകയില്ല.” ഇത് നിനക്ക് സംഭവിക്കും!

186 പിത്തള പാദങ്ങൾ, അവൻ്റെ ശത്രുക്കളെ ചവിട്ടിമെതിക്കുന്നു. എന്തെന്നാൽ, അവൻ കഷ്ടം സഹിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിൻ്റെ ഉഗ്രത എന്ന മുന്തിരിച്ചക്ക് ചവിട്ടുകയും ചെയ്തു. അതിനുശേഷം നാം, കുറ്റവാളികൾ, പാവം, നിർഭാഗ്യരായ പുഴുക്കൾ നാം അതാകുന്നു, നമ്മുടെ ചെറിയ മൂക്ക് ഉയർത്തിപ്പിടിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരു നാസ്തിക പുസ്തകം വായിച്ച് ചിന്തിക്കാൻ ശ്രമിക്കും “ദൈവം എന്ന ഒരു കാര്യം ഇല്ല,” എന്നിട്ട് പറയും, “ഇതു പോലെ ഒന്നും *ഇല്ല*, ന്യായ വിധി വരാനും കഴിയില്ല.” അവൻ ആ പിത്തള പാദങ്ങൾ എടുത്ത് അവൻ്റെ ശത്രുവിനെ തകർത്തു കളയും. അവൻ എതിർക്രിസ്തുവിന് മേലെ സഞ്ചരിക്കും. അവൻ ആ വിശ്വാസത്യാഗ സഭകളെ എടുത്ത് അങ്ങ് ദൂരെ നിത്യതയിലേക്ക് എറിഞ്ഞു കളയും, എവിടെയോ ഒരു ദഹിപ്പിക്കുന്ന തീയിൽ ആ സഭ ദഹിപ്പിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും. അവൻ ഭൂമിയിൽ വാഴും, അവനും അവൻ്റെ സഭയും എന്നേക്കും. മഹത്വം!

187 “തല, വെളുത്ത പഞ്ഞിപോലെ,” അത് നീതിയാകുന്നു, അനുഭവം, വാചാലത, മതിയായ, ജ്ഞാനം എന്നിവയാകുന്നു. പ്രായമേറിയതും, വെള്ളയും, ജ്ഞാനത്തെക്കുറിച്ച് സംസാരിക്കുന്നു, പഴയതാകുന്നു.

അവൻ എന്താണ് ചെയ്യുന്നതെന്ന് അറിയുന്നു. അവൻ—അവൻ ജ്ഞാനത്തിൻ്റെ ഉറവിടമാകുന്നു. അവൻ അനുഭവത്തിൻ്റെ ഉറവിടമാകുന്നു. അവൻ എല്ലാ നന്മയുടെയും ഉറവിടമാകുന്നു, ആ കാരണത്താൽ അവൻ ഇതിൽ മനുഷ്യപുത്രനോട്ടു സദൃശ്യനായി പ്രതിനിധീകരിക്കപ്പെടുന്നു, അവൻ ഇപ്രകാരം വസ്ത്രം ധരിച്ചു വെളുത്ത മുടി താഴേക്ക് തൂങ്ങിക്കിടന്നിരുന്നു. ദാനിയേൽ അനേകം നൂറു വർഷങ്ങൾ, എഴുനൂറു വർഷങ്ങൾ മുമ്പ്, അവനെ കണ്ടിട്ട് പറഞ്ഞു, "വയോധികനായ ഒരുത്തൻ ഇരുന്നു. മനുഷ്യപുത്രനോട്ടു സദൃശ്യനായ ഒരുവൻ അധികാരത്തിൽ വരികയും ഈ വയോധികനുമായി ഐക്യപ്പെടുകയും, ന്യായാസനങ്ങൾ വെക്കപ്പെടുകയും ചെയ്തു."

188 ഇപ്പോൾ എനിക്ക് നിങ്ങളോട് ഒരു കാര്യം ചോദിക്കാനുണ്ട്. ഇത് ശീതോഷ്ണ സഭയോടാണ് ഞാൻ സംസാരിക്കുന്നത്. പത്തു കന്യകമാർ കർത്താവിനെ എതിരേല്പാൻ പുറപ്പെട്ടു, അവരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരും, അഞ്ചു പേർ ബുദ്ധിയില്ലാത്തവരും ആയിരുന്നു; അത് ഇന്ന് രാവിലെ നമ്മൾ, ആ ഒട്ടിച്ച മരത്തെ എടുത്തതുപോലെയാകുന്നു. ഇപ്പോൾ, ഓർക്കുക, അവർ കർത്താവിനെ എതിരേൽക്കാൻ പുറപ്പെട്ടപ്പോൾ...ഇപ്പോൾ ശ്രദ്ധിക്കുക, തിരുവെഴുത്ത് പറയുന്നു, "പുസ്തകങ്ങൾ തുറന്നു." ദാനിയേൽ 7:9, "പുസ്തകങ്ങൾ തുറന്നു." അത് പാപിയുടെ പുസ്തകമാണ്. "അതോടൊപ്പം മറ്റൊരു പുസ്തകം തുറന്നു." ആരാണ് അവൻ്റെ കൂടെ വന്നത്? അത് ഉൽപ്രാപണത്തിൽ നിന്നും വന്ന സഭയാകുന്നു. ഓ! "ആയിരമായിരം പേർ പതിനായിരം പതിനായിരം പേർ അവൻറെ മുമ്പാകെ നിന്നു അവനു ശുശ്രൂഷചെയ്തു," അവൻ്റെ ഭാര്യ, അവൻറെ മണവാട്ടി. ഓ, സ്തോത്രം! അവൻ്റെ ഭാര്യ അവനോടൊപ്പം കടന്നു വന്നു, അത് സഭയാകുന്നു.

189 ന്യായവിസ്താരസഭ ഇരുന്നു, പുസ്തകങ്ങൾ തുറന്നു. മറ്റൊരു പുസ്തകം തുറന്നു, അത് ഉറങ്ങുന്ന കന്യകയായിരുന്നു, ഓരോ മനുഷ്യനും ആ പുസ്തകത്തിൽ നിന്ന് ഇങ്ങനെ വിധിക്കപ്പെട്ടു. നിങ്ങൾ ചെയ്യാതിരുന്നതിൻ്റെ കാരണം പറയാൻ നിങ്ങളോട് ആവശ്യപ്പെടും, പിന്നെ എന്താണ് പിന്നെ ഓരോന്നും? നിങ്ങൾക്ക് ഇപ്പോൾ നന്നായി അറിയാം, നിങ്ങൾക്ക് നന്നായി അറിയാം. നിങ്ങൾ ഇത് മുമ്പ് അറിഞ്ഞിട്ടില്ലായിരിക്കാം, എന്നാൽ ഇപ്പോൾ നിങ്ങൾക്കറിയാം. നോക്കൂ? നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നു എങ്കിൽ, അഭക്തൻറെയും പാപിയുടെയും ഗതി എന്താകും? നിരസിക്കുന്നവൻ, നന്നായി അറിയുകയും പിന്നീട് നിരസിക്കുകയും ചെയ്യുന്നു. അവരുടെ ഗതി എന്താകും? അവൻ്റെ കാൽ

വെള്ളോട്ടിന്നു സദൃശമായിരുന്നു, ദിവ്യ ന്യായവിധി ആകുന്നു.

190 ഇപ്പോൾ, നമുക്ക് നോക്കാം, നമ്മൾ ഉടനെ തന്നെ...ഇപ്പോൾ താളിൻറെ അവസാനം വരെ ആയിരിക്കുന്നു:

> ...അവൻറെ *തലമുടി വെളുത്ത പഞ്ഞിപോലെയും,... അവൻറെ കണ്ണുകൾ...*അഗ്നി *ജ്വാലെക്കു ഒത്തതും ആയിരുന്നു;*
>
> *അവൻറെ കാൽ—അവൻറെ കാൽ...ഉലയിൽ,...ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശവും; അവൻറെ ശബ്ദം... പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും* ആയിരുന്നു.

191 "അവൻറെ ശബ്ദം പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും ആയിരുന്നു." എന്തിനെയാണ് *വെള്ളം* പ്രതിനിധാനം ചെയ്യുന്നത്? നിങ്ങൾ ഇത് അടയാളപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ, വെളിപ്പാട് 17:15, ലേക്ക് തിരിക്കുക അവിടെ തിരുവെഴുത്ത് പറഞ്ഞിരിക്കുന്നത് നിങ്ങൾ കണ്ടെത്തും, "നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും, പുരുഷാരങ്ങളും, ജാതികളും, ഭാഷകളും അത്രേ."

ശരി, *ശബ്ദം.* ജീവിതത്തിൻ്റെ കടലിൽ അലഞ്ഞു തിരിയുന്ന ആത്മാവിന് എന്തൊരു ഭയാനകമായ കാര്യമാകുന്നു, അവനെ നയിക്കാൻ ഒരു അമരക്കാരൻ ഇല്ല, അവൻ അലയുകയും, വേലിയേറ്റങ്ങൾക്കൊപ്പം ഒഴുകുകയും, വലിയ വെള്ളച്ചാട്ടത്തിൻ്റെ അലർച്ച കേൾക്കുകയും, വെള്ളച്ചാട്ടങ്ങളും ആകുന്നു! അലഞ്ഞു തിരിയുന്ന ഒരു ആത്മാവിന് അത് എത്ര ഭയാനകമായ കാര്യമായിരിക്കും! "പെരുവെള്ളത്തിൻറെ ശബ്ദം." എന്താകുന്നു അവൻറെ *ശബ്ദം?* ഇത് ന്യായവിധിയാകുന്നു, പരിശുദ്ധാത്മാവിൽ കൂടെയുള്ള, ശുശ്രൂഷകരുടെ ശബ്ദം ആകുന്നു, അത് എല്ലാ കാലഘട്ടത്തിലും ജനങ്ങളോട് നിലവിളിച്ചിരുന്ന ശബ്ദമായിരുന്നു, അവിടെ നിന്നിരുന്നത്, പെരുവെള്ളത്തിൻ്റെ ശബ്ദം നിലവിളിച്ചു, പുരുഷാരങ്ങളും ജാതികളും ആകുന്നു, അവൻ്റെ കൈയിലുള്ള ആ ഏഴു നക്ഷത്രങ്ങളുടെ ശബ്ദം, എല്ലാ സഭാ യുഗങ്ങളിലും, പരിശുദ്ധാത്മാവിൻ്റെ സ്നാനം പ്രസംഗിച്ചു, യേശുവിൻ്റെ നാമത്തിലുള്ള സ്നാനം, അന്യഭാഷകളിൽ സംസാരിക്കൽ, ദൈവത്തിൻ്റെ ശക്തി, ക്രിസ്തുവിൻ്റെ പുനരുത്ഥാനം, രണ്ടാമത്തെ വരവ്, ദിവ്യ ന്യായവിധി ആകുന്നു. പെരുവെള്ളത്തിൻറെ ശബ്ദം ഈ മനുഷ്യപുത്രനോടു സദൃശനായവനിൽ നിന്നും പുറപ്പെട്ടു വന്നു, പെരുവെള്ളം.

192 നിങ്ങൾ യോഗങ്ങളിൽ ഇരിക്കുകയും, നിങ്ങൾ ദൈവവുമായി നേരാകുകയും ചെയ്യണമെന്ന് കേൾക്കുകയും അറിയുകയും ചെയ്തിട്ട് അത് എന്തായിരിക്കും കൂടാതെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും വേണം, എന്ന് അലഞ്ഞു തിരിയുന്ന ഒരു ആത്മാവ് യോഗത്തിൽ ഇരുന്നു ഈ ശബ്ദം കേൾക്കുകയും, കൂടാതെ ദൈവത്തിൻ്റെ ന്യായവിധികൾ പ്രസംഗിച്ചു കേൾക്കുകയും, പിന്നെ അത് നിരസിച്ചു കളയുകയും ചെയ്യുന്നത് എന്തായിരിക്കും. നിങ്ങളുടെ വലിയ വീഴ്ച നിങ്ങളുടെ തൊട്ടു താഴെയാകുന്നു, ആ വലിയ വെള്ളച്ചാട്ടം അത് നിങ്ങളെ നിത്യ നാശത്തിലേക്ക് കൊണ്ടുപോകും.

193 പെരുവെള്ളത്തിൻ്റെ ശബ്ദം, അവൻ്റെ നാലാമത്തെ ശ്രേഷ്ഠ വ്യക്തിത്വമാകുന്നു. പെരുവെള്ളത്തിൻ്റെ ശബ്ദം. മഹത്വത്തിൽ അത് രേഖപ്പെടുത്തിയിരിക്കുമ്പോൾ, ഇന്ന് രാത്രി ആ ശബ്ദം രേഖപ്പെടുത്തുമ്പോൾ നിങ്ങൾ അത് എങ്ങനെയാണ് ചെയ്യാൻ പോകുന്നത്? നിങ്ങളുടെ ശബ്ദം രേഖപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ വിചാരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. "ഒരു മനുഷ്യൻ, തൻ്റെ ഹൃദയത്തിൽ ചിന്തിക്കുന്നതുപോലെ തന്നേ." ശ്രദ്ധിക്കുക, സ്വർഗ്ഗത്തിൽ നിങ്ങളുടെ ശബ്ദം നിങ്ങളേക്കാൾ ഉച്ചത്തിലാകുന്നു... ഞാൻ ഉദ്ദേശിക്കുന്നത്, സ്വർഗ്ഗത്തിൽ നിങ്ങളുടെ വിചാരങ്ങൾ ഭൂമിയിൽ ആയിരിക്കുന്നതിനേക്കാൾ ഉച്ചത്തിൽ ആകുന്നു. തീർച്ചയായും, അത് ആകുന്നു. ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും ദൈവം അറിയുന്നു, അതിനെക്കുറിച്ച് എല്ലാം അവനറിയുന്നു.

194 അവൻ പരീശനോടു പറഞ്ഞു: "നിങ്ങൾ കപടനാട്യക്കാരാകുന്നു, ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു, പിന്നെ നിങ്ങൾക്ക് നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? എന്നെ വിളിക്കുന്നു, 'നല്ല, ഗുരോ,' എനിക്കറിയാം, എനിക്ക് നേരിട്ട് നോക്കാനും നിങ്ങൾ കപടവിശ്വാസിയാണെന്ന് മനസ്സിലാക്കാനും കഴിയും. നിങ്ങൾ അത് അർത്ഥമാക്കുന്നില്ല."

195 ഓ, വളരെയധികം സഭാ കാലഘട്ടങ്ങൾ കടന്നു വരുന്നു, പെരുവെള്ളത്തിൽ നിന്നും, അന്നാളിൽ ആ ശബ്ദം ഇടിമുഴക്കുമ്പോൾ അത് എന്തായിരിക്കും?

196 ഇപ്പോൾ എനിക്ക് നിങ്ങളോട് മറ്റൊരു കാര്യം ചോദിക്കാനുണ്ട്. രക്ഷിക്കപ്പെട്ടവരായ നിങ്ങളോട് ഞാനൊരു കാര്യം പറയട്ടെ, ഞാൻ നിങ്ങളോട് ഇത് പറയട്ടെ.

197 ഇപ്പോൾ, അലഞ്ഞു തിരിയുന്ന ആത്മാവേ, പാവം അലയുന്നവനായ മനുഷ്യാ അങ്ങ് ദൂരെ ആ വലിയ

വെള്ളച്ചാട്ടത്തിലേക്ക് നിങ്ങൾ അലയുകയാണ്, വളരെ ശ്രദ്ധിക്കുക. നിങ്ങൾക്ക് രക്ഷപെടാനായി അവിടെ ഒന്നുമില്ല എന്നറിയുമ്പോൾ അത് ഒരു ഭയങ്കരമായ കാര്യമായിരിക്കും. അപ്പോൾ നിങ്ങൾക്ക് രക്ഷ നേടാനാവില്ല, നിങ്ങളുടെ നാശം നിങ്ങളുടെ മുൻപിൽ കിടക്കുന്നുണ്ടെന്ന് നിങ്ങളറിയും. നിങ്ങൾക്കറിയാം കുറച്ച് നിമിഷങ്ങൾക്കുള്ളിൽ ആ ശബ്ദം സംസാരിച്ചു പറയുന്നത് നിങ്ങൾ കേൾക്കും, "അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ, പിശാചിനും അവൻ്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ." ആ യോഗങ്ങളിൽ വെച്ചുള്ള ആ ശബ്ദങ്ങൾ വലിയ വെള്ളച്ചാട്ടങ്ങൾ പോലെ അവയുടെ ശബ്ദം മുഴങ്ങുന്നത് നിങ്ങൾ കേൾക്കുമ്പോൾ നിങ്ങൾക്കറിയാം, നിങ്ങൾ ഇതിൽ നിന്ന് കടന്നുപോകുകയാണ്. ഓ, എന്തൊരു ഭയാനകമായ കാര്യം ആകുന്നു, എന്തൊരു പേടിസ്വപ്നം ആകുന്നു! ജനങ്ങളേ, ഇത് നിങ്ങൾക്ക് സംഭവിക്കാൻ അനുവദിക്കരുത്. മാനസ്സാന്തരപ്പെടുക, ഇപ്പോൾ തന്നെ ദൈവവുമായി പൊരുത്തപ്പെടുക, നിങ്ങൾക്ക് ശരിയാകാൻ കഴിയും.

198 ഇപ്പോൾ ഞാൻ നിങ്ങളോട് മറ്റൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു: നിത്യഹരിത മരത്തിൻ്റെ ചുവട്ടിൽ നങ്കൂരമിട്ടിരിക്കുന്ന ഒരു മനുഷ്യന് അവിടെ തലചായ്ച്ച് കിടന്നുകൊണ്ട് അരുവിയുടെ ഓളങ്ങളുടെ ശബ്ദം കേൾക്കുന്നതിനേക്കാൾ കൂടുതൽ മാധുര്യമേറിയതായിട്ട് എന്താണുള്ളത്? ഓ, ഓ, ഓ! അതാകുന്നു, ദൈവത്തിൻ്റെ ശബ്ദം മധുരമായി അലയടിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തുകൊണ്ട് സ്വർഗ്ഗീയ സ്ഥാനങ്ങളിൽ ഇരിക്കുന്ന സഭ. അത് എന്താണെന്ന് കാണുന്നുണ്ടോ? അത് പാപിക്കുള്ള ശിക്ഷാവിധിയും, രക്ഷിക്കപ്പെട്ടവർക്ക് ഒരു അനുഗ്രഹവുമാകുന്നു. ക്രിസ്തുയേശു എന്ന പാറയിൽ തൻ്റെ വള്ളം സുരക്ഷിതമായി നങ്കൂരമിട്ടിരിക്കുന്ന ഒരു മനുഷ്യൻ, അവിടെ തലചായ്ച്ച് കിടക്കുകയും, അത് കേൾക്കുകയും ചെയ്യുന്നു. അവന് ഇപ്രകാരം വിശ്രമിക്കാൻ കഴിയുന്നു! ആ വിശ്രാമത്തിലേക്ക് പ്രവേശിക്കാം.

199 വെള്ളം ഒഴുകുന്ന അരുവികളുടെ അടുത്തേക്ക് എത്താൻ ഞാൻ എത്രയധികം ഇഷ്ടപ്പെടുന്നു. ഞങ്ങൾ എപ്പോഴെങ്കിലും മീൻ പിടിക്കാനോ അല്ലെങ്കിൽ മറ്റെന്തിനെങ്കിലുമോ പോയാൽ, ഞാൻ സാധാരണയായി എനിക്കൊരു സ്ഥലം കണ്ടെത്താൻ ശ്രമിക്കാറുണ്ട് അവിടെ വെള്ളത്തിൻ്റെ നീരുറവയിൽ ഓളമിടുന്നു, കാരണം അത് നിങ്ങൾക്ക് ഒരു വിശ്രമം നൽകുന്നു. രാത്രി മുഴുവൻ അത്

സംസാരിക്കുന്നത് നിങ്ങൾ കേൾക്കുക. ഓ, എൻ്റെ!

200 നിങ്ങളുടെ പ്രാണനെ യഥാർത്ഥത്തിൽ ക്രിസ്തുവിലേക്ക് നങ്കൂരമിടാൻ കഴിയുമ്പോൾ അത് മനോഹരമല്ലേ, അത്തരമൊരു സ്ഥാനത്ത് നിങ്ങൾക്ക് അവൻ്റെ മുമ്പാകെ നിശബ്ദനാകുന്നതിനു കഴിയില്ലേ? അപ്പോൾ അവൻ്റെ ശബ്ദം നിങ്ങളോട് സംസാരിക്കുന്നത് നിങ്ങൾ കേൾക്കുന്നു, "ഞാൻ നിന്നെ സുഖപ്പെടുത്തുന്ന യഹോവയാകുന്നു. ഞാൻ നിനക്കു നിത്യജീവൻ നൽകുന്ന കർത്താവാകുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. ലോകസ്ഥാപനത്തിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞിരുന്നു. ഞാൻ നിൻ്റെ പേര് പുസ്തകത്തിൽ ഇട്ടു, നീ എൻ്റേതാകുന്നു. ഭയപ്പെടേണ്ട, ഇത് ഞാനാകുന്നു. ഭയപ്പെടേണ്ട, ഞാൻ നിങ്ങളോട് കൂടെയുണ്ട്." അപ്പോൾ ഞാൻ പാടുന്നു:

> ഞാൻ എൻറെ എൻറെ പ്രാണനെ വിശ്രമ തുറമുഖത്ത്
> നങ്കൂരമിട്ടു,
> ഞാൻ ഇനിയും ക്ഷോഭിച്ച കടലിൽ തുഴയില്ല;
> ഉഗ്രമായി കൊടുങ്കാറ്റ് വീശിയേക്കാം, ആഴത്തിൽ
> ആഞ്ഞടിച്ചേക്കാം;
> യേശുവിൽ ഞാൻ എന്നേക്കും സുരക്ഷിതനാകുന്നു.

201 ഓർക്കുക, നിങ്ങളോട് മധുരമായി സംസാരിക്കുന്ന ശബ്ദം തന്നെ, പാപിയെ കുറ്റംവിധിക്കും. നോഹയെ രക്ഷിച്ച അതേ പ്രളയം തന്നെ പാപികളെ നശിപ്പിച്ചു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ കാണുന്നുണ്ടോ? "അവൻറെ ശബ്ദം പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും ആയിരുന്നു."

202 ഇപ്പോൾ ശ്രദ്ധിക്കുക, "അവൻറെ തലമുടി വെളുത്ത പഞ്ഞിപോലെ വെള്ളയും, കണ്ണു അഗ്നിജ്വാലെക്കു ഒത്തതും, കാൽ വെള്ളോട്ടിന്നു സദൃശവും, അവൻറെ ശബ്ദം പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും ആയിരുന്നു."

*അവൻറെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ടു:...*

203 "ഏഴ് നക്ഷത്രങ്ങൾ." ഇപ്പോൾ നമുക്ക് ഇവിടെ തന്നെ ഇരുപതാം വാക്യം എടുക്കാം:

> അതുകൊണ്ട് *എൻറെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിൻറെ മർമ്മവും, ഏഴു പൊൻനിലവിളക്കിൻറെ വിവരവും എഴുതുക. ഏഴു നക്ഷത്രങ്ങൾ ഏഴു ദൂതന്മാരാകുന്നു* (അല്ലെങ്കിൽ ഏഴ് ദൂതന്മാർ, ഏഴ് ശുശ്രൂഷകർ) *ഏഴു*

*സഭകളുടെയാകുന്നു: ഏഴു നിലവിളക്കുകൾ അതായത് നീ കണ്ടത് ഏഴു സഭകൾ ആകുന്നു.*

204 അവൻ അത് അവനുവേണ്ടി വ്യാഖ്യാനിക്കുകയാണ് അതിനാൽ ഒരു തെറ്റും ഉണ്ടാകില്ലെന്ന് ഉറപ്പാക്കുകയാണ്. ഓരോ സഭാ യുഗത്തിനും ഒരു ഒരു ദൂതൻ. ഓ, ഈ ആഴ്ച, നമ്മൾ ചരിത്രത്തിലേക്ക് പിന്നോട്ട് പോയി അത് എടുക്കുമ്പോൾ, അത് മനോഹരമായിരിക്കും ആ ദൂതന്മാറെയും അവർക്കുണ്ടായിരുന്ന ശുശ്രൂഷ കാണുക. അവർക്ക് അതേ ശുശ്രൂഷ തന്നെ ഉണ്ടായിരുന്നു. ഓരോ കാലഘട്ടത്തിൽ കൂടെ കടന്നു വന്ന ആ ചെറിയ സഭയിൽ കൃത്യമായും അതേ കാര്യങ്ങൾ തന്നെ ഉണ്ടായിരുന്നു.

205 കുറച്ചു സമയങ്ങൾക്ക് മുമ്പ്, ആരോ പറഞ്ഞു. “നിങ്ങൾക്കറിയാമോ, കത്തോലിക്കാ സഭ, അതിനെക്കുറിച്ച് ഒരു നല്ല പറച്ചിലുണ്ട്, അതായത്, ‘ഇത് ആകുന്നു യഥാർത്ഥ സഭ കാരണം ഇതുവരെയുള്ള എല്ലാ കാലഘട്ടങ്ങളിലും അത് നില നിന്നിരുന്നു.’”

206 ഞാൻ പറഞ്ഞു, “അതൊരു വലിയ രഹസ്യമൊന്നും അല്ല, കാരണം അതിന് പിന്നിൽ സർക്കാർ മുഴുവനും അതുപോലെയുള്ള മറ്റെല്ലാ കാര്യങ്ങളും ഉണ്ടായിരുന്നു, അപ്പോൾ അത് എങ്ങനെ നിലകൊള്ളുകയും കൊടുങ്കാറ്റുകളെ തരണം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ എന്നെ സംബന്ധിച്ചുള്ള രഹസ്യം എന്നത്, ആ ചെറിയ ന്യൂനപക്ഷത്തിന് എങ്ങനെ ആ കൊടുങ്കാറ്റ് തരണം ചെയ്യാൻ കഴിഞ്ഞു എന്നതാണ്, അവർ ഈർച്ചവാളാൽ അറുക്കപ്പെടുകയും, സിംഹങ്ങൾക്ക് എറിയപ്പെടുകയും, വിരിപ്പുകളിൽ കിടത്തുകയും, തിന്നുകയും, കത്തിക്കുകയും, സിംഹത്താൽ...കൊല്ലുകയും അങ്ങനെ എല്ലാമായിരുന്നു, അവർ എങ്ങനെ അതിനെ അതിജീവിച്ചു.” ദൈവത്തിൻ്റെ കരം അവരോടൊപ്പം ഉണ്ടായിരുന്നുവെന്ന് ഇത് കാണിക്കുന്നു. അത്രമാത്രം. അങ്ങനെ ഇന്നും അവളുടെ വെളിച്ചം ജ്വലിക്കുന്നു. ആമേൻ! അതെ, ശ്രീമാൻ!

207 ഇപ്പോൾ, “എൻ്റെ വലങ്കയ്യിൽ ഉണ്ടായിരുന്ന ഏഴു നക്ഷത്രങ്ങൾ.” അവൻ്റെ വലങ്കയ്യിൽ ഏഴ് നക്ഷത്രങ്ങൾ ഉണ്ടായിരുന്നു, അത് അർത്ഥമാക്കുന്നത് ഏഴ് കാലഘട്ടത്തിലേക്കുള്ള ഏഴ് ശുശ്രൂഷകർ എന്നാകുന്നു. ഓ, ഇത്—ഇത് മനോഹരമാകുന്നു. എപ്രകാരം നമുക്ക് തിരികെ പോയി—എഫെസ്യരുടെ സഭയിലേക്കുള്ള സന്ദേശം കൊണ്ടുവന്ന ശുശ്രൂഷകനെ എടുക്കാൻ കഴിയും. ആ സന്ദേശം കൊണ്ടുവന്ന ശുശ്രൂഷകൻ മരണം വരെ അതുമായി നിൽക്കുകയും, അത് നേരെ സ്മിർന്ന സഭ

വരെ പോകുകയും, അവിടുന്ന് പെർഗ്ഗമൊസ് സഭയിലേക്കും, തുയഥൈരയിലേക്കും, അങ്ങനെ ഓരോ യുഗങ്ങളിൽ കൂടെ കടന്ന്, ഇപ്പോൾ ഈ യുഗത്തിലേക്കും എത്തിയിരിക്കുന്നു. ആ വെളിച്ചം കാത്തു സൂക്ഷിച്ചു കൊണ്ടു വന്ന ഈ ശുശ്രൂഷകർ, തുടക്കത്തിലെ അതിൻറെ യാഥാർത്ഥ്യം അതുപോലെ തന്നെ കാത്തു സൂക്ഷിച്ച് കൊണ്ടുവന്നു, അങ്ങനെ അവരിലൂടെ ആ വെളിച്ചം കൊണ്ടുവന്നു.

208 "അവൻറെ വലങ്കയ്യിൽ അവൻ അവരെ പിടിച്ചിരുന്നു." ചിന്തിച്ചു നോക്കൂ! വലങ്കയ്യ് എന്നാൽ ക്രിസ്തു ദൈവത്തിൻ്റെ വലതുഭാഗത്ത് ഇരിക്കുന്നതുപോലെ എന്ന് ശരിക്കും അത് അർത്ഥമാക്കുന്നില്ല. ദൈവത്തിന് ഒരു വലങ്കയ്യ് ഉണ്ട് എന്നും അത് അർത്ഥമാക്കുന്നില്ല, കാരണം ദൈവം ഒരു ആത്മാവാകുന്നു. എന്നാൽ ക്രിസ്തു അധികാരത്തിൻറെ വലങ്കയ്യ് ആയിരുന്നു. നിങ്ങളുടെ വലങ്കയ്യായി നിൽക്കുന്ന മനുഷ്യൻ, സഹപ്രവർത്തകൻ—സഹപ്രവർത്തകൻ നിങ്ങളോടൊപ്പം നിൽക്കുന്നു, നിങ്ങളോട് ഏറ്റവും അടുത്തു നിക്കുന്നു.

209 കൂടാതെ, ഓർക്കുക, ഏഴു നക്ഷത്രങ്ങൾ അവൻ്റെ വലങ്കയ്യിൽ ഉണ്ടായിരുന്നു. ഒന്ന് ചിന്തിച്ചു നോക്കുക, അവർ അവരുടെ വൈദ്യുതി പ്രവാഹം, അവരുടെ പ്രകാശം അവനിൽ നിന്ന് വലിച്ചെടുക്കുകയായിരുന്നു. അവർ പൂർണ്ണമായും അവൻ്റെ നിയന്ത്രണത്തിലായിരുന്നു, അവൻ്റെ വലങ്കയ്യിൽ ആയിരുന്നു. ഓ! ഓരോ യഥാർത്ഥ ദൈവദാസനും അതുപോലെയാകുന്നു. അവൻ്റെ നിയന്ത്രണത്തിലായിരുന്നു...ആർക്ക് അവരെ ഉപദ്രവിക്കാൻ കഴിയും? ആർക്ക് അവരെ ഉപദ്രവിക്കാൻ കഴിയും? അതിപ്രകാരം ദൂതന്മാരിൽ ഒരുവൻ ആദിയിൽ അവിടെ നിലവിളിച്ചതു പോലെയാകുന്നു. ഓർക്കുക ഒരു *ദൂതൻ* അർത്ഥമാക്കുന്നത് ആകുന്നു "സന്ദേശവാഹകൻ." ഈ വക ആഴമേറിയ കാര്യങ്ങളിലേക്ക് ഈ ആഴ്ചക്ക് ശേഷം നമ്മൾ കടക്കുന്നതാണ്. ഒരു *ദൂതൻ* അർത്ഥമാക്കുന്നത് "സന്ദേശവാഹകൻ എന്നാകുന്നു." അവൻ പറഞ്ഞു, "ക്രിസ്തുവിൻറെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? രോഗത്തിന് കഴിയുമോ? പട്ടിണിക്ക് കഴിയുമോ? നഗ്നതക്ക് കഴിയുമോ? വാളിന് കഴിയുമോ? മരണത്തിനു കഴിയുമോ? ഞാൻ ഉറെച്ചിരിക്കുന്നു" പൗലോസ് പറഞ്ഞു, "അതായതു നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ ഒന്നിനും കഴികയില്ല," കാരണം നാം പൂർണ്ണമായി അവൻ്റെ വലങ്കൈക്കു കീഴടങ്ങിയിരിക്കുന്നു.

210 ആരോ പറയുന്നു, "വിശുദ്ധ-ഉരുളുകാരൻ! വിശുദ്ധ-ഉരുളുകാരൻ!" അത് അവരെ അൽപ്പം പോലും ബുദ്ധിമുട്ടിക്കുന്നില്ല. "നിങ്ങൾ

ഒരു മതഭ്രാന്തനാണ്!" അവർ അത് കേൾക്കുന്നു പോലുമില്ല. അവർ പൂർണ്ണമായും വഴങ്ങുകയും അവന്റെ ശക്തിയുടെ വലത് ഭുജത്തിൽ നിന്ന് അവരുടെ ജീവൻ വലിച്ചെടുക്കുകയും, അവന്റെ പ്രകാശം സൗമ്യതയിൽ പ്രതിഫലിപ്പിക്കുകയും, ദയയോടും, സൌമ്യതയോടും, ക്ഷമയോടും ചെയ്യുന്നു; അടയാളങ്ങളും, അതിശയങ്ങളും, അത്ഭുതങ്ങളും. ലോകം അതിനെ വിളിക്കട്ടെ "മന്ത്രവാദം," അവർ ആഗ്രഹിക്കുന്നതെന്തും വിളിച്ചോട്ടെ, അത് നമുക്ക് യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല, കാരണം നാം അവന് കീഴടങ്ങി അവൻറെ വലകൈയ്യിലാണെന്ന് നാം അറിയുന്നു. ഇത് അത്ഭുതകരമായിരിക്കുന്നില്ലേ? എൻറെ!

211 ഇപ്പോൾ നമുക്ക് വേഗമാകാം, കാരണം നിങ്ങളെ ക്ഷീണിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല."അവന്റെ വലകൈയ്യിൽ ഏഴു നക്ഷത്രങ്ങൾ."

212 ഇപ്പോൾ അവന്റെ വ്യക്തിത്വത്തിൻറെ ഏഴാമത്തെയും അവസാനത്തെയും പ്രതിനിധാനം:

> *...അവൻറെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു:...*

ഞാൻ ഉദ്ദേശിച്ചത്, അത് ആറാമത്തേതാണ്.

> *...അവൻറെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു:...*

213 ഇപ്പോൾ, അവൻറെ ശബ്ദം പെരുവെള്ളത്തിൻറെ ഇരെച്ചൽപോലെയും, അവന്റെ വായിൽ നിന്ന്...അവന്റെ വലങ്കയ്യിൽ നക്ഷത്രങ്ങൾ ഉണ്ടായിരുന്നു.

> *...അവൻറെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു:...*

214 ഇപ്പോൾ, വേദപുസ്തകത്തിൽ മൂർച്ചയുള്ള ഇരു-വായ്ത്തലയുള്ള വാൾ എന്താണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾക്കത് മനസ്സിലാകുന്നതിനായി നമുക്കത് എടുക്കാം. എബ്രായർ 4:2, ഒന്നോ രണ്ടോ താളുകൾ പിന്നിലേക്ക് മറിക്കുക, നിങ്ങൾക്ക് അത് ലഭിക്കും, നോക്കൂ. എബ്രായർ ഇവിടെ വെളിപാടിന് തൊട്ടുപിന്നിലാകുന്നു; യൂദാ, അതിനുശേഷം എബ്രായർ ആകുന്നു. ഇപ്പോൾ, ഇപ്പോൾ അത് അടുത്തായി കിട്ടുന്നു. അല്ലെങ്കിൽ...എബ്രായർ, എബ്രായരുടെ നാലാം അധ്യായം, ഇതാ നമ്മൾ ഇവിടെ ആകുന്നു. ശരി, എബ്രായർ നാലാം അദ്ധ്യായം അതിൻറെ പന്ത്രണ്ടാം വാക്യവും:

*ദൈവത്തിൻറെ വചനം ജീവനും, ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും കൂടാതെ ആത്മാവിനെയും കൂടാതെ സന്ധിമജ്ജകളെയും, വേറുവിടുവിക്കും* വരെ *തുളെച്ചുചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.*

215 എന്നിട്ട് അവർ നിങ്ങളെ വിളിക്കുന്നു ഒരു "മനസ്സ് വായനക്കാരൻ." ഇത് ദൈവത്തിൻറെ വചനം അവൻറെ സഭയിൽ വെളിപ്പെടുത്തിയതാകുന്നു! ഇരുവായ്ത്തലയുള്ള ഏതൊരു വാളിനേക്കാളും മൂർച്ചയുള്ളതാകുന്നു. പറയട്ടെ, ഞാൻ അവിടെ മറ്റൊരു കാര്യത്തെക്കുറിച്ച് പെട്ടെന്ന് ഒന്ന് ചിന്തിക്കാൻ ഇടയായി. ഞാനൊരു തിരുവെഴുത്ത് എഴുതി കൊണ്ടുവന്നിട്ടുണ്ടോ എന്നറിയില്ല-... വെളിപാട് 19 എടുക്കാം, ഒരു നിമിഷത്തേക്ക്. നമുക്ക് ഇത് വീണ്ടും എടുക്കാം, അത് ശരിയാണെന്ന് ഞാൻ കരുതുന്നു. ഒരു പക്ഷെ ഞാൻ അത്...വെളിപാട് 19, അതിൻറെ 11:

*ഞാൻ കണ്ടു അനന്തരം* സ്വർഗ്ഗം *തുറന്നിരിക്കുന്നതു, ഒരു വെള്ളക്കുതിര പ്രത്യക്ഷമായി*,...(ഇവിടെ ഇതാ വെള്ള വീണ്ടും വരുന്നു, ന്യായവിധി.) ...*അതിന്മേൽ ഇരിക്കുന്നവനു* അതിന്മേൽ *വിശ്വസ്തനും സത്യവാനും എന്നും പേർ, അവൻ നീതി* യോടെ *അവൻ...വിധിക്കയും പോരാടുകയും ചെയ്യുന്നു.* (അത് ആരാണെന്ന് നിങ്ങൾക്കറിയാം, അറിയില്ലേ? ശരി.)

*അവൻറെ കണ്ണു...ഒരു* അഗ്നി *ജ്വാല*,...(അവൻ ആരായിരുന്നു?)...*അവൻറെ തലയിൽ* അനേകം... *രാജമുടികൾ*;...(ഹ്-ഓ. അവൻ ഇപ്പോൾ തൻറെ രാജത്വത്തിലേക്ക് വന്നിരിക്കുന്നു.) ...*അതോടൊപ്പം അവനു...അവനു—എഴുതീട്ടുള്ള ഒരു നാമവും അവനുണ്ടു, എന്നാൽ...അതു അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ.*

*അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ പറയുന്നു.*

216 അവൻ്റെ വായിൽ നിന്ന് എന്താണ് പുറപ്പെട്ടത്? എന്താണ് പോയത്? വെളുത്ത കുതിര സവാരിക്കാരൻ. ഒപ്പം വെളിപാട്, കൂടാതെ, 7, ഇപ്പോൾ...ഞാൻ വിചാരിക്കുന്നു 8. ഇപ്പോൾ വെളുത്ത കുതിര...അല്ല, ഇത് ആകുന്നു 6. വെളുത്ത കുതിര സവാരിക്കാരൻ പുറപ്പെട്ടപ്പോൾ, അവന് ഒരു—ഒരു വില്ലു കൊടുത്തിരുന്നു, അത് പിടിച്ചടക്കാനും കീഴടക്കാനും ആയിരുന്നു.

217 അവൻ്റെ വായിൽ നിന്ന് ഒരു വാൾ പുറപ്പെട്ടു. അവൻ എന്തായിരുന്നു? വെളിപാടിൻ്റെ വെളുത്ത കുതിര സവാരിക്കാരൻ ആയിരുന്നു. വാൾ ശ്രദ്ധിക്കുക. "അവൻ്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള ഒരു വാൾ പുറപ്പെടുന്നു." അത് വചനമാകുന്നു. അങ്ങനെ അവസാനം, അവൻ്റെ വചനത്താൽ, അത് എല്ലാ ദൈവപുത്രന്മാർക്കും വെളിപ്പെടുമ്പോൾ, അവൻ തൻ്റെ വചനത്താൽ, ഈ മൂർച്ചയേറിയ വാളാൽ സകല ദേശത്തെയും ചവിട്ടിമെതിക്കും. നാം ഇതിലേക്ക് കടക്കുമ്പോൾ, നോക്കു ഇവിടെ എന്താണ് സംഭവിച്ചത്:

> *അവൻറെ...അവൻറെ വലങ്കയ്യിൽ...അവൻറെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു: അവൻറെ* മുഖം *സൂര്യൻ* ശക്തി *യോടെ* പ്രകാശിക്കു *ന്നതു* പോലെ *ആയിരുന്നു.*

218 "ഒരു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ." ഈ വ്യക്തിയുടെ വായിൽ നിന്ന് എന്താണ് പുറപ്പെട്ടത്? ദൈവത്തിൻറെ വചനം ആകുന്നു. ഇതൊരു മൂർച്ചയേറിയ ഇരു-വായ്ത്തലയുള്ള വാൾ ആകുന്നു. അത് എന്താണ് ചെയ്തിരുന്നത്? ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും, വിവേചിക്കുകയായിരുന്നു; മാംസത്തിനും, ശരീരത്തിനും, രക്തകോശങ്ങൾക്ക് പോലും ആഴത്തിൽ, അസ്ഥിയിലേക്കും, അസ്ഥിയുടെ മജ്ജയിലേക്കും പോകുന്നു, അതിനുമപ്പുറത്തായി, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെ പോലും വിവേചിച്ചറിയുന്നു. അതാണ് ദൈവത്തിൻറെ വചനം ചെയ്യുന്നത്.

219 "വചനം ജഡമായി തീർന്നു നമ്മുടെ ഇടയിൽ പാർത്തു." ഇപ്പോൾ വചനം അവൻ്റെ സഭയിൽ ജഡമായി തീരുകയും, നമ്മുടെ ഇടയിൽ വസിക്കുകയും ചെയ്യുന്നു. അവൻ്റെ ദൂതന്മാർ അവൻറെ കൈകളിൽ, ശുശ്രൂഷ ചെയ്യുന്നു. ദൈവം തൻ്റെ സഭയെ ആശ്രയിക്കുന്നു. ദൈവം മരിച്ചുകൊണ്ടിരിക്കുന്ന, വിജാതീയമായ, പരമ്പരാഗത ലോകത്തിലേക്ക് ഈ സുവിശേഷ വെളിച്ചം കൊണ്ടുവരാൻ ഈ യുഗത്തിൽ ജീവിക്കുന്ന നമ്മളിൽ ആശ്രയിക്കുന്നു. ദൈവം എൻ്റെയും നിങ്ങളുടെയും മേൽ ഈ ഭാരം ചുമത്തുന്നു. ജാതികൾ ഇത് അറിയാതെ മരിച്ചാൽ നമുക്ക് അയ്യോ കഷ്ടം. ഓ, അവർ വായനയും, എഴുത്തും, ഗണിതവും, വഹിച്ചു കൊണ്ട് പോകുന്നു, കൂടാതെ കുറച്ച് മതപരമായ ലഘുലേഖകളും, അതിൽക്കൂടെ അവർ ഒരു കൂട്ടം മതപരിവർത്തനം മാത്രമല്ലാതെ ഒന്നും ചെയ്തിട്ടില്ല. ഞാൻ ഉദ്ദേശിക്കുന്നത് സുവിശേഷം ആകുന്നു! സുവിശേഷം വചനം മാത്രമല്ല. പൗലോസ് അപ്രകാരം

പറഞ്ഞിരിക്കുന്നു. പൗലോസ് പറഞ്ഞു, "സുവിശേഷം നമ്മിലേക്ക് വന്നത് വചനത്തിലൂടെ മാത്രമല്ല, എന്നാൽ ആ വചനം വെളിപ്പെട്ട് വന്നതാണ്." വചനം, പരിശുദ്ധാത്മാവിനാൽ, ആയിരിക്കുമ്പോൾ... പരിശുദ്ധാത്മാവ് പ്രാപിച്ച ഹൃദയത്തിലാണ് വചനം നട്ടിരിക്കുന്നത് വചനം പറയുന്നതെന്താണോ അത് ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. വചനത്തിന് ഹൃദയത്തിൻ്റെ ചിന്തകളെ വിവേചിച്ചറിയാൻ കഴിയും! സ്തോത്രം! ഓ, എൻ്റെ! ഓ! ഹൃദയത്തിൻറെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിച്ചറിയുന്നു, അതാണ് വചനം ചെയ്യുന്നത്.

220 അവൻ്റെ വായിൽനിന്നു മൂർച്ചയേറിയ ഇരു-വായ്ത്തലയുള്ള വാൾ പുറപ്പെടുന്നു, അത് ജാതികളെ ഉണർത്തുന്നു. ഈ ദിവസങ്ങളിൽ എന്തെങ്കിലും സംഭവിക്കണം. അതെ! ദൈവത്തിൻ്റെ വചനം, അവൻ്റെ നാമം ദൈവത്തിൻ്റെ വചനമായിരുന്നു, വചനം ജഡമായി വെളിപ്പെട്ടു. നോക്കു, യേശു പറഞ്ഞു. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോകുവിൻ," മർക്കോസ് 16, സഭായുഗത്തിൽ തന്നെത്തന്നെ വെളിപ്പെടുത്താൻ മടങ്ങിവരുന്നതിനുമുമ്പ് സഭയ്ക്കുള്ള അവൻ്റെ അവസാനത്തെ അഭിവാദനം ആകുന്നു. അവൻ സഭയെ നിയോഗിച്ചു, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ." എന്ത്? സുവിശേഷം പ്രസംഗിക്കുക. മർക്കോസ് 16, "സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ." എന്താകുന്നു അത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "പരിശുദ്ധാത്മാവിൻ്റെ ശക്തി പ്രകടിപ്പിക്കുക," അതാകുന്നു വേണ്ടത്.

221 ഇപ്പോൾ ശ്രദ്ധിക്കുക, "സകല..." വെറുതെ വചനം പഠിപ്പിക്കുക എന്നല്ല; അവൻ ഒരിക്കലും പറഞ്ഞില്ല, "നിങ്ങൾ പോയി വചനം പഠിപ്പിക്കുവിൻ." അവൻ പറഞ്ഞു, "നിങ്ങൾ പോയി സുവിശേഷം പ്രസംഗിപ്പിൻ." വചനം പഠിപ്പിക്കുക എന്നല്ല, സുവിശേഷം പ്രസംഗിപ്പിൻ എന്നാകുന്നു. "ഈ സുവിശേഷത്തിൽ വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എൻറെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൌഖ്യം വരും."

222 "അവർ പുറപ്പെട്ടു പോയി," തിരുവെഴുത്ത് പറയുന്നു, "എല്ലാടത്തും പ്രസംഗിച്ചു; കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു." സുവിശേഷം അതാകുന്നു, സുവിശേഷം വെളിപ്പെട്ടതാകുന്നു.

223 ഈ അടയാളങ്ങൾ എത്രപേരെ പിന്തുടരും? ലോകാവസാനം വരെ, എല്ലാ കാലഘട്ടങ്ങളിലും ആകുന്നു. അവിടെയാകുന്ന ആ ചെറിയ ന്യൂനപക്ഷം ആ വെളിച്ചവും പിടിച്ചുകൊണ്ട്, കടന്നു വരുന്നത്. യേശു ഇപ്രകാരം പറഞ്ഞതിൽ യാതൊരു അത്ഭുതവുമില്ല, "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു, നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു." ചെറിയ ആട്ടിൻകൂട്ടം; എല്ലായ്പ്പോഴും ന്യൂനപക്ഷം ആയിരിക്കുകയും, ഭൂരിപക്ഷമാകുകയുമില്ല.

224 ശരി, ഇപ്പോൾ ഒരു ഉദ്ധരണി കൂടി. ഞങ്ങൾ 20-ാമത്തെ വാക്യം എടുത്തു കഴിഞ്ഞു, അതിനാൽ ഇപ്പോൾ ഈ വാക്യം ഇവിടെ നോക്കാം. ഇപ്പോൾ 16:

> *അവൻറെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ടു:...*

225 ഇപ്പോൾ നമുക്ക്...കൂടാതെ...അവൻ്റെ മുഖഭാവങ്ങൾ എടുക്കാം:

> *...അവൻറെ വായിൽ* നിന്നു *മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവൻറെ മുഖം* ഇപ്രകാരം *സൂര്യൻ* ശക്തിയോടെ പ്രകാശിക്കുന്നതു *പോലെ* അത് *ആയിരുന്നു.*

226 നിങ്ങൾ തിരിക്കുകയാണെങ്കിൽ...നമുക്ക് നോക്കാം, മത്തായി 17. നമ്മൾ ഇവിടെ അതിൽ തന്നെ ആയിരിക്കുമ്പോൾ നമുക്ക് അത് ഇവിടെ എടുക്കാം; അതുകൊണ്ട് നാം ഇതിൽ കൂടെ കടന്നുപോകുന്നു, മാത്രമല്ല അവരിൽ പലരും അത് എടുക്കുന്നു...അല്ലെങ്കിൽ അത് കുറിച്ചെടുക്കുന്നു, നമുക്ക് അത് വായിക്കാൻ അവരെ അനുവദിക്കാം, അതിനാൽ നമുക്ക് അത് അറിയാൻ കഴിയും.

227 മത്തായി 17, ശരി:

> *...ആറു ദിവസം കഴിഞ്ഞശേഷം യേശു* പത്രൊസിനെയും *യാക്കോബിനെയും, യോഹന്നാനെയും കൂട്ടി*...തനിച്ചു ഒരു *ഉയർന്ന മലയിലേക്കു കൊണ്ടുപോയി,*
>
> *അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു: അവൻറെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു, അവൻറെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു.*

228 അവൻ രൂപാന്തരപ്പെട്ടു. അവൻ എന്തു ചെയ്തു? അവൻ സ്വയം രൂപാന്തരണത്തിലേക്ക് കടന്നു പോയി, അവൻ്റെ വരുവാനിരിക്കുന്ന ദിവസത്തിലേക്ക് കടന്നു. ഇപ്പോൾ ശ്രദ്ധിക്കുക, ഇതിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ്, യേശു ഈ ഉദ്ധരണി അടുത്ത അധ്യായത്തിൽ പിന്നിലായി ഇവിടെ നടത്തിയിരുന്നു, "ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു..." ഞാൻ

എന്താണ് പറയാൻ പോകുന്നതെന്ന് എത്ര പേർക്ക് അറിയാം? "മനുഷ്യപുത്രൻ തൻറെ രാജ്യത്തിൽ വരുന്നതു കാണുവോളം, മരണം ആസ്വദിക്കാത്തവർ, ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." അതു ശരിയാണോ? അവൻ പത്രോസ്, യാക്കോബ്, യോഹന്നാൻ, എന്നീ മൂന്ന് സാക്ഷികളെ കൊണ്ടുപോയി, കാരണം പഴയ നിയമത്തിൽ എല്ലാ കാര്യങ്ങളും, എല്ലാ ചെറിയ വാക്കുകളും, മൂന്നു സാക്ഷികളാൽ സ്ഥാപിക്കപ്പെട്ടിരുന്നു, അവരെ മലമുകളിലേക്ക് കൊണ്ടുപോയി.

229 ശ്രദ്ധിക്കുക ആദ്യം വരുന്നത് എന്താകുന്നു. ഓ, എനിക്ക് ഇവിടെ നിർത്താൻ കഴിയില്ല, എനിക്ക് ഇത് എടുക്കേണ്ടത് ആവശ്യമാണ്. നോക്കൂ! അവർ ആദ്യം കണ്ടത് എന്താകുന്നു? അവർ യേശുവിനെ മലമുകളിലേക്ക് കൊണ്ടുപോയി...അല്ലെങ്കിൽ അവൻ അവരെ എടുത്തു കൊണ്ടുപോയി, അവരുടെ മുമ്പിൽ അവൻ രൂപാന്തരപ്പെട്ടു, പരിവർത്തനം ചെയ്യപ്പെട്ടു. അവൻറെ വസ്ത്രം സൂര്യനെപ്പോലെ ശോഭിച്ചു, അവിടെ മോശെയും ഏലിയാവും അവനു പ്രത്യക്ഷപ്പെട്ടു. മനുഷ്യപുത്രൻ ഇപ്പോൾ ഏത് രൂപത്തിലാണ് വരുന്നത്? ആദ്യം പ്രത്യക്ഷപ്പെടും, അത് മോശയും ഏലിയാവും ആയിരിക്കും.

230 ഇപ്പോൾ, ശ്രദ്ധിക്കുക, യേശു ഭൂമിയിലേക്ക് മടങ്ങിവരുന്നതിനുമുമ്പ്...ഇപ്പോൾ, ഇത് സമയത്തിന് അൽപ്പം മുൻകൂട്ടിയുള്ളതാകുന്നു, എന്നാൽ ഏലിയാവിൻ്റെ ആത്മാവ് ഭൂമിയിലേക്ക് മടങ്ങുകയും മക്കളുടെ ഹൃദയം പിതാവിങ്കലേക്ക് തിരിക്കുകയും ചെയ്യും. തിരുവെഴുത്ത് അപ്രകാരം പറയുന്നു. യേശു അവനെ ഇവിടെ കണ്ടിരുന്നു, അപ്പോസ്തലന്മാർ അവനെ ഇവിടെ കണ്ടിരുന്നു, മനുഷ്യപുത്രൻ്റെ വരവിൻ്റെ ക്രമം മഹത്വീകരിക്കപ്പെടുന്നു. അവൻ മഹത്വീകരിക്കപ്പെട്ടു തിരികെ വരേണ്ടതാകുന്നു. ആദ്യത്തെ കാര്യം, അവർ അവനെ കാണുന്നതിന് മുമ്പ്, എന്തായിരുന്നു? ഏലിയാവ്. അതിനുശേഷം എന്തായിരുന്നു? മോശെ; ഇസ്രായേൽ മടങ്ങുന്നു, അവർ നിയമപാലകർ ആകുന്നു. അതിനുശേഷം മഹത്വീകരിക്കപ്പെട്ട മനുഷ്യപുത്രൻ വരുന്നു. ഹല്ലേലൂയാ! അവൻ്റെ വരവിൻ്റെ ക്രമം നിങ്ങൾ കാണുന്നുണ്ടോ? ഏലിയാവിൻ്റെ ആത്മാവ്, അല്ലെങ്കിൽ അവസാനത്തെ സഭാ യുഗത്തിൻ്റെ സാക്ഷി. നോക്കൂ, അവനെ പ്രകടമാക്കാൻ അധികാരത്തിൽ വരുന്നു.

231 അതിനുശേഷം ഒരു ലക്ഷത്തി നാല്പത്തിനാലായിരം യഹൂദന്മാർ സീനായ് പർവതത്തിൽ ഒത്തുകൂടും, അവിടെ ഇസ്രായേൽ തന്നെ സ്വയം ഒരു രാഷ്ട്രമായി മാറിയിരിക്കുന്നു; ലോകത്തിലെ ഏറ്റവും പഴയ

രാഷ്ട്രം, ലോകത്തിലെ ഏറ്റവും പഴക്കമുള്ള പതാക; അവർക്ക് സ്വന്തം രാഷ്ട്രമുണ്ട്, സ്വന്തം പതാകയുണ്ട്, അവരുടെ സ്വന്തം സൈന്യമുണ്ട്, അവരുടെ സ്വന്തം പണമുണ്ട്, അങ്ങനെ എല്ലാ കാര്യങ്ങളും ആകുന്നു. അവർ രാജ്യങ്ങളുടെ സഖ്യത്തിലെ അംഗങ്ങളിൽ ഒന്നാകുന്നു കാരണം അവർ ഒരു രാഷ്ട്രമാകുന്നു. യേശു പറഞ്ഞു എല്ലാം നിറവേറുന്നതുവരെ അവർ ഒരിക്കലും തള്ളിക്കളയപ്പെടുകയില്ല.

232 ആ യഹൂദരുടെ ഒരു കൂട്ടം, എല്ലായിടത്തും പീഡിപ്പിക്കപ്പെടുകയും, തള്ളിക്കളയപ്പെടുകയും, പുറന്തള്ളപ്പെടുകയും, വലിച്ചെറിയപ്പെടുകയും ചെയ്തതിൻ്റെ നിഗൂഢത, അതിപ്രകാരം സഭ തിരസ്കരണത്തിൻ്റെ ഈ കാലഘട്ടങ്ങളിലൂടെ കടന്നു വന്നപോലെയാകുന്നു, എന്നിരിക്കിലും യേശു പറഞ്ഞു, "അത്തി അതിൻറെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ, ആ രാഷ്ട്രം വീണ്ടും ഒരു രാഷ്ട്രമായി തിരിച്ചുവരുന്നു, സമയം അടുത്തിരിക്കുന്നു, വാതിൽക്കൽ എത്തിയിരിക്കുന്നു. ഇവയെല്ലാം നിവൃത്തിയാകുന്നതുവരെ ഈ തലമുറ കടന്നുപോകുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." ഈ ബുദ്ധിമുട്ട്...ഈ ജനം കടന്നുപോകയില്ല. ഹിറ്റ്ലർ അവരെ കൊല്ലാൻ ശ്രമിച്ചു, മുസ്സോളിനി അവരെ കൊല്ലാൻ ശ്രമിച്ചു, സ്റ്റാലിൻ അവരെ കൊല്ലാൻ ശ്രമിച്ചു, മറ്റെല്ലാവരും തന്നെ, എന്നാൽ അവർ ഒരിക്കലും ഹാനികരിക്കപ്പെടുകയില്ല, അല്ലെങ്കിൽ ഭൂമിയിൽ നിന്ന് ത്യജിക്കപ്പെടുകയില്ല. അവർ ഒരു ജനവും ഒരു രാഷ്ട്രവുമായി അങ്ങ് ദൂരെ എഴുന്നേറ്റു നിൽക്കും. ആമേൻ!

233 അവിടെ മോശയും ഏലിയാവും വരും. ഓ! നിങ്ങൾക്കിത് മനസ്സിലായെന്നു ആശിക്കുന്നു.

234 ശരി, "സൂര്യൻ അതിൻ്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ," അവൻ്റെ മുഖഭാവം, രൂപാന്തരപ്പെട്ടു, മാറ്റപ്പെടുകയുണ്ടായി. ഇപ്പോൾ മറ്റൊരു കാര്യം എന്നത്, വെളിപാട് 21:23, നിങ്ങൾ അത് കുറിച്ചെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആകാം. പുതിയ യെരുശലേമിൽ, 21:23, അവൻ നഗരത്തിലെ കുഞ്ഞാടാകുന്നു, അതാണ് അതിൻ്റെ പ്രകാശം, വെളിച്ചം പകരുന്നത്; അവർക്ക് നഗരത്തിൽ മറ്റൊരു വെളിച്ചത്തിൻറെ ആവശ്യമില്ല, സൂര്യൻ അതിൽ ഉദിക്കുകയുമില്ല, കാരണം നഗരത്തിൻ്റെ നടുവിലുള്ള കുഞ്ഞാട് അതിൻ്റെ വെളിച്ചമായിരിക്കും. രക്ഷിക്കപ്പെട്ട രാജ്യങ്ങൾ കുഞ്ഞാടിൻ്റെ വെളിച്ചത്തിൽ നടക്കും! ആമേൻ! അവൻ കുഞ്ഞാടിൻ്റെ വെളിച്ചമാണ്. ഓ, നിങ്ങൾക്ക് അതിൽ സന്തോഷമില്ലേ?

235 അതുമാത്രമല്ല, അവൻറെ വരവിൻറെ സമയത്തും

(കർത്തൃദിവസത്തിൽ യോഹന്നാൻ അവനെ കണ്ടു), അവൻ നീതിസൂര്യനാകുന്നു. നമുക്ക് മലാഖിയിലേക്ക് പോകാം. മലാഖി, പഴയനിയമത്തിലെ അവസാനത്തെ പ്രവാചകൻ ആകുന്നു. മലാഖി, 4 ആം അധ്യായം.

236 അവിടെ പിന്നിലായി ഇരിക്കുന്ന എൻ്റെ വിലയേറിയ ഭാര്യയെക്കുറിച്ച് ഒരു ചെറിയ കഥ പറയാനുണ്ട്. ഞങ്ങൾ വിവാഹിതരാകുന്നതിന് മുമ്പ് ഞാൻ അവൾക്ക് ഒരു പരുക്കൻ സമയം നൽകിയിരുന്നു, ഞങ്ങളുടെ വിവാഹത്തിന് ശേഷം ഞാൻ അത് പരിഹരിക്കാൻ ശ്രമിച്ചിരുന്നു. എനിക്ക് വീണ്ടും വിവാഹം കഴിക്കണോ അതോ വേണ്ടയോ എന്ന് എനിക്കറിയില്ലായിരുന്നു, അങ്ങനെ അതുകൊണ്ട് അവൾ എല്ലാം കൂടി ആകെപ്പാടെ തകർന്നിരുന്നു. അതുകൊണ്ട് ഞാൻ ഓർത്തു അവളെ വെറുതെ അങ്ങ് വിട്ടുകളയാൻ വിധം അത്രയും നല്ല ഒരു പെൺകുട്ടിയായിരുന്നു, അതുകൊണ്ട് അവളെ പരിപാലിക്കാൻ കഴിയുന്ന ഏതെങ്കിലും നല്ല മനുഷ്യൻ അവളെ വിവാഹം കഴിക്കട്ടെ. ഞാൻ അതിന് യോഗ്യനല്ലെന്ന് പോലും ഞാൻ കരുതിയിരുന്നു; അതുകൊണ്ട് ഞാൻ ആകുന്നില്ല, എങ്ങനെയായാലും, അവളുടെ ദയ ആകുന്നു. അങ്ങനെ അവൾ ആകെ തകർന്നിട്ട് എന്തുചെയ്യണമെന്ന് അറിയില്ലായിരുന്നു. ഇത് വർഷങ്ങൾക്ക് മുമ്പായിരുന്നു, ഏകദേശം ഇരുപത് വർഷം മുമ്പായിരുന്നു. അവൾ വല്ലാതെ തകർന്നു പോയിട്ട്, അവൾ രാവും പകലും കരയാൻ തുടങ്ങി. ഞാൻ അവളിൽ നിന്ന് അകന്നുമാറാൻ ശ്രമിക്കുകയായിരുന്നു, കാരണം ഞാൻ അവളെ സ്നേഹിക്കാത്തത് കൊണ്ടല്ല, അവളുടെ സമയം എടുക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല; കാരണം, അവൾ മറ്റ് ആരെയെങ്കിലും കണ്ടു പിടിക്കട്ടെ, ഏതെങ്കിലും ഒരു നല്ല വ്യക്തി ആകട്ടെ, കാരണം അവൾ അങ്ങനെ പോകാൻ തക്കവിധം അത്രയും നല്ല ഒരു പെൺകുട്ടിയായിരുന്നു, ഞാൻ എടുക്കുന്നത്...അവളുടെ കൂടെ പോകാനും അതുപോലുള്ള കാര്യങ്ങളും ആകുന്നു. കൂടാതെ ഞാൻ—ഞാൻ ഓർത്തു അവൾ എന്നെ സ്നേഹിക്കുന്നുണ്ട്, അതോടൊപ്പം ഞാനും അവളെ സ്നേഹിക്കുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നു. അപ്പോൾ ഞാൻ ഓർത്തു, "ശരി, ഞാനും ശ്രമിച്ചിട്ട്...ഞാൻ മറ്റേതെങ്കിലും പെൺകുട്ടിയുമായി ഒരു ദിവസം എടുത്തിട്ട് പുറത്തുപോകും, എന്നിട്ട് എന്നെക്കുറിച്ച് അവൾക്കു മോശമായി തോന്നാൻ ഇടയാകട്ടെ." എനിക്കവളെ കൊല്ലാൻ കൂടി തോന്നിയിരുന്നു, പിന്നീട് ഞാൻ അതിനെക്കുറിച്ച് വളരെ മോശമായി വെറുത്തിരുന്നു; അവൾ എല്ലുംകൂടി ആകെ തകർന്നിരുന്നു. ഞാൻ അവളോട് പറഞ്ഞു, ഞാൻ പറഞ്ഞു, "നിങ്ങൾ വളരെ നല്ല

പെൺകുട്ടിയാണ്, ഞാൻ—നിങ്ങളുടെ സമയം അങ്ങനെയെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.”

237 അവൾ പറഞ്ഞു, “പക്ഷെ ഞാൻ—ഞാൻ *നിന്നെ* സ്നേഹിക്കുന്നു, ബിൽ, എനിക്ക് സ്നേഹിക്കാൻ കഴിയുന്ന ഒരേയൊരാൾ നീ മാത്രമാകുന്നു.” പറഞ്ഞു, “ഞാൻ—ഞാൻ എപ്പോഴും നിന്നെ സ്നേഹിച്ചിരുന്നു.”

ഞാൻ പറഞ്ഞു, “ഞാൻ—ഞാൻ അത് പ്രശംസിക്കുന്നു. എന്നാൽ,” ഞാൻ പറഞ്ഞു, “നിനക്കറിയാം,” ഞാൻ പറഞ്ഞു, “ഞാൻ ഒരു സന്യാസിയാകുന്നു.” ഞാൻ പറഞ്ഞു, “ഞാൻ—ഞാൻ ഒരു സന്യാസിയെപ്പോലെ ജീവിക്കാൻ പോകുകയാണ്. നോക്കു, ഞാൻ—ഞാൻ ഒരിക്കലും വിവാഹം കഴിക്കാൻ പോകുന്നില്ല.”

238 അവൾ ആ കാര്യത്തിൽ അത്രയും നിശ്ചിതയായിരുന്നിട്ട്, നിങ്ങൾക്കറിയാമോ, അവൾ പാവം പിടിച്ച ഒന്നായിരുന്നു. അവൾ പുറത്തേക്കു ആ—ആ ഷെഡിലേക്ക് പോയി. അവൾ അവിടെ നിന്ന് പുറത്തേക്ക് പോയിട്ട്, അവൾ ചെന്ന് മുട്ടുകുത്തി നിന്നുകൊണ്ട്, അവൾ പറഞ്ഞു, “കർത്താവേ, എന്തുചെയ്യണമെന്ന് എനിക്കറിയില്ല. ഞാൻ—ഞാൻ നിന്നോട് അനുസരണക്കേട് കാണിക്കാൻ ആഗ്രഹിക്കുന്നില്ല, എന്നിരിക്കിലും ഞാൻ ബില്ലിയെ സ്നേഹിക്കുന്നു, എന്തുചെയ്യണമെന്ന് എനിക്കറിയില്ല. കർത്താവേ, നീ എനിക്ക് ഒരു അൽപ്പം ആശ്വാസം തരുമോ? നീ എന്നെ സ്വൽപ്പമായൊന്ന് സഹായിക്കുമോ? എൻ്റെ ജീവിതത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഞാൻ നിന്നോട് ചോദിച്ചിട്ടില്ല, കർത്താവേ, ഇനി ഒരിക്കലും നിന്നോട് ചോദിക്കേണ്ടി വരില്ല എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.” അവൾ പറഞ്ഞു, “എന്നാൽ നീ എന്നെ സഹായിക്കുകയാണെങ്കിൽ, ഞാൻ ഈ വേദപുസ്തകം തുറക്കട്ടെ, നീ എനിക്ക് ഒരു തിരുവെഴുത്ത് നൽകുക. നീ അങ്ങനെ അത് ചെയ്യുമെന്ന് ജനങ്ങൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.” അങ്ങനെ അവൾ അത് തുറന്നപ്പോൾ, അത് ആയിരുന്നു മലാഖി 4:

> *ഇതാ, ഞാൻ* നിങ്ങൾക്ക് നൽകുന്നു...അല്ലെങ്കിൽ *അയക്കുന്നു* നിങ്ങൾക്ക് *യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ* അതായതു—അതായതു ഭയങ്കരവുമായ നാൾ *വരുന്നതിനു മുമ്പെ ഞാൻ ഏലീയാപ്രവാചകനെ അയക്കും:*

239 അവൾ പറഞ്ഞു, “ഞാൻ അവിടെ നിന്നും സംതൃപ്തിയോടെ എഴുന്നേറ്റു അതായത് എന്തായാലും ഞങ്ങൾ കല്യാണം കഴിക്കാൻ പോകുകയാണ്.” നോക്കു?

*കാരണം, ഇതാ, ചൂളപോലെ കത്തുന്ന, ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും, അതെ...സകല* അവർ *അത് ചെയ്യുന്നവർ* ദുഷ്പ്രവൃത്തി, *ചെയ്യുന്നവർ* താളടിയാകും: *വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും,* എന്നു *സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.*

*എൻറെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ... നീതിസൂര്യൻ* (എസ്-യു-എൻ) തൻറെ *ചിറകിൻ* കീഴിൽ *രോഗോപശാന്തിയോടു കൂടെ ഉദിക്കും;...*

240 "അവൻ്റെ ശക്തിയിൽ സൂര്യൻ പ്രകാശിക്കുന്നു." ഓ! ദൈവപുത്രൻ്റെ ശക്തി ഈ രാത്രി നമ്മുടെ മധ്യത്തിൽ പ്രകാശിക്കുന്നു. ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ തൻ്റെ ഏഴ് മടങ്ങായ ശ്രേഷ്ഠ വ്യക്തിത്വത്തോട് കൂടി അവൻ ഒരു ന്യായാധിപനായി നിൽക്കുന്നു. നമുക്കുവേണ്ടി കഷ്ടപ്പെടുകയും മരിക്കുകയും, ദൈവിക ന്യായവിധി സ്വയം തൻറെ മേൽ ഏറ്റെടുക്കുകയും ചെയ്ത ഒരാളെന്ന നിലയിൽ നിൽക്കുന്നു, അവൻ ദൈവത്തിൻ്റെ ഉഗ്രമായ മുന്തിരിച്ചക്ക്, ചവിട്ടുകയും ചെയ്തു. ഒരു പാപിയെ സംബന്ധിച്ചിടത്തോളം അവൻ ഭയാനകമായ വെള്ളച്ചാട്ടമാകുന്നു, നിങ്ങൾക്ക് ജീവിത കടലിൽ നിങ്ങളുടെ പ്രാണൻറെ മേൽ അത് അഴിച്ചുവിടുന്നു. കൂടാതെ സഭക്ക്, അവൻ മാധുര്യവാനായ രക്ഷകനും, വിശ്രമത്തിൽ നങ്കൂരമിട്ടിരിക്കുകയും, ക്രിസ്തുവിൽ പൂർണ്ണമായും സംതൃപ്തനായി ആ നീരൊഴുക്ക് ഒഴുകുന്ന ശബ്ദം കേട്ടുകൊണ്ട് വിശ്രമിക്കുന്നു. എന്തൊരു സമയമാകുന്നു! അവൻ്റെ ചൂടുള്ള കിരണങ്ങൾ നമ്മുടെ മേൽ പ്രകാശിക്കുന്നു, "ഭയപ്പെടേണ്ടാ, ഞാൻ ഇരിക്കുന്നവനും ഇരുന്നവനും വരുവാനിരിക്കുന്നവനും ആകുന്നു. ഞാൻ സർവ്വശക്തനാകുന്നു, എനിക്ക് പിന്നാലെ ഞാനല്ലാതെ മറ്റാരുമില്ല. ഞാൻ ആൽഫയും ഒമേഗയും ആകുന്നു, ദാഹിക്കുന്ന ഏവനും ജീവജലം സൌജന്യമായി ഞാൻ അവന് നൽകും." ഓ, എന്തൊരു വാഗ്ദാനമാകുന്നു ഇത് എന്തൊരു പ്രണയബന്ധം ആകുന്നു! നഗരത്തിൻ്റെ നടുവിൽ കുഞ്ഞാട് വിളക്കായിട്ടു യാതൊരു വെളിച്ചവും ആവശ്യമില്ല, അവൻ നീതിസൂര്യൻ തൻറെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കുന്നവനാകുന്നു.

അവൻ താഴ്വരയിലെ താമരയും, ശുഭ്രമായ
ഉദയനക്ഷത്രവുമാകുന്നു,
അവൻ എൻ്റെ പ്രാണന് പതിനായിരങ്ങളിൽ ഏറ്റവും
സുന്ദരനാകുന്നു;

സങ്കടങ്ങളിൽ അവൻ എൻ്റെ ആശ്വാസവും,
കഷ്ടതയിൽ അവൻ എൻ്റെ താമസവും,
എല്ലാ കരുതലുകളും തൻറെ മേൽ ഇടാൻ അവൻ എന്നോട് പറയുന്നു.
ഹല്ലേലൂയാ!
അവൻ താഴ്വരയിലെ താമരയും, ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു,
അവൻ എൻ്റെ പ്രാണന് പതിനായിരങ്ങളിൽ ഏറ്റവും സുന്ദരനാകുന്നു.

241 അതെ, ശ്രീമാൻ! ഓ, ആ മഹത്തായ ഉദയനക്ഷത്രം തിളങ്ങാൻ തുടങ്ങുമ്പോൾ, അത് വരാനിരിക്കുന്ന ദിവസത്തെ അഭിവാദനം ചെയ്യുന്നു, മുന്നോട്ട് ആഞ്ഞുകൊണ്ട് പറയുന്നു, "ദിവസം പൊട്ടിവിടരാൻ ഒരുങ്ങുന്നു, ദൈവപുത്രൻ അടുത്തു വരുന്നു," അത് മറ്റെല്ലാ നക്ഷത്രങ്ങളുടെയും പിന്നിൽ നിന്ന് സ്വയം പുറത്തേക്ക് തള്ളി വരുന്നു (ഓ, എൻ്റെ.) തൻ്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും.

242 ഇപ്പോൾ നമ്മുടെ സന്ദേശത്തിലേക്ക് മടങ്ങാം. നാം ഇപ്പോൾ സമാപിക്കുകയാണ്, അത് നാളെ രാത്രിയിലേക്ക് തയ്യാറെടുക്കാൻ ആകുന്നു, കാരണം സമയം എട്ടേ മുക്കാൽ ആയിക്കഴിഞ്ഞിരിക്കുന്നു, നമ്മൾ ആരെയും ദീർഘനേരം നിർത്താൻ ആഗ്രഹിക്കുന്നില്ല, അതിനാൽ നമുക്ക് സമയത്തിന് ഇവിടെ ആയിരിക്കാൻ കഴിയും.

243 ശരി, നീതിസൂര്യൻ തൻറെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും. ഇപ്പോൾ അവൻറെ ശക്തിയോടെ പ്രകാശിക്കുന്ന മുഖഭാവം. അവൻ ഒരു ന്യായാധിപനായിരുന്നു, അല്ലെങ്കിൽ മറ്റൊരു കാര്യം കാണിക്കാനുള്ളത് അവൻ കർത്തൃദിവസത്തിലായിരുന്നു. നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? അവൻ കർത്തൃദിവസത്തിലേക്ക് കടന്നു ചെന്നിട്ട് കർത്താവിനെ ഒരു ന്യായാധിപനായി കണ്ടു; ഒരു പുരോഹിതനായിട്ടല്ല, ഒരു രാജാവായല്ല, എന്നാൽ ഒരു ന്യായാധിപനായി കണ്ടിരുന്നു. അവൻ ഒരു ന്യായാധിപനാകുന്നു. നിങ്ങൾ അത് വിശ്വസിക്കുന്നില്ലേ? തിരുവെഴുത്തു പറയുന്നു അവനൊരു ന്യായാധിപനാകുന്നു. ഇവിടെ അവൻ മുഴുവനായും ന്യായാധിപൻ്റെ വേഷം ധരിച്ചു, താൻ ചെയ്തതെന്താണെന്ന് കാണിക്കുന്നു; അവൻ എന്തായിരുന്നു: പാപിക്ക് അവൻ എന്തായിരുന്നു, ക്രിസ്ത്യാനിക്ക് അവൻ എന്തായിരുന്നു. ഇവിടെ അവൻ ഇപ്പോൾ അവൻറെ ശബ്ദം പെരുവെള്ളത്തിൻ്റെ

ഇരെച്ചൽപോലെയും, അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതു പോലെ ആയിരുന്നു.

244 ഇപ്പോൾ അതിൻറെ ഫലങ്ങൾ, 16 ആം വാക്യം. "കൂടാതെ..." ഇല്ല, എന്നോട് ക്ഷമിക്കണം, ഇത് 17 ആം വാക്യമാണ്:

> *അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവൻറെ കാൽക്കൽ വീണു.*

245 എൻറെ! പ്രവാചകന് ഇനിയും അത്തരമൊരു ദർശനം കണ്ടുകൊണ്ടു, നിൽക്കാൻ കഴിഞ്ഞില്ല. അവൻ—അവനു തന്റെ ശക്തി ക്ഷയിക്കുകയും, അവൻ മരിച്ചവനായി അവന്റെ കാൽക്കൽ വീഴുകയും ചെയ്തു. ഇപ്പോൾ ശ്രദ്ധിക്കുക:

> *അവൻ വലങ്കൈ എൻറെ മേൽ വെച്ചു, ഭയപ്പെടേണ്ടാ; ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു:*

246 ഓ, എന്റെ! ഒരു പ്രവാചകനല്ല, ദൈവം! "ഞാൻ ആദ്യനും അന്ത്യനും ആകുന്നു. ഞാൻ വെളിപാടിന്റെ ആദ്യത്തേതും, വെളിപാടിന്റെ അവസാനത്തേതും ആകുന്നു. ഞാൻ ഇരിക്കുന്നവനും, ഞാൻ ഇരുന്നവനും, ഞാൻ വരുന്നവനുമാകുന്നു." നമുക്ക് നോക്കാം:

> *ഞാൻ...ഞാൻ...*
>
> *അവൻ വലങ്കൈ എൻറെ മേൽ വെച്ചു: ഭയപ്പെടേണ്ടാ; ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു:*
>
> *ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു,* (ഇപ്പോൾ തന്നെ. അതിനുശേഷം അവൻ ഉച്ചത്തിൽ പറഞ്ഞു:) *ആമേൻ; മരണത്തിൻറെയും പാതാളത്തിൻറെയും താക്കോൽ എൻറെ...കൈവശമുണ്ടു.*

247 ഇപ്പോൾ, ഭയപ്പെടരുത്. നമ്മൾ എന്തിന് ഭയപ്പെടണം? എന്തുകൊണ്ടാണ് സഭ അവന്റെ വചനത്തെക്കുറിച്ച്...ചിന്തിക്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നത്...? നമുക്ക് ഒരു നിമിഷം ഇവിടെ നിർത്താം, കാരണം നാം സമാപിക്കുകയാണ്. എന്തുകൊണ്ട് ഈ സഭ എപ്പോഴെങ്കിലും ഭയപ്പെടണം? അവൻ വാഗ്ദത്തം ചെയ്തിട്ടുള്ള എന്തെങ്കിലും നമ്മുടെ മുമ്പിൽ പ്രകടമാക്കാതെയിരുന്നിട്ടുണ്ടോ? എന്തിനാണ് നിങ്ങൾ ഒരു ശിക്ഷയെയോ അല്ലെങ്കിൽ ഒരു പരലോകത്തെയോ ഭയപ്പെടുന്നത്? "ഭയപ്പെടേണ്ട! ഞാൻ ഇരിക്കുന്നവനും, ഞാൻ ഇരുന്നവനും, വരുന്നവനുമാകുന്നു. ഞാൻ ആദ്യനും അന്ത്യനും ആകുന്നു. എൻറെ പക്കൽ മരണത്തിൻറെയും

പാതാളത്തിൻറെയും താക്കോൽ എൻറെ കൈവശമുണ്ട്." എന്തുകൊണ്ട്? "ഞാൻ നരകത്തെയും മരണത്തെയും രണ്ടും കീഴടക്കി (അത് ശവക്കുഴിയും പാതാളവുമാകുന്നു; മരണം സ്വയം തന്നെ, പാതാളവും തന്നെ.) നിങ്ങൾക്ക് വേണ്ടിയാകുന്നു. ഞാൻ അതെല്ലാം ജയം പ്രാപിച്ചിരിക്കുന്നു. ഞാൻ നരകത്തെയും മരണത്തെയും ശവക്കുഴിയെയും ജയിച്ചിക്കുന്നു." അവൻ ഭൂമിയിലായിരുന്നപ്പോൾ അവൻ ഒരുവൻ മാത്രമായിരുന്നു-...

248 അനേകം മനുഷ്യർ കീഴടക്കാൻ പുറപ്പെട്ടു. അത് നിങ്ങൾക്കറിയാമോ? നെപ്പോളിയൻ ലോകം കീഴടക്കാൻ പുറപ്പെട്ടു, മുപ്പത്തി-മൂന്നാം വയസ്സിൽ അവൻ അത് ചെയ്തു. പതിനേഴ് തൊട്ടു ഇരുപത്തിയഞ്ചു വയസ്സുവരെ, നെപ്പോളിയൻ ഒരു നിരോധിതനായിരുന്നു, അവൻ മദ്യപാനത്തിലോ മറ്റെന്തെങ്കിലുമോ വിശ്വസിച്ചിരുന്നില്ല. അവൻ ഫ്രാൻസിലേക്ക് പോയി. അവൻ ഒരു ഫ്രഞ്ചുകാരനല്ല, അവൻ ഒരു ദ്വീപിൽ നിന്നാണ് വന്നത്, അവൻ ഫ്രാൻസുമായി ഒത്തുപോകാൻ പോലും അവിടെ പോയി കാരണം അവൻ അത് ഇഷ്ടപ്പെട്ടിരുന്നില്ല, അവൻ ഫ്രാൻസിനെ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ അവൻ കീഴടക്കപ്പെട്ടു. അവൻ പുറപ്പെട്ട് പോയി ഫ്രാൻസ് കീഴടക്കി, അവരെ ഫ്രഞ്ചുകാരായ മനുഷ്യരെ കൂട്ടിക്കൊണ്ടുപോയി ലോകത്തെ കീഴടക്കി. മുപ്പത്തി-മൂന്നാം വയസ്സിൽ, അവൻ ഒറ്റക്കിരുന്നു കരഞ്ഞു കാരണം ഇനിയും കീഴടക്കാൻ മറ്റാരുമുണ്ടായിരുന്നില്ല, അങ്ങനെ അവൻ മദ്യപാനിയായി മരിച്ചു. പരാജയപ്പെട്ടു, അവന് സ്വയം അവനെപ്പോലും കീഴടക്കാൻ കഴിഞ്ഞില്ല. നോക്കൂ? അതിനുശേഷം വാട്ടർലൂവിൽ വച്ച് തൻ്റെ സമ്പൂർണ്ണ പരാജയം അവൻ നേരിട്ടു, അവൻ തൻറെ പരാജയം വാട്ടർലൂവിൽ വച്ച് അന്ത്യം കുറിച്ചു. ഞങ്ങൾ ആ ദേശത്തായിരുന്നപ്പോൾ ആ പഴയ അവശിഷ്ടങ്ങളുടെയും വസ്തുക്കളുടെയും, പഴയ പുരാതന അടയാളങ്ങൾ ആ ദേശത്ത് പോയി കണ്ടിരുന്നു. ഇപ്പോൾ, ആ വിജേതാവിനെ നമ്മൾ എടുക്കുന്നു, അവൻ തൻറെ ചെറുപ്പത്തിൽ തുടങ്ങുകയും, കീഴടക്കാൻ തെറ്റായ വശം സ്വീകരിക്കുകയും ചെയ്തു, അങ്ങനെ അവൻ മരിച്ചു, ഒരു അപമാനം.

249 എന്നാൽ ഒരു വട്ടം മറ്റൊരു ചെറുപ്പക്കാരൻ ഈ ലോകത്തേക്ക് വന്നിരുന്നു. അവൻ മുപ്പത്തി-മൂന്നാം വയസ്സിൽ മരിക്കുകയും അവനു കീഴടക്കാൻ കഴിയാവുന്നതെല്ലാം അവൻ കീഴടക്കി. അവൻ ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ വികാരങ്ങളെയും, അഭിമാനങ്ങളെയും കീഴടക്കി, അവൻ രോഗത്തെ കീഴടക്കി, അവൻ പിശാചുക്കളെ കീഴടക്കി. അവൻ മരിച്ചപ്പോൾ, അവൻ മരണത്തെ

കീഴടക്കി. അവൻ ഉയിർത്തെഴുന്നേറ്റപ്പോൾ, അവൻ നരകത്തെ കീഴടക്കി. അവൻ മേലേക്ക് കയറുകയും, മനുഷ്യവർഗ്ഗത്തിന് എതിരായതെല്ലാം കീഴടക്കി, അത് ദൈവത്തിൻ്റെ മുന്തിരിച്ചക്കിൽ പോകുകയും പിന്നെ അതിനെ തകർത്ത് മരണം, നരകം, ശവക്കുഴി, രോഗം, ഔപചാരികത, അങ്ങനെ എല്ലാം കീഴടക്കി, അതിനെയെല്ലാം തരണം ചെയ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു മുകളിലെ എല്ലാ അന്തരീക്ഷവും കീഴടക്കി, ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ആ മൂടൽമഞ്ഞ് മുറിച്ചുമാറ്റി, എന്നിട്ട് ആകാശത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിച്ചു. സ്തോത്രം! ഓ, എൻ്റെ! ഹ!

250 അവൻ മൂടുപടം രണ്ടായി കീറിയതു മുതൽ അവൻ ശക്തനായ ജേതാവായി നിൽക്കുന്നു, അവിടെ അവൻ നിൽക്കുന്നു. മരണത്തിൻ്റെയും നരകത്തിൻ്റെയും താക്കോലുകൾ എൻ്റെ വശത്ത് തൂങ്ങിക്കിടക്കുന്നു, "ഭയപ്പെടേണ്ട." അവൻ്റെ വലകൈ (അവൻ്റെ ശക്തി) അവൻ്റെ മേൽ വെച്ചു, അവൻ്റെ വലകൈയുടെ ശക്തിയാൽ അവനെ ഉയർത്തി, പറഞ്ഞു, "ഭയപ്പെടേണ്ട, ഞാൻ ഇരുന്നവനും, ഞാൻ ഇരിക്കുന്നവനും വരുവാനിരിക്കുന്നവനും ആകുന്നു. ഞാൻ ആദ്യവും അവസാനവുമാകുന്നു. ഞാൻ ജീവിക്കുകയും, മരിക്കുകയും, എന്നെന്നേക്കുമായി വീണ്ടും ജീവിക്കുകയും ചെയ്യുന്നു. ആമേൻ!" ഓ!

അതാ! ശക്തനായ വിജേതാവ്,
അതാ! അവനെ വ്യക്തമായ കാഴ്ചയിൽ കാണുക,
അവിടെ അവൻ നിൽക്കുന്നു, ശക്തനായ ജേതാവ്,
അത് അവൻ ആ തിരശീലയെ രണ്ടായി കീറിയത്
മുതൽ ആകുന്നു.

251 ആമേൻ! ഏദൻതോട്ടത്തിലെന്നപോലെ മനുഷ്യർ പരസ്പരം ബന്ധിപ്പിക്കേണ്ടതിന്, മനുഷ്യരിൽ നിന്ന് എല്ലാ തടസ്സങ്ങളും വെട്ടിക്കളഞ്ഞു. ഇപ്പോൾ, മനുഷ്യൻ...ഞാൻ ശ്വാസം മുട്ടിക്കാൻ പോകുകയായിരുന്നു, പക്ഷേ ഞാൻ അത് പറയാൻ പോകുന്നു. മനുഷ്യൻ സർവ്വശക്തനാണ്. നിങ്ങൾ അത് വിശ്വസിക്കുന്നില്ല, പക്ഷേ അവൻ ആകുന്നു. ദൈവത്തിനു സമ്പൂർണ്ണമായി കീഴടങ്ങിയ മനുഷ്യൻ സർവ്വശക്തനാണ്. അവൻ അത് പറഞ്ഞില്ലേ, മർക്കോസ് 11:22, "നിങ്ങൾ പറയുന്നതെന്തും, നിങ്ങളുടെ ഹൃദയത്തിൽ സംശയിക്കാതെ, അത് സംഭവിക്കും. നിങ്ങൾ ചോദിച്ചത് നിങ്ങൾക്ക് ലഭിക്കും"?

252 രണ്ട് സർവശക്തികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ എന്ത് സംഭവിക്കുന്നു? ദൈവവും മനുഷ്യനും തമ്മിൽ ഒന്നിച്ചു വരുമ്പോൾ,

രണ്ട് സർവശക്തികൾ, എന്തെങ്കിലും ഒന്ന് സംഭവിച്ചിരിക്കണം. ചിലപ്പോൾ-...ദൈവത്തിൻ്റെ സർവ്വശക്തിയുടെ ആ സൃഷ്ടിപരമായ ശക്തി ഉപയോഗിച്ച് നിങ്ങൾ എന്തു പറഞ്ഞാലും, അവൻ അത് വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ അറിഞ്ഞിരിക്കുകയും, അവൻ തൻ്റെ വചനത്തിൽ അത് പറഞ്ഞിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അതൊരു ശക്തിയെ സൃഷ്ടിക്കുകയും ആ ശക്തി ചെന്ന് കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു, അവിടെ ഇല്ലാത്ത കാര്യങ്ങളെ, അത് ഉണ്ടാക്കുന്നു, അവ നേരത്തേ അവിടെ ഉള്ളതുപോലെയാക്കുന്നു, കാരണം രണ്ടു സർവ്വശക്തികൾ കണ്ടുമുട്ടിയിരിക്കുന്നു. അവിടെ അവൻ നിൽക്കുന്നു! ഓ, അവൻ അത്ഭുതവാനല്ലേ!

253 നമുക്ക് കുറച്ചുകൂടി നല്ല കാര്യങ്ങൾ ലഭിക്കുമോ എന്ന് നോക്കാം. 18 ആം വാക്യം, ഇപ്പോൾ 19 ആം വാക്യം. യോഹന്നാൻ; അവൻ്റെ ശക്തിയോട് കൂടിയ മുഖപ്രകാശം അവൻ കണ്ടപ്പോൾ സംഭവിച്ചത് എന്താണ്? അതിൻറെ ഫലം? അവനെ കണ്ടിട്ട് അവൻ അവൻ്റെ കാൽക്കൽ വീണു; അവന് ഇനിയും എഴുന്നേറ്റു നിൽക്കാൻ കഴിഞ്ഞില്ല, അവൻ്റെ മനുഷ്യജീവൻ ഇല്ലാതായിപ്പോയി, അവന് യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അവൻ ഒരു വിജേതാവായിരുന്നു, അവൻ ഇതിനകം കീഴടക്കിയിരുന്നു.

254 ഇപ്പോൾ അവൻ ഒരു കൽപ്പന നൽകുന്നു, അതിനുശേഷം നാം ഈ അദ്ധ്യായം അവസാനിപ്പിക്കാൻ തുടങ്ങുന്നു, ഇത് 19 ആം വാക്യം ആകുന്നു:

> *നീ കണ്ടതും, ഇപ്പോൾ ഉള്ളതും, ഇനി സംഭവിപ്പാനിരിക്കുന്നതും എഴുതുക;*

255 നമ്മൾ ഇരുപതാം വാക്യം എടുത്തു:

> *എൻറെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിൻറെ മർമ്മവും,...ഏഴു പൊൻനിലവിളക്കിൻറെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു: ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു.*

256 ഓ! ഇത് അത്ഭുതാവഹമാകുന്നു, സ്നേഹിതാ. അവൻ അവിടെ പരമോന്നതനായി നിൽക്കുന്നത് കാണുക...അവൻ്റെ ദിവ്യത്വത്തിൻറെ പരമാധികാരം. അവൻ ന്യായാധിപനാകുന്നു, പുരോഹിതനാകുന്നു, രാജാവാകുന്നു, കഴുകനാകുന്നു, കുഞ്ഞാടാകുന്നു, സിംഹമാകുന്നു, ആൽഫയാകുന്നു, ഒമേഗയാകുന്നു, പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആകുന്നു; ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമാകുന്നു. ദൈവത്തിൻ്റെ ഉഗ്രതയുടെ മുന്തിരിച്ചക്ക്

ചവിട്ടി, എല്ലാം പ്രസാദിപ്പിച്ചിരിക്കുന്നു, അവസാനം ദൈവം (കുരിശിൽ കിടന്നു പറയുന്നത് വരെ,), അവൻ ഉയിർത്തെഴുന്നേറ്റപ്പോൾ (അവൻ പറഞ്ഞു, "എല്ലാം പൂർത്തിയായി."), ദൈവത്തെ *അത്രമാത്രം* പ്രസാദിപ്പിച്ചിട്ട്, അവനെ വിട്ടുപോയ ആത്മാവ് ഈസ്റ്റർ ദിവസം രാവിലെ തിരികെ അവനെ എടുത്തുകൊണ്ട് വന്നു എന്നിട്ട് നമ്മുടെ ന്യായീകരണത്തിനായി അവനെ വീണ്ടും ഉയിർപ്പിച്ചു.

257 അവിടെ യോഹന്നാൻ തലയുയർത്തി നോക്കിയപ്പോൾ അവൻറെ കാൽ വെള്ളോട്ടിന്നു സദൃശ്യമായി നിൽക്കുന്നത് കാണുകയും, അവൻറെ കണ്ണുകൾ അഗ്നിജ്വാലയായി ഭൂമിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടിയിരുന്നു. എഴുന്നൂറ് വർഷങ്ങൾക്ക് മുമ്പ് ദാനിയേൽ അവനെ കണ്ടിരുന്നു, അതേ സ്ഥാനത്ത്, അതേ തരത്തിൽ, അതേ മനുഷ്യൻ അവിടെ നിൽക്കുന്നു, പുരാതന കാലത്തെ, മനുഷ്യപുത്രനോട് സദൃശ്യനായവാൻ അവനോടു ചേർന്നു, എല്ലാ ന്യായവിധിയും അവനിൽ ഭരമേൽപ്പിക്കപ്പെട്ടു, വെള്ള സിംഹാസന ന്യായവിധിയിൽ അവൻ നിൽക്കുന്നു.

258 ഈ കാര്യങ്ങൾ എല്ലാം കാണുമ്പോൾ, നാം എങ്ങനെയുള്ള ജനങ്ങളായിരിക്കണം, സ്നേഹിതരേ? എൻറെ പ്രാർത്ഥന ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നാകുന്നു. നോക്കൂ? നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ? നിങ്ങൾ അവനെ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ പ്രാണനെ അവൻറെ മേൽ നങ്കൂരമിട്ടിട്ടുണ്ടോ?

259 ഒരു നിമിഷം നമുക്ക് തല കുനിക്കാം.

260 ശാന്തമായും മൃദുലമായും, നാം നിശബ്ദമായി പാടാൻ പോകുകയാണ്, *ഞാൻ എൻറെ പ്രാണനെ വിശ്രമ തുറമുഖത്ത് നങ്കൂരമിട്ടു*, "ഞാൻ ഒരിക്കലും വെള്ളച്ചാട്ടത്തിൻറെ അലയടികൾ എൻറെ പ്രാണനെ യാത്രയാക്കുന്നത് ഇനിയും കേൾക്കില്ല, എന്നാൽ അത് എൻറെ പ്രാണനോട് മധുരമായ സമാധാനം പറയും." ഇപ്പോൾ ശാന്തമായി, ഭക്തിപൂർവ്വം, എല്ലാവരും.

ഞാൻ എൻറെ എൻറെ പ്രാണനെ വിശ്രമ തുറമുഖത്ത്
നങ്കൂരമിട്ടു,
ഞാൻ ഇനിയും ക്ഷോഭിച്ച കടലിൽ തുഴയില്ല;
ഉഗ്രമായി കൊടുങ്കാറ്റ് വീശിയേക്കാം, ആഴത്തിൽ
ആഞ്ഞടിച്ചേക്കാം,
യേശുവിൽ ഞാൻ എന്നേക്കും സുരക്ഷിതനാകുന്നു.

ഞാൻ എൻറെ പ്രാണനെ വിശ്രമ തുറമുഖത്ത്
നങ്കൂരമിട്ടു,

ഞാൻ ഇനിയും ക്ഷോഭിച്ച കടലിൽ തുഴയില്ല;
ഉഗ്രമായി കൊടുങ്കാറ്റ് വീശിയേക്കാം, ആഴത്തിൽ ആഞ്ഞടിച്ചേക്കാം,
യേശുവിൽ ഞാൻ എന്നേക്കും സുരക്ഷിതനാകുന്നു.

എന്നിൽ പ്രകാശിക്കണമേ, (മഹത്വത്തിൻറെ കിരണങ്ങൾ, കർത്താവേ,) കർത്താവേ, എന്നിൽ പ്രകാശിക്കട്ടെ,
ദീപസ്തംഭത്തിൽ നിന്ന് വെളിച്ചം എൻറെ മേൽ പ്രകാശിക്കട്ടെ;
ഓ എൻറെ പ്രകാശിക്കു, കർത്താവേ, എൻറെ മേൽ പ്രകാശിക്കു,

നമുക്ക് അവനിലേക്ക് കൈകൾ ഉയർത്താം.

ദീപസ്തംഭത്തിൽ നിന്ന് വെളിച്ചം എൻറെ മേൽ പ്രകാശിക്കട്ടെ.

യേശുവെപ്പോലെയാകാൻ, (അതെ, കർത്താവേ.) യേശുവെപ്പോലെയാകാൻ,
ഈ ഭൂമിയിൽ അവനെപ്പോലെ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു;
ഭൂമിയിൽ നിന്ന് മഹത്വത്തിലേക്കുള്ള ജീവിത യാത്രയിലുടനീളം,
അവനെപ്പോലെയാകാൻ മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

...ഓ അത്ഭുതവാനായ രക്ഷിതാവേ,
ഈ ഭൂമിയിൽ അവനെപ്പോലെ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു;
ഭൂമിയിൽ നിന്ന് മഹത്വത്തിലേക്കുള്ള ജീവിത യാത്രയിലുടനീളം,

261 അവൻറെ സാന്നിധ്യം പ്രതിഫലിപ്പിക്കുന്ന അവൻറെ ജീവിതം നിങ്ങളിൽ ജീവിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ഇതുവരെ അത് ലഭിച്ചിട്ടില്ലെങ്കിൽ, നിങ്ങൾ പ്രാർത്ഥനയ്ക്കായി എഴുന്നേറ്റ് നിൽക്കുമോ? പ്രാർത്ഥനയിൽ ഓർക്കാൻ ആഗ്രഹിക്കുന്നവർ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ബെത്‌ലഹേമിലെ പുൽത്തൊട്ടിയിൽ നിന്ന്...

ഇപ്പോൾ എഴുന്നേറ്റ് തന്നെ നിൽക്കുക, എഴുന്നേറ്റ് നിൽക്കുക മാത്രം.

...ഒരു അപരിചിതൻ കടന്നു വന്നു, (ഈ ലോകത്തിന് നിങ്ങൾ ഒരു അപരിചിതനായിരിക്കും.)
ഈ ഭൂമിയിൽ അവനെപ്പോലെ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു;
ഭൂമിയിൽ നിന്ന് മഹത്വത്തിലേക്കുള്ള ജീവിത യാത്രയിലുടനീളം,
അവനെപ്പോലെയാകാൻ മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

യേശുവെപ്പോലെയാകാൻ മാത്രം, യേശുവെപ്പോലെയാകാൻ, (അതാണ് എൻറെ ആഗ്രഹം.)
ഈ ഭൂമിയിൽ അവനെപ്പോലെ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു;
ഭൂമിയിൽ നിന്ന് മഹത്വത്തിലേക്കുള്ള ജീവിത യാത്രയിലുടനീളം,
അവനെപ്പോലെയാകാൻ മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

...വിനയത്തോടും, താഴ്മയോടും വിനയത്തോടും.

262 ഇപ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയെ സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരായ ധാരാളം ആളുകൾ എഴുന്നേറ്റ് നിൽക്കുന്നു. ജീവിതത്തിൻറെ വേലിയേറ്റത്തിൽ അവർ എവിടേക്കാണ് പോകുന്നതെന്ന് അറിയാതെ ചുറ്റിനടന്ന് അവർ മടുത്തിരിക്കുന്നു; പകൽ വെളിച്ചത്തിന് മുമ്പ് ഹൃദയമിടിപ്പ് നിലച്ചു പോയേക്കാമെന്ന് അറിയുന്നു, അപ്പോൾ വലിയ തിമിരം, അവരുടെ മുമ്പിൽ വീഴുന്നു, അത് പ്രാണൻറെ ഒരു തിരിയലാകുന്നു. അവർ താവരെപ്പോലെതന്നെ ആയിരിക്കുകയും, അവർ ലോകത്തെപ്പോലെ ആയിരിക്കുകയും ചെയ്തിരിക്കുന്നു, എന്നാൽ ഇപ്പോൾ അവർ അങ്ങയെപ്പോലെയാകാൻ ആഗ്രഹിക്കുന്നു, കർത്താവേ. അങ്ങയുടെ രാജ്യത്തിലേക്ക് അവരെ സ്വീകരിക്കേണമേ, പിതാവേ, അവർ നിന്റേതാകുന്നു, കാരണം അവരുടെ ഹൃദയങ്ങളും അവരുടെ ഹൃദയത്തിൻറെ ഉദ്ദേശ്യങ്ങളും നീ അറിയുന്നു. നീ അപ്രകാരം അത് എഴുതിയിരിക്കുകയും, നിൻറെ സ്വന്തം ചുണ്ടുകൾ കൊണ്ട് പറഞ്ഞുമിരിക്കുന്നു, "എൻറെ വാക്കു കേട്ട്, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന്, നിത്യജീവൻ ഉണ്ട്." നീ ഇതും പറഞ്ഞു, കർത്താവേ, "ഈ

പ്രവചനത്തിൻറെ വാക്കുകളെ വായിച്ച് കേൾപ്പിക്കുന്നവനും കേൾക്കുന്നവരും ഭാഗ്യവാന്മാർ, സമയം അടുത്തിരിക്കുന്നു." സമയം അടുത്തിരിക്കുന്നു എന്ന് അവർ തിരിച്ചറിയുന്നു. അവർക്ക് ഇനിയും ഒഴിഞ്ഞു മാറാൻ കഴിയില്ല, കർത്താവേ. ജീവൻറെ ചരട് എറിഞ്ഞു കൊടുക്കു, അവരെ നിങ്കലേക്ക അടുപ്പിക്കു. കർത്താവേ, യേശുക്രിസ്തുവിൻറെ പ്രകാശം പ്രതിഫലിപ്പിച്ചുകൊണ്ട് അവർ ഈ രാത്രിയിൽ ഇവിടെ നിന്നും പുറപ്പെടാൻ ഇടയാകട്ടെ. പിതാവായ ദൈവമേ, യേശുക്രിസ്തുവിൻറെ നാമത്തിൽ ഞാൻ അവരെ നിനക്കു സമർപ്പിക്കുന്നു. അവർ ഇവിടെ സഭയിലുള്ള സ്നാനത്തിൽ കൂടെ കർത്താവിനെ താഴ്മയോടെ അനുഗമിക്കാൻ ഇടയാകട്ടെ; അവരുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനെ ധരിച്ചിട്ട് അവരുടെ ശേഷിക്കുന്ന ദിവസങ്ങളിൽ യേശുവിനെപ്പോലെ ആയിരിക്കാൻ കഴിയട്ടെ. അവൻറെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു.

> യേശുവെപ്പോലെയാകാൻ മാത്രം,
> യേശുവെപ്പോലെയാകാൻ...

263 നിങ്ങളിൽ ചിലർ ഈ ജനങ്ങളുടെ അടുത്ത് നിൽക്കുകയോ അല്ലെങ്കിൽ ഇരിക്കുകയോ ചെയ്യുന്നു, അത് ക്രിസ്ത്യാനികളാണ്, അവരുടെ അടുക്കൽ എത്തി അവരുടെ കൈ പിടിച്ചു കുലുക്കുക. അവരുടെ മേൽ കൈ വയ്ക്കുക, "നിൻറെ പ്രാണന് വേണ്ടി ദൈവത്തെ സ്തുതിക്കുന്നു." ഞങ്ങളുടെ വേദികൾ എല്ലാം കുട്ടികളാലും മറ്റു കാര്യങ്ങളാലും നിറഞ്ഞിരിക്കുന്നു, ഞങ്ങൾക്ക് അവരെ ഇവിടെ കൊണ്ടുവരാൻ കഴിയില്ല.

> ...ഭൂമിയിൽ നിന്ന് മഹത്വത്തിലേക്കുള്ള ജീവിത യാത്രയിലുടനീളം,
> അവനെപ്പോലെയാകാൻ മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.
>
> പ്രകാശിക്കുക, ഓ, എൻറെ മേൽ പ്രകാശിക്കുക,
> ഓ, ദീപസ്തംഭത്തിൽ നിന്ന് വെളിച്ചം, എൻറെ മേൽ പ്രകാശിക്കട്ടെ;
> പ്രകാശിക്കുക, കർത്താവേ, എൻറെ മേൽ പ്രകാശിക്കുക,
> ദീപസ്തംഭത്തിൽ നിന്ന് വെളിച്ചം, എൻറെ മേൽ പ്രകാശിക്കട്ടെ;

264 നിങ്ങൾക്ക് ശരിക്കും നന്നായി അനുഭവപ്പെടുന്നുണ്ടോ? നിങ്ങൾക്ക് നന്നായി അനുഭവപ്പെടുന്നില്ലേ? നിങ്ങൾ ഒരു ക്രിസ്ത്യാനി ആയതിൽ സന്തോഷമില്ലേ? നാം ഒരു സ്തുതിഗീതം

ആലപിക്കാൻ പോകുമ്പോൾ, ഇപ്പോൾ നിങ്ങളുടെ അടുത്ത് നിൽക്കുന്ന ആരുടെയെങ്കിലും കൈ പിടിച്ച് കുലുക്കുക, "നാം ഈ വെളിച്ചത്തിൽ നടക്കുന്നു, ഇത് മനോഹര വെളിച്ചമാകുന്നു," കർത്താവായ യേശുക്രിസ്തുവിൻറെ വെളിച്ചം ജഡത്തിൽ വെളിപ്പെട്ടതാകുന്നു.

നാം ഈ വെളിച്ചത്തിൽ നടക്കുന്നു, ഇത് അത്രയും
  മനോഹര വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
ഓ യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

എല്ലാവരും കൂടെ, അത് പാടുക!

നാം ഈ വെളിച്ചത്തിൽ നടക്കുന്നു, ഇത് മനോഹര
  വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

വരൂ, വെളിച്ചത്തെ പ്രഖ്യാപിക്കുന്ന വിശുദ്ധന്മാരേ,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു;
അപ്പോൾ സ്വർഗ്ഗത്തിലെ മണികൾ മുഴങ്ങും,
ഓ യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

ഇപ്പോൾ നിങ്ങളുടെ കൈകൾ ഉയർത്തുക.

നാം ഈ വെളിച്ചത്തിൽ നടക്കുന്നു, ഇത് മനോഹര
  വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

നാം ഈ വെളിച്ചത്തിൽ തുടർച്ചയായി നടക്കുന്നു ഇത്
  അത്രയും മനോഹര വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും മാത്രമായി തിളങ്ങുന്നു,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

നാം ഈ വെളിച്ചത്തിൽ നടക്കുന്നു, (സുവിശേഷ
  വെളിച്ചം) ഇത് മനോഹര വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും മാത്രമായി തിളങ്ങുന്നു,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

265 പിന്നിലായി തുടക്കത്തിൽ, പെന്തക്കോസ്തിൽ പരിശുദ്ധാത്മാവ് സഭയുടെ മേൽ പതിച്ചപ്പോൾ. സന്ദേശം സ്മൂർന്നയിൽ എത്തുകയുണ്ടായി; അവിടെ ദൈവത്തിൻറെ, മഹാനായ വിശുദ്ധനായ ഇറേനിയസ്, അന്യഭാഷകളിൽ സംസാരിച്ചു, ദൈവത്തിൻറെ ശക്തി, മരിച്ചവരെ ഉയിർപ്പിച്ചു, രോഗികളെ സുഖപ്പെടുത്തി, അവൻ വെളിച്ചത്തിൽ നടക്കുകയായിരുന്നു. അദ്ദേഹത്തിന് ശേഷം കൊളംബ വരുകയുണ്ടായി, ദൈവത്തിൻറെ മഹാനായ ശക്തനായ വിശുദ്ധനായിരുന്നു. മറ്റു പല മഹാന്മാരായ വിശുദ്ധന്മാരും സന്ദേശങ്ങളുമായി കടന്നു വന്നിരുന്നു, വെളിച്ചത്തിൽ നടന്നുകൊണ്ട്, സുവിശേഷ വെളിച്ചത്തിൽ നടന്നുകൊണ്ട്, ഇത് ആ പെന്തക്കോസ്ത് നാളിൽ പ്രകാശിച്ച അതേ പ്രകാശം തന്നെ ആയിരുന്നു; ക്രിസ്തു തൻറെ ജനത്തിൻറെ നടുവിൽ നിൽക്കുകയും, അവൻറെ തേജസ്സ് പ്രതിഫലിപ്പിച്ചുകൊണ്ടു ഏഴു പൊൻനിലവിളക്കുകൾ അതിപ്രകാരം ഉച്ചക്ക് അതിൻറെ ചൂടിൽ നിൽക്കുന്ന സൂര്യനെപ്പോലെ ആകുന്നു.

266 നാം ഇവിടെ ആയിരിക്കുന്നു 1961:

നാം ഈ വെളിച്ചത്തിൽ നടക്കുന്നു, ഇത് അത്രയും
  മനോഹര വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
ഓ, രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
ഓ യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

നമുക്ക് എഴുന്നേറ്റു നിൽക്കാം.

നമുക്ക് ഈ വെളിച്ചത്തിൽ നടക്കാം, ഇത് അത്രയും
  മനോഹര വെളിച്ചമാകുന്നു,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത്
  അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
യേശു, ലോകത്തിൻറെ വെളിച്ചമാകുന്നു.

നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ?

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ സ്നേഹിക്കുന്നു,
കാരണം (അതിൻറെ കാരണം) അവൻ എന്നെ മുൻ സ്നേഹിച്ചതാൽ,
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

267 ഇനിയും ഒരിക്കലും ലോകത്തിൻറെ കാര്യങ്ങളിലേക്ക് തിരിയരുത്. ഞാൻ ലോകത്തിന് മരിച്ചിരിക്കുന്നു ലോകം എനിക്ക് മരിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുവിൽ മാത്രമായി നടക്കുകയും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ആകുന്നു. ഞാൻ അവനെ സ്നേഹിക്കുന്നു കാരണം അവൻ എന്നെ സ്നേഹിക്കുന്നു, അവൻറെ അനുഗ്രഹങ്ങളെ എൻറെ മേൽ പ്രകാശിക്കുന്നു, അവൻറെ രാജ്യത്തിലേക്കുള്ള കൂട്ടായ്മയുടെ അധികാരം എനിക്കു തരുന്നു. ഇപ്പോൾ നാം ദൈവത്തിൻറെ പുത്രന്മാരും പുത്രിമാരും ആകുന്നു, നാം അവസാനം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല; അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു, അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു.

അപ്പോൾ നാം വെളിച്ചത്തിൽ നടക്കും, ഒരു മനോഹര വെളിച്ചം,
കരുണയുടെ മഞ്ഞുതുള്ളികൾ പ്രകാശിക്കുന്നിടത്ത് അത് വരുന്നു;
രാവും പകലും നമുക്ക് ചുറ്റും തിളങ്ങുന്നു,
യേശു, ലോകത്തിൻ വെളിച്ചമാകുന്നു.

268 നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ? നിങ്ങൾക്കറിയാമോ, സന്ദേശം വെട്ടിമുറിക്കുന്നതും അങ്ങനെ എല്ലാമായിട്ടും, ജനങ്ങൾ സ്തുതിഗീതങ്ങളിൽ പ്രവേശിക്കുകയും പിന്നെ ആരാധനയിലേക്ക് പോകുകയും ആത്മാവിൽ പാടുകയും ചെയ്യുന്നത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. നല്ല പഴയ പാട്ട് പാടുന്നതിനേക്കാൾ മനോഹരമായി മറ്റ് യാതൊന്നുമില്ല. അത് ശരിയാണ്. എനിക്ക് നല്ല പഴയ പരിഷ്കാരത്തോടുകൂടിയ പെന്തക്കോസ്ത് പാട്ടുകൾ പാടുന്നത് ഇഷ്ടമാണ്; അമിതമായ ശബ്ദങ്ങളല്ല അത് അവരുടെ മുഖത്തെ ഞെരുക്കുകയും നീലനിറമാക്കി മാറ്റുകയും ചെയ്യുന്നു, പിന്നെ അവർ എന്താണ് പാടുന്നതെന്ന് അറിയില്ല. ഒരു കൊട്ടയിൽ ഒരു രാഗം നിറച്ചു കൊണ്ടുപോകാൻ കഴിയാത്ത ഒരാളെ ഞാൻ ഇഷ്ടപ്പെടുന്നു, എന്നിരിക്കിലും അയാൾക്ക് ഒരു പെന്തക്കോസ്ത് അനുഗ്രഹം ലഭിക്കുന്നു,

ഇപ്പോൾ അവൻ അതിനെക്കുറിച്ച് പാടുന്നു. ഓ, എത്ര—എത്ര മഹനീയമാണ് കുരിശിൻറെ ആ ശ്രുതിമധുരമായ ഗാനങ്ങൾ! ഓ, എൻറെ!

നമ്മുടെ പിരിച്ചു വിടുന്ന പാട്ടാകുന്നു:

യേശുവിൻ നാമം നിങ്ങളോടൊപ്പം എടുക്കു,
ദുഃഖത്തിൻറെയും കഷ്ടതയുടെയും പൈതലേ;
അത് നിങ്ങൾക്ക് ആനന്ദവും ആശ്വാസവുമേകിടും,
നിങ്ങൾ പോകുന്നിടത്തെല്ലാം കൊണ്ടുപോകുക.

നാളെ രാത്രി ഏഴ് മണിക്ക്, കണിശം ഏഴ് മണിക്ക്, യോഗങ്ങൾ ആരംഭിക്കുന്നതായിരിക്കും.

യേശുവിൻ നാമത്തിൽ കുമ്പിടുന്നു,
അവൻറെ കാൽക്കൽ വീഴുന്നു,
സ്വർഗ്ഗത്തിലെ രാജാക്കന്മാരുടെ രാജാവേ ഞങ്ങൾ നിന്നെ കിരീടമണിയിക്കും,
നമ്മുടെ യാത്ര പൂർത്തിയാകുമ്പോൾ.

നമുക്കെല്ലാവർക്കും കൂടി ഇപ്പോൾ പാടാം.

യേശുവിൻ നാമം നിങ്ങളോടൊപ്പം എടുക്കു,
ദുഃഖത്തിൻറെയും കഷ്ടതയുടെയും പൈതലേ;
അത് നിങ്ങൾക്ക് ആനന്ദവും ആശ്വാസവുമേകിടും,
ഓ, നിങ്ങൾ പോകുന്നിടത്തെല്ലാം കൊണ്ടുപോകുക.

വിലയേറിയ നാമം, എത്ര മാധുര്യം!
ഭൂമിയിലെ പ്രത്യാശയും സ്വർഗ്ഗത്തിൽ ആനന്ദം;
വിലയേറിയ നാമം, ഓ എത്ര മാധുര്യം! (എത്ര മാധുര്യം!)
ഭൂമിയിൽ പ്രത്യാശയും സ്വർഗ്ഗത്തിൽ ആനന്ദം.

269 ഇപ്പോൾ, ഇന്ന് രാത്രി ഞങ്ങൾ അത് പൂർത്തിയാക്കിയിരിക്കുന്നു. അത്...ഇപ്പോൾ എന്നോട് ചോദിക്കുകയുണ്ടായി, "രാവിലെ ശുശ്രൂഷ ഉണ്ടാകുമോ?" ഇല്ല, നാളെയല്ല, നാളെ നല്ല വിശ്രമം എടുക്കുക. ഒരുപക്ഷേ നാളെ രാത്രി, എനിക്ക് ആ സന്ദേശം ഏറ്റെടുക്കാൻ കഴിഞ്ഞേക്കില്ല, അതിനാൽ ഞാൻ അത് അടുത്ത ദിവസം എടുക്കും. ഏതു സമയത്തും ഞാൻ പരാജയപ്പെടാനിടയുണ്ട്...ഈ പൂർണ്ണമായ സന്ദേശം, എങ്കിൽ ഞാൻ അത് അടുത്ത ദിവസത്തേക്ക് കൊണ്ടുപോകുന്നു. എന്നാൽ നമ്മൾക്ക് ഇത് ഒരുക്കി കിട്ടിയിരിക്കുന്നു, നിങ്ങൾ ഇതിനകം സഭാ യുഗങ്ങൾക്ക് വേണ്ടി ആണെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ അല്ലേ?

ശരി, ഇപ്പോൾ നിശബ്ദമായി പാടുമ്പോൾ നമുക്ക് തല കുനിക്കാം:

യേശുവിൻ നാമത്തിൽ കുമ്പിടുന്നു, (എല്ലാ നാവും അത് ഏറ്റുപറയും.)
അവൻറെ കാൽക്കൽ വീഴുന്നു,
സ്വർഗ്ഗത്തിലെ രാജാക്കന്മാരുടെ രാജാവേ ഞങ്ങൾ നിന്നെ കിരീടമണിയിക്കും,
നമ്മുടെ യാത്ര പൂർത്തിയാകുമ്പോൾ

വിലയേറിയ നാമം, ഓ എത്ര മാധുര്യം!
ഭൂമിയിൽ പ്രത്യാശയും സ്വർഗ്ഗത്തിൽ ആനന്ദം;
വിലയേറിയ നാമം, ഓ എത്ര മാധുര്യം! (എത്ര മാധുര്യം!)
ഭൂമിയിൽ പ്രത്യാശ സ്വർഗ്ഗത്തിലെ ആനന്ദം.

60-1204E പത്മൊസ് ദ്വീപിലെ ദർശനം
ബ്രൺഹാം ടെബർണക്കിൾ
ജെഫേഴ്സൺവില്ലെ, ഇൻഡ്യാനെ യു.എസ്.എ

MALAYALAM

©2024 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

# പകർപ്പവകാശ അറിയിപ്പ്

എല്ലാ അവകാശങ്ങളും നിക്ഷിപ്തം. യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ ഈ പുസ്തകം വ്യക്തിഗത ഉപയോഗത്തിനായി ഒരു ഹോം പ്രിന്ററിൽ അച്ചടിക്കുകയോ സൗജന്യമായി നൽകുകയോ ചെയ്യാം. വോയ്സ് ഓഫ് ഗോഡ് റെക്കോർഡിംഗ്സിൻറെ വ്യക്തമായ രേഖാമൂലമുള്ള അനുമതിയില്ലാതെ ഈ പുസ്തകം വിൽക്കാനോ, വലിയ തോതിൽ പുനർനിർമ്മിക്കാനോ, ഒരു വെബ്സൈറ്റിൽ പോസ്റ്റുചെയ്യാനോ, വീണ്ടെടുക്കൽ സംവിധാനത്തിൽ സംഭരിക്കാനോ, മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനോ, ഫണ്ട് അഭ്യർത്ഥിക്കുന്നതിന് ഉപയോഗിക്കാനോ കഴിയില്ല.

കൂടുതൽ വിവരങ്ങൾക്കോ ലഭ്യമായ മറ്റ് മെറ്റീരിയലുകൾക്കോ, ദയവായി ബന്ധപ്പെടുക:

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org